## ഇരുപതാംനൂററാണ്ടിലോ

# കത്തോലിക്കാമതം?

---

92

എം. പി. പോൾ എം. എ.

# ഇരുപതാം നൂററാണ്ടിലോ

# കത്തോലിക്കാമതം?

പാരിഭാഷികൻ

എം. പി. പോൾ എം. എ.

ഒന്നാം പതിപ്പ്

1934.

TERTIARIES OF ... MONASTERY ...
92
ACHARYA PALACKAL JEEVASS LIBRARY 14919 ...RAM
DHARMARAM VIDYA KSHETRAM Central Library BANGALORE 560 029
ACHARYA PALACKAL JEEVASS KENDRAM LIBRARY

PRINTED AT
THE MAR LOUIS MEMORIAL PRESS,
ERNAKULAM.

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. ..............................
Call No. ..............................
M/239.7
PAU

NIHIL OBSTAT,

ERNAKULAM,
24—10—'34.

*Fr. Jacob Naduvathuchery.*

IMPRIMATUR,

ERNAKULAM,
25—10—'34.

*T. Nedumkallel V. G.*

# അവതാരിക.

വിശ്വവിശ്രുതനായ ഒരാംഗലഗ്രന്ഥകാരനാൽ എഴുതപ്പെട്ടതും വ്യുൽപ്പത്തിദാർഢ്യമുള്ള ഒരു മലയാളഗദ്യകാരനാൽ വിവത്തനം ചെയ്യപ്പെട്ടതും ആയ ഈ ഗ്രന്ഥത്തിന് ഒരവതാരിക എഴുതേണ്ട ആവശ്യമേയില്ല; ഉണ്ടെങ്കിൽ അതിന് ആരം ഞാനല്ലതാനം. ഹിലെയർ ബെല്ലോക്ക് എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും അനവധിയാണ്; അവയ്ക്ക് ഓരോന്നിനം ഏതെങ്കിലും തരത്തിൽ പ്രാധാന്യം സിദ്ധിച്ചിട്ടുമുണ്ട്. Can an Intelligent Man be an honestly Convinced Catholic in the 20th century? (ഇരുപതാം ശതാബ്ദത്തിൽ ബുദ്ധിമാനായ ഒരാൾക്കു കത്തോലിക്കസഭയിൽ സ്ഥിരവിശ്വാസമുണ്ടാവാൻ സാധിക്കുമോ?) എന്ന തലക്കെട്ടോടുകൂടി 1930-ൽ The Sign എന്ന പത്രഗ്രന്ഥത്തിൽ അദ്ദേഹം പന്ത്രണ്ടു ലേഖനങ്ങൾ പ്രസിദ്ധീകരിക്കയും അവയിൽ തിങ്ങിവിങ്ങിയിരുന്ന ഉത്തേജനശക്തിമൂലം അവയ്ക്കു വലിയൊരു പ്രചാരം സിദ്ധിക്കയും ഉണ്ടായി. ഈ ലേഖനങ്ങളുടെ തർജ്ജമയാണു നമ്മുടെ മുമ്പിലിരിക്കുന്ന ചെറുഗ്രന്ഥം.

ഇപ്രകാരം ഒരു പ്രബന്ധം വിവത്തനം ചെയ്യുന്നതിനുള്ള വിഷമം നിസ്സീമമാണ്. ഒന്നാമത്, വിഷയം അതിഗഹനം; രണ്ടാമത്, പ്രതിപാദനരീതി ഒരു പ്രത്യേകതരം. ഒരാഖ്യായികയോ ചരിത്രഗ്രന്ഥമോ തർജ്ജമ ചെയ്യാൻ വലിയ പ്രയാസമില്ല. വേണ്ട സാങ്കേതികസംജ്ഞകളുണ്ടെങ്കിൽ വേദാന്തഗ്രന്ഥങ്ങൾത

ന്നെയും എളുപ്പത്തിൽ പരിഭാഷപ്പെടുത്താം. എന്നാൽ വ്യക്തിത്വവും ഊജ്ജസ്വലതയും കവിഞ്ഞൊഴുകുന്ന സ്വതന്ത്രകൃതികൾ—കാർലൈലിൻേറയും ഡിക്കിൻസിയുടേയുംപോലെയുള്ള കൃതികൾ—വിവത്തനം ചെയ്യാൻ വലിയ വിഷമമുണ്ട്. ഏതാണ്ടിത്തരത്തിലാണു ബെല്ലോക്കിൻെറ ഗദ്യസരണി. സ്വതേ ഗംഭീരനായ അദ്ദേഹത്തിൻെറ ഭാഷാരീതിയും പ്രായേണ ഗംഭീരം തന്നെ. നവീനങ്ങളായ ശൈലികൾ, സ്വതന്ത്രങ്ങളായ വാക്യഘടനങ്ങൾ, ദുർഗ്രഹങ്ങളായ ഉപമകൾ, ഗഹനങ്ങളായ ഉൽപ്രേക്ഷകൾ, സുപരിചിതങ്ങളല്ലാത്ത ചരിത്രോദാഹരണങ്ങൾ മുതലായവ അദ്ദേഹത്തിൻെറ കൃതികളിൽ ധാരാളമുണ്ട്. ഇപ്രകാരമുള്ള ഒരു കൃതിയേ സുഗമവും ലളിതവും ആയ മലയാളഗദ്യത്തിൽ അവതരിപ്പിച്ചതിൽ ശ്രീമാൻ എം. പി. പോൾ അവർകളെ ഹാർദ്ദമായി അനുമോദിക്കേണ്ടിയിരിക്കുന്നു. ആംഗലശൈലികളെ മലയാളികൾക്കു പരിചിതമായുള്ള രീതിയിൽ—അത്ഥം മാറിപ്പോകാതെ—വിവത്തനം ചെയ്യുന്നതിൽ മി. പോളിനു പ്രത്യേകമായ ഒരു സാമത്ഥ്യമുണ്ടെന്നു് ഈ ഗ്രന്ഥത്തിൻെറ ഏതുപുറവും വിളിച്ചുപറയുന്നുണ്ട്. ശരിയായ വിവത്തനരീതി പരിശീലിക്കാൻ ആഗ്രഹിക്കുന്ന വിദ്യാത്ഥികൾ ഈ കൃതിയും ഇംഗ്ലീഷിലുള്ള മൂലഗ്രന്ഥവും ഒന്നിച്ചുവച്ചു പരിശോധിക്കുന്നതു പ്രയോജനകരമായിരിക്കും.

ഈ അടുത്ത കാലങ്ങളിൽ യൂറോപ്പിൽ മാത്രമല്ല യൂറോപ്യൻ പരിഷ്കാരം പ്രചരിച്ചിട്ടുള്ള മററു രാജ്യങ്ങളിലും മതത്തോടു പൊതുവായി ഒരവജ്ഞ ഉളവാ

യിട്ടുണ്ട്. ഇന്നു മതത്തിൻെറ നട്ടെല്ലു കത്തോലിക്ക സഭയാകയാൽ ആ സ്ഥാപനത്തോടു പ്രത്യേകമായ ഒരവജ്ഞയും ഉണ്ട്. കേരളത്തിൽതന്നെയും മതത്തോടുള്ള ഈ മനസ്ഥിതി അജ്ഞാതമല്ലല്ലോ. അതിനാൽ ഈ കൃതിയുടെ പ്രസാധനം എത്രയും അവസരോചിതവും ചാരിതാൎത്ഥ്യജനകവും അത്രേ. തികഞ്ഞ വാസനയുള്ള ഈ ഗ്രന്ഥകാരനിൽനിന്ന് ഇനിയും അനേക കൃതിതല്ലജങ്ങളെ ആശിക്കുന്നതിനു കൈരളിക്കും സഭാമാതാവിനും അർഹതയുണ്ടെന്നുള്ള നിവേദനത്തോടുകൂടി ഈ അവതാരിക ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

മദ്രാസ്,
8—10—'34.

പി. ജെ. തോമസ്.

92

ബുദ്ധിമാനായ ഒരാൾക്കു് ഇരുപതാംനൂററാണ്ടിൽ ആത്മാർത്ഥമായ കത്തോലിക്കവിശ്വാസം പാലിക്കുവാൻ സാധിക്കുമോ, എന്ന പ്രശ്നത്തിൻെറ സമാധാനം ഹിലെയർ ബെല്ലോക് പന്ത്രണ്ടു ലേഖനങ്ങളിൽ സമാഹരിക്കുന്നു.

പാരിഭാഷികൻ

എം. പി. പോൾ.

# വിഷയപരിപാടി.


I. പുരാതനസഭയുടെ നൂതനമത്സരം 1.

II. കത്തോലിക്കസഭ എന്നുവച്ചാൽ എന്തു്? 15.

III. വിശ്വാസവും യുക്തിയും 30.

IV. മനുഷ്യാധഃപതനവും യഥാൎത്ഥ സന്നിഹിതിയും 49.

V. കത്തോലിക്കസഭയും മാനവശാസ്ത്രവും 70.

VI. കത്തോലിക്കസഭയും ചരിത്രവിമൎശനവും 89.

VII. കത്തോലിക്കസഭയും വിവിധ ഭരണയന്ത്രങ്ങളും 109.

VIII. കത്തോലിക്കസഭയും വിരുദ്ധദൎശനങ്ങളും 126.

IX. സഭയുടെ മാത്സയ്യം എവിടെയാണു്? 141.

X. സഭ മത്സരിച്ചുകൊണ്ടേയിരിക്കണം 156.

XI. സഭയും ദേശീയബോധവും 169.

XII. ഉപസംഹാരം 180.

# ഇരുപതാംനൂററാണ്ടിലോ കത്തോലിക്കാമതം?

## I.

## പുരാതനസഭയുടെ നൂതനമത്സരം.

അഗാധവും ദുസ്തരവുമായ ഒരു നൂതനവ്യത്യാസം കത്തോലിക്കർക്കും ഇതരന്മാൎക്കും തമ്മിൽ വന്നുവശായിരിക്കുന്നു. ആ വ്യത്യാസം വൎദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. ഇന്നത്തെ സമുദായത്തെ വീക്ഷണംചെയ്യുന്ന ഏവനും ഈ ഒരു സംഗതിയാണു പ്രധാനമായി ബോധപ്പെടുന്നതു്. പ്രധാനമായിട്ടെന്നോ ? കത്തോലിക്കാമതത്തിൻെറ ശക്തിയും വ്യാപ്തിയും ഗ്രഹിച്ചിട്ടുള്ള ഒരാൾക്കു് ഈ സംഗതി ആധുനികലോകത്തിലെ സൎവ്വപ്രധാനമായ സംഗതിയായിട്ടാണു തോന്നുക.

പ്രസ്തുതാന്തരത്തിനു ദേശംതോറും ഉച്ചനീചതകളുണ്ടു്. പണ്ടത്തെ കത്തോലിക്കാസമുദായത്തോടു പരമ്പരാസിദ്ധമായ യാതൊരു ബന്ധവുമില്ലാത്ത രാജ്യങ്ങളിൽ ഈ അന്തരം കുറച്ചൊന്നുമല്ല. ചില രാജ്യങ്ങളുടെ ഉൽപത്തിയിൽ കത്തോലിക്കാമതം അറിയപ്പെട്ടിട്ടുപോലുമില്ല. അവിടെയാണു് അന്തരം ഏററവും ഗൌരവാവഹമായിട്ടുള്ളതു്. എന്നാൽ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ പ്രസ്തുത വ്യത്യാസം

എല്ലാരാജ്യങ്ങളിലും കാണപ്പെടുന്നതാണ്. ജനങ്ങളെല്ലാവരും പണ്ടു കത്തോലിക്കരായിരുന്ന രാജ്യങ്ങളിലും—എന്നുവേണ്ടാ, ഇന്നും ഏറിയഭാഗം ജനങ്ങൾ കത്തോലിക്കാമതത്തിൽ വത്തിക്കുന്ന രാജ്യങ്ങളിൽപ്പോലും—കത്തോലിക്കാജീവിതസരണിയും അകത്തോലിക്കാജീവിതസരണിയും തമ്മിലുള്ള വ്യത്യാസം പ്രസ്പഷ്ടമത്രെ.

കത്തോലിക്കരുടെ ജീവിതാദശ്ത്തിനും മററുള്ളവരുടെ ജീവിതാദശ്ത്തിനും തമ്മിലുള്ള ഈ അഗാധവ്യത്യാസം എവിടേയും പ്രത്യക്ഷപ്പെടുന്നുണ്ട്. കത്തോലിക്കരും പ്രോട്ടസ്റ്റാന്റുകാരും തമ്മിലും വൈദികരും വൈദികവിരോധികളും തമ്മിലും ചില ഇടച്ചകളൊക്കെ പണ്ടും ഉണ്ടായിരുന്നു; ശരിതന്നെ! പക്ഷേ ഇപ്പോഴത്തെ ഇടച്ച് അത്തരത്തിലുള്ള ഒന്നല്ല. അതു തുലോം ഭിന്നവും പണ്ടത്തേക്കാൾ മൌലികവുമാണ്. ജീവിതമാസകലം അതു ബാധിച്ചിരിക്കുന്നു.

കുറേക്കൊല്ലങ്ങൾക്കുമുമ്പു കത്തോലിക്കാമതത്തോടുണ്ടായിരുന്ന വിരോധം ക്രിസ്തീയസിദ്ധാന്തങ്ങളിൽ ചിലതിനെസംബന്ധിച്ചുള്ള വൈപരീത്യം മാത്രമായിരുന്നു. അഥവാ, ആ സിദ്ധാന്തങ്ങളെല്ലാംതന്നെ നിഷേധിക്കപ്പെട്ടിരുന്നുവെന്നിരിക്കട്ടെ. എന്നാലും അവയുടെ ഫലങ്ങൾ തീരെ നശിച്ചുപോയില്ല. ഉഭയസാധാരണമായ പലേകായ്യങ്ങളും നിലനിന്നിരുന്നു. ഇരുകക്ഷികളും തീവ്രമായ പാരുഷ്യം അന്യോന്യം പ്രദശിപ്പിച്ചിരുന്നുവെങ്കിലും, ചിലകായ്യങ്ങളിൽ ഇരുകൂട്ടക്കും ഒരേ അഭിപ്രായമാണ് ഉണ്ടായിരുന്നത്. ഒരേ സദാചാരപദ്ധതിയാണ് ഇരുവരും പ്രായേണ അനുവത്തിച്ചിരുന്നതും.

ഇപ്പോഴാകട്ടെ പ്രതിപക്ഷികൾക്കു തമ്മിലുള്ള അന്തരം അതിമാത്രം ഗാഢമായിത്തീന്നിട്ടുണ്ട്. ഒരു വശത്തു പുതിയ ഒരു ജീവിതരീതി ആവിർഭവിച്ചുതുടങ്ങിയിരിക്കുന്നു; എതിർവശത്തു കത്തോലിക്കാസഭയുടെ അവശിഷ്ടം സുസ്ഥിരമായി സ്ഥിതിചെയ്യുന്നു.

ഈ പരിവത്തനത്തിൻെറ കാരണം ചുരുക്കിപ്പറയാം. ഭൌതികശാസ്ത്രത്തിലും ചരിത്രത്തിലും ചില സംഗതികൾ ഇയ്യിടെ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അവയെ ആസ്പദീകരിച്ച് ഒരു പുതിയ ചിന്താരീതിയും പ്രബലപ്പെട്ടുതുടങ്ങിയിട്ടുണ്ട്. ഈ ഒരു ചിന്താപദ്ധതിമാത്രമാണു ബുദ്ധിയുള്ള മനുഷ്യക്കു വിഹിതമായിട്ടുള്ളതെന്നു, തൽഫലങ്ങളിൽനിന്നും അനുഭവത്തിൽനിന്നും വിശദമായിട്ടുണ്ടത്രെ. ഈ ഒരു ചിന്താപദ്ധതിയാണു സമ്മാന്യരായ എവരും സ്വീകരിച്ചിട്ടുള്ളതെന്നും അതിൽനിന്നു മനുഷ്യക്ക് അത്ഭുതപൂവ്വമായ ഉൽകഷം ഉണ്ടായിട്ടുണ്ടെന്നും പരക്കെ ഘോഷിക്കപ്പെടുന്നു. ഇങ്ങനെ വിചാരിക്കുകയും ഉൽഘോഷിക്കുകയും ചെയ്യുന്നവരുടെ ദൃഷ്ടിയിൽ, കത്തോലിക്കാസഭയുടെ നില തുലോം ന്യായരഹിതവും അനഭിജ്ഞവുമായി കാണപ്പെടുന്നു. ഇന്ന് എല്ലാവരും സമ്മതിക്കുകമാത്രമല്ല, അവശ്യം സമ്മതിക്കേണ്ടവയുമായ സത്യങ്ങൾക്കു തീരെ വിരുദ്ധമായിട്ടാണു കത്തോലിക്കാസഭയുടെ നിലയെന്നും ഉത്തമജീവിതപദ്ധതിയെ സഭ നിരാകരിക്കുന്നുവെന്നുമാണ് അവക്കു തോന്നുന്നതു്.

ഇപ്രകാരം കത്തോലിക്കാസഭയ്ക്കെതിരായി പരക്കെ വേരൂന്നിയിട്ടുള്ള ഈ മനസ്ഥിതിക്കു നാടോടിക

ളായ എത്ര ചൊല്ലുകളെങ്കിലും ദൃഷ്ടാന്തമായി എടുക്കാവുന്നതാണ്. അവയിൽ ചിലതു് അസ്പഷ്ടവും സാരവിഹീനവുമായിരിക്കാം. എന്നാൽ അവയെല്ലാം ഒരേ ഒരു മൂലത്തിൽനിന്നാണു പൊട്ടിപ്പുറപ്പെട്ടിട്ടുള്ളതെന്നതിനു സംശയമില്ല.

ചില ഉദാഹരണങ്ങൾ പരിശോധിക്കുക. വിദ്യാഭ്യാസം സിദ്ധിച്ച ഒരു കത്തോലിക്കന്റെ വിശ്വാസം നിർമ്മായമായിരിപ്പാൻ വഴിയില്ലെന്നാണു വയ്പ്. കത്തോലിക്കാസഭയുടെ വിശ്വാസവും പ്രമാണങ്ങളും സർവ്വാത്മനാ അനുസരിക്കുന്നതു് അജ്ഞതയുടെ ലക്ഷണമാണത്രെ. അവ്വണ്ണം അനുസരിക്കുന്നതു വെറും തഴക്കം കൊണ്ടാണെന്ന് ഒരുക്കൂട്ടർ അനുശോചിക്കുന്നു. വേറെ ചിലരാകട്ടെ, അതു് അപൂർണ്ണജ്ഞാനത്തിന്റേയോ ആത്മവഞ്ചനയുടേയോ അല്ലെങ്കിൽ തികഞ്ഞ കൈതവത്തിന്റേയോ ഫലമാണെന്ന് അധിക്ഷേപിക്കുന്നു.

"ആധുനികബുദ്ധി എങ്ങനെയാണു കത്തോലിക്കാപ്രമാണങ്ങളെ സ്വീകരിക്കുക?"—"വിദഗ്ദ്ധവിമർശനത്തിൽ കത്തോലിക്കാപ്രമാണങ്ങളുടെ ചെമ്പു തെളിഞ്ഞുപോയിരിക്കുന്നു."—"പതിമൂന്നാം നൂററാണ്ടിലെ മാറാമ്പലുകൾ ഇരുപതാം നൂററാണ്ടിലുണ്ടോ വല്ലവരും പൂജിക്കുന്നു?"—"ആധുനികപരിഷ്ക്കാരം അഭിവൃദ്ധിപ്രാപിക്കുന്നതോടെ മദ്ധ്യമശതകങ്ങളിലെ വിശ്വാസങ്ങളെല്ലാം തിയ്യിൽ ശലഭംകണക്കെ അന്തരിച്ചുപോകാതിരിക്കയില്ല"—എന്നിങ്ങനെയുള്ള സാമാന്യോക്തികൾ ഇപ്പോൾ സർവ്വത്ര സുലഭമാണ്.

ഇവ്വിധമുള്ള ജനപ്രവാദങ്ങൾക്കു നിദാനമായിട്ടുള്ളതു് അവ ജല്പിക്കുന്ന ജനങ്ങളുടെ മനസ്സിൽ വേരൂന്നി

യിട്ടുള്ള ഒരു വിശ്വാസമാകുന്നു. എന്തോ ഒന്നു സ്വത സ്സിദ്ധമാണെന്ന് അവർ ധരിച്ചു വശായിട്ടുണ്ട്. ഈ 'എന്തോ ഒന്നു' മറെറാന്നുമല്ല: കത്തോലിക്കാസഭയുടെ ദർശനം, പ്രമാണങ്ങൾ, നടവടികൾ, എന്നുവേണ്ട ക ത്തോലിക്കാവിശ്വാസക്രമം മുഴുവനും അർവ്വാചീനകാല ത്തു കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ചില സത്യങ്ങൾക്ക്—ച രിത്രം, മനുഷ്യസ്വഭാവം, പ്രകൃതിവിജ്ഞാനീയം എന്നി വയെ സംബന്ധിച്ചു കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ചില പ്ര ത്യക്ഷസത്യങ്ങൾക്ക്—വിരുദ്ധമാണെന്നുള്ള ബോധമാ ണു മുൻപറഞ്ഞ ജനപ്രവാദത്തിന് ആധാരമായിട്ടു ള്ളതു്.

എന്നാൽ ഈ ബോധം—കത്തോലിക്കാസഭയോ ടുള്ള നൂതനവിദ്വേഷത്തിനു പ്രേരകമായി വർത്തിക്കുന്ന ഈ ബോധം—കേവലം മിഥ്യാബോധമാണ്. കത്തോ ലിക്കാസഭ എന്താണെന്നും ജനങ്ങൾ അതിന്റെ അനു സരിക്കുകയും അതിൻെറ അധികാരത്തെ സമ്മതിക്കു കയും ചെയ്യുന്നതു് എന്തുകൊണ്ടാണെന്നും സഭ യഥാർത്ഥ ത്തിൽ എന്താണു നിർദ്ദേശിക്കുന്നതെന്നും ഈ നിർദ്ദേശ ങ്ങളിൽ അവശ്യം അന്തർഭവിച്ചിരിക്കുന്ന ഫലങ്ങൾ എന്താണെന്നും എന്തുകൊണ്ടാണ് അവ അന്തർഭവി ച്ചിരിക്കുന്നതെന്നും യഥാർഹം ധരിക്കാത്തതുകൊണ്ടാ ണു മുൻപറഞ്ഞ മിഥ്യാബോധം ഉളവായിട്ടുള്ളതു്.

ആധുനികലോകത്തിൽ സഭയും സഭയ്ക്കുപുറമെയു ള്ളതും തമ്മിൽ എത്രയും ഗാഢമായ ഒരു വിപ്രതിപ ത്തിയുണ്ടെന്നുള്ളതു തർക്കമററ സംഗതിയാണെങ്കിലും, ഇതു യുക്തിയും അയുക്തിയും തമ്മിലോ, സുസ്ഥാപിത

മായ സത്യങ്ങളും അവ സ്വീകരിക്കുവാനുള്ള വൈമുഖ്യവും തമ്മിലോ, ഭൂതകാലവും വത്തമാനകാലവും തമ്മിലോ ഉള്ള വിപ്രതിപത്തിയല്ല. രണ്ടു ദശ്നങ്ങൾക്കു തമ്മിൽ, രണ്ടു മനോഭാവങ്ങൾക്കു തമ്മിൽ, ലോകത്തെ വീക്ഷണം ചെയ്യുവാനുള്ള രണ്ടു സ്ഥാനങ്ങൾക്കു തമ്മിലുള്ള വിപ്രകഷമാണ് അതു്.

ഈ മാത്സയ്യം എത്രയും വാസ്തവികമാണ്, എത്രയും ഗൌരവാവഹമാണ്, നമ്മെ എല്ലാവരേയും സംബന്ധിക്കുന്ന ഒന്നാണ്; സമുദായത്തിന്റേയോ രാഷ്ട്രത്തിന്റേയോ പുരോഗതിയെ സംബന്ധിച്ചുള്ള ഒരു മഹാകാര്യമെന്നോണം അതു നമ്മുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കേണ്ടതാണ്. പക്ഷേ ആദ്യംതന്നെ അതു് എന്താണെന്നു നാം ഗ്രഹിക്കണം. അതു മറെറാന്നാണെന്നു നാം വ്യാമോഹിക്കരുതു്. എന്നാൽ മാത്രമേ അതു ചച്ചചെയ്യുവാൻ നമുക്കു സാദ്ധ്യമാകയുള്ളൂ.

ഈ മാത്സയ്യത്തിന്റെ കാരണങ്ങൾ തെററിദ്ധരിക്കുന്നവർ തങ്ങളുടെ വാദത്തെ ദുബ്ബലപ്പെടുത്തുന്നുവെന്നു മാത്രമല്ല, അവർ ആഗ്രഹിക്കുന്ന സമുദായോൽകഷത്തിന് ഈ തെററിദ്ധാരണ ഹാനികരവുമാണ്. മററു മഹാവാദങ്ങളിലെന്നപോലെതന്നെ ഇതിലും അവർ ആദ്യമായും അവശ്യമായും ചെയ്യേണ്ടതു വാദമുഖം എന്താണെന്നു സൂക്ഷ്മമായി ഗ്രഹിക്കുകയാകുന്നു.

വാദമുഖം എന്താണ്? പ്രത്യക്ഷസത്യവും പ്രത്യക്ഷാസത്യവും തമ്മിലുള്ള ഒരു മാത്സര്യമാണോ അതു്? അല്ല; ഒരിക്കലും അതു് അങ്ങനെയൊന്നായിരുന്നതുമില്ല. പരീക്ഷണത്താൽ സാധിച്ചുവും പൂണ്ണജ്ഞാത

വുമായ സംഗതികൾ പരിശോധിച്ചു തീൎച്ചപ്പെടുത്താവുന്ന ഒന്നല്ല ആ വാദമുഖം; അങ്ങനെയൊന്നായിരുന്നതുമില്ല.

പ്രസ്തുത മാത്സൎയ്യം വേറൊരു തരത്തിലുള്ളതാണ്—കൂടുതൽ അഗാധവുമാണ്. രണ്ടു ആദൎശങ്ങളാണ് ഇവിടെ ഭിന്നിച്ചുനിൽക്കുന്നതു്. ഏതു് ആദൎശമാണ് ആധുനികലോകത്തെ നയിക്കേണ്ടതെന്ന്, പണ്ടുണ്ടായിരുന്നവർ തീൎച്ചപ്പെടുത്തിയതുപോലെ, ഇന്നുള്ളവരും തീൎച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

വാദമുഖം ഇങ്ങനെയുള്ള ഒന്നാണെന്നു കാണിപ്പാനാണു ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു്.

വിവാദവിഷയത്തിൻെറ ഗൌരവം തട്ടിക്കിഴിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വിവാദവിഷയം ഇന്നതാണെന്നു വിശദമാക്കിക്കഴിഞ്ഞാൽ അതിനു സമാധാനവുമായി എന്നു ഞാൻ ലേശവും അഭിമാനിക്കുന്നതുമില്ല.

വിവാദം മിഥ്യയാണെന്നു കാണിപ്പാനല്ല എൻെറ പുറപ്പാടു്. എന്തുകൊണ്ടെന്നാൽ അങ്ങനെയൊരു വിവാദം ഇപ്പോൾ പ്രബലമായിട്ടുണ്ടെന്നും അതാണ് ആധുനികലോകത്തിലെ എത്രയും ശ്രദ്ധേയമായ വിവാദമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അതു കൂലംകഷമായി പൎയ്യാലോചിച്ചിട്ടുള്ളവന് അതിൻെറ ഗൌരവം ബോധപ്പെടാതിരിക്കയില്ല.

ഇന്നതാണു ശരിയായ വാദമുഖമെന്നു കാണിക്കുകയും സമീചീനമായ പൎയ്യവേക്ഷണത്തിനു വിഘ്നമായി വൎത്തിക്കുന്ന വ്യാമോഹങ്ങളേയും തെററിദ്ധാരണകളേയും അകററുകയും ചെയ്യുവാനാണ് എൻെറ ഉദ്യമം.

ഈ ഉദ്ദേശ്യത്തോടെ ഞാൻ താഴെ പ്രസ്താവിക്കുന്ന ക്രമത്തിൽ പ്രതിപാദ്യവിഷയം വായനക്കാരുടെ മുമ്പാകെ സമൎപ്പിക്കുവാൻ പോകുന്നു:—

ആദ്യംതന്നെ, കത്തോലിക്കാസഭയുടെ യഥാൎത്ഥരൂപം ഞാൻ പ്രകാശിപ്പിക്കും. ഈ വിമൎശനത്തിന്റെ ആരംഭത്തിൽ പ്രതിപാദിക്കേണ്ടതു് അതുതന്നെയാണുതാനും. എന്തുകൊണ്ടെന്നാൽ പ്രതിപാദ്യവിഷയത്തെ ആസകലം ദുൎഗ്രഹമാക്കിച്ചെയ്യുന്നതു്, കത്തോലിക്കാസഭ നൂതനമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സത്യങ്ങൾക്കു വിരുദ്ധമാണെന്നുള്ള ജനപ്രവാദമാണു്. ആക്രാന്തമായ വസ്തുവിന്റെ മായികചിത്രത്തിനുപകരം ശരിയായ ചിത്രം വരച്ചുകഴിഞ്ഞതിനുശേഷമേ, ഈ തെററിദ്ധാരണ ദൂരീകരിക്കുവാനുള്ള ശ്രമം സഫലമാവൂ.

ശരിയായ ചിത്രം എല്ലാവരുടേയും സ്നേഹത്തിനും ബഹുമാനത്തിനും പാത്രീഭവിക്കണമെന്നില്ല. കത്തോലിക്കാസഭയുടെ യഥാൎത്ഥസ്വഭാവം മനസ്സിലാക്കിക്കഴിഞ്ഞാൽ എല്ലാവരും അതിനെ അനുസരിക്കുമെന്നോ അതിന്റെ അധികാരത്തെ സ്വീകരിക്കുമെന്നോ അൎത്ഥമാക്കേണ്ടതില്ല. അനുഭവം നേരെ മറിച്ചായിരിക്കാം. സഭയുടെ യഥാൎത്ഥസ്വഭാവം മനസ്സിലാക്കുന്തോറും അതിനോടുള്ള വിദ്വേഷം വൎദ്ധിക്കുകയാണു ചെയ്യുന്നതെന്നു വന്നേക്കാം. പക്ഷേ നാം ഉപയോഗിക്കുന്ന പദങ്ങളുടെ അൎത്ഥം ശരിയായി മനസ്സിലാക്കാതെ, ബുദ്ധിപൂൎവ്വകമായ യാതൊരു പര്യന്വേഷണവും സാദ്ധ്യമല്ല. സഭയുടെ ആദൎശം, സ്വഭാവം ദൎശനം എന്നിവ എന്താണെന്നു് ആദ്യമേ നാം മനസ്സിലാക്കണം.

സഭയുടെ അധികാരത്തെ സ്വീകരിക്കുന്നവർ എന്തുകൊണ്ടാണു് അപ്രകാരം ചെയ്യുന്നതെന്നുള്ള വിഷമപ്രശ്നമാണു് അനന്തരപര്യാലോചനീയം. സഭയുടെ ദിവ്യാധികാരത്തെ സമ്മതിക്കുന്നവരുടെ ദൃഷ്ടിയിൽ, ആ അധികാരസമ്മതം ബുദ്ധിപൂർവ്വകമായ ഒന്നാണെന്നു വിശദമാക്കുവാൻ ഞാൻ യഥാശക്തി ശ്രമിക്കാം. എന്തുകൊണ്ടാണു ജനങ്ങൾ സഭയുടെ അധികാരം സ്വീകരിച്ചിട്ടുള്ളതെന്നു വിശദമായിക്കഴിഞ്ഞാൽ, സഭയുടെ അധികാരം സ്വീകരണാർഹമാണോ എന്നുള്ള സംഗതിയിലേക്കു പ്രവേശിക്കാം. ആദ്യത്തെ സംഗതി ധരിച്ചുകഴിഞ്ഞതിനുശേഷമേ രണ്ടാമത്തേതു് അവധാര്യമാകയുള്ളു.

അനന്തരം, കത്തോലിക്കാസിദ്ധാന്തങ്ങൾക്കും ആധുനിക ശാസ്ത്രാഭിവൃദ്ധിയിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾക്കും തമ്മിൽ ആരോപിക്കപ്പെടുന്ന വൈപരീത്യം എത്രകണ്ടു സാധുവാണെന്നു കാണിപ്പാൻ, ശ്രദ്ധേയവും സാരവത്തും മൌലികവുമായ ചില ദൃഷ്ടാന്തങ്ങൾ ഞാൻ ഉദ്ധരിക്കാം.

ഈ ദൃഷ്ടാന്തങ്ങൾ രണ്ടുതരത്തിലായിരിക്കും: (1) പ്രകൃതിവിജ്ഞാനീയത്തെ സംബന്ധിക്കുന്നവ; (2) ചരിത്രശാസ്ത്രത്തെ സംബന്ധിക്കുന്നവ.

ഒന്നാമത്തെ ഇനത്തിൽ, മനുഷ്യന്റെ അധഃപതനത്തെക്കുറിച്ചുള്ള സിദ്ധാന്തം, ഇതും ഭൂഗർഭശാസ്ത്രവും തമ്മിൽ സങ്കല്പിക്കപ്പെട്ടിട്ടുള്ള വ്യത്യാസം; ദിവ്യപൂജയിലേ യഥാർത്ഥസന്നിഹിതി, ഇതും പദാർത്ഥവിജ്ഞാനീയവും തമ്മിലുള്ള കല്പിതവൈപരീത്യം; ആത്മാവി

ൻെറ അമരത്വം, ഇതും പ്രാണിശാസ്ത്രത്തിലും മനശ്ശാസ്ത്രത്തിലുമുള്ള തത്വങ്ങളും തമ്മിൽ ആരോപിക്കപ്പെടുന്ന വൈരുദ്ധ്യം; കത്തോലിക്കരുടെ മതാചാരങ്ങളുടേയും സംസ്കാര (ക്രൂദാശ) ക്രമങ്ങളുടേയും ദിവ്യപ്രഭവം, ഇതും മാനവശാസ്ത്രവും തമ്മിൽ കല്പിക്കപ്പെട്ടിട്ടുള്ള അന്തരം—എന്നീ സംഗതികൾ ഉൾപ്പെടുന്നതാണു്.

ഇവയേപ്പോലെയുള്ള സംഗതികൾ ഇനിയും അനവധിയുണ്ട്. മേല്പറഞ്ഞവ മാതൃകയ്ക്കായി ഞാൻ സ്വീകരിയ്ക്കുന്നുവെന്നേയുള്ളൂ.

രണ്ടാമത്തെ ഇനം ചരിത്രത്തേയും ലേഖ്യപ്രമാണങ്ങളേയും പരാമർശിക്കുന്നതാണല്ലോ. ഈശ്വരപ്രകാശിതമെന്നു സഭയാൽ പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ള ആദിമലിഖിതങ്ങൾ, ഇവയ്ക്കും ആധുനികഗവേഷണത്തിനും തമ്മിലുള്ള കല്പിതവിരോധം, പ്രസ്തുത ഗവേഷണവും പാപ്പാധികാരത്തിൻെറ ചരിത്രവും തമ്മിലുള്ള വൈപരീത്യം, ഐതിഹ്യങ്ങൾക്കും മിഥ്യാകഥനങ്ങൾക്കുമുള്ള സ്ഥാനം, അത്ഭുതങ്ങളുടെ സ്വഭാവം, എന്നീ കാര്യങ്ങൾ ഈ ഇനത്തിൽ ഉൾപ്പെടുന്നു.

ഈ ദൃഷ്ടാന്തങ്ങളിൽ പരിനിഷ്ഠിതമായ തത്വങ്ങളും അഭ്യൂഹങ്ങളും തമ്മിൽ വേർതിരിക്കുവാനായിരിയ്ക്കും എൻെറ മുഖ്യശ്രമം. അപ്രകാരംതന്നെ, പരിനിഷ്ഠിതമായ തത്വങ്ങളും അവയെ ആധാരമാക്കി നിർമ്മിയ്ക്കപ്പെട്ടിട്ടുള്ള വ്യാജദർശനവും തമ്മിൽ വിവേചിക്കുന്നതിൽ ഞാൻ അത്യന്തം ഉൽസുകനായിരിക്കും.

ഒരു ദൃഷ്ടാന്തം എടുക്കാം. പ്രകൃതിയിൽ ചില കാരണങ്ങളിൽനിന്നു ചില കാര്യങ്ങൾ പുറപ്പെടുന്നുണ്ടു

ല്ലൊ. കാൎയ്യങ്ങളുടെ അനുസ്യൂതമായ ആവൎത്തനത്തെപ്പററി പലേ നൂതനസംഗതികളും ആധുനികകാലത്തു കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ പുതിയ കണ്ടുപിടിത്തങ്ങളിൽനിന്നു പ്രസ്തുതാവൎത്തനം അവശ്യംഭവമാണെന്നോ അതിനു അപവാദമുണ്ടാകാൻ സംഗതിയില്ലെന്നോ അനുമാനം ചെയ്യാവതല്ല. ഇതു ഭൂമിയോളംതന്നെ പഴക്കമുള്ള ഒരു വാസ്തവമാണെങ്കിലും, ജനങ്ങൾ ഇക്കാലത്തു് ഇതു വിസ്മരിച്ചുതുടങ്ങിയിരിക്കുന്നു. പ്രകൃതിനിയമത്തിന്റെ പുതിയ പുതിയ അനുഭവങ്ങൾ ആ നിയമത്തിന്റെ സാധുതയെ എങ്ങനേയോ വൎദ്ധിപ്പിക്കുമെന്ന് അവർ വ്യാമോഹിക്കുന്നു. ഈ വ്യാമോഹം അപാകരിക്കുന്നതു കാലോചിതമായ ഒരു കൃത്യമായിരിക്കും.

അനന്തരം കത്തോലിക്കാസഭയുടെ രാഷ്ട്രീയസിദ്ധാന്തത്തിനും ഇന്നത്തെ രാഷ്ട്രീയാനുശീലനങ്ങൾക്കും തമ്മിൽ കല്പിയ്ക്കപ്പെടുന്ന . അന്തരമായിരിക്കും എന്റെ നിരൂപണവിഷയം. ഈ വിഷയത്തിൽ കത്തോലിക്കരുടെ സിദ്ധാന്തത്തിനും ഭൌമോൽകൎഷത്തെ സൎവ്വപ്രധാനമായിക്കരുതുന്ന രാഷ്ട്രീയാചാരങ്ങൾക്കും തമ്മിൽ ശാശ്വതമായ മാത്സൎയ്യം ഉണ്ടാകുമെന്നുതന്നെയാണ് എന്റെ പക്ഷം. അത്രതന്നെയല്ല, ഏതെങ്കിലുമൊരു പ്രത്യേക ഭരണസമ്പ്രദായമാണു മറെറല്ലാ ഭരണസമ്പ്രദായങ്ങളേക്കാൾ സദാ ശ്രേഷ്ഠമായിരിക്കുകയെന്ന ധാരണ കത്തോലിക്കാസിദ്ധാന്തത്തിനും സാമാന്യബുദ്ധിക്കുപോലും വിരുദ്ധമാണെന്നു ഞാൻ സമൎത്ഥിക്കുകയും ചെയ്യും.

ഏതായാലും സംഗതികളുടെ യാഥാത്ഥ്യം തുറന്നു കാണിപ്പാനാണു ഞാൻ തുനിയുന്നതു്. രാഷ്ട്രീയാധികാരത്തെപ്പററി സഭയുടെ ആദശം എന്താണെന്നും ഏതെങ്കിലുമൊരു ഭരണയന്ത്രത്തോടു സഭ അസഹിഷ്ണുവാണെന്നു വിചാരിക്കുന്നതു് എത്ര വലിയ അബദ്ധമാണെന്നും ഞാൻ പ്രതിപാദിക്കുന്നതാണു്. ജനകീയഭരണം എന്നു വിളിക്കപ്പെടുന്ന ഇന്നത്തെ ഭരണരീതിയോടു സഭയ്ക്കു വിപ്രതിപത്തിയുണ്ടെന്നു ചില ആധുനികന്മാർ വിചാരിക്കുന്നു. പണ്ടു് (വളരെ പണ്ടല്ല) ഏകച്ഛത്രാധിപത്യത്തോടു കത്തോലിക്കാസഭക്കു വിദ്വേഷമുണ്ടെന്നു പറഞ്ഞു ജനങ്ങൾ സഭയെ അധിക്ഷേപിച്ചിരുന്നു. പ്രഭുഭരണത്തോടും കത്തോലിക്കാസഭയ്ക്കു വിരോധമുണ്ടെന്നു് ആവലാതിപ്പെടുന്ന ചില ഗ്രന്ഥകാരന്മാർ ഇന്നുമുണ്ടു്.

ഈ ആക്ഷേപങ്ങളെല്ലാം നിരത്ഥകമാണെന്നു കാണിപ്പാനാണു ഞാൻ ഉദ്യമിക്കുന്നതു്. രാഷ്ട്രീയലോകത്തിൽ സഭയ്ക്കു രണ്ടു കാര്യങ്ങളോടുമാത്രമേ വിപ്രതിപത്തിയുള്ളു: (1) രാഷ്ട്രീയാധികാരം പാടെ നിഷേധിക്കുക; (2) ഈ അധികാരം ഉത്ഭവത്തിങ്കൽ അമാനുഷികവും ദിവ്യവുമാണെന്നു നിഷേധിക്കുക. ഈ രണ്ടു നിഷേധങ്ങളോടും കത്തോലിക്കാസഭ അസഹിഷ്ണുവാണു്. അരാജകം അഥവാ രാഷ്ട്രച്ഛിദ്രം, അധികാരത്തിൻെറ ഉൽപത്തി മാനുഷികമാണെന്നുള്ള സിദ്ധാന്തം—ഈ രണ്ടു സംഗതികളും സഭയുടെ പ്രമാണങ്ങൾക്കു വിരുദ്ധമാണു്.

ഇങ്ങനെ കത്തോലിക്കാസഭയ്ക്കും ഇന്നത്തെ ശാസ്ത്രം, രാഷ്ട്രീയാചാരങ്ങൾ എന്നിവകൾക്കും തമ്മിലു

ള്ള കല്പിതവും യഥാൎത്ഥവുമായ വൈപരീത്യങ്ങൾ പരിശോധിച്ചു കഴിഞ്ഞിട്ട്, ഇവയെല്ലാം ആധാരഭൂതമായ ദൎശനവൈജാത്യം,—അതായതു മനുഷ്യജീവിതത്തെക്കുറിച്ചും പ്രപഞ്ചസ്വഭാവത്തെക്കുറിച്ചും കത്തോലിക്കൎക്കുള്ള ആദൎശവും അകത്തോലിക്കൎക്കുള്ള ആദൎശവും തമ്മിലുള്ള വൈജാത്യം—എന്റെ നിരൂപണത്തിനു വിഷയീഭവിക്കുന്നതാണ്.

കത്തോലിക്കരുടെ ദൎശനത്തിനുപകരം ആധുനികലോകം സ്വീകരിച്ചിരിക്കുന്ന ചില ദൎശനവിശേഷങ്ങൾ പരിശോധിച്ചതിനുശേഷം, നമ്മുടെ നിത്യാനുഭവത്തിൽ ഈ ദൎശനങ്ങളുടെ ഫലം എന്താണെന്നു ഞാൻ പ്രതിപാദിക്കുന്നതാണ്. കത്തോലിക്കാമതത്തിന്റേയും അതിനു വിപരീതമായ ഏതു ദൎശനത്തിന്റേയും ഫലങ്ങൾക്കു തമ്മിൽ നിയമത്തിലും സമുദായത്തിലും തീവ്രമായ മാത്സൎയ്യമുണ്ടെന്നാണ് ഞാൻ പ്രകാശിപ്പിക്കുവാൻ പോകുന്നതു്. വിവാഹനിയമം, വിദ്യാഭ്യാസനിയമം എന്നിതുകളിൽ പ്രസ്തുത മാത്സൎയ്യം എങ്ങനെ സഫലീഭവിക്കുന്നുവെന്നു ഞാൻ പ്രാസംഗികമായി എടുത്തു കാണിക്കുന്നതാണ്.

ഈദൃശകാൎയ്യങ്ങളിൽ മാത്സൎയ്യമൊന്നുമില്ലെന്നു ഭാവിക്കുന്നതിനുപകരം അതുണ്ടെന്നു് ഊന്നിപ്പറയുവാനാണു ഞാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ നിത്യാനുഭവത്തിലും സമുദായഘടനയിലും കത്തോലിക്കാമതത്തിനുള്ള പ്രാബല്യം തുലോം ദുസ്സഹമായിത്തോന്നുന്ന ആളുകൾക്കുപോലും, പ്രസ്തുത സംഗതികളിൽ സഭയുടെ നിൎദ്ദേശം എന്താണെന്നും എന്തുകൊണ്ടാണു സഭ അപ്ര

കാരം നിർദ്ദേശിക്കുന്നതെന്നും അറിയുകയാണുത്തമം. ഇതറിയാതെ സഭയെ അവഹേളിക്കുന്നതിലർത്ഥമില്ല. വിദ്യാഭ്യാസത്തിൽ സഭ ചില അവകാശങ്ങൾ മുറുകെപ്പിടിക്കുന്നതു്, അതു മനുഷ്യസ്വഭാവം മുഴുവനും മനുഷ്യന്റെ ചിരന്തനമായ പ്രാപ്യസ്ഥാനവും വീക്ഷിക്കുന്നതുകൊണ്ടാണെന്നറിയാതെ പ്രസ്തുതാവകാശങ്ങൾ എതിർക്കുന്നതിൽ എന്തർത്ഥമാണുള്ളതു്?

അനന്തരം ഞാൻ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്ന സംഗതിക്കു യുക്തിസോപാനത്തിൽ യാതൊരു പ്രാമുഖ്യവും ഇല്ലെങ്കിലും, ഇക്കാലത്തു് അതു വിശേഷിച്ചും പര്യാലോചനീയമാണു്. 'അഭിവൃദ്ധി'യെ അഥവാ 'സംസ്കാര'ത്തെ പുരസ്കരിക്കുന്ന ഒരു വാദമാണു് അതു്. കത്തോലിക്കാസഭയും ആധുനികലോകവും തമ്മിലുള്ള മാത്സര്യത്തിൽ, ധനം, ആയുധബലം മുതലായതുകളിൽ സഭ തുലോം പിന്നോക്കമാണെന്നും തന്മൂലം സഭ ആധുനികലോകത്തിനു് ഉപയുക്തമല്ലെന്നും മററുമാണു പ്രസ്തുത വാദരീതി.

ഈ വാദം കേവലം മൂഢമാണെങ്കിലും, അതിനു വലിയ പ്രാചുര്യമുള്ളതുകൊണ്ടും ഇക്കാലസ്ഥിതിക്കു് അതിനു വിശേഷിച്ചും ജനസമ്മതിയുള്ളതുകൊണ്ടും അതിനെപ്പററി രണ്ടുവാക്കു പറയാതെ തരമില്ല. അതിലുള്ള കുയുക്തി, വാസ്തവവിരുദ്ധത എന്നീ രണ്ടു അബദ്ധങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. സത്യം ഒരുവനെ ദരിദ്രനോ ഹീനനോ ദുർബ്ബലനോ ആക്കിച്ചെയ്യുമെന്നു പറഞ്ഞതുകൊണ്ടു യുക്തിദൃഷ്ട്യാ സത്യം സത്യമല്ലെന്നു വരുമോ ?

എന്നാൽ ഇക്കാലത്തുള്ളവരോടു പ്രസ്തുത വാദത്തിൻെറ വാസ്തവവിരുദ്ധതയെപ്പററിയാണു പ്രത്യേകം പറയേണ്ടതു്. അതായിരിക്കും അവക്ക് കൂടുതൽ ബോദ്ധ്യമാവുക. എന്തുചെയ്യട്ടെ. വാസ്തവത്തിൽ കത്തോലിക്കാമതത്തിനു മേല്പറഞ്ഞ ന്യൂനതയൊന്നുമില്ലെന്നും സമ്പത്തും ആയുധബലവും ഉണ്ടായിരുന്നപ്പോഴും, അവ ക്ഷയിച്ചു തുടങ്ങിയപ്പോഴും സഭ ഒന്നുപോലെ നിഷ്പന്ദമായി വത്തിച്ചിരുന്നുവെന്നും കാണിക്കുന്നതു് ഇന്നുള്ളവക്ക് ബോദ്ധ്യമാകാതിരിക്കയില്ല.

വിമശ്നത്തിൻെറ അന്തിമഘട്ടത്തിൽ, ഞാൻ പ്രതിപാദ്യവിഷയമാസകലം സംക്ഷേപിച്ചു്, കത്തോലിക്കരുടെ ആദശ്മോ, അകത്തോലിക്കരുടെ ആദശ്മോ ഏതാണു് ഇക്കാലത്തു സ്വീകാൎയ്യതമം എന്നു ചോദിക്കും. ഈ പ്രശ്നം എത്രയും ഗൌരവാവഹമാണു്. ലോകത്തിൻെറ ഭാവി ഈ ചോദ്യത്തിൻെറ സമാധാനത്തെ ആശ്രയിച്ചിരിക്കും.

# II.

## കത്തോലിക്കാസഭ എന്നുവച്ചാൽ എന്തു്?

എന്താണു് ഈ കത്തോലിക്കാസഭ?

ഇക്കാലത്തുള്ള ഒരാൾക്കു് ആത്മാത്ഥമായ കത്തോലിക്കാവിശ്വാസം ഉണ്ടാകാൻ നിവൃത്തിയുണ്ടോ എന്നു

നിണ്ണയിക്കുന്നതിന്മുമ്പു കത്തോലിക്കാവിശ്വാസമെന്താണെന്ന് അറിഞ്ഞേ കഴിയൂ. അതാണ് ആദ്യംതന്നെ വിശദമാക്കേണ്ടത്.

ലോകത്തിലെങ്ങും വ്യാപിച്ചിരിക്കുന്നതും, മററെല്ലാ സമൂഹങ്ങൾക്കുമുള്ളതുപോലെ, സവ്വപ്രധാനമായ ഒരു ഉദ്ദേശ്യത്തെ ലക്ഷീകരിക്കുന്ന ഘടനാവിശേഷവും ഉദ്യോഗസ്ഥന്മാരും നിയമങ്ങളും ഉള്ളതുമായ ഒരു സംയുക്തസംഘം അഥവാ സ്ഥാപനമാണു കത്തോലിക്കാസഭ.

മനുഷ്യൻെറ ഇഹലോകവാസത്തേയും വിശിഷ്യ, അവൻെറ പരമമായ ആനന്ദത്തേയും ഭവിഷ്യജ്ജീവിതത്തേയും പരാമശിക്കുന്ന ഒരു പ്രമാണസംഹിതയാണു കത്തോലിക്കാസഭയുടെ സവ്വപ്രധാനമായ ഉദ്ദേശ്യം. ഈ ഉദ്ദേശ്യത്തിൻെറ സാഫല്യത്തിന്നായിട്ടാണു സഭയുടെ ഘടനാവിശേഷം നിമ്മിക്കപ്പെട്ടിരിക്കുന്നത്. ഈ ഉദ്ദേശ്യത്തിൻെറ പുരോഗതിക്കായിട്ടാണ് അതിലേ ഉദ്യോഗസ്ഥന്മാർ പ്രവത്തിക്കുന്നത്. നമ്മുടെ സ്വഭാവത്തേയും ഭാവിയേയും കുറിച്ചുള്ള ചില പ്രമാണങ്ങൾ പഠിപ്പിക്കുവാനാണു കത്തോലിക്കാസഭ രൂപവൽകരിക്കപ്പെട്ടിട്ടുള്ളതും സ്ഥിതിചെയ്യുന്നതും.

പാശ്ചാത്യപരിഷ്കാരത്തിൻെറ ആവിർഭാവം മുതൽ ഇന്നോവരെ കത്തോലിക്കാസഭ ഈ പ്രമാണങ്ങൾ അന്യൂനമായി പഠിപ്പിച്ചിട്ടുണ്ടെന്നും പരിഷ്കൃതലോകത്തിലെ എല്ലാ സ്ഥാപനങ്ങളുടേയും അസ്ഥിവാരം സഭയാണ് ഉറപ്പിച്ചതെന്നും ഈ പരിഷ്കാരത്തിൻെറ സന്താനങ്ങളെല്ലാവരും സഭയുടെ അദൃശ്യശക്തിക്കു വിധേ

യരായിട്ടുണ്ടെന്നും ഇവിടെ പ്രസ്താവ്യമാണ്. ഇക്കാര്യം പ്രകൃതത്തിൽ ദുസ്സൃജമല്ല. എങ്കിലും പലരും അതു വിസ്മരിച്ചുകളയുന്നതുകൊണ്ട് ഇവിടെ അത് എടുത്തുപറയുന്നത് അനുചിതമായിരിക്കുകയില്ല.

കത്തോലിക്കാസഭ പലേ സഭകളുടെ കൂട്ടത്തിൽ ഒന്നുമാത്രമല്ല. അതു പലേ മതങ്ങളുടെ മദ്ധ്യേ ഉപജീവിക്കുന്ന ഒരു മതം മാത്രമല്ല. അതു ക്രിസ്തുമതത്തിൻെറ ഒരു അവാന്തരവിഭാഗം മാത്രമല്ല. ഗ്രീക്കുകാരിൽനിന്നും റോമൻകാരിൽനിന്നും പാരമ്പര്യേണ ലഭിച്ച പാശ്ചാത്യസംസ്കാരത്തെ ഇന്നു കാണുന്ന രൂപത്തിൽ വിനിയോഗിച്ച ഒരു മഹാ സ്ഥാപനമാണ് അത്. ഒരു പട്ടണത്തിൽ ഞായറാഴ്ച പലേ 'കർമ്മ'ങ്ങൾ നടക്കുന്നുണ്ടായിരിക്കുമല്ലൊ. അക്കൂട്ടത്തിലുള്ള ഒരു കർമ്മം മാത്രമല്ല ദിവ്യപൂജ (കുർബ്ബാന). രണ്ടായിരം കൊല്ലത്തോളം പാശ്ചാത്യസംസ്കാരത്തിൻെറ കേന്ദ്രവും സാരവുമായി നിലനിന്നിട്ടുള്ള മഹത്തമമായ ക്രിസ്തീയ സംസ്കാരകർമ്മമാണ് അത്.

ഇങ്ങനെയുള്ള ഒരു സ്ഥാപനമാണു കത്തോലിക്കാസഭയെന്നുള്ളതു ചരിത്രസംഭവമാണ്. എന്നാൽ ഇതോടുകൂടി സഭ ഒരു അവകാശവും പുറപ്പെടുവിക്കുന്നുണ്ട്. ഈ അവകാശമാണു പ്രതിപാദ്യവിഷയത്തിൻെറ മർമ്മം. സഭയുടെ നേർക്കുള്ള വിദ്വേഷത്തിന്നും അതിൻെറ അനുശാസനങ്ങളുടെ പ്രാബല്യത്തിന്നും അതിൻെറ അനുഗാമികളുടെ ഐക്യത്തിന്നും ഇതാണു കാരണം. ഈ അവകാശം എന്തെന്നാൽ:—

മനുഷ്യരുടെ യഥാൎത്ഥസ്ഥിതിയേയും പരമമുക്തിയേയും കുറിച്ചുള്ള തത്വങ്ങൾ ഉപദേശിക്കുവാൻ അതിനുമാത്രമേ അധികാരമുള്ളു എന്നു സഭ പ്രഖ്യാപനം ചെയ്യുന്നു.

അദ്വിതീയവും ഭീതിജനകവുമായ ഒരു അവകാശവാദമാണു് ഇതു്. ഇതു വ്യാജമാണെങ്കിൽ ഇതിൻെറ ബീഭത്സത തുലോം ഗൎഹ്യവും വിദ്വേഷാർഹവുമായിരിക്കും. അഥവാ, ഇതു യഥാൎത്ഥമാണെങ്കിൽ ഇതിൻെറ മഹാർഹത ഗണനാതീതം തന്നെ.

(1) നിശ്ചിതമായ ഒരു പ്രമാണസംഹിത; (2) ഈ പ്രമാണസംഹിത ഈശ്വരദത്തവും പരമാൎത്ഥവുമാണെന്നും അതു വ്യാഖ്യാനിക്കുകയും തന്മാൎഗ്ഗേണ മനുഷ്യജീവിതത്തെ നിയന്ത്രിക്കുകയും ചെയ്വാൻ സഭയ്ക്കുള്ള അധികാരവും അപ്രകാരംതന്നെ ഈശ്വരദത്തവും പരമാൎത്ഥവുമാണെന്നുമുള്ള അവകാശം; ഈ രണ്ടു കാൎയ്യങ്ങളിലാണു കത്തോലിക്കാവിശ്വാസം മുഴുവനും അടങ്ങിയിരിക്കുന്നതു്.

ഈ കാൎയ്യങ്ങൾ രണ്ടും സമ്മതിക്കുന്നവർ കത്തോലിക്കരാണു്. ഇവയോ ഇവയിലൊന്നോ നിഷേധിക്കുന്നവർ കത്തോലിക്കരല്ല. ഈ കാൎയ്യങ്ങളോരോന്നും, ഇവ രണ്ടും, ധരിച്ചിട്ടുള്ളവർ കത്തോലിക്കാവിശ്വാസം എന്താണെന്നു ധരിച്ചിട്ടുണ്ടു്. അവൎക്കു കത്തോലിക്കാസഭയോടു സ്നേഹമുണ്ടായിരിക്കാം, അല്ലെങ്കിൽ വിദ്വേഷമുണ്ടായിരിക്കാം, അല്ലെങ്കിൽ രണ്ടും ഇല്ലാതിരിക്കാം. എന്നാൽ പ്രസ്തുത കാൎയ്യങ്ങൾ രണ്ടും അവർ ഗ്രഹിച്ചിട്ടുണ്ടെങ്കിൽ, കത്തോലിക്കാവിശ്വാസമെന്താണെന്നും അവർ ഗ്രഹിച്ചിട്ടുണ്ടു്.

ഒന്നാമതായി ഈ പ്രമാണസംഹിത എന്താണെന്നും, രണ്ടാമതായി ദിവ്യപ്രഭവത്തേയും ദിവ്യാധികാരത്തേയും കുറിച്ചുള്ള സഭയുടെ അവകാശവാദമെന്താണെന്നും മനസ്സിലാക്കുകതന്നെ.

## കത്തോലിക്കപ്രമാണസംഗ്രഹം.

(1) കത്തോലിക്കാ പ്രമാണസംഹിതയുടെ ചുരുക്കം താഴെ ചേർക്കുന്നു:—

സർവ്വവസ്തുക്കളും (ഭൌതികവും അഭൌതികവുമായ സർവ്വവും—ചിന്തകൾ, പദാർത്ഥങ്ങൾ, അശരീരികൾ, എന്നിവയെല്ലാം) സൃഷ്ടവസ്തുക്കളാണ്. അവയൊന്നും സ്വയമേവ ഭവിച്ചതല്ല. അവയെ ആസകലം നയിക്കുകയും അവയിൽ ആവസിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവയേക്കാൾ തുലോം ഉന്നതവും ശ്രേഷ്ഠവുമായ ഒരു പരമശക്തി, അതായതു ദൈവം, ആണ് അവയെ സൃഷ്ടിച്ചത്.

ഈ പരമസ്രഷ്ടാവു പുരുഷാത്മനും സംബുദ്ധനും അത്യന്തസദാത്മനുമാണ്. മററു സൃഷ്ടവസ്തുക്കളുടെ കൂട്ടത്തിൽ അവിടുന്നു മനുഷ്യനേയും സൃഷ്ടിച്ചു. മനുഷ്യസൃഷ്ടിയാണല്ലൊ നമുക്കു ശ്രദ്ധാർഹമായിട്ടുള്ളത്. സ്രഷ്ടാവിൻെറ ദിവ്യസ്വഭാവത്തിന് അനുരൂപമായി വർത്തിക്കുന്നപക്ഷം അനശ്വരമായ ആനന്ദം മനുഷ്യനു നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടു്, ദൈവം അവന് അമരത്വം പ്രദാനം ചെയ്തു. പക്ഷെ മനുഷ്യൻ ദ്രോഹിയായിത്തീർന്നു ഭവിച്ചു. തന്നിമിത്തം അവൻെറ വംശം അനശ്വരമായ ആനന്ദത്തിനു പ്രകൃത്യാ അനർഹമായിത്തീർന്നു.

ഈ അത്യാഹിതത്തിൽനിന്നു മനുഷ്യനെ സമുദ്ധാരണം ചെയ്യുവാൻ ദൈവം മനുഷ്യനായി അവതരിച്ചു

പീഡകൾ അനുഭവിച്ചു. ഇപ്രകാരം അവതീർണ്ണനായ ആൾ യേശുക്രിസ്തു എന്നു വിളിക്കപ്പെടുന്ന ചരിത്രപുരുഷനാണ്. ദൈവസ്വഭാവം, മനുഷ്യസ്വഭാവം എന്നീ രണ്ടു സ്വഭാവങ്ങൾ ക്രിസ്തുവിൽ സംയോജിച്ചിരുന്നു. തൻെറ അനുഗാമികളുടെ ഒരു സംഘം സ്ഥാപിച്ചതിനുശേഷം അവിടുന്നു ക്രൂശിൽ വധിക്കപ്പെട്ടു. ഇങ്ങനെ സ്ഥാപിതമായ സംഘത്തിന് അവിടുന്നു ചില പ്രമാണങ്ങളും, മനുഷ്യപരിത്രാണാർത്ഥം ഈ പ്രമാണങ്ങളെ ലോകത്തിലെങ്ങും പ്രഖ്യാപനം ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുവാനുള്ള അധികാരവും കൊടുത്തു.

ക്രിസ്തുവിൻെറ ദൈവസ്വഭാവം, തൻെറ ലോകാവതാരത്തിൻെറ ഉദ്ദേശ്യം എന്നിവ മേല്പറഞ്ഞ പ്രമാണസംഹിതയുടെ അംശങ്ങളാകുന്നു. മരണാനന്തരം അവിടുന്നു പ്രേതാലയത്തിൽനിന്ന് ഉത്ഥാനംചെയ്തു്, തൻെറ അനുഗാമികളുടെ മുമ്പിൽ ആവിർഭവിച്ചു്, ഭാവിയിൽ തൻെറ അനുസ്യൂതമായ സാഹായ്യം അവക്കുണ്ടാകുമെന്നു വാഗ്ദാനംചെയ്തു. അവരെ വിട്ടു നിത്യവസതിയിലേക്കു പോകുന്നതിനുമുമ്പു്, താൻ ഉപദേശിച്ച സത്യങ്ങളും താൻ സ്ഥാപിച്ച വൈദികകർമ്മങ്ങളും ലോകത്തിലെങ്ങും പ്രചാരണം ചെയ്യുവാൻ അവിടുന്ന് അവരെ അനുശാസിക്കുകയും ചെയ്തു.

തൻെറ മരണത്തിൻേറയും പീഡാനുഭവത്തിൻേറയും സ്മരണോത്സവം—അതായതു സംസ്കാരാനുമന്ത്രണം ചെയ്യുമ്പോൾ ക്രിസ്തുവിൻെറ ശരീരരക്തങ്ങളായി അത്ഭുതാവഹമാംവണ്ണം രൂപാന്തരപ്പെടുന്ന അപ്പവും വീ

ഞ്ഞും ആഹരിക്കുകയെന്ന കമ്മം; ക്രിസ്തുവിൻെറ അനയായികഠം പ്രാതിനിധ്യം വഹിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതായ വിശുദ്ധ സംഘത്തിലേക്കു പ്രവേശനം നൽകുന്ന അദ്ധ്യാത്മസ്നാനം (മാമ്മോദീസാ);— ഇവ രണ്ടുമാണു വൈദികകമ്മങ്ങളിൽവച്ചു മുഖ്യമായവ. മേല്പറഞ്ഞ വിശുദ്ധസംഘം നമ്മുടെ ഭാഷയിൽ 'തിരുസഭ' എന്നു വിളിക്കപ്പെടുന്നു.

ഇപ്രകാരമാണു കത്തോലിക്കാ പ്രമാണസംഹിതയുടെ സമൂലരൂപം. ഇതു് എല്ലാവക്കും സുപരിചിതമാണു്. ഇടക്കാലംവരെ പാശ്ചാത്യലോകത്തിൽ എല്ലാവരും ഇതു വിശ്വസിച്ചിരുന്നു. ചില്ലറക്കാര്യങ്ങളുടെ വ്യാഖ്യാനത്തിൽ മാത്രമേ പക്ഷാന്തരങ്ങഠം ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്നു കത്തോലിക്കാസഭയ്ക്കു പുറമെ ആരും ഈ പ്രമാണസംഹിതമുഴുവനും നിഷ്കൃഷ്ടയോടെ സ്വീകരിക്കുന്നില്ലെന്നു നാം ഓക്കേണ്ടതാണു്. കുറഞ്ഞപക്ഷം സഭയുടെ ഏകത്വമെങ്കിലും നിഷേധിക്കപ്പെടുന്നു. വളരെപ്പേർ ഈ പ്രമാണസംഹിതയുടെ ചില ഭാഗങ്ങഠം നിഷേധിക്കുന്നു. ദൈവത്തിൻെറ ആസ്തിക്യം, ആത്മാവിൻെറ അനശ്വരത്വം എന്നിവയൊഴികെ മറെറല്ലാ പ്രമാണങ്ങളും അധികംപേരും തള്ളിക്കളയുന്നു. ആത്മാവിൻെറ അനശ്വരത്വവും ദൈവത്തിൻെറ ആസ്തിക്യംപോലും നിഷേധിക്കുന്നവർ ഇപ്പോഠം കുറച്ചൊന്നുമല്ല.

## സഭ ഉപദേശിക്കാത്തതു് ഏതെല്ലാം?

മേല്പറഞ്ഞ വ്യവസ്ഥിതമായ പ്രമാണസംഹിത എല്ലാക്കാലത്തിലും കത്തോലിക്കാസഭയുടെ വിശ്വാസ

ക്രമത്തിൽ ഉൾപ്പെട്ടിരുന്നുവെന്നും ഇന്നും അതു മുറുകെ പ്പിടിച്ചുകൊണ്ടിരിക്കുന്നതു കത്തോലിക്കാസഭ ഒന്നുമാത്രമാണെന്നും ആദ്യംതന്നെ വ്യക്തമായി ധരിക്കുന്നതു പ്രകൃതത്തിൽ എത്രയും പ്രയോജനകരമാണ്.

പ്രകൃതംതുടരുന്നതിനുമുമ്പു കത്തോലിക്കാസഭ പഠിപ്പിക്കാത്തതു് എന്താണെന്നുകൂടി മനസ്സിലാക്കിയാൽനന്ന്:-

ഇന്നായിന്നസംഭവം ഇന്നസ്ഥലത്തു ഇന്നകാലത്തു നടന്നതാണെന്നു സഭ നിർദ്ദേശിക്കുന്നില്ല.

സൃഷ്ടികർമ്മം നിർവ്വഹിക്കപ്പെട്ടതു് ഇന്നായിന്ന വിധത്തിലാണെന്നോ മനുഷ്യൻെറ അധഃപതനം ഇന്നായിന്ന കൊല്ലത്തിൽ ഇന്നായിന്ന സ്ഥലത്തുവച്ചാണു സംഭവിച്ചതെന്നോ സഭ പഠിപ്പിക്കുന്നില്ല.

ക്രൂശുമരണത്തിൻെറ തിയ്യതി സഭ നിർദ്ദേശിക്കുന്നില്ല. നിശ്ചിതമായ ഏതാനും കൊല്ലങ്ങൾക്കുള്ളിലാണ് ആ സംഭവം നടന്നതെന്ന്, നമുക്കറിയാവുന്ന ചരിത്രത്തിൽനിന്നും സാമാന്യബുദ്ധിയിൽനിന്നും നമുക്ക് അനുമാനം ചെയ്യാവുന്നതാണ്. അഥവാ, ആ സംഭവം നാം ഉദ്ദേശിക്കുന്ന കൊല്ലത്തിനു മുമ്പോ പിമ്പോ ആണു നടന്നതെന്നുള്ളതിനു പുതിയ തെളിവുണ്ടാകുന്നപക്ഷം സഭയുടെ പ്രമാണത്തിന് അതുകൊണ്ടു യാതൊരു കോട്ടവും സംഭവിക്കുകയില്ല.

ഈശ്വരകൃതമായ സഭ പെട്ടെന്നു വികസിതരൂപം അവലംബിച്ചുവെന്നോ അതിനു യാതൊരു ഘടനാവ്യത്യാസവും സംഭവിച്ചിട്ടില്ലെന്നോ, അതിൽ ഇപ്പോഴുള്ളവയോ അല്ലെങ്കിൽ ഇനി ഉണ്ടാകാനിടയുള്ളവയോ ആയ സ്ഥാപനങ്ങൾ ചില്ലറ കാര്യങ്ങളിൽപോലും

എന്നും നിശ്ചിതരൂപത്തോടുകൂടിയിരിക്കുമെന്നോ ആരും ശഠിക്കുന്നില്ല.

### പ്രമാണം V ശാസനം.

ഇല്ല. നിശ്ചിതമായതു പ്രമാണം മാത്രമാണ്. വസ്തുസ്വഭാവത്തെക്കുറിച്ചും ലോകത്തിൽ പ്രകാശിക്കുന്ന ദൈവഗതിയെക്കുറിച്ചുമുള്ള ചില പ്രമാണങ്ങളാണ് അഭേദമായി സ്ഥിതി ചെയ്യുന്നതു്. ഈ പ്രമാണങ്ങളുടെ കേന്ദ്രം ക്രിസ്തുവിൻെറ അവതാരവും അനന്തരഫലങ്ങളുമാകുന്നു. തന്മൂലം സഭയോടുള്ള മാത്സര്യം പ്രസ്തുത വിശ്വാസക്രമത്തേയും തൽഫലങ്ങളേയും നിഷേധിക്കുന്നവരിൽ നിന്നാണു പുറപ്പെടുന്നതു്.

(2) ഇനി കത്തോലിക്കാവിശ്വാസത്തിൻെറ രണ്ടാം ഭാഗം പരിശോധിക്കാം. അവതീർണ്ണനായ ദൈവത്താൽ സ്ഥാപിതമായ സഭയ്ക്കു നിർവ്വചനം ചെയ്യുന്നതിനും നിയമനം ചെയ്യുന്നതിനും അധികാരമുണ്ടെന്നുള്ളതാണു രണ്ടാമത്തെ സംഗതി. "ഈ പ്രമാണം സത്യമാണ്; ആ പ്രമാണം അസത്യമാണ്" എന്നു പറയുവാനുള്ള അധികാരം അതിനുണ്ടു്. സഭ അപ്രകാരം പറയുന്നതു ദൈവം പറയുന്നതുപോലെതന്നെയാണ്. "എൻെറ അംഗങ്ങൾ ഇന്നതു ചെയ്യണ"മെന്നു ശാസിക്കുവാനും അതിന്നു് അവകാശമുണ്ടു്. ഈ ശാസന അനുസരിക്കുന്നതു സഭാംഗങ്ങളുടെ അവശ്യകർത്തവ്യവുമാകുന്നു.

ശാസനയെക്കുറിച്ചു് എന്തെങ്കിലും പ്രസ്താവിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം വിവേചിക്കേണ്ടതുണ്ടു് സങ്കീർണ്ണമതികൾ അതു പലപ്പോഴും വിഗണിക്കുന്നു. എന്തെന്നാൽ സഭയുടെ ഒരു ശാസനം അല്ലെങ്കിൽ

നിയമനം സ്വയമേവ ഈശ്വരശാസനമോ ഈശ്വര നിയമനമോ ആയിരിക്കണമെന്നില്ല; തന്നിമിത്തം അതു് എപ്പോഴും ശരിയായിക്കൊള്ളണമെന്നുമില്ല. ഈശ്വരശാസനമാണെങ്കിൽ, അതു് ഒരിക്കലും റദ്ദ്ചെയ്യുവാൻ പാടില്ലല്ലോ. എന്നാൽ സഭയുടെ ശാസനങ്ങൾ പലപ്പോഴും റദ്ദ്ചെയ്യപ്പെടാറുണ്ടു്. എന്നിരുന്നാലും പ്രയോഗത്തിൽ ഈ ശാസനങ്ങളെ അനുസരിക്കുന്നതു സഭാംഗങ്ങളുടെ അവശ്യകർത്തവ്യമാകുന്നു. എന്തുകൊണ്ടെന്നാൽ അനുസരണമില്ലെങ്കിൽ സഭയുടെ ഏകത്വം ശിഥിലമായിപ്പോകും.

ഒരു ദൃഷ്ടാന്തമെടുക്കാം. നിവൃത്തിയുള്ളപക്ഷം ഒരു കത്തോലിക്കൻ ആഴ്ചയിൽ ഒരു പ്രത്യേകദിവസം ദിവ്യപൂജ (കുർബ്ബാന) കാണണമെന്നു കല്പനയുണ്ടു്. മറെറാരു കല്പനയുണ്ടാകുന്നതുവരെ പ്രസ്തുത കല്പന സാധുവായിരിക്കും; അതു് അനുസരിച്ചേ കഴിയൂ. പക്ഷേ ആ പ്രത്യേകദിവസം നിശ്ചയിച്ചതു ദൈവമല്ല. സഭ ഈ നിയമം വ്യത്യാസപ്പെടുത്തുകയോ നിരാകരിക്കുകയോ ചെയ്താൽ, അന്നു ദിവ്യപൂജ കാണണമെന്നുള്ള കർത്തവ്യവും അതോടെ അവസാനിക്കും.

പ്രമാണസംഹിതയോടു യാതൊരു ബന്ധവുമില്ലാത്ത ഇത്തരം കല്പനകൾ അനവധിയുണ്ടു്. ഈ വക സംഗതികളെപ്പററി സൂക്ഷ്മമായി പര്യാലോചിക്കുവാൻ അഭ്യസിച്ചിട്ടുള്ളവരോടു് ഇതിലധികം പറയേണ്ടതില്ല. ഞാൻ ഇതിനെക്കുറിച്ചു് ഇവിടെ ഇത്രയും പ്രസ്താവിച്ചതു ഇക്കാര്യത്തിൽ ഇപ്പോഴും ക്രൂടക്കാരുടെ കാണപ്പെടുന്ന തെററിദ്ധാരണനിമിത്തമാണു്.

ഒന്നുകൂടി ആവർത്തിക്കാം. കത്തോലിക്കാസഭയുടെ ശാസനം ഒന്നു വേറെ; അതിന്റെ പ്രമാണം മറെറാന്ന്. എന്നാൽ സഭയുടെ ശാസനങ്ങൾ അനുസരിക്കുവാനുള്ള കർത്തവ്യം പ്രമാണത്തിൽ അന്തർഹിതമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ മുക്തിക്കും പരമാനന്ദലബ്ധിക്കുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു സംഘമാണു കത്തോലിക്കാസഭയെന്നുള്ളതു് ഒരു പ്രമാണമാണ്. ഏകത്വമില്ലെങ്കിൽ സഭയുണ്ടാകയില്ല. അനുസരണമില്ലെങ്കിൽ ഏകത്വവുമുണ്ടാകയില്ല. തന്മൂലം അനുസരണം പ്രമാണത്താൽ നിർദ്ദിഷ്ടമാണ്.

ഇങ്ങനെയാണു കത്തോലിക്കാസഭ എന്നു വിളിക്കപ്പെടുന്ന സ്ഥാപനത്തിന്റെ സ്വഭാവം.

സഭയ്ക്കു പുറമെയുള്ളവരിൽനിന്ന്—വിശിഷ്യ, സഭയോട് അല്പപരിചയംമാത്രം സമ്പാദിച്ചിട്ടുള്ളവരിൽനിന്ന്—രണ്ടുതരത്തിലുള്ള ആക്ഷേപങ്ങൾ ഈ ഘട്ടത്തിൽ പുറപ്പെടുന്നതാണ്. ഇതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. ഈ വക കാര്യങ്ങളെക്കുറിച്ചു യാതൊരു പരിചയവുമില്ലാത്ത ഒരാൾ മേൽ വിവരിച്ചതുപോലെ സമൂലമായി അവയെപ്പററി ആദ്യം കേൾക്കുമ്പോൾ, അവയോടു ശക്തിമത്തായ അവജ്ഞ തോന്നുക സാധാരണമാണ്. അങ്ങനെ തോന്നാത്ത ആളിന്റെ ബുദ്ധിശക്തിയെപ്പററി എനിക്കു തെല്ലും ബഹുമാനമില്ല.

### രണ്ടുതരത്തിലുള്ള ആക്ഷേപങ്ങൾ.

ഒന്നാമത്തെ ആക്ഷേപം പ്രമാണസംഹിതയിലെ ഒന്നോ ഒന്നിലധികമോ ഭാഗങ്ങളെക്കുറിച്ചുള്ളതാണ്.

പ്രമാണങ്ങളോരോന്നും, സൂക്ഷ്മമായും വിശദമായും ഗ്രഹിക്കുന്നതോടെ ആക്ഷേപങ്ങൾ എണ്ണത്തിലും ശക്തിയിലും വദ്ധിക്കുവാനാണെളുപ്പം.

രണ്ടാമത്തെ ആക്ഷേപം ആദ്യത്തേതിനേക്കാൾ ബലവത്തരമാണ്. സഭയുടെ ദിവ്യാധികാരത്തെയാണ് അതു പരാമർശിക്കുന്നത്.

പ്രകൃതം തുടരുന്നതിനു മുമ്പ് ഈ ആക്ഷേപങ്ങളെക്കുറിച്ചു കുറഞ്ഞൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പ്രസ്തുതാക്ഷേപങ്ങളാണ് ഈ വിമർശനത്തിന് ആദ്യന്തം വിഷയീഭവിക്കുന്നതെങ്കിലും, അവയുടെ സ്വഭാവം ഇപ്പോൾത്തന്നെ നിർണ്ണയിക്കുന്നതു പ്രയോജനകരമായിരിക്കും.

പ്രമാണങ്ങളെക്കുറിച്ചുള്ള ആക്ഷേപം സാമാന്യേന ഒന്നുരണ്ടു കാര്യങ്ങളെ ആസ്പദീകരിച്ചാണ്. ഒന്നുകിൽ ഈ പ്രമാണങ്ങൾ അപരിചിതങ്ങളാണ്, അല്ലെങ്കിൽ അവ നമ്മുടെ അനുഭവസീമയെ അതിലംഘിക്കുന്നവയാണ്, എന്നത്രെ പ്രസ്തുതാക്ഷേപത്തിൻെറ നിദാനം. കത്തോലിക്കാപ്രമാണസംഹിതയിൽ ദുർഗ്രഹവും അവിശ്വാസ്യവുമായ അനേകം കാര്യങ്ങളുണ്ട്. ചിലതു് അതിമാത്രം ദുർജ്ഞേയമാണ്. മരണാനന്തരജീവിതത്തെപ്പററി സഭ ഉപദേശിക്കുന്നതുതന്നെ ദൃഷ്ടാന്തമായി എടുക്കാം. ഇഹലോകജീവിതമെന്താണെന്നു നമുക്കറിയാം; മരണമെന്താണെന്നും നമുക്കറിയാം. പക്ഷെ 'അമരത്വം', 'നിത്യത' എന്നീ ശബ്ദങ്ങൾ ചിരാർജ്ജിതമായ പരിചയംകൊണ്ടു ജനങ്ങൾ ആലോചനകൂടാതെ ഉരുവിടാറുണ്ടെങ്കിലും അവയുടെ അർത്ഥം സൂ

ക്ഷമമായി ഗ്രഹിച്ചവരാരുമില്ല. അവിശ്വാസ്യതയുടെ ദൃഷ്ടാന്തമാണെങ്കിൽ, സിറിയായിൽ ജീവിച്ചിരുന്ന യുവാവായ ഒരു തൊഴിലാളി ദൈവത്തിൻെറ അവതാരമാണെന്നു പറയുന്നതിനേക്കാൾ അവിശ്വാസ്യമായി മറെറന്താണുള്ളത്? അതല്ലെങ്കിൽ ഒരാൾ മരിച്ചുകഴിഞ്ഞിട്ടു വീണ്ടും ഉത്ഥാനംചെയ്തു എന്നു പറഞ്ഞാൽ ആർ വിശ്വസിക്കും?

എന്തുകൊണ്ടാണ് അസാധാരണവും അനുഭവാതീതവുമായ ഈ സംഗതികൾ വിശ്വസിക്കപ്പെടുന്നതെന്നു ഞാൻ ക്രമേണ പ്രതിപാദിച്ചുകൊള്ളാം. പ്രസ്തുത സംഗതികൾ ശ്രവണമാത്രയിൽ അപരിചിതങ്ങളും അവിശ്വാസ്യങ്ങളുമാണെന്നാണു ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അവ പ്രഥമദൃഷ്ടിയിൽത്തന്നെ ആൎക്കും സ്വീകാൎയ്യമാണെന്നും കത്തോലിക്കാസത്യങ്ങൾ സാകല്യേന ഗ്രഹിച്ചിട്ടില്ലാത്ത ഒരുവൻപോലും അവയെ നിഷേധിക്കുന്നതു ക്ഷന്തവ്യമല്ലെന്നും കരുതുന്ന ചില കത്തോലിക്കരുണ്ട്. വാസ്തവം അപ്രകാരമല്ല.

വാസ്തവം നേരേമറിച്ചാണ്. മേല്പറഞ്ഞ പ്രമാണങ്ങൾ സ്വീകരിക്കപ്പെടുന്നത് എന്തുകൊണ്ടാണെന്നും അവയുടെ നിദാനമായ മൌലികതത്വങ്ങൾ ഏതൊക്കെയാണെന്നും ഗ്രഹിച്ചിട്ടില്ലാത്ത ഒരുവൻ ഈ പ്രമാണങ്ങളെ അനന്യാപേക്ഷയാ സ്വീകരിക്കുന്നപക്ഷം, അതു വിസ്മയാവഹമായ ഒരു സംഭവമായിരിക്കും.

രണ്ടാമത്തെ ആക്ഷേപം സഭയുടെ ദിവ്യാധികാരത്തിൻെറ നേൎക്കാണല്ലൊ. ഈ ആക്ഷേപമാണു കുറേക്കൂടി ബലവത്തരവും പരുഷവുമായി കാണപ്പെടുന്നതു്.

ഇതിനെപ്പററി ഒന്നേ എനിക്കു പറയേണ്ടതുള്ളൂ. സഭയുടെ ഈ അവകാശത്തെപ്പററി ആദ്യമായി കേൾക്കുന്ന ഒരാൾ—അതിനെപ്പററിയുള്ള സഭയുടെ പ്രഖ്യാപനമല്ലാതെ മററു യാതൊരു തെളിവും കണ്ടിട്ടില്ലാത്ത ഒരാൾ—അതു് ഉടനടി എതിക്കാതിരിക്കുകയില്ല.

ക്ലബ്ബോ, സമാജമോ, രാഷ്ട്രമോ, ഗവമ്മേണ്ടോ എന്തെങ്കിലുമാകട്ടെ—ഒരു പ്രത്യേകസംഘം അതിനു ദിവ്യാധികാരമുണ്ടെന്നു പ്രഖ്യാപനം ചെയ്യുകയും അതിൻെറ അഭിപ്രായങ്ങളെ പ്രമാണങ്ങളായി ഉൽഘോഷിക്കുകയും അതിൻെറ തീരുമാനങ്ങൾക്കു പ്രമാദമുണ്ടാകയില്ലെന്നു ശഠിക്കുകയും ചെയ്താൽ നാം സാവജ്ഞരായി ചെവി പൊത്താതിരിക്കുകയില്ല. ഇപ്രകാരം ഉൽഘോഷിക്കുന്ന സംഘത്തിനു സ്വന്തം മൊഴിമാത്രമേ തെളിവായിട്ടുള്ളൂ എങ്കിൽ നമ്മുടെ അവജ്ഞ അസ്ഥാനത്തല്ല. തനിക്കു് അപ്രമാദിത്വമുണ്ടെന്നു രാമൻ പറഞ്ഞാൽ, കൃഷ്ണനു് എന്തുകൊണ്ടു് അതുതന്നെ പറഞ്ഞുകൂടാ? തെളിവുകൂടാത്ത ഇത്തരം മൊഴികൾക്കു യാതൊരു വിലയുമില്ല.

**കത്തോലിക്കർ എന്തുകൊണ്ടാണു വിശ്വസിക്കുന്നതു്?**

പിന്നെ എന്തുകൊണ്ടാണു് എത്രയും അപരിചിതവും അവിശ്വാസ്യവുമായ ചില തത്വങ്ങൾ കത്തോലിക്കർ സ്വീകരിക്കുന്നതു്? എന്തുകൊണ്ടാണു സഭയുടെ അന്യാദൃശമായ അധികാരം അവർ ആദരിക്കുന്നതു്? മഹാവിജ്ഞന്മാരും അല്പജ്ഞന്മാരും, വക്രബുദ്ധികളും ഋജുബുദ്ധികളും, സൂക്ഷ്മബുദ്ധികളും സ്ഥൂലബുദ്ധികളും, മഹാപണ്ഡിതന്മാരും പാമരന്മാരും ഉൾപ്പെട്ടുന്ന അനേകംകോടി ജനങ്ങൾ കത്തോലിക്കാപ്രമാണങ്ങളേയും

അവ പ്രഖ്യാപനം ചെയ്യുവാൻ സഭയ്ക്കുള്ള പരമാധികാരത്തേയും ഐകകണ്ഠ്യേന സമ്മതിക്കുന്നതു് എന്തുകൊണ്ടാണ്? ചുരുക്കിപ്പറഞ്ഞാൽ, വിശ്വാസത്തിന്റെ അടിസ്ഥാനമെന്തു്?

വെറും തഴക്കംകൊണ്ടാണു വിശ്വാസമുണ്ടാകുന്നതു് എന്നു പറഞ്ഞാൽ കാര്യമായില്ല. അനേകം നൂററാണ്ടുകളായിട്ടു് അന്യമതാവലംബികൾ ആയിരക്കണക്കിനു സഭയിലേയ്ക്കു വന്നുകൊണ്ടിരിക്കുന്നു. ഇന്നും ഈ പ്രവാഹത്തിനു യാതൊരു കുറവുമില്ല. മദ്ധ്യവയസ്കർ, എന്നുവച്ചാൽ ചിരാർജ്ജിതവും വിഭിന്നവുമായ വിചാരശീലമുണ്ടായിരുന്നവർ, കത്തോലിക്കാമതം സ്വീകരിച്ചിട്ടുണ്ടു്: ഇപ്പോഴും സ്വീകരിക്കുന്നതുമുണ്ടു്.

വിവേകശൂന്യമായ വ്യാമോഹമാണു വിശ്വാസത്തിന്റെ അടിസ്ഥാനം എന്നു പറഞ്ഞാലും കാര്യമായില്ല. അനുമാനത്തിൽ എത്രയും നിഷ്കർഷയുള്ളവരും പ്രകൃത്യാ വിശ്വാസവിമുഖരുമായ അനേകംപേർ, നൂതനമായി കത്തോലിക്കാമതം സ്വീകരിക്കുന്ന പല തരക്കാരുടെ ഇടയിലുണ്ടു്.

പരന്മാരുടെ പ്രേരണ, മനോദൌർബ്ബല്യം, ഒരു പ്രസ്താവത്തിന്റെ ശക്തിമത്തായ പുന:പുനരാവർത്തനത്താൽ ഉണ്ടാകുന്ന ഒരുവക വ്യാമോഹം, ഇവയൊന്നും വിശ്വാസത്തിന്റെ കാരണമായി ഗണിക്കാവുന്നതല്ല. ഏകാന്തവും അനന്യാശ്രയവുമായ വിചാരം വിശ്വാസത്തിൽ എത്തിച്ചേർന്നതിനു നമ്മുടെ ചുററിലും നോക്കിയാൽ പലേ ദൃഷ്ടാന്തങ്ങൾ കാണാം. സുപ്രസിദ്ധന്മാരായ അനേകം അവിശ്വാസികൾ കത്തോലിക്കാസ

ഭയെ സ്വീകരിച്ചിട്ടുള്ളതിന്ന ചരിത്രവും ഐതിഹ്യവും സാക്ഷ്യംവഹിക്കുന്നു. അവരെപ്പോലെതന്നെ മതിമാന്മാരെങ്കിലും അപ്രസിദ്ധരായ എത്രയെത്രപേർ ഇതര പ്രേരണകൂടാതെ വിശ്വാസം പാലിച്ചിട്ടുണ്ടായിരിക്കണം.

വിശ്വാസം എന്നു പറയപ്പെടുന്ന ഈ മനോവിശേഷത്തിൻെറ അടിസ്ഥാനം മേല്പറഞ്ഞതൊന്നുമല്ല. അതു മററൊന്നായിരിക്കണം. അതാണ് ഇതിന്നുപരി ഞാൻ പ്രതിപാദിക്കുവാൻ പോകുന്നതു്.

# III.

## വിശ്വാസവും യുക്തിയും.

പ്രകൃതത്തിൽ ഏററം വൈഷമ്യമുള്ളതും ഗുരുതരവുമായ ഭാഗത്തിലേയ്ക്കാണ് ഇനി നാം പ്രവേശിക്കുന്നതു്. കത്തോലിക്കാസഭയുടെ ഈ അധികാരം ഒരുവൻ സമ്മതിക്കുന്നതു് എന്തുകൊണ്ടാണ്? വിവാദവിഷയത്തിൻെറ മമ്മം ഇതാണെന്നു മുമ്പു പറഞ്ഞുവല്ലൊ. ദൈവത്തിൻെറ ആസ്തിക്യം, ആത്മാവിൻെറ അമരത്വം മുതലായ തത്വങ്ങൾ മിക്കപേരും നിസ്സംശയം സമ്മതിക്കുന്നുണ്ടു്. ക്രിസ്തു ഒരു ചരിത്രപുരുഷനാണെന്നും അദ്ദേഹത്തിൻെറ ജീവിതം ആദശ്യോഗ്യമാണെന്നും മററും (കാരണം പറവാൻ അവർ അശക്തരാണെങ്കിലും) ക

ത്തോലിക്കാസഭയ്ക്കു പുറമെയുള്ള അനേകംപേർ സമ്മതിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്കുപുറമെ തീരെ അപരിചിതവും കൃച്ഛ്റവിശ്വാസ്യവുമായ പലേ കാര്യങ്ങൾ ഉൾപ്പെടുന്ന ഒരു വിപുലമായ പ്രമാണസംഹിത കത്തോലിക്കാസഭയിലുണ്ട്. എന്തുകൊണ്ടാണു ജനങ്ങൾ ഇതു സ്വീകരിക്കുന്നതു്? സഭയുടെ അധികാരം ഈശ്വരദത്തമാണെന്നും അതിനു ഭൂമിയിൽ ദൈവത്തിൻെറ പ്രതിപുരുഷത്വമുണ്ടെന്നും സമ്മതിക്കുന്നതുകൊണ്ടാണു ജനങ്ങൾ സഭയുടെ പ്രമാണങ്ങൾ നിർവ്വിശങ്കം അനുസരിക്കുന്നതു്.

## രണ്ടു ഉദ്ദേശ്യങ്ങൾ.

ഇവിടെ ഞാൻ ഉദ്ദേശിക്കുന്നതു കത്തോലിക്കാവിശ്വാസം പ്രത്യക്ഷസിദ്ധമാണെന്നോ എല്ലാവൎക്കും ഉടനടി ബോധ്യമാകുമാറു പ്രസ്പഷ്ടമാണെന്നോ കാണിപ്പാനല്ല. വാസ്തവത്തിൽ കത്തോലിക്കാവിശ്വാസം അങ്ങനെയുള്ള ഒന്നല്ല. പ്രത്യക്ഷസിദ്ധമാണെങ്കിൽ അതു 'വിശ്വാസ'മാകയില്ലല്ലൊ. കത്തോലിക്കാസഭയുടെ അധികാരം സമ്മതിക്കുകയെന്ന മനോവ്യാപാരത്തെ 'വിശ്വാസം' എന്നു വിളിക്കുന്നതുതന്നെ, അതു് ഒരു ഗണിതസിദ്ധാന്തത്തെപ്പോലെ പ്രത്യക്ഷസിദ്ധവും ഒരു ശാസ്ത്രീയതത്വത്തെപ്പോലെ പരീക്ഷണസിദ്ധവും അല്ലാത്തതുകൊണ്ടാണു്.

ഞാൻ സമൎത്ഥിക്കുവാൻപോകുന്ന കാര്യങ്ങൾ ചുരുക്കിപ്പറയാം:—

(1) പലരും കത്തോലിക്കാസഭയുടെ അധികാരം സ്വീകരിക്കുന്നുണ്ടെന്നു നമുക്കറിയാമല്ലൊ. അവരുടെ

നില യുക്തിക്കു യോജിച്ചതും മനുഷ്യബുദ്ധിക്കു വിരുദ്ധമല്ലാത്തതുമാകുന്നു.

(2) അവർ അനുസരിക്കുന്ന അധികാരി അവരെ പഠിപ്പിക്കുന്ന തത്വങ്ങൾ ആ അധികാരത്തെപ്പോലെ തന്നെ യുക്ത്യനുരൂപമാകുന്നു. അവ അപരിചിതങ്ങളായിക്കൊള്ളട്ടെ, അനുഭവാതീതങ്ങളുമായിക്കൊള്ളട്ടെ, മനുഷ്യബുദ്ധിക്ക് അവ വിരുദ്ധമല്ലതന്നെ.

ഒരു സംഗതി പ്രത്യക്ഷസിദ്ധമാണെന്നു പറയുന്നതും അതു യുക്ത്യനുരൂപമാണെന്നു പറയുന്നതും തമ്മിലുള്ള വ്യത്യാസം ഇക്കാലത്തു ചൂണ്ടിക്കാണിക്കേണ്ടതുതന്നെയാണ്. പലരും ഇക്കാര്യത്തിൽ മൌഢ്യം പ്രദർശിപ്പിക്കുന്നുണ്ട്. കത്തോലിക്കാസഭ ദിവ്യമാണെന്നും അതിൻെറ ഉപദേശം സത്യമാണെന്നും പറയുന്നതു ഒന്നുവേറെ; സഭയുടെ അധികാരം സമ്മതിക്കുന്നതു യുക്ത്യനുരൂപമാണെന്നു പറയുന്നതു മറെറാന്ന്. ഇവ രണ്ടും തമ്മിൽ കെട്ടുപിണക്കേണ്ട ആവശ്യമില്ല. ഒരു തീവണ്ടിക്കമ്പെനിയുടെ സമയവിവരപ്പട്ടിക സ്വീകരിച്ച്, ഇന്നവണ്ടി ഇന്നസമയത്തു പുറപ്പെടുമെന്നു പറയുന്നതു യുക്ത്യനുരൂപമാണ്. അനന്തരം സമയവിവരപ്പട്ടിക തെററാണെന്നും ആ വണ്ടി ക്ലിപ്തസമയത്തു പുറപ്പെട്ടില്ലെന്നും ഒരാൾ കണ്ടുപിടിക്കുന്നുവെന്നിരിക്കട്ടെ. എന്നാലും തീവണ്ടിക്കമ്പനിയുടെ സമയവിവരപ്പട്ടിക സ്വീകരിച്ചതു് അയുക്തികമാണെന്നു വരുന്നതല്ല.

രണ്ടും വ്യത്യസ്തസംഗതികളാണ്. പക്ഷെ ഈ വ്യത്യാസം പലരും ഗ്രഹിക്കുന്നില്ല. എന്തുകൊണ്ടാണു കത്തോലിക്കാസഭയുടെ അധികാരം ജനങ്ങൾ സ്വീകരി

ക്കുന്നാതെന്നു കാണിപ്പാനത്രെ ഞാൻ ഉദ്യമിക്കുന്നതു്. ആ സ്വീകാരം യുക്തിവിരുദ്ധമല്ലെന്നാണു് എന്റെ സിദ്ധാന്തം. കത്തോലിക്കാമതം സ്വീകരിക്കുന്നവർ സത്യമാണു കണ്ടെത്തുന്നാതെന്നു തെളിയിപ്പാൻ ഞാൻ തല്ക്കാലം തുനിയുന്നില്ല. കത്തോലിക്കാമതം സ്വീകരിക്കുന്നവൻ യുക്തിക്കു വിരുദ്ധമായി പ്രവൎത്തിക്കുന്നില്ലെന്നു മാത്രമാണു് എന്റെ വാദമുഖം.

ചുരുക്കിപ്പറഞ്ഞാൽ മതിമാനായ ഒരാൾ കത്തോലിക്കാമതം നിഷേധിച്ചേക്കാമെങ്കിലും, മതിമാനായ മറെറാരാൾ അതു സ്വീകരിക്കുന്നതെങ്ങനെയെന്നു പ്രകാശിപ്പിക്കുവാനാണു ഞാൻ ശ്രമിക്കുന്നതു്.

### ഒന്നാമത്തെ പ്രമേയം.

അതിനു താഴെക്കാണുന്ന വിചാരഗതി നമുക്കു പിന്തുടരാം:

സൎവ്വവും സൃഷ്ടിച്ചു പരിപാലിക്കുകയും നമ്മുടെ ആസ്തിക്യത്തിനും നിലനില്പിനും ഹേതുഭൂതനായി സ്ഥിതിചെയ്യുകയും ചെയ്യുന്ന ശക്തനും ഉത്തമനും പുരുഷോത്തമനമായ ഒരു ദൈവമുണ്ടെന്നു വിശ്വസിപ്പാൻ, നമ്മുടെ അന്തരംഗത്തിലും ദൃശ്യപ്രപഞ്ചത്തിലും സഹജീവികളിലും പ്രത്യക്ഷപ്പെടുന്ന ചില ഭാവവിശേഷങ്ങൾ ഓരോന്നായും സംയുക്തമായും നമ്മെ പ്രേരിപ്പിക്കുന്നു.

അതാണു് ഒന്നാമത്തെ പടി. ഈ വിഷയത്തെപ്പററി സൂക്ഷ്മമായ അറിവു ലഭിക്കുവാൻ നമുക്കു നിൎവ്വാഹമില്ലെന്നു പറയുന്ന ഒരു ന്യൂനപക്ഷം ഇന്നുണ്ടു്. (നാളെ ഭൂരിപക്ഷമായേക്കാം). ദൈവം ഉണ്ടെന്നും അവിടുന്ന് ഉത്തമനാണെന്നും സൎവ്വശക്തനാണെന്നും സൎവ്വ

സ്തുക്കളുടേയും സ്രഷ്ടാവാണെന്നും വാച്യമായി നിഷേധിക്കുന്ന ഏതാനുംപേരും ഇപ്പോഠം ഇല്ലെന്നില്ല. (എന്നാൽ, മനുഷ്യവർഗ്ഗത്തിൻെറ ചരിത്രവും നമ്മുടെ ബുദ്ധിയും സമസ്സൃഷ്ടികളുടെ സംഭാഷണവും ആസ്പദമാക്കുന്നപക്ഷം, ഒടുവിൽ പറഞ്ഞവരുടെ എണ്ണം അധികം വർദ്ധിപ്പാനിടയില്ല.)

ഈ ഘട്ടത്തിൽ രണ്ടിലൊന്നു നമുക്കു തീർച്ചപ്പെടുത്തേണ്ടതുണ്ട്. ദൈവമില്ലെന്നും, നിജസത്തയെ പ്രപഞ്ചത്തിൽ ആരോപിക്കുന്ന മനുഷ്യബുദ്ധിയുടെ ഒരു വ്യാമോഹമാണ് ആസ്തിക്യവിശ്വാസമെന്നും ഒരാഠം (ബുദ്ധിയുടെ ന്യൂനതകൊണ്ടോ മററു കാരണത്താലോ) പറയുന്നപക്ഷം, ആയാളോടു പിന്നെ ഒന്നും പറയേണ്ടതായിട്ടില്ല.

ദൈവത്തിൻെറ ആസ്തിക്യം സാമാന്യബുദ്ധിക്കു സുഗ്രഹമാണ്. ക്രമവിധേയമായ പ്രപഞ്ചം ഒരു ബുദ്ധിയുടേയും മനസ്സിൻേറയും പ്രവർത്തനംകൂടാതെ സംഭവിച്ചുവെന്നും പുരുഷാത്മനായ ഒരു ദൈവത്തിൻെറ നിർദ്ദേശംകൂടാതെ സദസദ്വിവേകം നമ്മുടെ അന്തരംഗത്തിലും മനനത്തിലും ഇത്രമാത്രം ബലവത്തരമായിത്തീർന്നുവെന്നും മനുഷ്യബുദ്ധിക്കു നിരൂപിക്കുവാൻ വയ്യാ. നന്മയും തിന്മയുംതമ്മിലുള്ള വ്യതിരേകം പ്രപഞ്ചത്തിൻെറ അകക്കാമ്പിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ, നമ്മിലും അതു സ്ഥിതിചെയ്യുക അസാദ്ധ്യമാണ്.

### ദൈവം സ്വയംപ്രകാശനം ചെയ്തിട്ടുണ്ടോ ?

മനുഷ്യവർഗ്ഗം സാകല്യേന വിശ്വസിക്കുന്ന ഉത്തമനും സർവ്വശക്തനുമായ ഈ സ്രഷ്ടാവ് ഉണ്ടെന്നു സമ്മ

തിച്ചുകഴിഞ്ഞാൽ, പിന്നെത്തെ ചോദ്യം, "അവിടുന്നു മനുഷ്യർക്കു സ്വയം വെളിപ്പെടുത്തിയിട്ടുണ്ടോ?" എന്നാണ്. ഇതാണു രണ്ടാമത്തെ പടി. കത്തോലിക്കാസഭ ഈ ചോദ്യത്തിന് ഒരു സമാധാനം നൽകുന്നുണ്ടെന്നു നമുക്കേവർക്കുമറിയാമല്ലൊ. സഭ പറയുന്നു: "ഉവ്വ്. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്" എന്ന്. ഈ ഘട്ടത്തിൽ ഒരു സംശയം നമ്മെ അഭിമുഖീകരിക്കുന്നു. പുരാതനകത്തോലിക്കർക്ക് ഈ സംശയമുണ്ടായിരുന്നില്ല. അവരുടെ ചിന്താഗതി അത്രകണ്ടു സമ്യക്കായിരുന്നു. ഇന്നാകട്ടെ ആ സംശയം പലപ്പോഴും പൊട്ടിപ്പുറപ്പെടുന്നുണ്ട്. ഈശ്വരനിവേശത്തിൻെറ സ്വഭാവത്തെപ്പററിയാണ് ആ സംശയം. ഈശ്വരാവിഷ്കരണം (വെളിപാട്) എന്നതു് ഓരോരുത്തൻേറയും മനോഭിത്തിയിലുള്ള ഓരോ പ്രത്യേകചിത്രമല്ല. "ദൈവം മനുഷ്യർക്കു പ്രത്യേകവിധത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു" എന്ന് ഒരാൾ പറയുന്നുവെന്നിരിക്കട്ടെ. പ്രസ്തുതസംഭവത്തെപ്പററി അയാളുടെ മനസ്സിലുള്ള ചിത്രം ഒരു പ്രത്യേകവിധത്തിലാണ്. ഒരു വയോവൃദ്ധൻ ഒരു ദീർഘദർശിയോടു ചില പ്രമാണങ്ങൾ ഉപദേശിക്കുന്നതായിട്ടായിരിക്കാം ആയാൾ 'വെളിപാടി'നെപ്പററി സങ്കല്പിക്കുന്നതു്. ഈ ചിത്രം അപൂർണ്ണമാണെന്ന് അവനു പിന്നീടു ബോദ്ധ്യമാവുന്നു. ഇക്കാരണത്താൽ 'വെളിപാടി'ലുള്ള ആയാളുടെ വിശ്വാസം ശിഥിലമായിപ്പോകുന്നുണ്ടോ? ഇല്ല. എന്തുകൊണ്ടെന്നാൽ അയാൾ വിശ്വസിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നതു് ഒരു പ്രത്യേക ചിത്രമല്ല, പ്രത്യുത ഒരു സാ

മാന്ദ്യതത്വമാകുന്നു. ആയാളുടെ വിചാരഗതി ഇങ്ങനെയാണ്:—ലോകത്തേയും നമ്മെയെല്ലാവരേയും സൃഷ്ടിച്ചു പരിപാലിക്കുന്ന ഈ ദൈവം തൻെറ ആസ്തിക്യത്തെക്കുറിച്ചുള്ള ഒരു സ്ഥൂലബോധം മാത്രമാണോ നമുക്കു തന്നിട്ടുള്ളതു്? അല്ലെങ്കിൽ തന്നെക്കുറിച്ചും തൻെറ നിയോഗങ്ങളെക്കുറിച്ചും മനുഷ്യനു സ്രഷ്ടാവിനോടുള്ള ബന്ധത്തേയും കത്തവ്യത്തേയുംകുറിച്ചും സമ്യക്കായ ജ്ഞാനം നമുക്കു നൽകുവാൻ അവിടുന്നു വല്ല സ്ഥാപനങ്ങളും ഏപ്പെടുത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ വെളിപാടും ഇല്ല തന്നെ. ഉണ്ടെങ്കിൽ വെളിപാടും ഉണ്ടായിട്ടുണ്ട്.

വിശ്വാസസോപാനത്തിലേ ഈ രണ്ടാമത്തെ പടിയിൽ മനുഷ്യൻ അടിയുറപ്പിക്കുന്നതു് എന്തുകൊണ്ടെന്നാൽ:— ദൈവികകാര്യങ്ങളെക്കുറിച്ചും തനിക്കും തൻെറ വഗ്ഗത്തിനുമുള്ള അറിവ് എത്രയും പരിമിതമാണെന്നും തൻെറ ആവശ്യത്തിന് അതു് ഒട്ടും പോരുന്നതല്ലെന്നും മനുഷ്യന്നു ബോധപ്പെടുന്നുണ്ട്. മൌലികതത്വങ്ങളിൽപോലും അഭിപ്രായവ്യത്യാസമുള്ളതായി അവൻ കാണുന്നു. എന്താണു നന്മ, എന്താണു പരിശുദ്ധം, എന്താണു സത്യം, എന്നിങ്ങനെയുള്ള പ്രശ്നങ്ങൾക്കു പരസ്പരവിരുദ്ധങ്ങളായ സമാധാനങ്ങൾ അവൻ കേൾക്കുന്നു. സത്യം എന്താണെന്നറിവാൻ സാവ്വത്രികമായ ജിജ്ഞാസയുണ്ടുതാനും. ജ്ഞേയമായ സവ്വവും അറിയണമെന്നുള്ള അഭിലാഷമല്ല അതു്. പരിമിതസൃഷ്ടികൾക്കു സവ്വജ്ഞത്വം സാദ്ധ്യമല്ലല്ലൊ. എന്നിരുന്നാലും, പ്രപഞ്ചത്തോടു മനുഷ്യനു സ്വരച്ചേച്ചയുണ്ടാകണമെങ്കിൽ, ചില കാര്യങ്ങളെങ്കിലും അവൻ അ

റിഞ്ഞേ മതിയാവൂ. തന്മൂലം അവ ഗ്രഹിക്കുവാനുള്ള അഭിലാഷം മനുഷ്യനിൽ നൈസർഗ്ഗികമാണ്.

## മൂന്നു പ്രശ്നങ്ങൾ

എങ്ങനെയെന്നാൽ, ഒരാൾ തന്റെ സ്വന്തം ബുദ്ധി പ്രയോഗിച്ചു ദൈവമുണ്ടെന്നു് അനുമാനം ചെയ്യുന്നുവെന്നിരിക്കട്ടെ. തന്നേയും താൻ അത്യധികം സ്നേഹിക്കുന്ന മറെറാരാളേയും ദൈവം സൃഷ്ടിച്ചുവെന്നും അവൻ സ്വബുദ്ധികൊണ്ടു് അനുമാനം ചെയ്യുമായിരിക്കാം. താനും തന്റെ പ്രിയഭാജനവും തമ്മിലുള്ള സ്നേഹബന്ധം ദിവ്യപ്രേരണമൂലമാണു സംഭവിച്ചതെന്നും അഗാധമായ മാനുഷികസ്നേഹം ദൈവസ്വഭാവത്തിന്റെ അംശവും പ്രതിബിംബവുമാണെന്നും അവൻ യുക്തിപൂർവ്വം അനുമിച്ചുവെന്നുവരാം. എന്നാൽ ഈ ഘട്ടത്തിൽ മൃത്യുഖഡ്ഗം പെട്ടെന്നു് ഈ മൈത്രീബന്ധത്തെ ഛേദിക്കുന്നു. വിയോഗാർത്തനായ ആളിന്റെ മനസ്സിൽ പലേ സംശയങ്ങളും ഉദിക്കുന്നു. മരിച്ചുപോയ ആളിന്റെ അനന്തരഗതി എന്തായിരിക്കാം? അവർ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ സ്ഥിതിയെന്തു്? മററുവിധത്തിൽ പറഞ്ഞാൽ, ആത്മാവു് അനശ്വരമാണോ? അനശ്വരമാണെങ്കിൽ മരണാനന്തരം അതിന്റെ ഗതിയെന്തു? അതിന്റെ ഗതി ഒരുപക്ഷേ ആനന്ദമയമാണെങ്കിൽ, അതിനും ഭൂമിയിലുള്ളവർക്കും തമ്മിൽ വല്ല സംസർഗ്ഗവുമുണ്ടോ? പരേതരായവരോടു നമുക്കുള്ള ബന്ധം എന്താണു്?

ഇവിടെ പ്രധാനമായ മൂന്നു ചോദ്യങ്ങളുണ്ടു്. ഈ ചോദ്യങ്ങളുടെ സമാധാനം മൂന്നു പ്രമാണങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ചോദ്യങ്ങൾ അസം

ഖ്യമുണ്ട്. മേലുദ്ധരിച്ച ചോദ്യങ്ങൾ ഞാൻ ദൃഷ്ടാന്തങ്ങളായി എടുത്തുവെന്നേയുള്ളു. ഈ മൂന്നുപ്രശ്നങ്ങളും നമ്മുടെ മനസ്സമാധാനത്തേയും ആനന്ദത്തേയും ഗാഢമായി പരാമർശിക്കുന്നതുകൊണ്ടാണു ഞാൻ അവയെ ഇവിടെ വ്യാവൎത്തനംചെയ്തതു്.

ഗൌരവാവഹമായ ഈ ചോദ്യങ്ങൾക്കു നിങ്ങളുടെ സ്വന്തംബുദ്ധി പ്രയോഗിച്ചു സമാധാനം നൽകാൻ പാടില്ലെന്നില്ല. മൃതനായ സ്നേഹിതൻ കേവലം നാമാവശേഷനായെന്നുള്ള സമാധാനം തുലോം ദുസ്സഹമാണെന്നു നിങ്ങൾക്കു പറയാം. അല്ലെങ്കിൽ, വേറെചിലർ പറയുന്നതുപോലെ, പരേതനായ സ്നേഹിതനെപ്പററി ഇനി യാതൊന്നും അറിവാൻ നിവൃത്തിയില്ലെന്നും ജ്ഞാനത്തിൻെറ അവസാനം മരണമാണെന്നും നിങ്ങൾക്കു പറയാം. എന്നാൽ സ്വന്തംബുദ്ധി ഉപയോഗിച്ചു നിങ്ങൾ നൽകുന്ന സമാധാനം എന്തുതന്നെയായിരുന്നാലും അതു യുക്തിസിദ്ധമല്ല. വികാരം സംഭവിക്കാവുന്നതും സംഭവിക്കുന്നതുമായ ചില മനോവ്യാപാരങ്ങളാണു പ്രസ്തുതസമാധാനങ്ങളുടെ നിദാനം. എന്നാൽ ഇക്കാൎയ്യത്തെപ്പററി ദൈവംതന്നെ എന്തെങ്കിലും വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ സംശയങ്ങളെല്ലാം ഒടുങ്ങും. കുറഞ്ഞപക്ഷം പ്രപഞ്ചത്തെ സുജ്ഞേയമാക്കുകയും ദൈവപരിപാലനയുടെ നീതി വെളിപ്പെടുത്തുകയും ചെയ്യാനെങ്കിലും വെളിപാടിൽനിന്നു സാധിക്കുന്നതാണു്.

### 'വെളിപാടി'ൻെറ താല്പൎയ്യം.

ഇങ്ങനെ സാമാന്യാൎത്ഥത്തിൽ ഒരു വെളിപാടുണ്ടായിട്ടുണ്ടെങ്കിൽ, അതിൻെറ നിലയനവും പ്രവൎത്തനായുധവു

മായിട്ട് ഒരു സംഘം അല്ലെങ്കിൽ സ്ഥാപനം മനുഷ്യസമുദായത്തിൽ എവിടെയെങ്കിലും ഉണ്ടായേ കഴിയൂ. യഥാർത്ഥമായ വെളിപാട് ഉണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കുവാനുള്ള മാനദണ്ഡം ഇതാണ്. 'വെളിപാട്' എന്നു പറഞ്ഞാൽ, പ്രപഞ്ചസ്വഭാവത്തേയും ദൈവവും മനുഷ്യനുമായുള്ള ബന്ധത്തേയും കുറിച്ചുള്ള ഒരു വ്യവസ്ഥാപനം എന്നാണർത്ഥം. 'മനുഷ്യർ ഉണ്ട്' എന്നുള്ള സ്ഥൂലബോധത്തിനും നമ്മുടെ അയൽക്കാരെപ്പററി നമുക്കുള്ള സൂക്ഷ്മബോധത്തിനും തമ്മിൽ എമ്മാത്രം അന്തരമുണ്ടോ, അത്രകണ്ട് അന്തരം ഈശ്വരാസ്തിക്യത്തേയും ധർമ്മാധർമ്മങ്ങളേയും കുറിച്ചുള്ള സ്ഥൂലബോധത്തിനും 'വെളിപാടിനും' തമ്മിലുണ്ട്.

സത്യാന്വേഷകൻ ഇപ്രകാരം പറയും:— "അത്യന്താപേക്ഷിതമായ തത്വങ്ങളെപ്പററി എന്നെ യഥോചിതം ഉപദേശിക്കുകയും, എൻെറ അന്തരംഗത്തെ ദൈവത്തോടു ഗാഢമായി ബന്ധിക്കുകയും ചെയ്യുവാനുള്ള ഒരു പ്രത്യേകോപകരണമാണെന്നു തോന്നിക്കുമാറ്, ഒരു ദിവ്യസ്ഥാപനത്തിനുവേണ്ട ലക്ഷണങ്ങൾ തികച്ചും കൈവന്നിട്ടുള്ള ഒരു സ്ഥാപനം ഞാൻ ലോകത്തിൽ കണ്ടെത്താതിരിക്കുകയില്ല."

വിശ്വാസമെന്ന മനോവ്യാപാരത്തെ ഒരു റോഡിനോട് ഉപമാനം ചെയ്യാം. പ്രാപ്യസ്ഥാനത്തെപ്പററിയുള്ള സ്ഥൂലവും അസ്പഷ്ടവുമായ ബോധത്തോടെ, ഒരു നാട്ടിൻപുറത്തുകൂടി ഒരാൾക്ക് ഇരുട്ടിൽ തപ്പിത്തടഞ്ഞ് ഉദ്ദിഷ്ടദിക്കിലേയ്ക്കു പ്രയാണംചെയ്യാം. എന്നാൽ 'റോഡുകൾ' എന്നു പറയപ്പെടുന്ന ഒരുവക ഏർപ്പാടുണ്ടെന്ന്

അറിയത്തക്ക മനുഷ്യസമുദായജ്ഞാനം ആയാൾക്കുണ്ടെ ങ്കിൽ, തീൎച്ചയായും ആയാൾ റോഡ് എവിടെയാണെന്ന് അന്വേഷിക്കും. റോഡ് കണ്ടെത്തിക്കഴിഞ്ഞാൽ പിന്നെ സംശയിക്കേണ്ടതില്ല. അതു ചുററിലുമുള്ള കുററിക്കാട്ടും കുണ്ടും പോലെയല്ല. നാലുപുറവുമുള്ള പ്രകൃതിയേക്കാൾ അതു നിശ്ചിതവും വ്യവസ്ഥാപിതവുമാണ്. സ്വപരിധികളുള്ളിൽ അതു് ആയാളെ ശരിയായി നയിച്ചുകൊള്ളും. ഉദ്ദിഷ്ടദിക്കിലേക്ക് അതു് ആയാളെ നയിക്കുകയും സ്വാദ്ധ്വാനത്താൽ തരണംചെയ്യാൻ സാധിക്കാത്ത പ്രതിബന്ധങ്ങൾ ജയിക്കുവാൻ ആയാളെ സഹായിക്കുകയും ഒടുവിൽ പ്രാപ്യസ്ഥാനത്തു കൊണ്ടുവന്നാക്കുകയും ചെയ്യും.

കത്തോലിക്കാമതം സ്വീകരിക്കുകയോ, കത്തോലിക്കാമതത്തിൽ ജനിച്ചുവളൎന്നശേഷം തൻെറ വിശ്വാസത്തിൻെറ അടിസ്ഥാനത്തെപ്പററി ചിന്തിക്കുവാൻ തുടങ്ങുകയോ ചെയ്യുന്ന ഒരാളിൻെറ അനുഭവവും മേല്പറഞ്ഞതുപോലെതന്നെയാണ്. ദൈവമുണ്ടെന്ന് അവൻ വിശ്വസിക്കുന്നു. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ടെന്നും അവന്നു ബോദ്ധ്യമാണ്. ഇങ്ങനെ ദൈവം സ്വയം പ്രകാശനം ചെയ്തിട്ടുണ്ടെങ്കിൽ, ഈ വെളിപാടിന്ന് അനുയുക്തമായി നിശ്ചിതസ്ഥലനാമങ്ങളോടുകൂടിയ ഒരു വസ്തു—ഒരു പ്രത്യേകസ്ഥാപനം—ഉണ്ടായിരിക്കണമെന്നും അവർ ഉറയ്ക്കുന്നു.

എങ്ങനെയെന്നാൽ: "ജോൺ ഈ പട്ടണത്തിൽ താമസിക്കുന്നുണ്ടെന്ന് എനിക്കു ബോദ്ധ്യമാണ്. അങ്ങനെയെങ്കിൽ ഏതെങ്കിലുമൊരു വീട്ടിലായിരിക്കണം

ജോൺ താമസിക്കുന്നതു്. ആ വീട് അക്ഷിഗോചരമായ ഒരു സ്ഥൂലവസ്തുവായിരിക്കണം. അവിടെ ഞാൻ ജോണിനെ കണ്ടെത്തും" എന്ന് ഒരാൾക്ക് അനുമാനം ചെയ്യാവുന്നതുപോലെതന്നെ, ഒരു കത്തോലിക്കൻ ആദ്യം തന്നെ ദൈവമുണ്ടെന്നുള്ള പ്രസ്താവത്തിൽ അടിയുറയ്ക്കുകയും, ദൈവത്തിൻെറ നന്മയും സൃഷ്ടിയുടെ പരിമിതത്വവും അതിൻെറ സ്വഭാവവും ആലോചിക്കുമ്പോൾ, ദൈവം മനുഷ്യനു സ്വയം പ്രകാശിപ്പിച്ചിട്ടുണ്ടെന്നും ഈ ഈശ്വരപ്രകാശനത്തിനു നിശ്ചിതമായ ഒരു ആലയവും നാമവും ഉണ്ടായിരിക്കണമെന്നും യുക്തിയുക്തമായി അനുമിക്കുകയും ചെയ്യുന്നു. ഈ ആലയം കേവലമൊരു സങ്കല്പമല്ല, പ്രത്യുത, ഒരു വസ്തുവായിരിക്കണം. അതു് ഇന്ദ്രിയഗോചരമായിരിക്കണം. അതു യഥാൎത്ഥത്തിൽ സ്ഥിതിചെയ്യുന്നതായിരിക്കണം.

## ബാഹ്യചിഹ്നങ്ങൾ.

ഇത്രയും അനുമാനം ചെയ്തുകഴിഞ്ഞാൽ, ആ സ്ഥാപനത്തെ കണ്ടെത്തേണ്ടതു് എവിടെയാണെന്നും എങ്ങനെയാണെന്നും അന്വേഷിക്കുകയാണു് ഇനി വേണ്ടതു്.

ഞാൻ മേൽവിവരിച്ച മനോഭാവം നമുക്കുണ്ടെങ്കിൽ —അതായതു നാം ദൈവത്തിലും വെളിപാടിലും വിശ്വസിക്കുകയും വെളിപാടെന്നൊന്നുള്ളതുകൊണ്ട് അതു പ്രഖ്യാപനം ചെയ്യാൻ ഒരു വ്യവസ്ഥിതവസ്തുവും ഉണ്ടായിരിക്കണമെന്നു നമുക്കു ബോധപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ—നാം ആദ്യമായി അന്വേഷിക്കുന്ന ലക്ഷണം പവിത്രത അല്ലെങ്കിൽ അസാമാന്യമായ സദാത്മകത്വം എന്ന ഗുണമായിരിക്കും. നമ്മുടെ അന്വേഷണവിഷ

യമായ സ്ഥാപനത്തിൽ ഈ ഗുണം നാം പ്രതീക്ഷിക്കുകയും അതുണ്ടോ എന്നു നോക്കുകയുംചെയ്യും. ആകസ്മികമായ വല്ല ന്യൂനതയോ കളങ്കമോ ഉണ്ടായിരുന്നാലും, ആ സ്ഥാപനത്തിൻെറ സ്വഭാവവും ഉപദേശവും ആകെക്കൂടി നോക്കുമ്പോൾ, തീർച്ചയായും പവിത്രത എന്ന ഗുണം അതിലുണ്ടായിരിക്കണം. ആ സ്ഥാപനത്തിൻെറ അന്തസ്സാരം സദാതനമായ നന്മയാൽ പൂരിതവും, നന്മയാൽ ആവിഷ്കൃതവും, നന്മയെ ഉദ്വമിക്കുന്നതുമാണെന്നു നമുക്കു തോന്നണം.

സ്ഥാപനം മനുഷ്യരുടെ മദ്ധ്യെയാണു സ്ഥിതിചെയ്യുന്നതു്; മനുഷ്യരിലൂടെയാണു് അതു പ്രവർത്തിക്കുന്നതു്. ഈ മനുഷ്യരെല്ലാവരും അപൂർണ്ണരായിരിക്കും; ചിലർ ദോഷികളായിരിക്കും. എന്നാലും ആ സ്ഥാപത്തിൻെറ കാതൽ സദാത്മകമാണെന്നു നമുക്കു തോന്നണം. നന്മയാണു് അതിൻെറ അസ്ഥിവാരമെന്നു നമുക്കു ബോധപ്പെടണം.

### സഭയുടെ പവിത്രത.

കത്തോലിക്കാസഭയിൽ മനുഷ്യർ ഒന്നാമതായി ദർശിക്കുന്നതു് അതിൻെറ പവിത്രതയാണു്. അന്തരംഗത്തിൻെറ അടിത്തട്ടിൽനിന്നു പുറപ്പെടുന്ന മുഖ്യപ്രശ്നങ്ങൾക്കു ശരിയായ സമാധാനം നൽകി ആത്മശാന്തി വരുത്തുവാൻ സാധിക്കുന്ന ഈശ്വരകൃതമായ സ്ഥാപനം അന്വേഷിച്ചുകൊണ്ടിരുന്ന മനുഷ്യൻ പെട്ടെന്നു കത്തോലിക്കാസഭയിൽ ചെന്നുമുട്ടുകയൊ അല്ലെങ്കിൽ ക്രമേണ അതിനെ സമീപിക്കുകയൊ ചെയ്യുകയും ഭൂമിയിലുള്ള ഈശ്വരവിലാസത്തിൻെറ നിർമ്മായലക്ഷണമായി ഈ

പവിത്രതയെന്ന വിശേഷഗുണത്തെ പരിഗണിക്കുകയും ചെയ്യുന്നു.

എല്ലാവരും ഈ ഗുണം കണ്ടെത്തണമെന്നില്ല. നേരേമറിച്ച്, കത്തോലിക്കാസഭയുടെ വിശേഷഗുണത്തോടു പലക്കും കലശലായ വിപ്രതിപത്തിയാണു തോന്നുന്നത്. സഭയുടെ പവിത്രതയെന്നാലക്ഷണം കണ്ടെത്തുവാനുള്ള അവസരം അവക്കു ലഭിച്ചിട്ടുണ്ടായിരിക്കയില്ല. (ഒരുവൻെറ ബുദ്ധിവൈപരീത്യംകൊണ്ടോ വിദ്യാഭ്യാസം കൊണ്ടോ സാഹചര്യവിശേഷംകൊണ്ടോ, കത്തോലിക്കാസഭയുടെ ആഭ്യന്തരമായ പവിത്രത അപ്രതിഷേധ്യമായ ശക്തിയോടെ അവൻെറ ബുദ്ധിയിൽ പ്രവേശിക്കുവാൻ യാതൊരു പഴുതുമില്ലെന്നുവരാം. ഇങ്ങനെയുള്ള മനസ്ഥിതിയെ സഭ' അനാക്രാന്തമായ അജ്ഞത'എന്ന പദങ്ങൾകൊണ്ടാണു വിവക്ഷിക്കുന്നത്.) ഒരു കത്തോലിക്കൻ സഭയുടെ പവിത്രത നിദ്ധാരണംചെയ്യുന്നു. ഒരു അകത്തോലിക്കൻ അതു നിദ്ധാരണം ചെയ്യുന്നില്ല. ഇതാണ് അവക്കു തമ്മിലുള്ള പ്രഥമവ്യത്യാസം.

കത്തോലിക്കാസഭയോടു യാതൊരു ബന്ധവുമില്ലാത്ത പല മനുഷ്യരിലും ഈ ലക്ഷണം നാം കണ്ടെന്നു വരാം. അപ്രകാരംതന്നെ കത്തോലിക്കാസഭയോടു യാതൊരു ബന്ധവുമില്ലാത്ത സ്ഥാപനങ്ങളുടെ ചില അംശങ്ങളിലോ ഫലങ്ങളിലോ ഈ ലക്ഷണം പ്രത്യക്ഷപ്പെട്ടു വെന്നും വന്നേക്കാം. പക്ഷേ, സാമാന്യസ്വഭാവത്തിലും സാമാന്യഫലങ്ങളിലും എല്ലാ അംശങ്ങളിലും പവിത്രതയെന്ന ഗുണം ആരംഭംമുതൽ ഇന്നേവരെ ഉദ്വമിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനം നാം കണ്ടെത്തുന്നുവെങ്കിൽ,

അതാണു നമ്മുടെ ആവശ്യത്തിനു പര്യാപ്തമായ സ്ഥാപനമെന്നു തീരുമാനിക്കാവുന്നതാണ്. നാം അന്വേഷിച്ചുകൊണ്ടിരുന്ന അധികാരസ്ഥാനം, അഥവാ വ്യക്തി, അഥവാ ഈശ്വരപ്രതിനിധി, അതുതന്നെയാണെന്ന് അതിൻെറ പ്രഥമലക്ഷണത്തിൽനിന്നു മനസ്സിലാക്കാം.

### ഏകത്വം.

ദ്വിതീയലക്ഷണം ഏകത്വമാകുന്നു. ചിലരിൽ ഇതാണ് ആദ്യത്തേതിനേക്കാൾ ദൃഢപ്രത്യയം ഉളവാക്കുന്നത്. സഭ ഈശ്വരസ്ഥാപിതമാണെങ്കിൽ, പ്രമാണങ്ങളെപ്പററിയും അനുശാസനങ്ങളെപ്പററിയും തദംഗങ്ങളിൽ ഗുരുതരമായ അഭിപ്രായവ്യത്യാസമുണ്ടാകയില്ലെന്നു മാത്രമല്ല ഏകത്വത്തിൻെറ വിവക്ഷ. പ്രമാണത്തിലും അനുശാസനത്തിലും സവ്വസമ്മതിയുണ്ടാവുകയെന്നതു സത്യമായ ഏതൊരു അധികാരസ്ഥാപനത്തിനും കൂടിയേ കഴിയൂ; സംശയമില്ല. അധ്യാപനം ചെയ്യേണ്ടതായ ഒരു സ്ഥാപനത്തിന് ഐകരൂപ്യം അത്യാവശ്യമാണ്. വിശിഷ്യ, സവ്വപ്രധാനമായ ആധ്യാത്മികകാര്യങ്ങൾ ഉപദേശിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥാപനത്തിന് അഭിപ്രായൈകരൂപ്യം ഒഴിച്ചുകൂടാത്തതാണ്; സംശയമില്ല. പക്ഷേ ഏകത്വം എന്നതിന് ഇതിനേക്കാൾ വ്യാപകമായ ഒരത്ഥമുണ്ട്. ലോകത്തിലുള്ള മറേറതുസ്ഥാപനത്തിൽനിന്നും വിഭിന്നമെന്നു പ്രഥമവീക്ഷണത്തിൽ തോന്നിക്കുന്ന ഒരു അന്യാദൃശഗുണവും 'ഏകത്വം' എന്നതിൽ അന്തഭവിച്ചിരിക്കുന്നു. ആ സ്ഥാപനത്തിനും ലോകത്തിനും തമ്മിൽ ദുസ്തരമായ ഒരു അന്തരമുണ്ടെന്നു പ്രസ്തുതപദം വിവക്ഷിക്കുന്നു.

ഒരാൾ ഒന്നുകിൽ അതിൻെറ അംഗമാണ്, അല്ലെങ്കിൽ അതിൻെറ അംഗമല്ല. ഇത്രമാത്രമല്ല, ഒരാൾ ഒന്നുകിൽ അതിനു അനുകൂലമാണ്, അല്ലെങ്കിൽ അതിനു പ്രതികൂലമാണ് എന്നൊരു വിവക്ഷകൂടിയുണ്ട്.

ഏകത്വം എന്ന പദത്തിൽ ഇനിയും പല തത്വങ്ങൾ അന്തർഭവിച്ചിരിക്കുന്നു. നിർദ്ദിഷ്ടമായ പ്രമാണങ്ങൾ വ്യവസ്ഥിതമാണെന്നും ഒന്നിൽനിന്നു മറെറാന്ന് അനുമാനം ചെയ്യാവുന്നതാണെന്നും അവയെല്ലാം പരസ്പരാനുരൂപങ്ങളും യുക്തിക്കും അനുഭവത്തിനും യോജിച്ചവയുമാണെന്നും വിവക്ഷയുണ്ട്. കത്തോലിക്കാസഭയുടേയും അതിൻെറ പ്രമാണങ്ങളുടേയും ഏകത്വത്തിൽ നമ്മുടെ പ്രപഞ്ചജ്ഞാനം സമ്യക്കായിത്തീരുന്നു. അവ്യവസ്ഥിതവും ദുർജ്ഞേയവുമായിരുന്ന പ്രപഞ്ചം കത്തോലിക്കാവിശ്വാസത്തിൽ ക്രമവിധേയമായ ഒരു അവസ്ഥയെ പ്രാപിക്കുന്നതായി കാണപ്പെടുന്നു. വസ്തുക്കളെ സ്പഷ്ടമായി കേന്ദ്രീകരിക്കുന്ന ഒരു കണ്ണാടിയിലൂടെയാണു കത്തോലിക്കൻ പ്രപഞ്ചത്തെ വീക്ഷിക്കുന്നതു്. പ്രമാണങ്ങളുടെ ഏകത്വം എന്നുപറയുമ്പോൾ മേല്പറഞ്ഞതെല്ലാം അദ്ധ്യാഹരിക്കപ്പെടുന്നു.

കത്തോലിക്കാസഭയെ ശരിയായി അവധാരണം ചെയ്യുമ്പോൾ, അതിൻെറ ഈ ഏകത്വം ആക്കും ബോദ്ധ്യമാകാതിരിക്കയില്ല. തന്മാർഗ്ഗേണ അവക്കു സ്വപ്രകൃതിയും ലോകപ്രകൃതിയുംസുഗ്രഹമായിത്തീരുന്നു. ഈ ലക്ഷണവും പ്രഥമലക്ഷണമായ പവിത്രതയും ഒന്നുചേരുമ്പോൾ, സഭയുടെ ദിവ്യനിയോഗത്തെപ്പററിയുള്ളബോധം അവരിൽ ഉദയം ചെയ്യുകയും സ്ഥിരീഭവിക്കുകയും ചെയ്യുന്നു.

ആദ്യംതന്നെ ശ്രദ്ധേയമായ ഒരു ശബ്ദം കേൾക്കുകയും അനന്തരം ആ ശബ്ദത്തെ നിയന്ത്രിക്കുന്ന പുരുഷനെപ്പററി—അതിൽ നിലീനമായിരിക്കുന്ന സംഗീതൈകരൂപ്യത്തെപ്പററി—ഗ്രഹിക്കുകയും ചെയ്യുന്നതുപോലെയാണു മേല്പറഞ്ഞ അനുഭവം.

### യുക്തിപൂർവ്വമായ അധിഷ്ഠാനം.

ഇങ്ങനെയൊരു വസ്തു ഉണ്ടെങ്കിൽ—പരമവും ശാശ്വതവും സ്വർഗ്ഗീയവുമായ ഒന്നാണ് അതെന്നു ജനങ്ങളെ യുക്തിയുക്തമായി വിശ്വസിപ്പിക്കുന്ന ഒരു സ്ഥാപനമുണ്ടെങ്കിൽ—അതിന്റെ അധികാരം പരിപൂർണ്ണമായി സമ്മതിക്കുന്നതു യുക്ത്യനുരൂപമാണെന്നു മാത്രമല്ല, യുക്ത്യനുശാസിതവുമാണ്. ഈ സമ്മതം വെറും ഒരഭിപ്രായമല്ല; പ്രത്യുത, ഒരു അനുഭൂതിയാകുന്നു. അത് ഒരു വിഭാവനമല്ല; പ്രത്യുത ഒരു അഭിമുഖദർശനമാകുന്നു.

ഈ സ്ഥാപനത്തിന്റെ ലക്ഷണങ്ങൾ ബോദ്ധ്യമാകാതെ അതിന്റെ അധികാരം സ്വീകരിക്കുന്നതു യുക്തിവിരുദ്ധമാണ്. അപ്രകാരംതന്നെ, ഈ സ്ഥാപനത്തിന്റെ ലക്ഷണങ്ങൾ ബോദ്ധ്യമായശേഷം അതിന്റെ അധികാരം നിഷേധിക്കുന്നതും യുക്തിവിരുദ്ധമാണ്. സഭയുടെ പ്രമാണങ്ങൾ പരസ്പരബന്ധമില്ലാത്ത ഒരു 'അവിയലാ'യിട്ടാണ് ഒരാളുടെ ബുദ്ധിക്കു വിഷയീഭവിക്കുന്നതെങ്കിൽ, അവ സ്വീകരിക്കുന്നതു തീർച്ചയായും യുക്തിഭംഗമാണ്. പക്ഷെ വാസ്തവം അപ്രകാരമല്ല. ആ പ്രമാണങ്ങളെല്ലാം ചാരിത്രികവും താർക്കികവുമായ ന്യായങ്ങളാൽ സുബദ്ധമാണ്. അവ പരസ്പരം സംപൃക്തങ്ങളാണ്. അവ ഒരു നിശ്ചിതരൂപം അവലംബി

ക്കുന്നു. പ്രപഞ്ചസ്വഭാവം വിശദീകരിക്കുന്ന ഒരു ദശ്നമാണ് അവ. പ്രപഞ്ചസ്വഭാവത്തെ വിശദീകരിക്കുന്ന ദശ്നം ഇതൊന്നു മാത്രമേയുള്ളു എന്നു തദനുയായികൾ ഗ്രഹിച്ചിട്ടുണ്ട്. ഒരു മഹാകവി പറയുന്നതുപോലെ, "ദൈവഗതിയെ മനുഷ്യദൃഷ്ടിയിൽ സാധൂകരിക്കുന്ന" ദശ്നം അതൊന്നുമാത്രമാണ്.

വിശ്വാസത്തിൻെറ യുക്തിയുക്തത ഇങ്ങനെയാണു വെളിപ്പെടുന്നതു്. അവിശ്വാസം യുക്തിവിരുദ്ധമാണെന്നല്ല ഇപ്പറഞ്ഞതിൻെറ അത്ഥം. വിശ്വാസസത്യങ്ങൾ സ്വീകരിക്കുന്നതു യുക്തിയുക്തമാണെന്നു മാത്രമേ വിവക്ഷയുള്ളു.

തിരുസഭ മാത്രമേ മനുഷ്യസ്വഭാവത്തേയും പ്രപഞ്ചത്തേയും വിശദീകരിക്കുന്നുള്ളു എന്നും, തന്മൂലം സഭയുടെ അധികാരം ഈശ്വരദത്തമായിരിക്കേണ്ടതാണെന്നും ബോധപ്പെട്ടിട്ടുള്ള ഒരാൾ കത്തോലിക്കാവിശ്വാസത്തെ ആകമാനം നിഷേധിക്കുന്നപക്ഷം, അതു യുക്തിവിരുദ്ധമായിരിക്കും.

പക്ഷെ ഒരു അകത്തോലിക്കനു യുക്തിപൂവ്വം ഇങ്ങനെ ചോദിക്കാവുന്നതാണ്:— "ഈ സ്ഥാപനത്തിൻെറ വില നിണ്ണയിക്കുവാൻ അതിൻെറ പ്രമാണങ്ങളെ വെവ്വേറെയായി ഞങ്ങൾക്കു പരിശോധിക്കരുതോ? നിങ്ങൾ പറയുന്ന ഈ സ്ഥാപനം ചില പരമസത്യങ്ങൾ പ്രഖ്യാപനം ചെയ്യുന്നുണ്ടു്; ശരിതന്നെ. ആ സത്യങ്ങൾ ഞങ്ങളും സ്വീകരിക്കുന്നുണ്ട്. പക്ഷെ അവകൂടാതെ, അസത്യമാണെന്നു കണ്ടുപിടിക്കപ്പെട്ടിട്ടുള്ളവയും ഇപ്പോൾ തീരെ ചെമ്പു തെളിഞ്ഞിട്ടുള്ളവയുമായ

ചില സിദ്ധാന്തങ്ങളും നിങ്ങളുടെ സഭ പ്രഖ്യാപനം ചെയ്യുന്നുണ്ടെങ്കിൽ, അതു് ഈശ്വരസ്ഥാപിതമായ ഒരു സഭയാണെന്നു പറയാവതല്ല. ഈശ്വരസ്ഥാപിതമായ ഒന്നാണു് അതെന്നു കരുതുന്നതു തീർച്ചയായും യുക്തിവിരുദ്ധമാണു്."

ഈ ആക്ഷേപത്തിന്റെ സാധുത അപ്രതിഷേദ്ധ്യമാകുന്നു. സഭയുടെ പ്രമാണങ്ങളിൽ അങ്ങനെയൊരു സ്ഖാലിത്യം കലർന്നിട്ടുണ്ടെങ്കിൽ, ആക്ഷേപത്തിനു യാതൊരു സമാധാനവുമില്ല. പരീക്ഷണത്തിൽ അസത്യമാണെന്നു തെളിഞ്ഞിട്ടുള്ള വല്ല കാര്യങ്ങളും സഭ ഉപദേശിക്കുന്നുണ്ടെങ്കിൽ, അതിന്റെ അധികാരം സ്വീകാര്യമല്ല.

## ശാസ്ത്രോപാത്തമായ സന്ദേഹങ്ങൾ.

സഭയുടെ ഉപദേശങ്ങളിൽ പലതും ശാസ്ത്രീയപരീക്ഷണത്തിൽ അസാധുവായിത്തീർന്നിട്ടുണ്ടെന്നും അതിനുള്ള ദൃഷ്ടാന്തങ്ങൾ അനവധിയുണ്ടെന്നും ആധുനികജ്ഞാനം വർദ്ധിച്ചുവരുന്നതോടെ ഈ ദൃഷ്ടാന്തങ്ങളും ബഹുലീഭവിച്ചുവരികയാണെന്നും അകത്തോലിക്കരായ പലരും (നേരിട്ടു പരീക്ഷിച്ചറിഞ്ഞിട്ടില്ലെങ്കിലും) കണ്ണടച്ചു വിശ്വസിച്ചുപോരുന്നുണ്ടു്.

ആധുനികഗവേഷണത്തിനും കത്തോലിക്കാവിശ്വാസത്തിനും തമ്മിൽ ആരോപിക്കപ്പെടുന്ന ഈ വൈരുദ്ധ്യം എത്രമാത്രം നിരർത്ഥകമാണെന്നു കാണിപ്പാൻ ഞാൻ ചില ദൃഷ്ടാന്തങ്ങൾ പരിശോധിക്കാം.

# IV.

## മനുഷ്യാധഃപതനവും യഥാൎത്ഥ സന്നിഹിതിയും.

ആധുനികഗവേഷണത്തിനു കത്തോലിക്കാവിശ്വാസത്തോടു വൈരുദ്ധ്യമുണ്ടെന്നു സങ്കല്പിക്കപ്പെടുന്നതു പ്രധാനമായി മൂന്നു രംഗങ്ങളിലാകുന്നു:— (1) പ്രകൃതിവിജ്ഞാനീയം; (2) മാനവശാസ്ത്രം; (3) ചരിത്രശാസ്ത്രം.

പരിനിൎണ്ണീതമായ തത്വങ്ങളുടെ സമൂഹത്തിനു ശാസ്ത്രം എന്നു പേർ പറയപ്പെടുന്നു. ഒരു സംഗതി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടു എന്നു പറയുന്നതിന്റെ അൎത്ഥമെന്താണ്? പ്രസ്തുത സംഗതിക്കു വിപരീതമായ യാതൊന്നും നമുക്കു സങ്കല്പിക്കുവാൻപോലും നിൎവ്വാഹമില്ലെന്നും അതിന്റെ യാഥാൎത്ഥ്യത്തിനു നിദാനമായ തെളിവുകൾ മനസ്സിനു പൂൎണ്ണമായും അവശ്യമായും ബോധപ്പെട്ടിട്ടുണ്ടെന്നുമാണു താല്പൎയ്യം. തെളിവുകൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനുള്ള ശാസ്ത്രീയരീതി എത്രയും നിഷ്കൃഷ്ടമായ ഒന്നാണ്. സംശയഗ്രസ്തമായവയെല്ലാം തള്ളിക്കളയുകയും യഥാൎത്ഥമെന്നു തോന്നിക്കുന്ന സംഗതികൾ വീണ്ടും വീണ്ടും പരിശോധിക്കുകയും അവയുടെ അപവാദങ്ങൾ സൂക്ഷ്മമായി ചൎച്ച്ചെയ്യുകയും ചെയ്യുന്ന രീതിയാണു ശാസ്ത്രീയരീതി.

തെളിവുകൾ ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിൽ അത്യധികം നിഷ്കൎഷ ഉണ്ടാകുവാൻ

പരീക്ഷകന്മാരുടേയും പരീക്ഷണങ്ങളുടേയും എണ്ണം എത്ര അധികമുണ്ടോ അത്രയ്ക്കു നന്ന്. പരീക്ഷണങ്ങൾ തന്നെ പല തരത്തിലാവുന്നതാണുത്തമം. എന്തുകൊണ്ടെന്നാൽ ഭിന്നഭിന്നങ്ങളായ പരീക്ഷണങ്ങളുടെയെല്ലാം ഫലം ഒന്നുതന്നെയാണെങ്കിൽ, ഫലത്തിന്റെ സാധുത അപ്രതിരോധ്യമായിത്തീരുന്നതാണ്.

### അനുകൂലകക്ഷികളുടെ പ്രമാദം.

വിവേകത്തേക്കാളധികം ശുഷ്കാന്തിയുള്ള ചില വിശ്വാസികൾക്കു പററിപ്പോകുന്ന ഒരു അബദ്ധം ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. "ശാസ്ത്രം നിത്യസത്യമല്ല"; "ഇന്നു ശരിയെന്നു പറയുന്നതു നാളെ തെററാണെന്നു തെളിഞ്ഞേക്കും" എന്നിങ്ങനെ അവർ പറയുന്നതു കേൾക്കാം. ശാസ്ത്രീയമായ പലേ സിദ്ധാന്തങ്ങളും പൊള്ളയാണെന്നു കാലക്രമത്തിൽ തെളിഞ്ഞിരിക്കുകകൊണ്ടു വിശ്വാസപരമായോ സദാചാരപരമായോ ഉള്ള സത്യങ്ങളോടു വിപ്രകർഷം ഉണ്ടെന്നു തോന്നിക്കുന്ന യാതൊരു ശാസ്ത്രീയതത്വവും ശരിയല്ലെന്നു വിശ്വസിക്കുന്നതുകൊണ്ടാണ് അവർ അപ്രകാരം പറയുന്നതു്. ശാസ്ത്രീയതത്വം എന്നു പറയപ്പെടുന്ന സംഗതി പരമാൎത്ഥമാണെന്ന് ആൎക്കും നിൎണ്ണയിക്കുവാൻ സാധിക്കുകയില്ലെന്നാണ് അവർ ശഠിക്കുന്നതു്. ഈ ശാഠ്യം നിരൎത്ഥകമാണ്. സത്യം, സത്യസങ്കാശത (സത്യമെന്നു തോന്നിക്കുന്നതു്), എന്നിവ തമ്മിൽ വിവേചിക്കാത്തതുകൊണ്ടാണ് അവർ ഇങ്ങനെ അസംബന്ധം പുലമ്പുന്നതു്. ശാസ്ത്രീയപരീക്ഷണത്തിൽ സത്യമാണെന്നു തെളിഞ്ഞിട്ടുള്ള വസ്തുതകൾ എത്രയെങ്കി

ലുമുണ്ട്. അവയുടെ വാസ്തവികത നിസ്തക്കമാണ്. ഇവയ്ക്കു പുറമേ, ചില ഊഹങ്ങളും സന്ദേഹങ്ങളും ശാസ്ത്രജ്ഞന്മാർ പുറപ്പെടുവിക്കാറുണ്ട്. ഈ ഊഹങ്ങളും മേല്പറഞ്ഞ സത്യങ്ങളും വ്യത്യസ്തമാണ്. അവയെ അന്യോന്യം വിവേചിച്ചില്ലെങ്കിൽ അബദ്ധം പിണയും.

ഒരു ദൃഷ്ടാന്തമെടുക്കാം. വെളിച്ചത്തിന്റെ ചില ആരോഹാവരോഹങ്ങൾ വിശദീകരിക്കുവാൻ വെളിച്ചം തരംഗരൂപത്തിലാണു വർത്തിക്കുന്നതെന്നൊരു അഭ്യൂഹം ശാസ്ത്രജ്ഞന്മാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഊഹത്തെ ഭേദപ്പെടുത്തുകയോ സംശയാസ്പദമാക്കുകയോ ചെയ്യുമാറുള്ള ചില പരീക്ഷണങ്ങൾ അവർ പിന്നീടു ചെയ്യുകയുണ്ടായി. ഊഹം ത്യാജ്യകോടിയിലായി. പക്ഷേ ഊഹം ശരിയായിരുന്നാലും തെററായിരുന്നാലും, വെളിച്ചത്തിനു മേല്പറഞ്ഞ ആരോഹാവരോഹങ്ങൾ ഉണ്ടെന്നുള്ളതു നിരാക്ഷേപമായ ഒരു വസ്തുതയാകുന്നു.

മറെറാരു ദൃഷ്ടാന്തം പരിശോധിക്കുക. ഹൈഡ്റജൻ എന്നും ഓക്സിജൻ എന്നും വിളിക്കപ്പെടുന്ന രണ്ടു വസ്തുക്കളുണ്ട്. ഇവ നമുക്ക് എത്ര പ്രാവശ്യമെങ്കിലും പരീക്ഷിച്ചു തിട്ടപ്പെടുത്താവുന്നതാണ്. ഈ വസ്തുക്കളെ രണ്ടിനൊന്നൊന്നുള്ള തോതുപ്രകാരം രാസതാന്ത്രികമായി സംയോജിപ്പിക്കുന്നപക്ഷം വെള്ളമാണു ഫലം. ഇപ്രകാരംതന്നെ വെള്ളത്തെ ഹൈഡ്റജനും ഓക്സിജനുമായി വേർതിരിച്ചാൽ അവ തമ്മിലുള്ള തോതു് അഭേദമായിരിക്കും. ഇതു ശാസ്ത്രീയമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു യഥാർത്ഥവസ്തുതയാകുന്നു. മറിച്ചുവരാൻ വഴിയില്ല.

ഈ വസ്തുത വിശദീകരിക്കുവാൻ ശാസ്ത്രജ്ഞന്മാർ ഒരു അഭ്യൂഹത്തെ ശരണംഗമിക്കുന്നുണ്ട്. അഭ്യൂഹം ഇനിയും സുതരാം സാധിതപ്രായമായിട്ടില്ലെങ്കിലും അതു മിക്കവാറും സ്വീകാര്യതമമാണെന്നുതന്നെ പറയാം. ഹൈഡ്റജനും ഓക്സിജനും പരമാണുക്കൾ എന്നു വിളിക്കപ്പെടുന്ന വ്യക്തികളുടെ സംയോഗകമാണെന്നും ഈ പരമാണുക്കൾ രണ്ടിനൊന്നുവീതമാണു സംയോജിക്കുന്നതെന്നുമത്രെ സിദ്ധാന്തം. ഈ സിദ്ധാന്തത്തെ സാധൂകരിപ്പാൻ പുതിയ പുതിയ പലേ ന്യായങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതുകൊണ്ട് അതിനു പെട്ടെന്ന് ഇളക്കം തട്ടുമെന്നു വിചാരിക്കാവുന്നതല്ല. അഥവാ, അത് അസാധുവാണെന്നു നാളെ തെളിയുമെന്നിരിക്കട്ടെ. എന്നാലും വെള്ളത്തിന്റെ സംഘടനം അനിഷേധ്യമായ ഒരു പരമാൎത്ഥമാണ്. നമുക്കു കാണുകയും പരീക്ഷിച്ചറിയുകയും ചെയ്യാവുന്ന ഭൂതാത്മകമായ ഇ പ്രപഞ്ചം യഥാസ്ഥിതി നിലനില്ക്കുന്നകാലത്തോളം പ്രസ്തുത പരമാൎത്ഥത്തിനു യാതൊരു വൈകല്യവും സംഭവിക്കുകയില്ല.

### രണ്ടു പ്രമാദമൂലങ്ങൾ.

മേല്പറഞ്ഞതിൽനിന്നു നാം ഒന്നു മനസ്സിലാക്കണം. ശാസ്ത്രീയനിൎണ്ണയം ചെയ്യപ്പെട്ടിട്ടുള്ള തത്വവും ശാസ്ത്രീയനിൎണ്ണയം ചെയ്യപ്പെടാത്ത തത്വവും തമ്മിൽ വിവേചിക്കുമ്പോൾ രണ്ടു പ്രമാദമൂലങ്ങൾ നാം വൎജ്ജിക്കേണ്ടതുണ്ട്. വെറും അഭ്യൂഹത്തെ അഥവാ സിദ്ധാന്തത്തെ പരമാൎത്ഥമായി എണ്ണുകയെന്നതാണ് ഒന്നാമത്തേത്. സുജ്ഞാതമായ കാൎയ്യവും അജ്ഞാതമായ

കാര്യവും തമ്മിൽ സാദൃശ്യം കല്പിച്ചു ചെയ്യപ്പെടുന്ന സാമ്യാനുമാനം യഥാൎത്ഥമായി ഗണിക്കുകയെന്നതാണു രണ്ടാമത്തെ അബദ്ധം.

ഈ അബദ്ധങ്ങളിൽ അകപ്പെടുവാൻ വലിയ പ്രയാസമൊന്നുമില്ലെന്നുള്ളതു ശോചനീയംതന്നെ. നമ്മുടെ നിത്യാനുഭവത്തിൽ നാം കൂടക്കൂടെ ഇവയിൽ ചെന്നുചാടാറുണ്ട്. തന്മൂലം ശാസ്ത്രത്തിന്റെ പരിനിഷ്ഠിതമായ പദ്ധതിയിൽപ്പോലും ജനങ്ങൾ ഇവയിൽ അകപ്പെട്ടുപോകുന്നതു് ആശ്ചര്യകരമല്ല. ഉദാഹരണമായി, ഒരു വീടിന്റെ വാതിലിനു് ഉന്മുഖമായും വാതിൽപ്പടിക്കൽ ചെല്ലുന്നതായുമുള്ള പിഞ്ചുചെരിപ്പിന്റെ അടയാളം ഹിമത്തിൽ പതിഞ്ഞിരിക്കുന്നുവെന്നു വിചാരിക്കുക. ഇതു കാണുമ്പോൾ ഒരു ശിശു ഹിമത്തിലൂടെ നടന്നു വീട്ടിൽ ചെന്നുവെന്നു നാം അനുമാനം ചെയ്യും. ഈ അനുമാനം ഒരു സാമ്യാനുമാനമാണു്. ശിശുവിന്റെ ചെരിപ്പു ചെറുതായിരിക്കുമെന്നും ജനങ്ങൾ സാധാരണ മുമ്പോട്ടാണു നടക്കാറുള്ളതെന്നുമുള്ള സാമാന്യാനുഭവത്തെ ആസ്പദമാക്കിയാണു ശിശു വീട്ടിലേയ്ക്കു നടന്നു ചെന്നുവെന്നു നാം അനുമാനം ചെയ്യുന്നതു്. തെളിവുകളെ ആധാരമാക്കിയുള്ള ഈ അഭ്യൂഹം എത്രയും വിശ്വാസ്യമായതുകൊണ്ടു് അതു സ്വതസ്സിദ്ധമായ ഒരു പരമാൎത്ഥമാണെന്നു നമുക്കു തോന്നിപ്പോകുന്നു. പക്ഷേ അതു പരമാൎത്ഥമാകണമെന്നില്ല. ചെരിപ്പു് ഒരു വാമനന്റേതായിരിക്കാം. അവൻ മുമ്പോട്ടു നടന്നു വീട്ടിൽ ചെല്ലുന്നതിനു പകരം വീട്ടിൽനിന്നും പിമ്പോട്ടു നടന്നിട്ടുണ്ടാവാം. കാലടികളുടെ ആസ്തിക്യ

ത്തിന്നു മാത്രമേ ശാസ്ത്രീയസാധുതയുള്ളു. മററതൊക്കെ വെറും ഊഹവും സാമ്യാനുമാനവുമാണ്. ഈ വക സാമ്യാനുമാനങ്ങളും അഭ്യൂഹങ്ങളും നാം ദിവസേന പ്രയോഗിക്കാറുണ്ട്. ക്രിമിനൽ നടപടികൾ മുതലായ പ്രധാനകാര്യങ്ങളിൽപ്പോലും ഈ സമ്പ്രദായങ്ങൾ നമുക്ക് അത്യാവശ്യമാണ്. എന്നിരുന്നാലും, രണ്ടു സത്യങ്ങൾക്കു തമ്മിൽ പ്രഥമദൃഷ്ടിയിൽ പൊരുത്തമില്ലാതെ കാണുമ്പോൾ അവ രണ്ടും നാം സനിഷ്കർഷം പരിശോധിക്കുകയും, നിരാക്ഷേപമായ ഒരു സത്യത്തെ നിരാക്ഷേപമല്ലാത്ത മറെറാന്നു നിഷേധിക്കുന്നതു കണ്ടാൽ നിരാക്ഷേപമായ സത്യത്തെ മുറുകെപ്പിടിക്കുകയും ചെയ്യേണ്ടതാണ്.

ദൃഷ്ടാന്തമായി നമ്മിൽ ധർമ്മാധർമ്മബോധമുണ്ടെന്നും സാമാന്യബുദ്ധിയുള്ള ഏവനും ധർമ്മത്തെ സ്വീകരിക്കുവാൻ പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നും നമുക്കുറപ്പുണ്ട്. ഇതു നിരാക്ഷേപവും സുജ്ഞാതവുമായ ഒരു സത്യമാണ്. ഇതിന്നെതിരായി ഞരമ്പുകളുടെ വിക്രിയയേക്കുറിച്ചോ പരമ്പരാഗതമായ വാസനകളേക്കുറിച്ചോ എത്ര അഭ്യൂഹങ്ങൾ കൊണ്ടുവന്നാലും ഫലമില്ല.

### സാമ്യാനുമാനവും അഭ്യൂഹവും.

എന്നാൽ അഭ്യൂഹങ്ങളെ തൃണവൽഗണിക്കുന്നവർ ഒരു സംഗതി ഓർക്കേണ്ടതുണ്ട്. സാമ്യാനുമാനവും അഭ്യൂഹവും നിരാക്ഷേപമായി സമർത്ഥിക്കപ്പെട്ടിട്ടില്ലെന്നു വച്ച് അവയെ കിഞ്ചിൽക്കരിക്കുന്നതു് അവിവേകമാണ്. പരമാണുക്കളെപ്പററിയുള്ള സിദ്ധാന്തം ഒരു മതപ്രമാണത്തോടു യോജിക്കാതെ വരുന്നുവെന്നിരിക്കട്ടെ. പ

രമാണുസിദ്ധാന്തം ശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നുവച്ച് അതിനെ ആക്ഷേപിക്കാനൊരുമ്പെടുന്ന മതപ്രമാണവാദിയുടെ നില ആശാസ്യമല്ല. പരമാണുസിദ്ധാന്തം ഉപര്യുപരി വിശ്വാസ്യതമമായിത്തീരുന്ന ഒന്നാണ്. അതിനെ യഥാർത്ഥം മാനിക്കുകതന്നെയാണുത്തമം. എന്നാൽ തിരുസഭയുടെ ഔദ്യോഗികമായ ഒരു പ്രസ്താവവും ശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള തെളിവുകളെ ആസ്പദീകരിക്കുന്ന ഒരു പ്രസ്താവവും തമ്മിൽ പ്രത്യക്ഷമായ യാതൊരു പൊരുത്തവുമില്ലാതെ കണ്ടാൽ യുക്തി ഏതുനിലയാണ് അവലംബിക്കേണ്ടതു?

ആദ്യംതന്നെ വേണ്ടതു വിവാദവിഷയങ്ങളായ പ്രസ്താവങ്ങൾ യാതൊരു സംശയവും അവശേഷിക്കാത്തവണ്ണം പരിശോധിക്കുകയാണ്. ഇരുകക്ഷികളുടേയും പ്രസ്താവമെന്താണെന്നു നാം സൂക്ഷ്മമായി ഗ്രഹിക്കണം. എന്നാൽ മാത്രമേ അവ തമ്മിൽ വിരുദ്ധഭാവമുണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കുവാൻ സാധിക്കൂ.

എൻെറ ആശയം വിശദമാക്കുവാൻ സാമാന്യാനുഭവത്തിൽനിന്ന് ഒരു ദൃഷ്ടാന്തമെടുക്കാം. ഒരു പിതാവു തൻെറ ലോകപരിചയത്തെ ആസ്പദമാക്കി കുട്ടിയോടു പറയുന്നു:—"ജനലിൽക്കൂടി പുറത്തേയ്ക്കു തലയിടരുത്. അടിതെററിയാൽ താഴത്തുവീണു പരുക്കേല്ക്കും" എന്ന്. എത്രയും ശാസ്ത്രീയമായ രീതിയിൽ സമർത്ഥിക്കപ്പെട്ടിട്ടുള്ള ഭൂമിയുടെ ഗോളാകൃതിയെപ്പററി പഠിച്ചിട്ടുള്ള ഒരാൾ ഇതു കേട്ട് ആ പിതാവിനോട് ഇങ്ങനെ പറയുന്നു:— "നിങ്ങളുടെ പ്രസ്താവം ശാസ്ത്രസമ്മതമല്ല. 'താഴത്തു വീഴുക' എന്നു പറയുന്നതു് അശാസ്ത്രീയമാണ്. ഭൂമി

യുടെ ഒരുഭാഗത്തുനിന്നു നോക്കുമ്പോൾ താഴെ എന്നു തോന്നുന്നതു മറെറാരു ഭാഗത്തുനിന്നു നോക്കുമ്പോൾ മുകളിലാണെന്നു കാണാം".

ശാസ്ത്രമദാന്ധനായ ഈ വിമർശകൻ, പിതാവിൻെറ പ്രസ്താവം തെററിദ്ധരിക്കുകയാണു ചെയ്തതെന്നു പ്രത്യക്ഷമാണല്ലൊ. കുട്ടിയോടുള്ള ഉപദേശം ശാസ്ത്രരീത്യാ വ്യാഖ്യാനിക്കുന്നപക്ഷം അതിങ്ങനെയിരിക്കും:- "ആകർഷണം (ഗ്രഹീതൃതി) എന്നു പറയപ്പെടുന്ന ഒരു ശക്തി ഘനമുള്ള എല്ലാവസ്തുക്കളേയും ഭൂമിയുടെ കേന്ദ്രത്തിലേയ്ക്കു വലിക്കുന്നു. ഭൂതലത്തിലോ അതിന്നടുത്തോ ഉള്ള വസ്തുക്കളെയാണ് ആകർഷണം അധികം ബാധിക്കുന്നത്. ഭൂമിയുടെ കേന്ദ്രത്തിലേയ്ക്കുള്ള ഈ പ്രയാണത്തിനു 'താഴത്തുവീഴുക' എന്നു പറയും. നീ ജനലിൽക്കൂടി പുറത്തേക്കു വീണാൽ ഈ മാർഗ്ഗത്തിലൂടെയാണു പ്രയാണം ചെയ്യുക. പ്രയാണമദ്ധ്യേ ആദ്യം മുട്ടുന്ന വസ്തുവും നീയും തമ്മിൽ അപായകരമായ ഒരു സംഘട്ടനമുണ്ടാകും." ഈ പ്രസ്താവത്തിനും ഭൂമിയുടെ ഗോളാകൃതിയെപ്പററിയുള്ള സിദ്ധാന്തത്തിനും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലല്ലൊ.

കത്തോലിക്കാസഭയുടെ ഔദ്യോഗികമായ പ്രമാണങ്ങൾക്കെതിരായി ശാസ്ത്രവ്യാജേന കൊണ്ടുവരാവുള്ള ആക്ഷേപങ്ങളും മേല്പറഞ്ഞതുപോലെയാണ്. ശരിയായി പദങ്ങൾ നിർവ്വചിക്കുകയും അഭ്യൂഹവും യാഥാർത്ഥ്യവും തമ്മിൽ വിവേചിക്കുകയും ചെയ്താൽ വൈരുദ്ധ്യം അദൃശ്യപ്രായമാകാതിരിക്കുകയില്ല.

## മനുഷ്യൻെറ അധഃപതനം.

ഇതിനു നുറുദ്ദൃഷ്ടാന്തങ്ങൾ വേണമെങ്കിൽ ഉദ്ധരിക്കാം. പ്രകൃതിവിജ്ഞാനീയത്തിൽനിന്നു രണ്ടു സുവിദിതങ്ങളായ ദൃഷ്ടാന്തങ്ങൾ മാത്രം ഞാൻ എടുത്തുകൊള്ളുന്നു. മനുഷ്യാധഃപതനത്തെപ്പററിയുള്ള പ്രമാണവും മനുഷ്യവൎഗ്ഗത്തിൻെറ അഭിവൃദ്ധിയിലുള്ള പലേ അവസ്ഥാവിശേഷങ്ങൾ ചൂണ്ടിക്കാണിക്കുന്ന മനുഷ്യാവശിഷ്ടങ്ങളെപ്പററി ഭൂഗൎഭശാസ്ത്രത്തിലുള്ള ചില കണ്ടുപിടിത്തങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു സങ്കല്പിക്കപ്പെടുന്നു. ഇതാണ് ഒന്നാമത്തെ ദൃഷ്ടാന്തം. അപ്രകാരംതന്നെ വിശുദ്ധകുൎബ്ബാനയിലെ യഥാൎത്ഥസന്നിധിയെപ്പററിയുള്ള കത്തോലിക്കാപ്രമാണവും പദാൎത്ഥസ്വഭാവത്തെപ്പററിയുള്ള ശാസ്ത്രീയഗവേഷണവും തമ്മിലും വൈരുദ്ധ്യമുണ്ടെന്നു വിചാരിക്കപ്പെടുന്നു. ഇതാണു രണ്ടാമത്തെ ദൃഷ്ടാന്തം. വിവാദവിഷയങ്ങളുടെ യാഥാൎത്ഥ്യമെന്താണെന്ന് അന്വേഷിക്കുകതന്നെ.

ആദ്യംതന്നെ പ്രസ്തുതസംഗതികളിൽ കത്തോലിക്കാമതത്തിൻെറ പ്രമാണമെന്താണെന്നു സൂക്ഷ്മമായി നിൎവ്വചിക്കാം; അനന്തരം ശാസ്ത്രീയസിദ്ധാന്തം എന്താണെന്നു വ്യക്തമായി നിൎണ്ണയിക്കാം; എന്നിട്ടു രണ്ടുസിദ്ധാന്തങ്ങളും താരതമ്യംചെയ്ത് അവയ്ക്കു തമ്മിൽ വൈരുദ്ധ്യമുണ്ടോ എന്നു നോക്കാം.

(1) മനുഷ്യാധഃപതനത്തെപ്പററിയുള്ള കത്തോലിക്കാമതസിദ്ധാന്തം ഇപ്രകാരമാണ്:—

ദൈവം മനുഷ്യനെ പ്രകൃത്യതീതമായ ഒരവസ്ഥയിലാണു സൃഷ്ടിച്ചത്. എന്നാൽ അവിടുന്നു മനുഷ്യനു

സ്വേച്ഛാശക്തി പ്രദാനംചെയ്തു. മനുഷ്യൻ മരണത്തിന്നോ ക്ലേശത്തിന്നോ വിധേയനായിരുന്നില്ല. അവൻ പാപത്തിൽ വീണിട്ടുണ്ടായിരുന്നില്ല. ദൈവദൂതന്മാർ തങ്ങളുടെ സ്ഥാനത്തിന് എപ്രകാരം അർഹരായോ, അപ്രകാരംതന്നെ മനുഷ്യനും തന്റെ സ്ഥാനത്തിന് അർഹനായിത്തീരണമെങ്കിൽ, ഈശ്വരേംഗിതത്തിനനുരൂപമായും സ്രഷ്ടാവിന്റെ ശാസനത്തിന്നും സ്വഭാവത്തിന്നും വിരുദ്ധമായ യാതൊന്നും ചെയ്യാതേയും വർത്തിക്കണമെന്നായിരുന്നു നിബന്ധന. എന്നാൽ മനുഷ്യൻ സ്വേച്ഛാശക്തിപ്രയോഗിച്ച് ഈശ്വരശാസനത്തെ ധിക്കരിക്കുകയും ഈശ്വരസ്വഭാവത്തിന വിരുദ്ധമായി വ്യാപരിക്കുകയും ചെയ്യുകയാൽ അവൻ പ്രകൃത്യതീതമായ ഒരു അവസ്ഥയിൽനിന്നു കേവലം പ്രകൃത്യനുരൂപമായ ഒരു അവസ്ഥയിലേയ്ക്കു് അധഃപതിച്ചു. തന്റെ ശരീരത്തെ സംബന്ധിച്ചിടത്തോളം, അവൻ തന്റെ ചുററിലുമുള്ള ജന്തുക്കളുടെ അധമത്വത്തിനും കായക്ലേശങ്ങൾക്കും വശംഗതനായി. മരണാനന്തരം ശാശ്വതാനന്ദം നഷ്ടപ്പെട്ടേക്കാമെന്നുള്ള ദുര്യോഗവും വന്നുവശായി. ഇതാണു കത്തോലിക്കാമതത്തിന്റെ സിദ്ധാന്തം.

## അതു വിവക്ഷിക്കാത്തതു് എന്തു്?

കത്തോലിക്കാസിദ്ധാന്തം ഇന്നതാണെന്നു പറഞ്ഞുവല്ലൊ. അതു് ഇന്നതല്ലെന്നും ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്.

മേൽവിവരിച്ച സംഭവം ഇന്നകാലത്തു ഇന്നസ്ഥലത്തു നടന്നുവെന്നു്—ദൃഷ്ടാന്തമായി ക്രിസ്തുജനനത്തിനു 4004 കൊല്ലങ്ങൾക്കു മുമ്പു മെസൊപ്പൊട്ടേമിയായിൽ

വച്ചു നടന്നുവെന്ന്—കത്തോലിക്കാസഭ നിർദ്ദേശിക്കുന്നില്ല. സഭയുടെ പ്രമാണം ഒരു സാമാന്യതത്വമാണ്. സ്ഥലകാലങ്ങളെപ്പററി സ്ത്രീകൾക്കുട്ടികൾക്കുള്ള ജ്ഞാനം പരീക്ഷിക്കുമ്പോൾ കേൾക്കുമാറുള്ള ഒരു പ്രസ്താവമല്ല സഭയുടെ പ്രമാണം. മനുഷ്യൻ അധഃപതിച്ചില്ലെങ്കിൽ പ്രകൃത്യതീതവും ആനന്ദമയവുമായ ഒരു അവസ്ഥയിൽ അവൻ നിലനില്ക്കുമായിരുന്നുവെന്നും മനുഷ്യോൽപത്തിയിൽ അങ്ങനെയൊരു അവസ്ഥയുണ്ടായിരുന്നുവെന്നും അതിൽനിന്നാണ് അവൻ എങ്ങനെയോ അധഃപതിച്ചതെന്നുമത്രെ തിരുസഭ ഔദ്യോഗികമായി പ്രസ്താവിക്കുന്നത്. മനുഷ്യവംശം ഒരു ഉത്ഭവപാപംമൂലം പ്രകൃത്യനുരൂപമായ അവശതകൾക്കു വിധേയമായി എന്നുമാത്രമാണു സഭയുടെ സിദ്ധാന്തം. നാം പ്രകൃത്യനുരൂപമായ ഒരു അവസ്ഥയിൽനിന്നു നീചവും ജുഗുപ്സിതവുമായ ഒരു സ്ഥിതിയിലാണ്ടുവെന്നു പ്രമാണമില്ല. എന്തുകൊണ്ടെന്നാൽ ജന്തുക്കളുടെ സ്ഥിതി നീചവും ജുഗുപ്സിതവുമല്ല. പക്ഷേ പ്രകൃത്യതീതമായ എന്തോ ഒന്നു നഷ്ടപ്പെട്ടുവെന്നു തിരുസഭ പ്രസ്താവിക്കുന്നു.

നമ്മുടെ അന്തർപ്രചോദനവും അധ്യാത്മാനുഭൂതിയും സഭയുടെ പ്രമാണത്തിന്നനുരൂപമായിട്ടാണിരിക്കുന്നത്. ഇന്നത്തേക്കാൾ ഉൽകൃഷ്ടമായ ഒരു അവസ്ഥയുടെ സ്മരണ പരമ്പരാഗതമായി നമ്മിൽ കുടികൊള്ളുന്നുണ്ട്. നാം മൃത്യുവിന്നധീനരാണല്ലോ എന്നു നാം പരിതാപമുൾക്കൊള്ളുന്നു. നമ്മുടെ പാപങ്ങളെപ്പററി നാം പശ്ചാത്തപിക്കുന്നു. നമ്മുടെ ചഞ്ചലമായ ജീവിതത്തെപ്പററി നാം അനുശോചിക്കുന്നു. നിത്യതയിലും

പരമാനന്ദത്തിലും മാത്രമേ നാം സംതൃപ്തരാകയുള്ളുവെന്നും നാം ഇഹത്തിൽ എങ്ങനേയോ രാജ്യഭ്രഷ്ടരായയവരെപ്പോലെയാണെന്നും നമുക്ക തോന്നുന്നു. ഈ ബോധത്തെ കത്തോലിക്കാപ്രമാണം വിശദീകരിക്കുകയും യുക്തിയോടു ബന്ധിക്കുകയും ചെയ്യുന്നുവെന്നുമാത്രമേയുള്ളു. ആ പ്രമാണം സ്വീകരിക്കുന്ന ഒരാൾക്ക് "ഹ! ഇപ്പോൾ എനിക്കറിയാം, ഞാൻ ആരാണെന്നും എങ്ങനെ ഇവിടെ വന്നുവശായെന്നും" എന്നു പറവാൻ കഴിയും.

മഹനീയമായ ഈ തത്വത്തിന്നെതിരായി ശാസ്ത്രീയപരീക്ഷണത്തിൽനിന്ന് എന്തുസംഗതികളാണു കൊണ്ടുവരാൻ സാധിക്കുക? പ്രമാണവിരോധികളുടെ വാദം ഇങ്ങനെയാണ്:—

ഭൂമിയിലുള്ള പാറകളിൽ ഭൂഗർഭശാസ്ത്രജ്ഞന്മാർ മനുഷ്യൻെറ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ ചിലതു പൂർണ്ണമനുഷ്യൻേറതും മററു ചിലത് അപൂർണ്ണമനുഷ്യൻേറതുമാണ്. അപൂർണ്ണമനുഷ്യത്വം ക്രമേണ പൂർണ്ണമനുഷ്യത്വമായി രൂപാന്തരപ്പെടുന്നുണ്ടെന്നു മിക്കവാറും വിശ്വസിക്കാം. ഈ രൂപാന്തരം താമസിയാതെ പരിപൂർണ്ണമായി വിശദീകരിക്കപ്പെടുമെന്നു വിചാരിപ്പാൻ ന്യായമുണ്ട്. ഇങ്ങനെ കാണപ്പെടുന്ന വ്യത്യസ്തരൂപങ്ങൾ ഒരേ ഒരു വംശത്തിൽനിന്നുത്ഭവിച്ചവയാണെന്ന് ഇതേവരെ ക്ലിപ്തമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും, ഇതും മിക്കവാറും വിശ്വാസ്യമാണെന്നു സമ്മതിക്കാം. എന്തുകൊണ്ടെന്നാൽ നമ്മുടെ അനുഭവത്തിൽപ്പെട്ട മററുവസ്തുക്കൾ താരതമ്യം ചെയ്യുമ്പോൾ വളർച്ചയുടെ സ്വഭാവം മേല്പറഞ്ഞതിൽനിന്നു വളരെ ഭി

ന്നാമല്ലെന്നുകാണാം. കടുകുമണി ഒരു മഹാവൃക്ഷമായി ത്തീരുകയും ശിശു മനുഷ്യനായി വളരുകയും ചെയ്യുന്ന തുപോലെ, ആദിമകാലങ്ങളിലെ അപൂൎണ്ണമനുഷ്യരൂപം ക്രമേണ പൂൎണ്ണമനുഷ്യത്വം പ്രാപിക്കാമെന്നോ പ്രാപി ച്ചുവെന്നോ അനുമാനം ചെയ്യാവുന്നതാണ്.

ഇങ്ങനെയാണു ജീവിതനാടകമാടുന്ന ഈ മനുഷ്യ ശരീരത്തെപ്പററിയുള്ള ശാസ്ത്രസിദ്ധാന്തം. ക്രമാനുക്രമ മായ അഭിവൃദ്ധിയെ സ്പഷ്ടമായി വിശദീകരിക്കുന്ന വല്ല കണ്ടുപിടിത്തവും താമസിയാതെ ഉണ്ടായേക്കാം. അ ല്ലെങ്കിൽ പുതുതായി യാതൊന്നും കണ്ടുപിടിച്ചില്ലെന്നും വരാം. (ഇങ്ങനെ വരാനാണെളുപ്പം.) അങ്ങനെയെ ങ്കിൽ ഈ വിഷയത്തെപ്പററി നമുക്കുള്ള ജ്ഞാനത്തി നു വികാസമുണ്ടാകയില്ല; മനുഷ്യശരീരം അപൂൎണ്ണമനു ഷ്യത്വത്തിൽനിന്നു രൂപാന്തരപ്പെട്ടതാണെന്നുള്ള സി ദ്ധാന്തം വളരെ വിശ്വാസ്യമാണെങ്കിലും അത് അപരി നിഷ്ഠിതമായിത്തന്നെയിരുന്നേക്കാം.

### രണ്ടും അയുക്തികമാണു്.

ചിലരുടെ വാദരീതി കേട്ടാൽ, മനുഷ്യശരീരത്തിൻെറ ക്രമപ്രവൃദ്ധമായ വികാസം ആധുനികഗവേഷണത്തിൽ എത്രത്തോളം സമൎത്ഥിക്കപ്പെട്ടുമെന്നുള്ളതിനെ ആശ്ര യിച്ചാണു കത്തോലിക്കാപ്രമാണങ്ങളുടെ സാധുത നിൎണ്ണ യിക്കപ്പെടുന്നതെന്നു തോന്നിപ്പോകും. ഒരു പുറത്ത് അ വിവേകികളായ മതവിശ്വാസികൾ മാനുഷികാവശിഷ്ട ങ്ങളുടെ ഓരോ കണ്ടുപിടിത്തവും വാശിയോടെ എതി ൎക്കുന്നു. ഇത്തരം കണ്ടുപിടിത്തം വിശ്വാസത്തിനു ഹാ നികരമാണെന്നാണ് അവരുടെ വിചാരം. തോറേറാ

ടുന്ന പട്ടാളം, യുദ്ധംചെയ്യാതെ ഒരടിപോലും പിൻവാങ്ങുകയില്ലെന്നു ശഠിച്ച് ഇടയ്ക്കിടയ്ക്കു തിരിഞ്ഞുനിന്ന് എതിരാളിയോടു മല്ലിട്ടു പിന്നേയും പിന്തിരിഞ്ഞോടുന്നതുപോലെയാണ് ഇക്കൂട്ടരുടെ സംരംഭം. നേരേമറിച്ചു മതവിരോധികളാകട്ടെ, മനുഷ്യശരീരത്തിൻെറ ക്രമാനുസാരമായ അഭിവൃദ്ധി അതിമാത്രം വിശ്വാസ്യമാണെന്നു കാണിപ്പാൻ സാഹസപ്പെടുകയും ഓരോ പുതിയകണ്ടുപിടിത്തവും തങ്ങളുടെ സിദ്ധാന്തത്തിന്നനുകൂലമായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിൻെറ വളച്ചയും വികാസവും കത്തോലിക്കാവിശ്വാസത്തിൻെറ നേക്കുള്ള ഒരു നിശിതായുധമാണെന്നാണ് അവർ കരുതുന്നത്.

ഇരുകൂട്ടരുടേയും മനോഭാവം ഒന്നുപോലെ അയുക്തികമാണ്. മനുഷ്യേതരമായ ഒരവസ്ഥയിൽനിന്നു മനുഷ്യശരീരം ക്രമേണ അഭിവൃദ്ധിപ്പെട്ടുവന്നുവെന്നുള്ളതിന് എത്ര പുതിയ തെളിവുകൾ ഉണ്ടായാലും മനുഷ്യൻെറ അധഃപതനത്തെപ്പററിയുള്ള പ്രമാണത്തിന് അവ ബാധകമാകയില്ല. മനുഷ്യൻെറ ശരീരം ക്രമേണ വികസിതമായിത്തീൎന്നതിനുശേഷമായിരിക്കാം അവനു സ്വൎഗ്ഗീയാവകാശം നൽകപ്പെട്ടതു്. അല്ലെങ്കിൽ സ്വൎഗ്ഗീയാവകാശം നൽകപ്പെട്ടതിനുശേഷമായിരിക്കാം അവൻ ഇപ്പോൾ പാരമ്പൎയ്യേണ അവലംബിച്ചിട്ടുള്ള അധമശരീരം അവനു ലബ്ധമായതെന്നുവിചാരിച്ചാലും പോരായ്കയില്ല. ഈവക കാൎയ്യങ്ങളെപ്പററി സഭ യാതൊന്നും നിൎദ്ദേശിക്കുന്നില്ല. ഈവക കാൎയ്യങ്ങളെയല്ല സഭയുടെ പ്രമാണം പരാമൎശിക്കുന്നതു്.

മനുഷ്യോൽപത്തിക്രമത്തെപ്പററിയുള്ള ശാസ്ത്രീയ സിദ്ധാന്തം എത്രത്തോളം അബദ്ധമോ സുബദ്ധമോ ആകട്ടെ—അതും മനുഷ്യാധഃപതനത്തെപ്പററിയുള്ള പ്രമാണവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു സങ്കല്പിക്കുന്നതു്, ഒരാൾ ശൈശവം വിട്ടു യൌവനം പ്രാപിച്ചു എന്ന പ്രസ്താവവും ആയാൾക്കു് ഒരു വലിയ ദ്രവ്യനാശം വന്നുവെന്നുള്ള പ്രസ്താവവും തമ്മിൽ പൂൎവ്വാപരവിരുദ്ധതയുണ്ടെന്നു സങ്കല്പിക്കുന്നതുപോലെയാകുന്നു. അഥവാ, ഒരു നദി സമുദ്രത്തോടടുക്കുംതോറും അതു കപ്പൽ സഞ്ചാരത്തിനു പൎയ്യാപ്തമായിത്തീരുന്നുവെന്ന പ്രസ്താവവും, നദീമുഖത്തു വിദേശക്കപ്പലുകൾ പ്രവേശിക്കുവാൻ പാടില്ലെന്നു് ഒരു നിയമം പാസ്സാക്കപ്പെട്ടിട്ടുണ്ടെന്നുള്ള പ്രസ്താവവും തമ്മിൽ എന്തോ വൈരുദ്ധ്യമുണ്ടെന്നു സങ്കല്പിക്കുന്നതുപോലെയാണു് അതു്.

ഈ പ്രസ്താവങ്ങൾ രണ്ടും രണ്ടുപദ്ധതികളിലാണു ചരിക്കുന്നതു്. ഭിന്നഭിന്നങ്ങളായ രണ്ടു് ആശയഗതികളേയാണു് അവ പുരസ്കരിക്കുന്നതു്. എന്നാൽ മനസ്സാക്ഷിക്കു വിപരീതമായ നമ്മുടെ ദുൎവ്വാസനകൾ ഏതോ പ്രാചീനാവസ്ഥയിൽനിന്നു പരമ്പരാഗതമായി നിലനിന്നുപോരുന്നവയാണെന്നും കാലക്രമത്തിൽ അവ നാമാവശേഷമായിത്തീരുന്നുണ്ടെന്നും ആരെങ്കിലും പറഞ്ഞാൽ, ഈ വാദം ചരിത്രദൃഷ്ട്യാ അസാധുവും ധൎമ്മദൃഷ്ട്യാ അയഥാൎത്ഥവുമാണെന്നു സമൎത്ഥിക്കാവുന്നതാണു്. ദ്രവ്യാശ എന്ന ദോഷം പ്രാചീനമാണെന്നോ അതു കാലക്രമത്തിൽ സമുദായത്തിൽനിന്നു തിരോഭവിക്കുകയാണു ചെയ്യുന്നതെന്നോ ആരെങ്കിലും ശഠിക്കു

മോ? അല്ലെങ്കിൽ ഒരാം അജ്ഞനായ ഒരു അയൽക്കാരനിൽനിന്നും ചതിപ്രയോഗംകൊണ്ടു കുറെ പണം തട്ടിച്ചെടുത്താൽ, നിന്ദ്യമായ ഈ ദ്രോഹം അതിപ്രാചീനവും മൃഗപ്രായവുമായ ഒരു അവസ്ഥയിൽനിന്നു പാരമ്പര്യേണ സിദ്ധമായ വാസനയുടെ ഫലമാണെന്ന് ആയാൾക്കു തോന്നുമോ?

മനുഷ്യാധഃപതനത്തെപ്പററിയുള്ള പ്രമാണം ഒരുവൻ നിഷേധിച്ചുവെന്നു വരാം. ഇന്നത്തെ ഭൂഗർഭശാസ്ത്രം ഉണ്ടാകുന്നതിനു മുമ്പും അനേകം പേർ അതു നിഷേധിച്ചിട്ടുണ്ട്. എന്നാൽ നിഷേധത്തിൻെറ കാരണം ദാർശനികമായിരിക്കണം—ഭൌതികമായിരിക്കരുത്. എന്തുകൊണ്ടെന്നാൽ പ്രമാണം ഒരു ദർശനത്തിൻെറ വിഭാഗമാണ്. വ്യക്തിയിലോ വർഗ്ഗത്തിലോ മനുഷ്യശരീരത്തിന്നുണ്ടായിട്ടുള്ള അഭിവൃദ്ധി ദർശനത്തിനു ബാധകമല്ല.

### യഥാർത്ഥസന്നിഹിതി.

(2) ഇനി രണ്ടാമത്തെ ദൃഷ്ടാന്തം പരിശോധിക്കാം. യഥാൎത്ഥസന്നിഹിതിയെക്കുറിച്ചുള്ള പ്രമാണവും സ്ഥൂലവസ്തുസ്വഭാവത്തെപ്പററിയുള്ള ശാസ്ത്രീയഗവേഷണവും തമ്മിൽ സങ്കല്പിക്കപ്പെടുന്ന അന്തരമാണു പ്രതിപാദ്യവിഷയം. ഈ ദൃഷ്ടാന്തത്തിൽ മറെറാരുതരത്തിലുള്ള പ്രമാദമാണ് ഒളിഞ്ഞുകിടക്കുന്നതെങ്കിലും, ഇതും പ്രമാണത്തിൻെറ യഥാൎത്ഥസ്വഭാവത്തെപ്പററിയുള്ള ഒരു തെററിദ്ധാരണയേയാണ് ആശ്രയിച്ചിരിക്കുന്നതു്.

യഥാൎത്ഥസന്നിഹിതിയെക്കുറിച്ചുള്ള പ്രമാണം എന്തെന്നാൽ:— ഇന്ദ്രിയങ്ങളുടെ സാക്ഷ്യം എല്ലാപ്രകാ

രമായിരുന്നാലും വൈദികൻ സംസ്കാരകർമ്മത്തിലേ വാക്യങ്ങൾ ഉച്ചരിക്കുന്നതോടെ അപ്പവും വീഞ്ഞും വെറും അപ്പവും വീഞ്ഞുമെന്ന നിലവിട്ടു മറെറാന്നായിപ്പകരുന്നു—അതായതു ദൈവത്വവും മനുഷ്യത്വവും മൂർത്തീഭവിച്ചിട്ടുള്ള ക്രിസ്തുവായിപ്പകരുന്നു.

ഈ പ്രമാണം വെറും കമ്പമായിരിക്കാം. സ്വിങ്ക്ളി അങ്ങനെയാണു കരുതിയതു്. അദ്ദേഹത്തോടൊപ്പം അനേകലക്ഷംപേർ അങ്ങനെതന്നെ കരുതുന്നു. അഥവാ അതു ഗുരുതരവും മഹനീയവുമായ ഒരു സത്യമായിരിക്കാം. പക്ഷേ ഇതല്ല ഇവിടത്തെ വിവാദവിഷയം. പ്രമാണം ശരിയോ തെററോ എന്നല്ല, പ്രത്യുത, ആ പ്രമാണം പ്രകൃതിവിജ്ഞാനീയത്തിൻെറ വല്ല ശാസ്ത്രീയതത്വത്തിനും വിരുദ്ധമാണോ അല്ലയോ എന്നാണു് ഇവിടെ തീരുമാനിക്കേണ്ടതു്.

സ്ഥൂലപദാർത്ഥങ്ങളുടെ ഘടനയെപ്പററിയുള്ള ശാസ്ത്രീയഗവേഷണം വിവാദവിഷയത്തിനു് ഒരിക്കലും ബാധകമാവാൻ വഴിയില്ല. പ്രകൃതിവിജ്ഞാനീയത്തിൽ ഇന്ദ്രിയസാക്ഷ്യമാണല്ലൊ മാനദണ്ഡം. എന്നാൽ പ്രമാണം ഇന്ദ്രിയസാക്ഷ്യത്തെ നിശ്ശേഷം വിഗണിക്കുകയാണു ചെയ്യുന്നതു്. പ്രമാണത്തിൻെറ അടിസ്ഥാനം തന്നെ ഈ വിഗണനമാണു്. ഇന്ദ്രിയസാക്ഷ്യത്തിനു വിപരീതമായിട്ടാണു് അതു സ്വീകരിക്കപ്പെടുന്നതെന്നുള്ളതത്രെ പ്രമാണവിശേഷം. പ്രമാണത്തിനെതിരായി ഇന്ദ്രിയസാക്ഷ്യം സ്വീകരിക്കുവാനാണു് ഒരാൾക്കു് ഇഷ്ടമെങ്കിൽ, കണ്ണിൻെറ കാഴ്ചതന്നെ പ്രമാണത്തെ നിഷേധിക്കുവാൻ ധാരാളം പോരുന്നതാണു്; അഗാ

ധമായ ശാസ്ത്രീയഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും അന്വേഷിച്ചു ബുദ്ധിമുട്ടണമെന്നില്ല.

### എന്താണു സമർത്ഥിക്കപ്പെടുന്നതു്.

സ്പഷ്ടവും ഋജുവും പ്രത്യക്ഷസിദ്ധവുമായ ഇന്ദ്രിയസാക്ഷ്യംവിട്ടു് ഉള്ളിലേക്കു ചുഴിഞ്ഞുകയറുന്നതുകൊണ്ടു വാദമുഖത്തെപ്പററി നമുക്കു കൂടുതൽ ജ്ഞാനമുണ്ടാകയില്ലെന്നു മാത്രമല്ല, പ്രകൃതത്തിൽനിന്നു വ്യതിചലിക്കുകയും ചെയ്യും. വൈദികൻ അപ്പം വാഴ്ത്തുമ്പോൾ ഇന്ദ്രിയഗോചരമായ യാതൊരു വ്യത്യാസവും അതിൽ സംഭവിക്കുന്നില്ല. ഇന്ദ്രിയസാക്ഷ്യമനുസരിച്ചു നോക്കുന്നപക്ഷം, അപ്പം അപ്പമായിത്തന്നെയിരിക്കുന്നു. അതിൻെറ ഘടനയിൽ വല്ല വ്യത്യാസമുണ്ടായിട്ടുണ്ടെന്നോ, താല്കാലികമോ ചിരന്തനമോ ആയ വല്ല ഭൌതികാന്തരവും അതിൽ സംഭവിച്ചിട്ടുണ്ടെന്നോ ആരും പറയുകയില്ല. തെററാകട്ടെ ശരിയാകട്ടെ, പ്രമാണത്തിൽ നിർദ്ദിഷ്ടമായിരിക്കുന്നതു്, അപ്പത്തിൻെറ പ്രകൃതിക്കു് ഒരു നൂതനാൎത്ഥം ലഭിച്ചിട്ടുണ്ടെന്നും ബാഹ്യപ്രകൃതിയുടെ മറവിൽ ക്രിസ്തു യഥാൎത്ഥമായി സന്നിധാനം ചെയ്യുന്നുണ്ടെന്നും മാത്രമാണു്.

രസതന്ത്രപരീക്ഷയിൽനിന്നു് എത്ര പുതിയ തെളിവുകൾ ശേഖരിച്ചാലും പരമാണുസിദ്ധാന്തം (Atomic Theory), അയോൺ സിദ്ധാന്തം (Ionic Theory) മുതലായി എത്ര നൂതനസിദ്ധാന്തങ്ങൾ കൊണ്ടുവന്നാലും, പ്രമാണം ശരിയാണെങ്കിൽ അതിൻെറ വാസ്തവികതയ്ക്കു യാതൊരു കോട്ടവും തട്ടുന്നില്ല. കാഴ്ച, രുചി, സ്പർശനം മുതലായ ഇന്ദ്രിയാനുഭവങ്ങൾ പ്രമാണത്തിനു

വിരുദ്ധമായിരുന്നിട്ടും അതു സാധുവാണെന്നുവന്നാൽ, ഇന്ദ്രിയാനുഭവങ്ങളോളംതന്നെ സ്പഷ്ടവും വിശ്വാസ്യവുമല്ലാത്ത സംഗതികൾ ആസ്പദീകരിച്ചുള്ള മററു വാദങ്ങൾ കൊണ്ടുവരുന്നതു നിഷ്പ്രയോജനമാണ്. നേരേമറിച്ച്, പ്രമാണം വെറും മണ്ടത്തരമാണെങ്കിൽ, ഇന്ദ്രിയദ്വാരാ നമുക്കു ലഭിക്കുന്ന സാക്ഷ്യങ്ങൾതന്നെ അതു മണ്ടത്തരമാണെന്നു തെളിയിപ്പാൻ പര്യാപ്തമാണ്. വൈദികസംസ്കാരത്തിനു മുമ്പും പിമ്പും അപ്പം സ്ഥൂലദൃഷ്ടിയിൽ അഭേദമായിട്ടാണിരിക്കുന്നത്. ഇന്ദ്രിയാസ്പദമായ എത്ര പുതിയ തെളിവുകൾ കൊണ്ടുവന്നാലും, അത് അപ്പമാണെന്നു പൂർവ്വാധികം വിശദമാവുകയോ സഭയുടെ പ്രമാണം കൂടുതൽ ജുഗുപ്സാവഹമായിത്തീരുകയോ ചെയ്യുകയില്ല.

ക്രിസ്തുമതത്തിലെ അതിപ്രധാനമായ ഈ സംസ്കാരകർമ്മം അതിലുള്ള മററു കർമ്മങ്ങളിലും രഹസ്യങ്ങളിലും നിന്ന് ഒട്ടും ഭിന്നമല്ലെന്നും പ്രാകൃതമതങ്ങളിൽ കാണാവുള്ള മൂഢവിശ്വാസങ്ങളേപ്പോലെതന്നെ ഇതും മനുഷ്യനിർമ്മിതമായ ഒരു വ്യാമോഹമാണെന്നും ചിലർ വാദിക്കുന്നുണ്ട്. ഈ വാദം ഞാൻ യഥാസന്ദർഭം പരിശോധിക്കാം. സ്ഥൂലപദാർത്ഥത്തെക്കുറിച്ചുള്ള ആധുനികഗവേഷണമാണു യഥാർത്ഥ സന്നിഹിതിയെന്ന പ്രമാണത്തെ നിഷേധിക്കുന്നതെന്നു പറയുന്നത് അയുക്തികമാണെന്നത്രെ ഇവിടെ ഞാൻ സിദ്ധാന്തിക്കുന്നത്. പ്രച്ഛന്നവേഷനായ ഒരാൾ ഇന്നാരാണെന്നു നാം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ, ആയാളുടെ കോട്ട് മററു വേഷവിധാനങ്ങൾക്ക് അനുരൂപമായതുകൊണ്ടു

നാം ആദ്യം വിചാരിച്ച ആളല്ല അതു്, എന്നു പറയു ന്നതിൽ എന്തർത്ഥമാണുള്ളതു്?

ഞാൻ ഇങ്ങനെ പറയുന്നുവെന്നിരിക്കട്ടെ:—"ഈ നീണ്ട കോട്ടും വെള്ളത്ത ടൈയും ധരിച്ചു് ഇന്നു് ഈ പാർട്ടിക്കു വന്നിട്ടുള്ള ആഠം നിങ്ങഠം വിചാരിക്കുന്നതു പോലെ ഒരു അതിഥിയല്ല; ഒരു രഹസ്യപ്പോലീസുകാര നാണു്." എന്റെ ഈ പ്രസ്താവത്തിനു മറുപടിയായി മറെറാരാഠം: "പക്ഷേ, നോക്കു! ആയാഠം ഒരു തുറ ന്ന വെയിസ്റ്റ്കോട്ടും ധരിച്ചിട്ടുണ്ടല്ലൊ. പിന്നെ എങ്ങ നെയാണു് ആയാഠം രഹസ്യപ്പോലീസുകാരനാവുന്നതു്? എന്നു പറയുന്നു. ഇയ്യാഠം തീച്ച്യയായും ഞാൻ പറ ഞ്ഞതിന്റെ താൽപര്യം മനസ്സിലാക്കിയിട്ടില്ല. ആഗ തന്റെ വസ്ത്രം ആയാളുടെ യഥാർത്ഥസ്ഥിതിയെ ആ ച്ഛാദനം ചെയ്തിരിക്കുകയാണെന്നും ആയാളുടെ വസ്ത്ര ത്തിൽനിന്നു് ആയാളുടെ ഉദ്യോഗമെന്താണെന്നു മന സ്സിലാക്കാൻ സാധിക്കുകയില്ലെന്നുമാണു ഞാൻ പറ ഞ്ഞതു്. തന്മൂലം വെയിസ്റ്റ്കോട്ടിൻേറയും മററും സ്ഥി തി ചൂണ്ടിക്കാണിക്കുന്നതുകൊണ്ടു യാതൊരു പ്രയോജ നവുമില്ല. മറെറാരു ദൃഷ്ടാന്തമെടുക്കാം:— "ഞാൻ നി ദ്രാധീനനായിരുന്നപ്പോഠം ഒരു ഭൂതം എന്റെ മുമ്പിൽ പ്രത്യക്ഷനായി. ഈ ഭൂതം എന്റെ മനസ്സിന്റെ ഒരു വ്യാമോഹമല്ല; എതു പുറമേനിന്നു വന്നതാണു്" എ ന്നു ഞാൻ പറയുന്നുവെന്നു വിചാരിക്കുക. ഇതിനു മ റുപടിയായി ഞാൻ കട്ടിലിലാണു് ഉറങ്ങിക്കിടന്നിരുന്ന തെന്നും സമയം ഏതാണ്ടു് അർദ്ധരാത്രിയോടടുത്തിരുന്നു വെന്നും, ഞാൻ ഉറങ്ങുകയായിരുന്നുവെന്നതിനു പല

സാക്ഷികളുണ്ടെന്നും മററും പറഞ്ഞതുകൊണ്ട് എൻെറ പ്രസ്താവത്തിന് ഇളക്കം തട്ടുന്നതെങ്ങനെ? നിങ്ങൾ പറയുന്നതൊക്കെ ഞാനും സമ്മതിക്കുന്നുണ്ട്. "അങ്ങനെയൊക്കെയാണെങ്കിലും ഭൂതം പുറമേനിന്നാണു വന്നതു്, എൻെറ ഉള്ളിൽ നിന്നല്ല" എന്നു ഞാൻ പിന്നേയും പറയുന്നു. എൻെറ പ്രസ്താവം നിങ്ങൾ വിശ്വസിക്കണമെന്നില്ല. പക്ഷേ നിങ്ങൾ കൊണ്ടുവരുന്ന തെളിവുകൾ അസംഗതമാണെന്നാണ് എനിക്കു പറയുവാനുള്ളതു്. എൻെറ പ്രസ്താവവും നിങ്ങളുടെ തെളിവുകളും രണ്ടുവഴിക്കാണ്. ഞാൻ അതു വിശ്വസിക്കുന്നു; നിങ്ങൾ അതു വിശ്വസിക്കുന്നില്ല. ഞാൻ അതു യുക്തിയുക്തമായി സമർത്ഥിക്കുന്നില്ല; നിങ്ങൾ അതു യുക്തിയുക്തമായി നിഷേധിക്കുന്നതുമില്ല.

ആദിമകാലം മുതല്ക്കേ ക്രിസ്ത്യാനികളുടെ പ്രധാന മതാചാരത്തിനും യാഗത്തിനും നിദാനമായിട്ടുള്ളതും, ക്രിസ്തുമാൎഗ്ഗത്തിൽനിന്നു ഭൂരിപക്ഷം ജനങ്ങൾ വ്യതിചലിച്ചിട്ടും കത്തോലിക്കാസഭ എന്നും അതിൻെറ മഹനീയമായ ദിവ്യപൂജയ്ക്കു കാതലായി കരുതുന്നതുമായ ആ മൌലികരഹസ്യത്തെപ്പററിയുള്ള വിവാദവും മേല്പറഞ്ഞതുപോലെയാണ്.

ഒന്നുകിൽ ഒരാൾ അതു വിശ്വസിക്കുന്നു; അല്ലെങ്കിൽ അതു വിശ്വസിക്കുന്നില്ല. അതു് അതീന്ദ്രിയവും അനുഭവാതീതവുമാണെങ്കിലും ഒരാൾ അതു വിശ്വസിക്കുന്നു; അതു് അതീന്ദ്രിയവും അനുഭവാതീതവുമായതുകൊണ്ടു മറെറാരാൾ അതു വിശ്വസിക്കുന്നില്ല. എന്നാൽ ഭൌതികപരീക്ഷണംകൊണ്ട് ഇരുവൎക്കും യാതൊരു പ്രയോജനവുമില്ല.

# V.

# കത്തോലിക്കാസഭയും മാനവശാസ്ത്രവും.

കത്തോലിക്കാപ്രമാണവും പരിനിഷ്ഠിതമായ ശാസ്ത്രതത്വങ്ങളും തമ്മിലുള്ള കല്പിതസമരത്തിൽ കേവലം ഭൌതികമായ ശാസ്ത്രത്തിൽപെടാത്ത ചില സംഗതികളുണ്ട്. ഇവയുടെ നിദാനം ജീവിശാസ്ത്രവും മാനവശാസ്ത്രവുമാണ്. ജീവികളുടേയും വിശിഷ്യ, മനുഷ്യൻെറയും സ്വഭാവവും പ്രവൃത്തികളും മനുഷ്യരുടെ മതപരമായ ആചാരങ്ങളും പരിശീലനങ്ങളുമാണ പ്രസ്തുത ശാസ്ത്രങ്ങൾക്കു വിഷയീഭവിക്കുന്നതു്.

ഈ വിഭാഗത്തിൽ, സാധാരണ കേൾക്കമാറുള്ള രണ്ടു മുഖ്യദൃഷ്ടാന്തങ്ങൾ ഞാൻ പരിശോധിക്കാം:—(1) ജീവിശാസ്ത്രവും ആത്മാവിൻെറ അനശ്വരത്വത്തെപ്പററിയുള്ള കത്തോലിക്കാപ്രമാണവും തമ്മിൽ ആരോപിക്കപ്പെടുന്ന സമരം; (2) കത്തോലിക്കരുടെ ക്രൂദാശക്രമങ്ങളുടെ മൂലം ദൈവികമാണെന്നുള്ള പ്രസ്താവവും ഇവയേപ്പോലുള്ള ആചാരങ്ങളും ആശയങ്ങളും മനുഷ്യചരിത്രത്തിൽ ചിതറിക്കിടപ്പുണ്ടെന്നുള്ള പ്രസ്താവവും തമ്മിൽ കല്പിക്കപ്പെടുന്ന വൈരുദ്ധ്യം.

ആത്മാവിൻെറ അനശ്വരത്വവും ജീവിശാസ്ത്രവും തമ്മിലുള്ള കല്പിതവൈരുദ്ധ്യം രണ്ടാമത്തേതിനോളം പ്രധാനമല്ല. താരതമ്യേന ചുരുക്കം ചില ആളുകൾ മാത്രമേ ഈ സമരത്തിൽ വിശ്വസിക്കുന്നുള്ളൂ. ഇതു

വിശദീകരിപ്പാൻ എളുപ്പമുണ്ട്. അതുകൊണ്ട് ആദ്യം ഇതുതന്നെ പരിശോധിക്കാം. എന്നാൽ ഇക്കാലത്തുള്ള പലേ വ്യത്ഥസംശയങ്ങളുടെ ഒരു മാതൃകയാണ് ഇതെന്നു നാം ഓക്കേണ്ടതാണ്.

## ഒരു സന്ദേഹമാതൃക.

ആത്മാവിൻെറ അനശ്വരത്വത്തെപ്പററിയുള്ള കത്തോലിക്കാപ്രമാണം ദീഘമായി നിവ്വചിക്കണമെന്നില്ല. മിക്ക അകത്തോലിക്കക്കും അതു സുപരിചിതമാണ്. അവർ അതു വിശ്വസിക്കുന്നില്ലെന്നിരുന്നാലും അതു വിശ്വസിക്കുന്നവരുടെയിടയിലാണ് അവർ ജനിച്ചുവളന്നതു്. അതു വിശ്വസിക്കുന്നവരായിരിക്കാം ഒരുപക്ഷേ അവരെ വളത്തിക്കൊണ്ടുവന്നതു്. പതിനാറാം നൂററാണ്ടിലെ മതപരിവത്തനത്തിൽ ക്രിസ്തീയലോകം ഛിന്നാഭിന്നമായതിനുശേഷവും പ്രബലമായിരുന്നിട്ടുള്ള ഏക കത്തോലിക്കാപ്രമാണം ഇതാണെന്നു പറയാം മനുഷ്യശരീരത്തിൽ പ്രബുദ്ധമായ ഒരു ആത്മാവുണ്ടെന്നുള്ളതാണു പ്രമാണത്തിൻെറ ചുരുക്കം. ആത്മാവും ശരീരവും കേവലം ഭിന്നമായിട്ടല്ല സ്ഥിതിചെയ്യുന്നതു്. മനുഷ്യൻ മനുഷ്യനാവണമെങ്കിൽ അവ രണ്ടും സംയോജിച്ചേ മതിയാവൂ. എന്നാൽ അവയിലൊന്നായ ആത്മാവിനു ശരീരം കൂടാതെ തന്നെ ജീവിക്കുവാൻ സാധിക്കും. പക്ഷേ, സ്വൎഗ്ഗീയാനന്ദത്തിൽപോലും, മനുഷ്യത്വം പൂണ്ണമാവണമെങ്കിൽ ഇവ രണ്ടും ഒടുവിൽ സംയോജിക്കുകതന്നെ വേണം. ഈ തത്വം (ശരീരത്തിൻെറ പുനരുത്ഥാനമെന്ന) മറെറാരു പ്രമാണത്തിൽ അടങ്ങിയിരിക്കുന്നു. തല്ക്കാലം നമുക്കു് ഇതിനെപ്പററി

പ്രതിപാദിക്കേണ്ട ആവശ്യമില്ല. ഇവിടെ നമുക്കു പര്യാലോചിക്കുവാനുള്ളതു് എന്തെന്നാൽ:— ശരീരം അതിൻെറ വ്യാപാരങ്ങളിൽനിന്നു വിരമിച്ചു നിർജ്ജീവമാകയും മററു അവയവികളേപ്പോലെ ജീർണ്ണാവസ്ഥയെ പ്രാപിക്കുകയും ചെയ്യുമ്പോഴും അതിൽ കുടികൊണ്ടിരുരുന്ന പ്രബുദ്ധമായ ആത്മാവു ജീവിച്ചുകൊണ്ടേയിരിക്കുന്നു. ഇതിൻെറ വ്യക്തിത്വം നശിച്ചുപോകുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ നിങ്ങളും ഞാനും മരണാനന്തരം ജീവിച്ചിരിക്കും.

എന്നാൽ മനുഷ്യൻെറ പ്രവൎത്തനോപകരണം ശരീരമാണെന്നുള്ള തത്വം അവൻ ഈദൃശവിഷയങ്ങളെപ്പററി ചിന്തിക്കുവാൻ തുടങ്ങിയ നാൾമുതൽ സമ്മതിക്കപ്പെട്ടിട്ടുള്ളതും ഏതു രേഖയേക്കാളും പ്രാചീനവുമായ ഒരു ശാസ്ത്രീയതത്വമാണ്. മനുഷ്യൻെറ വിഭാവനം, മനസ്സ്, ഇന്ദ്രിയദ്വാരാ വിഷയഗ്രഹണം ചെയ്യാനുള്ള ശക്തി, സ്മരണ, വാഗ്രൂപേണ ആശയങ്ങൾ പ്രകാശിപ്പിക്കുവാനും അവയെപ്പററി അനുമാനങ്ങൾ ചെയ്യാനുമുള്ള വൈഭവം, എന്നിവയെല്ലാം ഭൂതാത്മകമായ ഈ ശരീരത്തോടു സംബന്ധിച്ചിരിക്കുന്നുവെന്നു തന്നെയല്ല, അവ ശരീരത്തിൽനിന്നു വിഭിന്നമല്ലെന്നുപോലും സാമാന്യാനുഭവം നമ്മെ ഉപദേശിക്കുന്നു. നിങ്ങൾ ഒരാളിൻെറ തലയ്ക്കു് ഒരടികൊടുത്തു് ആയാളെ ബോധംകെടുത്തിയാൽ, ആദ്ധ്യാത്മികവ്യാപാരങ്ങളെന്നു നാം സാധാരണ വിളിക്കാറുള്ള ചേഷ്ടകളെല്ലാം അസ്തമിക്കും. തലയ്ക്കു ലഘുവായ ഒരു പരുക്കാണു സംഭവിച്ചതെങ്കിൽ, ഈ ചേഷ്ടകളിൽ ഒന്നോ രണ്ടോ നഷ്ടമായി

പ്പോയേക്കും; ദൃഷ്ടാന്തമായി, സ്മരണാശക്തി തീരെ നശിച്ചുവെന്നു വരാം. ശരീരത്തിനു തട്ടുന്ന ഉപദ്രവങ്ങളോരോന്നും മാനസികശക്തികളെയെല്ലാം, അല്ലെങ്കിൽ അവയിലൊന്നിനെ, ബാധിക്കാതിരിക്കുകയില്ല. ശരീരം ക്ഷയിക്കുന്നതോടെ അവയും ക്ഷയിക്കുന്നു. ഇങ്ങനെ നമ്മുടെ സാമാന്യാനുഭവത്തെ മാനദണ്ഡമായി കല്പിക്കുന്നപക്ഷം, ശരീരം നശിക്കുന്നതോടെ ആദ്ധ്യാത്മികമെന്നു വിളിക്കപ്പെടുന്ന വ്യാപാരങ്ങളും നശിക്കുമെന്നു തോന്നും.

## അതിപ്രാചീനം.

നാം മുമ്പു പരിശോധിച്ച യഥാൎത്ഥ സന്നിഹിതിയിലെന്നപോലെ ഇവിടേയും കത്തോലിക്കാപ്രമാണത്തിന്നെതിരായി നില്ക്കുന്നത് ഇയ്യിടെ തെളിയിക്കപ്പെട്ട ശാസ്ത്രീയതത്വമല്ല, പ്രത്യുത, അതിപ്രാചീനമായ ഒരു ശാസ്ത്രീയതത്വമാകുന്നു.

ഭൌതികവസ്തുവിൻെറമേലുള്ള ആദ്ധ്യാത്മികാധിപത്യം നിഷേധിക്കുന്ന പലരും ആദിമകാലംതൊട്ട് ഇന്നേവരെ ഉണ്ടായിട്ടുണ്ട്. അപ്രകാരം തന്നെ, ആദ്ധ്യാത്മികമെന്നു വിളിക്കപ്പെടുന്ന വ്യാപാരങ്ങൾ ശരീരത്തിൻെറ പ്രേരണയോ സഹകരണമോ (അല്ലെങ്കിൽ ചില ഉല്പതിഷ്ണുക്കൾ പറയുന്നതുപോലെ) ഉൽപാദനമോ കൂടാതെ സംഭവിക്കുകയില്ലെന്നു വിശ്വസിച്ചിരുന്ന അനേകം പേർ എല്ലാക്കാലങ്ങളിലുമുണ്ടായിരുന്നു. ആത്മാവിൻെറ അനശ്വരതത്വത്തെപ്പററിയുള്ള പ്രമാണവും യഥാൎത്ഥ സന്നിഹിതിയെക്കുറിച്ചുള്ള പ്രമാണവും തമ്മിൽ ഒരു വ്യത്യാസമുണ്ട്. യഥാൎത്ഥ സന്നിഹി

തിയിൽ വിശ്വസിക്കണമെങ്കിൽ, ചരിത്രത്തിൽ ചില അപൂർവ്വമായ അത്ഭുതങ്ങൾ നടന്നിട്ടുണ്ടെന്നു വിശ്വസിക്കണം. • ഈ പ്രമാണത്തിന്ന് ആധാരമായി ബാഹ്യമായ യാതൊരു തെളിവുമില്ല. എന്നാൽ ആത്മാവു ശരീരാപേക്ഷകൂടാതെ ജീവിക്കുമെന്നുള്ളതിനു പരിനിഷ്ഠിതമായ അനവധി കാര്യങ്ങളുണ്ട്. മനുഷ്യർ മൃതരായവരെ വീണ്ടും ദർശിച്ചതായും അവരിൽനിന്നു സന്ദേശങ്ങൾ ലഭിച്ചതായും ആദിമകാലം മുതല്ക്കേ സാക്ഷ്യങ്ങളുണ്ട്. എന്നുമാത്രമല്ല, മരണാനന്തരം ജീവിതം തുടരുമെന്നും മരിച്ചുപോയവർ ഒരു പാരത്രികജീവിതം നയിക്കുന്നുണ്ടെന്നും മനുഷ്യരുടെ അന്തരംഗത്തിൽ ഒരു വിശ്വാസം വേരൂന്നിയിട്ടുമുണ്ട്. ശവസംസ്കാരകർമ്മങ്ങളും പ്രാർത്ഥനകളും അത്ഭുതദർശനങ്ങളെപ്പററിയുള്ള ആഖ്യാനങ്ങളും മരണാനന്തരജീവിതത്തെക്കുറിച്ചുള്ള വിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നു.

### ഒരു വിശ്വാസസിദ്ധാന്തം.

ഇത്തരം തെളിവുകൾ വെറും വ്യാമൂഢസങ്കല്പങ്ങളാണെന്നു മറുപടി പറയാവുന്നതാണ്. പക്ഷേ ആത്മാവിൻെറ അമരത്വത്തെപ്പററിയുള്ള പ്രമാണം ഈ വക തെളിവുകളെയല്ല ആശ്രയിച്ചിരിക്കുന്നതു്. അതിൻെറ യുക്തിപരമായ അടിസ്ഥാനം ബുദ്ധിക്കു സാമാന്യസങ്കല്പങ്ങൾ രൂപവൽക്കരിക്കുകയും താരതമ്യം ചെയ്യുകയും ചെയ്വാൻ സാധിക്കുമെന്നും ഈ സങ്കല്പങ്ങൾ ഭൌതികവസ്തുക്കളിൽനിന്നു സ്വതന്ത്രമാണെന്നു നമുക്കു ബോധപ്പെട്ടുന്നുണ്ടെന്നുമുള്ളതാണ്. എന്നാൽ ഇതും ആത്മാവിൻെറ അനശ്വരത്വത്തെ സ്വയമേവ തെളിയിക്കു

ന്നില്ല; ആത്മാവും ശരീരവും വ്യത്യസ്തമാണെന്നു മാത്രമേ ഇതിൽനിന്നു സിദ്ധമാവുന്നുള്ളു. ആത്മാവു മരണത്തെ അതിജീവിക്കുമെന്നുള്ള സങ്കല്പം കത്തോലിക്കാസഭയ്ക്കു പുറമേയും അസാധാരണമല്ല. എന്നാൽ ഒരു കത്തോലിക്കാപ്രമാണമെന്ന നിലയിൽ അതു വിശ്വാസത്തിലാണു് അടിയുറച്ചിരിക്കുന്നതു്; യുക്തിക്കു വിധേയമായ പ്രസ്പഷ്ടസംഗതികളിലൊന്നല്ല. ഒരു ഗണിതതത്വത്തേയോ നമ്മുടെ ദൈനംദിനാനുഭവത്തിൽപ്പെട്ടുന്ന പ്രകൃതിതത്വത്തേയോ നിഷേധിക്കുന്ന ഒരാൾ തന്റെ യുക്തി ബലികഴിക്കുകയാണു ചെയ്യുന്നതെന്നു പറയാം. എന്നാൽ അനശ്വരത്വം നിഷേധിക്കുന്ന ഒരാളെപ്പററി അങ്ങനെ പറയാവുന്നതല്ല.

വേറൊരുവിധത്തിൽ പറഞ്ഞാൽ, കത്തോലിക്കാമതത്തിലെ ഇതരപ്രമാണങ്ങൾപോലെതന്നെ ഇതും, ഒരാൾ സ്വമനസ്ഥിതിയനുസരിച്ചു സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്ന ഒന്നാണു്. ആത്മാവിന്റെ അനശ്വരത്വം എത്രതന്നെ അവിശ്വാസ്യമായിത്തോന്നിയാലും, അതു സങ്കല്പിക്കുവാൻ എത്രതന്നെ പ്രയാസമുണ്ടായിരുന്നാലും, കത്തോലിക്കാസഭയുടെ അധികാരം സമ്മതിക്കുന്ന ഒരാൾ ഈ പ്രമാണവും സമ്മതിക്കുന്നതാണു്. കത്തോലിക്കാസഭയുടെ അധികാരം സമ്മതിക്കാത്ത ഒരാൾക്കു് ഈ പ്രമാണം യഥേഷ്ടം സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. പക്ഷേ നമുക്കു് ഇവിടെ തീരുമാനിക്കേണ്ട വിഷയം ഇതല്ല. ആദ്ധ്യാത്മികമെന്നു വിളിക്കപ്പെടുന്ന വ്യാപാരങ്ങൾ ശരീരത്തെ അവശ്യം ആശ്രയിച്ചാണു സ്ഥിതിചെയ്യുന്ന

തെന്ന് ആധുനികകാലത്തു്—വിശേഷിച്ചും ഇയ്യിടെ—ഉണ്ടായിട്ടുള്ള ശാസ്ത്രീയഗവേഷണത്തിൽനിന്നു തെളിഞ്ഞിട്ടുണ്ടോ എന്നാണു വാദവിഷയം. ഇടക്കാലത്തുണ്ടായിട്ടുള്ള ശാസ്ത്രീയാന്വേഷണം വിപുലമാകുന്തോറും അനശ്വരത്വത്തെപ്പററിയുള്ള വിശ്വാസം കുറഞ്ഞുവരാനേ സംഗതിയുള്ളൂ എന്നുണ്ടോ.?

ശാസ്ത്രജ്ഞാനത്തിൻെറ അഭിവൃദ്ധിനിമിത്തം അങ്ങനെയൊരു ഫലം ഉളവാകയില്ലെന്നു നിസ്തൎക്കമാണു്. എന്തുകൊണ്ടെന്നാൽ, പുരാതനകാലം മുതല്ക്കേ സ്ഥാപിതമായിട്ടുള്ള തത്വങ്ങളിൽനിന്നു വിശേഷവിധമായ യാതൊരു വ്യത്യാസവും ഇന്നു കണ്ടുപിടിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾക്കില്ല. ഇന്നത്തെ കണ്ടുപിടിത്തം പുരാതനതത്വങ്ങളെ ഒന്നുകൂടി ആവൎത്തിക്കുന്നുവെന്നേയുള്ളൂ. ഇനം ഒന്നുതന്നെ; തോതിൽ മാത്രമേ വ്യത്യാസമുള്ളൂ.

ദൃഷ്ടാന്തമായി, ഏതെങ്കിലുമൊരു ആദ്ധ്യാത്മികവ്യാപാരം ശരീരത്തിൻെറ ഒരു പ്രത്യേകചേഷ്ടയോടൊ തലച്ചോറിൻെറ ഒരു പ്രത്യേകവിഭാഗത്തോടോ സംഘടിതമാണെന്നു കണ്ടുപിടിക്കുന്നുവെന്നിരിക്കട്ടെ. ഇങ്ങനെ, ഒന്നല്ല, അഞ്ഞൂറുബന്ധങ്ങൾ ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടുന്നുണ്ടെന്നും കരുതുക. ഒരു നൂററാണ്ടിനുമുമ്പു് ഇതുപോലെയുള്ള ഏതാനും ബന്ധങ്ങൾ മാത്രമേ ജ്ഞാതമായിരുന്നുള്ളൂ. പല നൂററാണ്ടുകൾക്കു മുമ്പു് ഒരു ബന്ധം മാത്രമേ സുവിദിതമായിരുന്നുള്ളൂ. എന്നാൽ ഈ ബന്ധങ്ങളിൽ അന്തൎഭവിച്ചിരിക്കുന്ന തത്വം, മാനസികവ്യാപാരം തലച്ചോറിനോടു ഗാഢസംപൃക്തമാണെന്നു മാത്രമാണു്. അഞ്ഞൂറു ബന്ധങ്ങളും, ഏതാനും ബന്ധങ്ങളും,

ഒരു ബന്ധവും, എല്ലാം ഒരേതരത്തിലുള്ളതാണ്. ബന്ധങ്ങളുടെ എണ്ണം വാദത്തിൻെറ ശക്തിയെ വദ്ധിപ്പിക്കുന്നില്ല. വാദം എപ്പോഴും ഇതൊന്നുമാത്രമാണ്—ശരീരത്തിനു സംഭവിക്കുന്ന അവശതകൾ മാനസികവ്യപാരത്തിനും ബാധകമാണെന്ന്.

അല്ലെങ്കിൽ, ഇന്നത്തെ രസതന്ത്രശാസ്ത്രത്തിൻെറ പ്രയോഗത്താൽ നിമ്മിക്കപ്പെട്ടതും ആധുനികശാസ്ത്രത്തിൻെറ ആഗമനത്തിനു മുമ്പ് അജ്ഞാതമായിരുന്നതുമായ ഒരു ദ്രാവകം മനുഷ്യചിത്തത്തെ ഇന്നവിധത്തിൽ ബാധിക്കുമെന്നോ സ്മരണാശക്തിയെ കെടുത്തുമെന്നോ വിവേകത്തെ ഹനിക്കുമെന്നോ നിരന്തരപരീക്ഷണത്തിൽനിന്ന് ഒരാൾ കണ്ടുപിടിക്കുന്നുവെന്നു വിചാരിക്കുക. അനേകായിരം കൊല്ലങ്ങൾക്കുമുമ്പ് ഏതാദ്ദശഫലങ്ങൾതന്നെ ഒരു സസ്യം കൊണ്ടു സാധിച്ചിരുന്നു. ആത്മാവിൻെറ സ്വതന്ത്രജീവിതത്തേയും അനശ്വരത്വത്തേയും കുറിച്ചുള്ള വാദത്തിൽ ഇന്നത്തെ ദ്രാവകത്തിനു പണ്ടത്തെ സസ്യത്തേക്കാൾ എന്തു മെച്ചമാണുള്ളതു്? വാദരംഗത്തിൽ ദ്രാവകവും സസ്യവും ഒന്നുപോലെ പ്രധാനമോ അപ്രധാനമോ ആണ്.

ആധുനികശാസ്ത്രാഭിവൃദ്ധിയിൽ മതിമയങ്ങിയിരിക്കുന്ന ആളുകൾ ഈ വിഷയത്തിൽ ഒരു യുക്തിഭംഗത്തിനു വിധേയമായിട്ടാണു കാണപ്പെടുന്നതു്. അവർ വിചാരിക്കുന്നതു യുക്തി മുഴുവനും തങ്ങളുടെ ഭാഗത്താണെന്നും എതിരാളികളുടെ നില അയുക്തികമാണെന്നുമത്രെ. പക്ഷേ വാസ്തവം നേരേമറിച്ചാണ്. കണ്ടുപിടിത്തം നൂതനമായതുകൊണ്ടും അതു ആധുനികലോക

ത്തിൻെറ അഭിമാനഹേതുവായ ശാസ്ത്രീയാഭിവൃദ്ധിയുടെ ഒരംശമായതുകൊണ്ടും, ഈ ജനത്തിൽ തന്നെയുള്ള പൂവ്വജ്ഞാനത്തേക്കാളധികം അവർ ജനത്തെ കണ്ടു പിടിത്തം ബഹുമാനിക്കുന്നു. ഒരാൾ ഇങ്ങനെ പറയുന്ന വെന്നു വിചാരിക്കുക:- "മദ്യം അധികം സേവിച്ചാൽ ബുദ്ധിക്ക് ഇളക്കം തട്ടുമെന്നു എല്ലാക്കാലത്തും സുജ്ഞാതമായിരുന്നുവെന്നതു ശരിതന്നെ. പക്ഷേ ഈയ്യിടെ കണ്ടുപിടിച്ചിട്ടുള്ള ഒരു പുതിയ ദ്രാവകം ബുദ്ധിക്ക് ഒരു പ്രത്യേകവിധത്തിൽ ഇളക്കം വരുത്തുമെന്നു തെളിഞ്ഞിരിക്കുന്നു. അതുകൊണ്ടു ബുദ്ധി എന്നു പറയപ്പെടുന്നതുതന്നെ ഒരു ഭൌതികശക്തിയാണെന്നും ശരീരത്തോടുകൂടി അതു നശിച്ചുപോകുമെന്നും നമുക്ക് ഇക്കാലത്തു തീച്ചപ്പെടുത്താവുന്നതാണ്." ഇതു ലക്ഷ്യം കൂടാത്ത വത്തമാനമാണ്. ഇങ്ങനെ പറയുന്ന ആൾ, താൻ ചരിക്കുന്ന യുക്തിപഥമേതാണെന്ന് ആലോചിച്ചിട്ടുണ്ടാവുകയില്ല. ആയാളുടെ ചിന്താഗതി ക്ലിപ്തമായി രേഖപ്പെടുത്തുകയാണെങ്കിൽ അതിൻെറ സ്ഖാലിത്യം ആയാൾക്ക് ഉടനെ മനസ്സിലാകും. ആയാൾ പറയുന്നതിൻെറ താല്പര്യം ഇതാണ്:- "ബി. യുടെ കാരണം ഏ. ആണെന്ന് എന്നും സവ്വസമ്മതമായിരുന്നു. എന്നാൽ ഇന്നും ബിയുടെ കാരണം ഏ. ആയതു കൊണ്ടു് അതിനെപ്പററി കൂടുതൽ വിശ്വാസദാർഢ്യമുണ്ടു്."

മദ്യത്തിൻെറ ഫലത്തെക്കുറിച്ചു നമ്മുടെ പൂവ്വന്മാക്കും, ഗദകൊണ്ടു തലയ്ക്കു് ഒരടി അടിക്കുന്നതിൻെറ ഫലത്തെപ്പററി അവരേക്കാൾ പ്രാചീനരായിരുന്നവക്കും ഉണ്ടായിരുന്ന ജ്ഞാനത്തേക്കാൾ ഒട്ടും അധികമല്ല ഇ

ന്നുള്ള വക്ക ദ്രാവകത്തിന്റെ ഫലത്തെക്കുറിച്ചുള്ള ജ്ഞാനം. വാദം അന്നുമിന്നും അഭേദമായി സ്ഥിതിചെയ്യുന്നു. ഒരേ ഇനത്തിലുള്ള തെളിവുകൾ എത്രതന്നെ വൎദ്ധിച്ചാലും, വാദത്തിനു യാതൊരു അന്തരവുമുണ്ടാകയില്ല.

## ഒരു ഉപമാനം.

ഒരു ഉപമാനത്തോടേ പ്രകൃതം സമാപിക്കാം. വടക്കേ ആഫ്റിക്കയിൽ ഒരു തടാകമുണ്ട്. അതിലേ വെള്ളത്തിനു കടൽവെള്ളത്തിന്റെ സ്വാദാണുള്ളത്. പക്ഷേ അതിനു കടലിനോടു ദൃശ്യമായ യാതൊരു ബന്ധവുമില്ല. രണ്ടുപേർ ഈ തടാകത്തിന്റെ ഉത്ഭവത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നു. ഒന്നാമന്റെ വാദം ഇങ്ങനെയാണ്:- "മുമ്പ് ഇവിടമെങ്ങും കടലായിരുന്നു. കടൽ പിൻവാങ്ങുകയും ഭൂമി ക്രമേണ നികന്നുവരികയും ചെയ്തതുകൊണ്ടാണ് ഈ വെള്ളം ഇവിടെ കാണുന്നത്. അല്ലെങ്കിൽ ഇതിലേ വെള്ളം കടൽവെള്ളമാവുകയില്ലല്ലോ." ഇതിനു രണ്ടാമൻ ഇങ്ങനെ മറുപടി പറയുന്നു:- "അങ്ങനെയല്ല, ഈ വെള്ളം കടൽവെള്ളംപോലെയാണെന്നു ഞാനും സമ്മതിക്കുന്നു. പക്ഷേ പുറത്തുള്ള കടലിൽ നിന്നല്ല ഇതു വന്നത്, ഇതിലുള്ള ഉപ്പു, കടലിലേ ഉപ്പുപോലെ തന്നെ. ഉപ്പുള്ള നദീജലം ഇടവിടാതെ വീഴുന്നതുകൊണ്ടും ശുദ്ധജലം കാലാന്തരത്തിൽ നീരാവിയായിപ്പോയതുകൊണ്ടും ഉണ്ടായതാണ്." ഇതിനു മറുപടിയായി ഒന്നാമൻ തടാകത്തിൽ നിന്നു കുറെ വെള്ളമെടുത്തു സൂക്ഷ്മമായി വിശകലനം ചെയ്ത് ഇന്നാത്തെ രസതന്ത്രപരീക്ഷണങ്ങൾ കൊണ്ട് അതു കടൽവെള്ളമാണെന്നു തെളിയിക്കുവാൻ പുറപ്പെടുകയാ

ണെങ്കിൽ, അവൻെറ വാദം ഒരടിപോലും മുമ്പോട്ടു നീങ്ങുമോ? അതുകടൽ വെള്ളം പോലെയാണെന്നു രണ്ടാമനും സമ്മതിക്കുന്നുണ്ട്. പക്ഷേ ആയാൾ വേറൊരു കാരണമാണ് ആരോപിക്കുന്നതെന്നു മാത്രമേ വ്യത്യാസമുള്ളൂ. ആയാൾ സമ്മതിക്കുന്ന കാര്യം പിന്നെയും വിശദീകരിക്കുവാൻ തെളിവുകൾ കൊണ്ടുവരുന്നതിൻെറ പ്രയോജനമെന്തു?

## മാനവശാസ്ത്രം.

ഇനി, ആധുനികകാലത്തിലെ മാനവശാസ്ത്രം കത്തോലിക്കാപ്രമാണങ്ങൾക്കു വിരുദ്ധമാണെന്നുള്ള രണ്ടാമത്തെ വാദത്തിലേക്കു നമുക്കു പ്രവേശിക്കാം.

കത്തോലിക്കരുടെ ക്രൂദാശക്രമം മനുഷ്യനിമ്മിതമാണെന്നും അതിനു യാതൊരു ഈശ്വരാനുമതിയുമില്ലെന്നുമുള്ള മാനവശാസ്ത്രവാദം അബദ്ധമാണെങ്കിലും, അതു് ആത്മാവിൻെറ അനശ്വരത്വത്തെപ്പററിയുള്ള അനാത്മവാദത്തേക്കാൾ ബലവത്തരവും ബഹുമാനാർഹവുമാണ്. ഒന്നാമതായി, ഈ വാദത്തിന്നാസ്പദമായ ശാസ്ത്രീയഗവേഷണവും അതിനെ പ്രബലപ്പെടുത്തുന്ന ജ്ഞാനാഭിവൃദ്ധിയും തീച്ച്യയായും അധുനാതനമാണ്. അത്രതന്നെയല്ല, അതിൻെറ പ്രത്യക്ഷമായ യുക്തിവിശേഷം മനസ്സിനെ ഹഠാദാകഷിക്കുകയും ചെയ്യും. അതിനുള്ള എതിർവാദം കേൾക്കുന്നതിനുമുമ്പു മിക്കപേരും അതിൻെറ അജയ്യമായ ശക്തിക്കു കീഴടങ്ങാതിരിക്കുകയില്ല.

മാനവശാസ്ത്രത്തിൽനിന്നുള്ള ഈ വാദം ഇങ്ങനെ സംക്ഷേപിക്കാം:— നാനാദേശങ്ങളിലും പല

കാലങ്ങളിലും മനുഷ്യൻ തൻെറ മതപരമായ അഭിനിവേശവും ഭയവും പ്രദശിപ്പിച്ചിട്ടുള്ളതായി ലക്ഷ്യങ്ങളുണ്ട്. അവൻ ആരാധിക്കുന്ന അദൃശ്യശക്തികളോടു സമ്പക്കം സമ്പാദിപ്പാൻ അവൻ പ്രയോഗിച്ചിട്ടുള്ള സമ്പ്രദായങ്ങളിൽ ചിലതു കത്തോലിക്കരുടെ ക്രൂദാശക്രമത്തിൽ നിന്ന് ഒട്ടും ഭിന്നമല്ല. അവയിൽ പലതും കത്തോലിക്കരുടെ സംസ്കാരകമ്മങ്ങളോടു സാദൃശ്യം വഹിക്കുന്നുണ്ട്. മതരഹസ്യങ്ങളിൽ പ്രവേശിപ്പാനും പാപത്തിൽ നിന്നു മോചനം ലഭിപ്പാനും അന്യാപദേശകമായ പല കമ്മങ്ങളും അവൻ നടത്തിയിട്ടുണ്ട്. മനുഷ്യനിമ്മിതവും സവ്വസാധാരണവുമായ ഇത്തരം കമ്മങ്ങളിലൊന്നാണു കത്തോലിക്കരുടെ അദ്ധ്യാത്മസ്നാനം എന്ന 'ക്രൂദാശ'. മനുഷ്യർ പവിത്രഭോജനം എന്ന ആചാരം ഏപ്പെടുത്തുകയും ഭൌതികവസ്തുക്കളിൽ ഈശ്വരാവേശം ആരോപിക്കുകയും, പുരാവൃത്താന്വേഷകന്മാർ 'പാപഭോജനം' എന്നു വിളിക്കുന്ന സമ്പ്രദായം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വിശുദ്ധ ഭോജനംവഴി അവർ അശരീരികളുമായി ആത്മീയസമ്പക്കം തേടിയിട്ടുണ്ട്. കത്തോലിക്കരുടെ കുബ്ബാന എന്ന സംസ്കാരകമ്മം മനുഷ്യനിമ്മിതവും സവ്വസാധാരണവുമായ ഇത്തരം മൂഢാചാരങ്ങൾക്കു മറെറാരു ദൃഷ്ടാന്തം മാത്രമാകുന്നു.

ഈ വാദത്തിൽ പറയുന്ന സംഭവങ്ങൾ പരിപൂണ്ണമായി സമത്ഥിക്കപ്പെട്ടിട്ടുള്ള ശാസ്ത്രീയവസ്തുതകളാകുന്നു. ഇവയ്ക്കുപുറമെ ചില അനിശ്ചിതമായ അഭ്യൂഹങ്ങളും അതിലുണ്ട്. ഈ അഭ്യൂഹങ്ങൾ ശാസ്ത്രീയതത്വങ്ങളല്ല. ദൃഷ്ടാന്തമായി, ക്രൂദാശകളെപ്പററിയുള്ള സങ്കല്പങ്ങൾ, വികാസം

പ്രാപിക്കാത്ത പ്രാചീനബുദ്ധിയിലാണ്, വികസിതമായ പരിഷ്കൃതബുദ്ധിയിലെന്നതിനേക്കാൾ രൂഢമൂലമായിരിക്കുന്നതെന്നൊരു അഭ്യൂഹമുണ്ട്. (ഒരു കൂട്ടരെ പ്രാകൃതരെന്നും മററവരെ പരിഷ്കൃതരെന്നും വിളിക്കുന്നതുതന്നെ യുക്തികൊണ്ടു സമത്ഥിക്കേണ്ട ഒരു കാര്യമാണ്.) സംസ്കാരകമ്മങ്ങൾ കൊയ്ത്തുകാലത്തിൻെറ അനുസ്മരണങ്ങളാണെന്നും മററുമുള്ള അഭ്യൂഹങ്ങൾ വേറെയുമുണ്ട്. ഇവയൊന്നും നമുക്കിവിടെ പര്യാലോചിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ: ശാസ്ത്രീയമെന്നു വിളിക്കപ്പെടുന്ന മററു പലേ പ്രസ്താവങ്ങളെപ്പോലെ, ഇവയും അപ്പൊഴപ്പോൾ പൊട്ടിപ്പുറപ്പെടുകയും ഓരോന്നായി ക്ഷയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇവയ്ക്കു ശാസ്ത്രീയമായ സാധുതയില്ല. എന്നുമാത്രമല്ല, ഇവയ്ക്കു വിവാദവിഷയത്തോടു ഗാഢമായ യാതൊരു ബന്ധവുമില്ല. വിവാദവിഷയം ഇതാണ്:— "കത്തോലിക്കരായ നിങ്ങൾ നിങ്ങളുടെ ക്രിയാശക്രമം വിശേഷതരത്തിലുള്ളതും ദൈവത്താൽ സ്ഥാപിതവും ദിവ്യഫലോൽപാദകവുമാണെന്നു പറയുന്നു. എന്നാൽ പിന്നെ എങ്ങനെയാണ്, ഇന്നത്തെ ശാസ്ത്രീയാന്വേഷണത്തിൽ നിങ്ങളുടെ ക്രിയാശകൾക്കു സദൃശമായി, മനുഷ്യനിമ്മിതങ്ങളും പണ്ടും ഇന്നും മിക്കവാറും എല്ലായിടത്തും വ്യാപിച്ചിരിക്കുന്നവയുമായ മതാചാരങ്ങൾ സവ്വത്ര കണ്ടെത്തിയിരിക്കുന്നത്?"

ഈ സാദൃശ്യങ്ങളെപ്പററി യാതൊരു ഗന്ധവുമില്ലാതെ, കത്തോലിക്കാ ക്രിയാശക്രമത്തിൽമാത്രം വിശ്വസിച്ചു വളന്നിട്ടുള്ളവർ ഇവയെപ്പററി ആദ്യമായി കേൾക്കു

മ്പോൾ, ഞാൻ ഇപ്പോൾ ഉദ്ധരിച്ച ചോദ്യം അവരുടെ ഹൃദയത്തെ ഗാഢഗാഢം സ്പർശിക്കാതിരിക്കുകയില്ല. അവരുടെ ആത്മഗതം ഇപ്രകാരമായിരിക്കും: "ഇതു ഞാൻ അറിഞ്ഞില്ലല്ലൊ. എൻെറ മതത്തിൻെറ പ്രത്യേകസ്വത്തായി ഞാൻ ഇതേവരെ കരുതിയിരുന്ന ക്രൂദാശകളുടെ ഉത്ഭവം ദൈവികമാണെന്ന് ഇനി ഞാൻ എങ്ങനെ വിശ്വസിക്കും?

**ആധുനികമെങ്കിലും കേവലം നൂതനമല്ല.**

ഈ വിവാദം തുടരുന്നതിനുമുമ്പ് ഒരു പ്രധാന സംഗതിയിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. കത്തോലിക്കാ ക്രൂദാശക്രമവും വിശിഷ്യ കുർബ്ബാന എന്ന ക്രൂദാശയും ഉത്ഭവത്തിങ്കൽ ദൈവികമാണെന്നുള്ള കത്തോലിക്കാസിദ്ധാന്തത്തിന്നെതിരായി മാനവശാസ്ത്രജ്ഞന്മാർ പ്രക്ഷേപിക്കുന്ന ഈ ആഗ്നേയാസ്ത്രം ആധുനികകാലത്തു പുറപ്പെട്ടതാണെങ്കിലും, അതു് ഇപ്പോൾ കേവലം നൂതനമാണെന്നു പറഞ്ഞുകൂടാ. ഇന്നത്തെ തലമുറയ്ക്കു മുമ്പുതന്നെ ഈ വാദത്തിൻെറ അന്തസ്സാരം സുജ്ഞാതമായിരുന്നു. ഏതാണ്ടു് ഒരു നൂററാണ്ടിനു മുമ്പും എന്നാൽ ഒന്നര നൂററാണ്ടിന്നിപ്പുറവുമായിട്ടാണ് ഈ വാദം ആദ്യം തലപൊക്കിയതു്. വാദം കേവലം നൂതനമല്ലാത്തതുകൊണ്ടു്, ഇന്ന് അതു കേൾക്കുന്നവർ സ്തബ്ധരായിപ്പോകയില്ല. കാലം അതിനെ പരീക്ഷിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ പരീക്ഷണത്തിൻെറ ഫലം വാദത്തിൽ കാണുകയും ചെയ്യാം. തെളിവുകളാൽ സമർത്ഥിതവും യുക്തികൊണ്ടു് അനുമാനം ചെയ്യപ്പെട്ടതുമായ ഒരു അഭിനവപ്രസ്താവം കാലത്തിനു വി

ധേയമാകുമ്പോഠം രണ്ടിലൊന്നു സംഭവിക്കും. ഒന്നുകിൽ അതു ജനങ്ങളുടെ മനസ്സിൽ വേരൂന്നി ക്രമേണ സാൎവ്വത്രികവും അപ്രതിരോദ്ധ്യവുമായി ഭവിക്കുന്നു. അതു കേഠംക്കേണ്ട താമസമേയുള്ളൂ അതിന്നു സാൎവ്വത്രികത്വം ലഭിക്കുവാൻ. അല്ലെങ്കിൽ അതു കാലപ്പഴക്കത്തിൽ ക്ഷയോന്മുഖമായിത്തീരുന്നു. നൂതനവസ്തു യഥാൎത്ഥമാണെങ്കിലും അതിനെ അപേക്ഷിച്ചുള്ള അഭ്യൂഹം അയഥാൎത്ഥമായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അതിൻെറ സ്ഖാലിത്യം തിരഞ്ഞു കണ്ടുപിടിക്കുവാൻ കാലം മനുഷ്യൎക്ക് അവസരം നൽകുന്നു.

### രണ്ടു ദൃഷ്ടാന്തങ്ങൾ.

ഭൂമിയുടെ ചലനത്തെപ്പററിയുള്ള സിദ്ധാന്തം കാലഗതിയിൽ സംഭവിക്കുന്ന ഫലത്തിന് ഉത്തമദൃഷ്ടാന്തമാണ്. നൂതനമായി കണ്ടുപിടിക്കപ്പെട്ട തത്വങ്ങളെ അടിസ്ഥാനമാക്കി നിൎമ്മിച്ച ഒരു യഥാൎത്ഥസിദ്ധാന്തമായിരുന്നു അതു്. അതു് ഒന്നാമതായി ആവിൎഭവിച്ചപ്പോഠം ജനങ്ങഠം സ്തബ്ധരായി. അതു ശക്തിപൂൎവ്വം പ്രതിഷേധിക്കപ്പെട്ടു. ലൂത്തർ പ്രഭൃതികഠംക്കു അതൊരു ദൈവദ്രോഹമായിട്ടാണു തോന്നിയതു്. എന്നാൽ ഇരുനൂറു കൊല്ലങ്ങഠംക്കുള്ളിൽ അതിന്നു സാൎവ്വത്രികമായ സമ്മതി ലഭിച്ചു. സിദ്ധാന്തം യഥാൎത്ഥമായതുകൊണ്ടു കാലപ്പഴക്കത്തിൽ അതു ദൃഢമൂലമാവുകയാണു ചെയ്തതു്. നേരേമറിച്ച്, ജീവവൎഗ്ഗങ്ങഠം തമ്മിലുള്ള അന്തരത്തിൻെറ കാരണം പ്രകൃതിയുടെ വ്യാവൎത്തനമാണെന്നുള്ള ഡാർവിൻെറ അഭ്യൂഹം കാലഗതിയുടെ വിപരീതഫലത്തിന് ഒരു ദൃഷ്ടാന്തമാകുന്നു. അവിതൎക്കി

തവും യഥാൎത്ഥവുമായ ചില വസ്തുതകളെ അടിസ്ഥാന മാക്കിയാണു് ഈ അഭ്യൂഹവും നിൎമ്മിക്കപ്പെട്ടതു്. ഒരു തലമുറക്കാലത്തേയ്ക്കു് അതിനു് അപ്രതിഷേധ്യമായ ജന സമ്മതി ലഭിച്ചു. പക്ഷേ കാലം ഈ അഭ്യൂഹത്തിന്റെ മാററുരച്ചുനോക്കുവാൻ മനുഷ്യൎക്കു സന്ദൎഭം നൽകി. ഇന്നു് അതു ത്യാജ്യകോടിയിൽ തള്ളപ്പെട്ടിരിക്കുന്നു. പരിണാമത്തെ സംബന്ധിച്ചുള്ള വസ്തുതകൾക്കു ചിരപ്രതിഷ്ഠ ലഭിച്ചിട്ടുണ്ടു്. പക്ഷേ അവയെ വിശദീകരിക്കുവാൻ പുറപ്പെടുവിച്ച അഭ്യൂഹം ഇന്നു ചവററുകൊട്ടയിൽ സ്ഥലം പിടിച്ചിരിക്കുന്നു.

കത്തോലിക്കരുടെ ക്രൂദാശകൾ മററു മതാചാരങ്ങളിൽനിന്നു വ്യത്യസ്തമല്ലാത്തതുകൊണ്ടു് അതിന്റെ ഉല്പത്തി ദൈവികമല്ലെന്നുള്ള വാദത്തിൽ അന്തൎഹിതമായിരിക്കുന്ന പ്രമാദം ചവററുകൊട്ടയിലായെന്നു് ഇനിയും പറയാറായിട്ടില്ല. എങ്കിലും അതിന്റെ ഗതി അങ്ങോട്ടുതന്നെയാണെന്നു കാണാം. കാലപ്പഴക്കത്തിൽ വാദം സ്ഥിരീഭവിക്കുകയല്ല ചെയ്തിട്ടുള്ളതു്. നേരേമറിച്ചു കാലം അതിനെ ഏറെക്കുറെ ദുൎബ്ബലപ്പെടുത്തിയിട്ടുണ്ടു്. വാദം ആദ്യം പുറപ്പെട്ടപ്പോൾ അതു് അനിരോദ്ധ്യമായി കാണപ്പെട്ടു. അതിന്റെ പ്രചാരം വിസ്മയാവഹമായിരുന്നു. പിന്നീടാണു പ്രത്യാഖ്യാനങ്ങളും വാദപ്രതിവാദങ്ങളും വിദഗ്ദ്ധവിമൎശനങ്ങളും പുറപ്പെട്ടതു്. അതോടെ വാദത്തിന്റെ ദൌൎബ്ബല്യം ചിലൎക്കു സ്പഷ്ടമായി ബോധപ്പെടുകയും, മററു ചിലൎക്കു് അസ്പഷ്ടമായി ബോധപ്പെടുകയും, ക്രമേണ എല്ലാവൎക്കും ഉപൎയ്യുപരി സുഗ്രഹമാവുകയും ചെയ്തു.

പരസ്പരസദൃശങ്ങളായ ചില സംഗതികൾ ഒരേ കാരണത്തിൽനിന്ന് ഉത്ഭവിച്ചവയാണെന്നുവന്നാൽ, അവയോടു സദൃശമായ മററൊന്നും അതേ കാരണത്തിൽനിന്ന് ഉത്ഭവിച്ചതായിരിക്കണം, എന്ന സങ്കല്പത്തിലാണു പ്രമാദം ഒളിഞ്ഞുകിടക്കുന്നതു്. ഈ സങ്കല്പം യുക്തിസിദ്ധമോ അവശ്യാനുമേയമോ അല്ല.

ദൃഷ്ടാന്തമായി, ഒരു ചുമരിന്മേൽ മുപ്പതു് ആളുകളുടെ ചിത്രം ഞാൻ കാണുന്നുവെന്നു വിചാരിക്കുക. ഞാൻ ആ ചിത്രങ്ങൾ ഓരോന്നായി പരിശോധിക്കുന്നു. എൻെറ പരിശോധനയിൽപെട്ട ചിത്രങ്ങളോരോന്നും ഏതെങ്കിലുമൊരു ജീവൽപുരുഷനെ മാതൃകയാക്കിയല്ല ചിത്രകാരൻ വരച്ചതെന്നും ചിത്രകാരൻെറ സങ്കല്പത്തിൽ നിന്നാണ് അവ രൂപവൽകൃതമായതെന്നും ഞാൻ കാണുന്നു. ഇങ്ങനെ പലേ ചിത്രങ്ങൾ പരിശോധിച്ചശേഷം, ഇടത്തുവശത്തു് എൻെറ പരിശോധനയിൽപ്പെടാത്തതും എന്നാൽ ആ ചിത്രകാരൻതന്നെ വരച്ചിട്ടുള്ളതുമായ ഒരു ചിത്രം ചൂണ്ടിക്കാണിച്ചു്, "അതും സങ്കല്പസൃഷ്ടമാണ്" എന്നു ഞാൻ പറയുന്നു. പക്ഷേ ഈ ഘട്ടത്തിൽ ഒരാൾ വന്ന് ഇങ്ങനെ പറയുന്നു: "അല്ല; അതു് എൻെറ പിതാവിൻെറ ചിത്രമാണ്." ഇയ്യാൾ അസംബന്ധം പുലമ്പുകയാണോ? ഇയ്യാളിൻെറ പ്രസ്താവം അയുക്തികവും അയഥാൎത്ഥവുമായിരിക്കണമെന്നുണ്ടോ? ഇല്ല. ആ ചിത്രം ഒരു യഥാൎത്ഥപുരുഷൻേറതായിരിക്കാം; അല്ലെങ്കിൽ സാങ്കല്പികമായിരിക്കാം. അതു് ഒരു യഥാൎത്ഥപുരുഷൻേറതല്ല എന്നു തീൎത്തുപറയുവാൻ യാതൊരു അവകാശവുമില്ല. ആ

യാഗ്ം പറഞ്ഞതു വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാൻ വേറെ വല്ല കാരണവും നിങ്ങൾ കണ്ടെത്തിയേക്കാം. പക്ഷേ മററുള്ള ചിത്രങ്ങൾ കേവലം സങ്കല്പസൃഷ്ടങ്ങളായതുകൊണ്ട് ഈ ചിത്രവും അവശ്യം സങ്കല്പസൃഷ്ടമായിരിക്കണമെന്നു പറവാൻ ന്യായമില്ല.

### സഭയുടെ അധികാരം.

കത്തോലിക്കരുടെ ക്രൂദാശക്രമവും ഇപ്രകാരം തന്നെയാണ്.

കത്തോലിക്കാസഭ ഈശ്വരസ്ഥാപിതമാണെന്നും അതിന്നു ദൈവികാധികാരമുണ്ടെന്നും നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, അതിൻെറ ക്രൂദാശക്രമവും മററു സംഗതികളെന്നപോലെ മനുഷ്യനിർമ്മിതമാണെന്നു നിങ്ങൾ കരുതുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. എന്നാൽ സഭയുടെ ദൈവികമായ ഉൽപത്തിയും അധികാരവും സമ്മതിക്കുന്ന ഒരുവൻെറ സ്ഥിതിയെന്ത്? തൻെറ മതത്തിലേ ക്രൂദാശക്രമം ദിവ്യമാണെന്ന് അവൻ പറയുന്നതിനോടു നിങ്ങൾ യോജിക്കുകയില്ലായിരിക്കാം. അവൻ പറയുന്നതു തെററാണെന്നും നിങ്ങൾ കരുതുമായിരിക്കാം. പക്ഷേ അവൻെറ നില യുക്തിക്കു ചേരാത്തതാണെന്നു പറവാൻ അവകാശമെന്ത്? കത്തോലിക്കാസഭയുടെ ദിവ്യത്വത്തിൽ അവൻ പരിപൂർണ്ണമായി വിശ്വസിക്കുന്നുണ്ടെങ്കിൽ തൻെറ ക്രൂദാശകളും മററു മതങ്ങളിലേ ആചാരങ്ങളും തമ്മിലുള്ള സാമ്യം അവൻ എങ്ങനെയാണു വ്യാഖ്യാനിക്കുക?

ഇങ്ങനെ:— മതങ്ങൾ മനുഷ്യന്നുവേണ്ടിയുള്ളവയാണ്. മനുഷ്യൻെറ ആവശ്യങ്ങളാണ് അവ നിർവ്വഹി

ന്നതു്. ഏററം നികൃഷ്ടവും അബദ്ധനിബിഡവുമായ മതംപോലും തപ്പിത്തടഞ്ഞു സത്യത്തെ പ്രാപിക്കുവാൻ ശ്രമിക്കുന്നു. മനുഷ്യന്റെ മതപരമായ ആചാരങ്ങൾ ഒരു വിസ്തൃതമായ പരിധിക്കുള്ളിൽ പരസ്പരാനുരൂപമായിരിക്കും. ദിവ്യവും സത്യവുമായ ഒരു മതം ലോകത്തിൽ ആവിർഭവിക്കുമ്പോൾ, മനുഷ്യസ്വഭാവത്തിന്നുപയുക്തമായ ആചാരങ്ങളും ഈശ്വരസാരൂപ്യത്തിൽ സൃഷ്ടിക്കപ്പെട്ട ഒരു മനുഷ്യൻ സാമാന്യേന അന്വേഷിക്കാറുള്ള സ്ഥാപനങ്ങളും ആ സത്യമതത്തിലുണ്ടായിരിക്കും. പലേ രക്ഷകന്മാരെ മനുഷ്യർ സങ്കല്പിച്ചിട്ടുണ്ടു്. അക്കാരണത്താൽ യഥാൎത്ഥമായി ഒരു രക്ഷകൻ ഉണ്ടായിട്ടില്ലെന്നു് അനുമാനം ചെയ്യാവുന്നതല്ലല്ലൊ. ദൈവത്തിന്റെ പലേ ഗുണങ്ങളും ദൈവമായി ആരാധിക്കപ്പെട്ടിട്ടുണ്ടു്. അപ്രകാരം തന്നെ, ദൈവത്തിന്റെ പലേ വികൃതരൂപങ്ങളും മനുഷ്യർ ദൈവമായി ആരാധിച്ചിട്ടുണ്ടു്. ദൈവം ഇല്ലാത്തതുകൊണ്ടല്ല, പ്രത്യുത ഉള്ളതുകൊണ്ടാണു് ഇങ്ങനെ സംഭവിച്ചിട്ടുള്ളതു്.

ക്രൂദാശക്രമവും ഇപ്രകാരംതന്നെയാണു്. മാനവശാസ്ത്രത്തിന്റെ ഈ ആക്രമണം മൂന്നു തലമുറകളായി നിലനിന്നുവെങ്കിലും, അതിന്റെ ശക്തി ഇപ്പോൾ ക്ഷയിച്ചുവരികയാണെന്നുള്ളതും പ്രസ്താവ്യമത്രെ. ക്ഷയത്തിന്റെ കാരണം, ഞാൻ മേൽവിവരിച്ചതുപോലെ, കാലം അതിന്മേൽ പ്രവൎത്തിക്കുന്നുവെന്നുള്ളതാണു്.

# VI.

## കത്തോലിക്കാസഭയും ചരിത്രവിമൎശനവും.

കത്തോലിക്കാസഭയ്ക്കും ജീവിശാസ്ത്രത്തിനും (വിശിഷ്യ, പരിണാമവാദത്തിനും) തമ്മിൽ എന്തോ അന്തരമുണ്ടെന്നു് ഇന്നു് അനേകലക്ഷം പേൎക്കുള്ള തെററിദ്ധാരണ നാം പരിശോധിച്ചുവല്ലൊ. ഇനി കത്തോലിക്കാസഭയ്ക്കും ചരിത്രവിഷയകമായ ശാസ്ത്രീയവിമൎശനത്തിനും തമ്മിലുള്ള കല്പിതാന്തരത്തെപ്പററിയാണു ചിന്തിക്കുവാനുള്ളതു്.

ഈ വിഷയത്തിൽ രണ്ടു വ്യത്യസ്തരീതിയിലുള്ള തെററുകൾ ഉണ്ടാകാറുണ്ടു്. ക്രിസ്തുമതത്തിന്റെ ആദിമരേഖകളെ—വിശിഷ്യ, പുതിയനിയമത്തെ—ശാസ്ത്രീയരീതിയിൽ ക്ൟലങ്കഷമായി പരിശോധിച്ചതിൽ (അതായതു തെളിവുകളെ ആധാരമാക്കി സനിഷ്കൎഷം പരീക്ഷിച്ചതിൽ) സഭയുടെ ഉത്ഭവത്തെക്കുറിച്ചും പ്രാക്തനപ്രമാണങ്ങളെക്കുറിച്ചുമുള്ള സഭയുടെ ഉപദേശം സാധൂകരിക്കപ്പെടുന്നില്ലെന്നു വിചാരിക്കുന്നതാണു് ഒന്നാമത്തെ പ്രമാദം.

പാപ്പാധികാരം മുതലായ സ്ഥാപനങ്ങളുടെ ചരിത്രത്തേയും, പ്രാചീനവും അൎവ്വാചീനവുമായ കത്തോലിക്കാമതാചാരങ്ങളിൽ കെട്ടുകഥയും ഇതിഹാസവും ചരിത്രവസ്തുതയോടു് ഇടകലൎന്നുകിടക്കുന്നതിനേയും സംബന്ധിച്ചുള്ളതാണു രണ്ടാമത്തെ പ്രമാദം.

## രണ്ടു വ്യത്യസ്തകൃതികൾ.

രണ്ടുവിധത്തിലുള്ള ചരിത്രഗവേഷണങ്ങൾ വിവാദവിഷയത്തിൽ ഉൾപ്പെടുന്നുണ്ട്. ആദിമസഭയുടെ രേഖകൾതൊട്ടുള്ള ചരിത്രസാക്ഷ്യങ്ങളുടെ നിരൂപണവും വിദഗ്ദ്ധവിമർശനശാസ്ത്രം എന്നു വിളിക്കപ്പെടുന്ന പരീക്ഷണങ്ങളുമാണു ഒന്നാമത്തേതു്; ചരിത്രസംഭവങ്ങളുടെ പരിശോധനമാണു രണ്ടാമത്തെ ഗവേഷണം. ഒരു സ്ഥാപനം ഏതേതു് അവസ്ഥാന്തരങ്ങൾ തരണം ചെയ്തിട്ടാണ് അഭിവൃദ്ധി പ്രാപിച്ചതെന്നും സഭയുടെ ഉപദേശം ഈ അവസ്ഥാന്തരങ്ങൾക്ക് അനുരൂപമാണോ എന്നുമാണ് ഇവിടെ ചിന്തനീയം. കത്തോലിക്കാസഭാധികാരികൾ ഉദ്ധരിച്ചിട്ടുള്ള ചരിത്രസംഭവങ്ങളുടെ പരീക്ഷണവും അവ യഥാൎത്ഥമാണോ എന്നുള്ള നിൎണ്ണയനവും രണ്ടാമത്തെ ഗവേഷണത്തിൽ ഉൾപ്പെടുന്നു.

ഈ ഗവേഷണങ്ങൾ രണ്ടിലും (ഒന്നാമത്തേതിൽ പ്രത്യേകിച്ചും) രണ്ട് ആദൎശങ്ങൾക്കു തമ്മിൽ, രണ്ടു മനോഭാവങ്ങൾക്കു തമ്മിൽ, ഒരു യഥാൎത്ഥമാത്സര്യം ഉണ്ടെന്നു് ആദ്യംതന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാസഭയ്ക്കു പുറമേയുള്ളവരിൽ ഇടക്കാലംവരെ മിക്കവാറും സൎവ്വസാധാരണമായിരുന്നതും ഇന്നും അകത്തോലിക്കരായ പല ചരിത്രകാരന്മാരും അവലംബിച്ചുപോരുന്നതുമായ വീക്ഷണസമ്പ്രദായമല്ല കത്തോലിക്കർ ചരിത്രത്തിൻെറ നേൎക്ക് അവലംബിക്കുന്നതു്. ഈ രണ്ടു മനോഭാവങ്ങൾക്കു തമ്മിലുള്ള അന്തരം പ്രത്യക്ഷപ്പെടുന്നതു് ഐതിഹ്യത്തിനു വില കല്പിക്കുന്നതിലാണു്.

പത്തൊൻപതാം നൂററാണ്ടിൽ അകത്തോലിക്കരായ അഥവാ കത്തോലിക്കാവിദ്വേഷികളായ ചില ചരിത്രകാരന്മാരുണ്ടായിരുന്നു. ആ നൂററാണ്ടിൻെറ അവസാനത്തോടെ അവരുടെ ശക്തി ക്ഷയിച്ചുവെന്നുള്ളതു് ആശ്വാസജനകംതന്നെ. ഈ ചരിത്രകാരന്മാർ തങ്ങളുടെ വിമർശനരീതിയാണു ശാസ്ത്രീയമെന്നു് ഉൽഘോഷണംചെയ്തു. അതിനുള്ള കാരണം രണ്ടാണു്:— (1) രേഖാപരമല്ലാത്ത യാതൊരു തെളിവും അവർ സ്വീകരിച്ചില്ല. (2) രേഖകളുടെ വാസ്തവികത പരീക്ഷിക്കുവാൻ അവർ ഒരു ശോധനക്രമം സൃഷ്ടിക്കുകയും അതനുസരിച്ചു രേഖകൾ പരീക്ഷിക്കുകയും ചെയ്തു. ഈ ശോധനക്രമം ഒരു യന്ത്രമെന്നോണം വ്യവസ്ഥിതമാകയും അതിൻെറ നിഷ്കർഷ ഉപര്യുപരി ദൃഢതരമാകയും തന്നിമിത്തം പരീക്ഷണങ്ങൾ മേൽക്കുമേൽ അയഥാർത്ഥമായിത്തീരുകയും ചെയ്തു.

കത്തോലിക്കരുടെ ചരിത്രവിമർശനമാകട്ടെ, ഇതിൽനിന്നു വളരെ വിഭിന്നമായിരുന്നു. ഇന്നും അതു് അങ്ങനെതന്നെയാണു്. രേഖകൾകൂടാതെ വേറൊരു വക തെളിവുണ്ടെന്നും ഈ തെളിവ് ഒരുവിധത്തിൽ രേഖകളേക്കാളും ഫലപ്രദമാണെന്നുമത്രെ കത്തോലിക്കർ സിദ്ധാന്തിച്ചതു്. പ്രാചീനകാലത്തിൽനിന്നു പരമ്പരാഗതമായി ലഭിച്ചിട്ടുള്ള സാമാന്യബോധമാണു് ഈ തെളിവ്. ഒരു ചങ്ങലയിലേ ആദ്യത്തെ കണ്ണികൾ വിട്ടുപോയിട്ടുണ്ടായിരിക്കാം. എന്നാൽ അതിൻെറ മദ്ധ്യത്തിലും ഒടുവിലുമുള്ള കണ്ണികൾ ഇപ്പോഴുമുണ്ടെങ്കിൽ ആദ്യത്തെ കണ്ണികൾ ഒരു കാലത്തു് ഉണ്ടായിരുന്നുവെന്നു്

ഊഹിക്കാമെന്നാണു കത്തോലിക്കാസിദ്ധാന്തം. ചരിത്രത്തിന്റെ നേക്കുള്ള കത്തോലിക്കരുടെ മനോഭാവം യന്ത്രസമാനമല്ല. അതു സജീവവും കാര്യക്ഷമവുമാണു്. നേരേമറിച്ച്, ശാസ്ത്രീയമെന്നഭിമാനിക്കുന്ന അകത്തോലിക്കാമനോഭാവം യാന്ത്രികവും നിർജ്ജീവവുമത്രെ. ഇതാണ് ഈ രണ്ടു മനോഭാവങ്ങൾക്കു തമ്മിലുള്ള ഗഹനമായ വ്യത്യാസം.

മററു വിഷയങ്ങളിലെന്നപോലെ ഇതിലും അനേകം ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാം. ഞാൻ ഇവിടെ ഒന്നു മാത്രമേ ഉദ്ധരിക്കുന്നുള്ളു. ഞാൻ അതു പ്രത്യേകം വ്യാവർത്തനം ചെയ്യുന്നതു് അതു് അതിപ്രധാനവും മററുള്ളവയുടെ ഒരു മാതൃകയുമായതുകൊണ്ടാണു്. അതു് എന്തെന്നാൽ:— ത്രിത്വത്തെക്കുറിച്ചുള്ള പ്രമാണം സഭയുടെ ആദിമോപദേശങ്ങളിൽ അന്തർഭവിച്ചിരുന്നുവെന്നു കത്തോലിക്കാസഭ പ്രസ്താവിക്കുന്നു. ഈ പ്രമാണത്തിന്റെ നിർവ്വചനം കാലാന്തരത്തിൽ മേല്ക്കുമേൽ വ്യവസ്ഥിതമായിട്ടുണ്ടായിരിക്കാം. എന്നാൽ പ്രമാണത്തിന്റെ സാരം ആദിമകാലംമുതല്ക്കേ പ്രചുരമായിരുന്നുവെന്നു സഭ പ്രസ്താവിക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവു്, എന്നീ മൂവ്വർക്കു തമ്മിൽ വ്യതിരേകം ചെയ്തിരുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിലാണ് അവർ അദ്ധ്യാത്മസ്നാനം നൽകിയതു്. ദൈവത്തിലെ ത്രിത്വം പ്രാചീനമായ ഒരു പ്രമാണമത്രെ.

## സാക്ഷ്യതമായ രണ്ടു ന്യായങ്ങൾ.

സഭയുടെ ഈ ചരിത്രപ്രസ്താവത്തിന്നെതിരായി, ശാസ്ത്രീയമെന്നഭിമാനിച്ചിരുന്ന മേല്പറഞ്ഞ വിമർശനസമ്പ്ര

ദായമനുസരിച്ചു ചില വാദങ്ങൾ പുറപ്പെട്ടു. അവയിൽ നിന്ന് ഇവിടെ രണ്ടെണ്ണം മാതൃകയായി ഉദ്ധരിക്കാം.

(1) വിശുദ്ധ മത്തായിയുടെ സുസംവാദത്തിൽ, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ ലോകത്തിന് അദ്ധ്യാത്മസ്നാനം നൽകുന്നതിനെക്കുറിച്ചുള്ള വാക്യം പിൽക്കാലത്ത് എഴുതിച്ചേൎത്തതാണ്. ഇന്നുള്ള രേഖകളൊന്നും ഉണ്ടാകുന്നതിനു മുമ്പ്, യുസേബിയുസ്സ് 3-ാം ശതാബ്ദത്തിൽ വി. മത്തായിയുടെ സുവിശേഷത്തിൽനിന്നു പ്രസ്തുത വാക്യം ഉദ്ധരിക്കുന്നുണ്ടെങ്കിലും, 'പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്,' എന്ന വാക്കുകൾ അതിലില്ല. അപ്രകാരംതന്നെ ക്രിസ്ത്വബ്ദം 325-ൽ നിഖെയയിലെ സഭാമണ്ഡലത്തിൽവച്ച്, ത്രിത്വത്തെക്കുറിച്ചുള്ള പ്രമാണത്തിന്നെതിരായി വാദിച്ചവരാരും പ്രസ്തുത വാക്കുകൾ ഉദ്ധരിച്ചില്ല.

(2) ത്രിത്വത്തെക്കുറിച്ചുള്ള മററൊരു രേഖ വി. യോഹന്നാൻെറ ഒന്നാം ലേഖനത്തിൽ, പിതാവും പുത്രനും പരിശുദ്ധാത്മാവും സ്വൎഗ്ഗത്തിലിരുന്നു സാക്ഷ്യം വഹിക്കുന്നു എന്നു പറയുന്ന ഘട്ടമാണ്. ഇതും വ്യാജനിൎമ്മിതമത്രെ. എന്തുകൊണ്ടെന്നാൽ:— ഏററം പുരാതനവും തന്മൂലം കൂടുതൽ വിശ്വാസ്യതമവുമായ കയ്യെഴുത്തുപ്രതികളിലാകട്ടെ, മററു രേഖകളിലാകട്ടെ ഇതു കാണുന്നില്ല.

ഇതിനു കത്തോലിക്കാസഭ നൽകുന്ന മറുപടി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മനഃപൂൎവ്വമായിട്ടല്ലെങ്കിലും പലരും ഇക്കാൎയ്യത്തിൽ തെററിദ്ധാരണയ്ക്കു വശംഗതരാവുന്നുണ്ട്.

(1) രേഖ പ്രമാണത്തെ സ്ഥിരീകരിക്കുന്നുവെന്നല്ലാതെ അതിനെ സൃഷ്ടിക്കുന്നില്ല. പലേ രേഖകളും നശിച്ചുപോയിട്ടുള്ളതായി നമുക്കറിയാം. ഏകദേശം അമ്പതു കൃത്രിമസുവിശേഷങ്ങളും, ക്രിസ്തുമതം സ്വീകരിച്ചവർക്കും അദ്ധ്യാത്മസ്ഥാനാർത്ഥികൾക്കും മററും അയച്ച അനേകായിരം എഴുത്തുകളും സന്ദേശങ്ങളും പ്രസങ്ഗങ്ങളും നശിച്ചുപോയിട്ടുണ്ടായിരിക്കണം. എന്നാൽ, ക്രിസ്തുമതത്തിൻെറ ആദിമരേഖകൾ ഒന്നൊഴിയാതെ നശിച്ചുപോയെന്നിരുന്നാൽത്തന്നെ, പ്രമാണത്തിനു യാതൊരു കോട്ടവും സംഭവിക്കുകയില്ല. പ്രമാണത്തിൻെറ അടിസ്ഥാനം ഒരു രേഖയല്ല, പ്രത്യുത, രേഖകളാൽ സ്ഥിരീകൃതമെങ്കിലും അവയാൽ സൃഷ്ടമല്ലാത്ത ഒരു സഭയുടെ സജീവോപദേശമാകുന്നു.

(2) സഭയുടെ ആദിമോപദേശം എന്തായിരുന്നുവെന്നറിവാൻ രേഖകളെമാത്രം ആശ്രയിച്ചാൽ പോരാ. (സമകാലീനമായ രേഖകൾ ഒട്ടും മതിയാകയില്ല). ഐതിഹ്യവും ഇക്കാര്യത്തിൽ പരിഗണനീയമാണ്. രേഖാപേക്ഷകൂടാതെ പാരമ്പര്യേണ കൈമാററം ചെയ്യപ്പെടുന്ന ആശയസമൂഹത്തിന്നാണ് ഐതിഹ്യം എന്നു പറയുന്നത്. ഐതിഹ്യവിഷയമായ ആശയങ്ങൾ സമകാലീനമായ രേഖകളിൽ പെടണമെന്നില്ല. ഈ ആശയങ്ങൾ വിശ്വസിക്കപ്പെട്ടുതുടങ്ങിയിട്ട വളരെക്കാലം ചെന്നശേഷമാണ് അവ രേഖകളിൽ സ്ഥലംപിടിക്കുന്നത്.

### അകത്തോലിക്കരുടെ മറുപടി.

ഇങ്ങനെയാണു കത്തോലിക്കാസഭയുടെ സമാധാനം. ഒന്നാമത്തെ സമാധാനത്തിന് ഒരു അകത്തോ

ലിക്കന്ന് ഇപ്രകാരം യുക്തിപൂർവ്വം പ്രത്യാഖ്യാനം ചെയ്യാവുന്നതാണ്:— "ഞാൻ കത്തോലിക്കാസഭയുടെ അധികാരം സ്വീകരിക്കുന്നില്ല. അതുകൊണ്ടു സഭയുടെ വാക്കുമാത്രം അടിസ്ഥാനപ്പെടുത്തിയുള്ള പ്രസ്താവങ്ങൾ സമ്മതിക്കുവാൻ ഞാൻ സന്നദ്ധനല്ല. വിശ്വാസ്യമായ—അതായതു രേഖാപരമായ—തെളിവാണ് എനിക്കാവശ്യം." ശരി. പക്ഷേ ഈ മറുപടി അസംഗതമാണ്. പ്രമാണം ശരിയോ തെറേറാ എന്നല്ല വാദവിഷയം; പ്രത്യുത, ആ പ്രമാണം ഉപദേശിക്കപ്പെട്ടിരുന്നുവോ ഇല്ലയോ, എന്നാകുന്നു. സഭ ആദിമകാലംമുതൽ ഇന്നേവരെ സ്ഥിതിചെയ്തിട്ടുള്ള ഒരു ജീവൽസ്ഥാപനമാണ്. തന്മൂലം രേഖ ഉണ്ടെങ്കിലും ഇല്ലെങ്കിലും, സഭയുടെ പ്രാചീനമായ നടപടികൾക്കു സഭതന്നെ ദൃക്സാക്ഷിയാണ്. സഭയുടെ തെളിവു മനഃപൂർവ്വമായ വ്യാജച്ചരക്കാണെന്നു നിങ്ങൾ പറയുമായിരിക്കാം. മറേറതു ദൃക്സാക്ഷിയെക്കുറിച്ചും ഇങ്ങനെ പറയാവുന്നതാണ്. അല്ലെങ്കിൽ ഒരു ദൃക്സാക്ഷിയുടെ സ്മരണ എപ്പോഴും ശരിയായിക്കൊള്ളണമെന്നില്ലെന്നും തൽക്കാലം സ്വീകരിച്ചിട്ടുള്ള ഒരു അഭിഃപ്രായം തനിക്ക് എല്ലാക്കാലത്തും ഉണ്ടായിരുന്നുവെന്ന് ആയാൾ വിശ്വസിക്കുന്നതു സാധാരണമാണെന്നും മററും നിങ്ങൾ പറയുന്നപക്ഷം, അതു കുറേക്കൂടി യുക്തിയുക്തമായിരിക്കും. ഏതായാലും ഒരു ജീവൽസാക്ഷിയുടെ മൊഴി നിശ്ശേഷം പരിത്യജിക്കുന്നതു് അയുക്തികമാണ്.

ഒരു ദൃക്സാക്ഷിയുടെ മൊഴിക്കു വിലയുണ്ടെന്നുതന്നെ നാം സമ്മതിക്കണം. അതു് ഒരു രേഖയേപ്പോ

ലെയല്ലെന്നുള്ളതു ശരിതന്നെ. അതിൽ പല തെററു കളും വന്നേക്കുമെന്നുള്ളതും ശരിതന്നെ. പക്ഷെ തെളിവുകളുടെ കൂട്ടത്തിൽ അതിന് ഒരു സ്ഥാനമുണ്ട്. അനേകം കൊല്ലങ്ങൾക്കുമുമ്പു ഒരു നഗരം ശത്രുക്കളാൽ ആക്രമിക്കപ്പെട്ടുവെന്നിരിക്കട്ടെ. പട്ടണത്തിലേ ജനങ്ങൾ ഭയങ്കരമായ ആ ആക്രമണത്തിൻെറ സ്മരണ പരമ്പരയാ നിലനിർത്തിക്കൊണ്ടുപോരുന്നു. അതിനെപ്പററിയുള്ള രേഖകളൊന്നുംതന്നെ അവശേഷിച്ചിട്ടില്ലായിരിക്കാം. സമകാലീനങ്ങളായ ഏതാനും രേഖകളുള്ളതിൽ ഈ സംഭവത്തെപ്പററി യാതൊരു സൂചനയുമില്ലായിരിക്കാം. എങ്കിലും ഇങ്ങനെയൊരു സംഭവം ഒരുകാലത്തു നടന്നിട്ടുണ്ടെന്നു നിഷേധിക്കുന്നതു സാഹസമായിരിക്കും. അതിനെപ്പററിയുള്ള ഐതിഹ്യങ്ങൾ വ്യാജപ്രസ്താവങ്ങളാലും അതിശയോക്തിയാലും എത്രതന്നെ സങ്കീർണ്ണമായിരുന്നാലും, സജീവമായ ആ സാക്ഷിയുടെ—ആ പട്ടണത്തിലേ സംയുക്തസമുദായത്തിൻെറ—മൊഴി കേൾക്കേണ്ടതുതന്നെയാണ്.

സഭയുടെ രണ്ടാമത്തെ സമാധാനം, ഐതിഹ്യം പിൽക്കാലത്തുണ്ടായിട്ടുള്ള രേഖകളെ സമാഹരിക്കുന്നുവെന്നും രേഖകൾക്കു മുമ്പുണ്ടായിട്ടുള്ള സംഗതികൾക്കു സാക്ഷ്യങ്ങളായി അവ ഉദ്ധരിക്കപ്പെടുന്നതിൽ അസാംഗത്യമില്ലെന്നുമാണല്ലൊ. ഇതു സ്വതസ്സിദ്ധമായ ഒരു ന്യായമത്രെ. ഇത്തരം തെളിവുകൾ നിശ്ശേഷം വിഗണിക്കുന്നതാണു ശാസ്ത്രീയരീതി എന്നു പറയുന്നതു് അസംബന്ധമാണ്. ഒരു യാന്ത്രികഘടനയിൽ ഉൾപ്പെടാത്ത തെളിവുകളൊക്കെ ത്യാജ്യമാണെന്നു കരുതുന്നതു ശാസ്ത്രീയമല്ല.

പ്രകൃതത്തിൽ, യുസേബിയുസ്സും നിഖേയായിലേ യോഗവും വി. മത്തായിയുടെ സുവിശേഷത്തിലേ ത്രിത്വവിഷയകമായ വാക്യത്തെപ്പററി യാതൊന്നും പറയുന്നില്ലെന്നും, വി. യോഹന്നാൻെറ സന്ദേശത്തിൻെറ അതിപ്രാചീനമായ പലേ രേഖകളിലും ത്രിത്വത്തെക്കുറിച്ചുള്ള വാക്യം കാണുന്നില്ലെന്നുമുള്ളതു ശരിതന്നെ. എങ്കിലും മറുവശത്തുള്ള അലംഘ്യമായ ഐതിഹ്യം നോക്കുമ്പോൾ പ്രസ്തുതാഭാവത്തിന്നു യാതൊരു വിലയും കല്പിക്കാവുന്നതല്ല. ഈ വാദം എത്രമാത്രം സത്യമാണെന്നു കാണണമെങ്കിൽ, ഐതിഹ്യത്തിലുള്ള തെളിവ് എന്താണെന്നും അതു മുഴുവനും ഒരേ ലക്ഷ്യത്തെ ഏകാഗ്രമായി ഉന്മുഖീകരിക്കുന്നതു് എപ്രകാരമാണെന്നും പരിശോധിക്കുക.

## പരമ്പരാഗതസാക്ഷ്യം.

അദ്ധ്യാത്മസ്നാനത്തെപ്പററി കുറഞ്ഞൊന്നു വിവരിക്കുന്ന പ്രഥമരേഖയിൽ പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിലാണ് ഈ കർമ്മം നിർവ്വഹിക്കപ്പെട്ടതെന്നു കാണാം. ഇതു് ഒരു അഭിനവവാചകമായിരുന്നുവെങ്കിൽ ഇതിന്നെതിരായി ഒരു വലിയ പ്രക്ഷോഭണം ഉണ്ടാകുമായിരുന്നു. എന്നാൽ അങ്ങനെയൊരു പ്രക്ഷോഭണത്തിൻെറ യാതൊരു ചിഹ്നവുമില്ല. ക്രൂശാരോഹണത്തിനുശേഷം 100 കൊല്ലം (ഏറിയപക്ഷം 150 കൊല്ലം) കഴിയുന്നതിനുമുമ്പ്, അദ്ധ്യാത്മസ്നാനാർത്ഥികൾ റോമാസഭയിൽ വിശ്വാസപ്രതിജ്ഞാപനം ചെയ്യാൻ ഉപയോഗിച്ചിരുന്ന വാക്യസമൂഹമാണു 'വിശ്വാസപ്രമാണം' എന്നു നമുക്കു മിക്കവാ

വും തീച്ച്പ്പെട്ടത്താം. ഈ വിശ്വാസപ്രമാണത്തിൽ ത്രിത്വവും, വിശേഷിച്ചു പരിശുദ്ധാത്മാവിൻെറ വ്യതിരിക്തമായ പുരുഷാത്മകത്വവും, വിശദമായും നിസ്സംശയമായും പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. മറെറാരു കാര്യംകൂടി ചിന്തനീയമാണ്. വി. യോഹന്നാൻെറ സുവിശേഷത്തിൻെറ ആദിമരേഖകളിൽ ത്രിത്വത്തെപ്പററിയുള്ള വാക്യം കാണുന്നില്ലെങ്കിലും, ഈ ആദിമരേഖകളെല്ലാം അതിനേക്കാറം പുരാതനമായ വേറെ ചില രേഖകളിൽനിന്നു പകത്തിയെഴുതപ്പെട്ടവയാണ്. പ്രസ്തുതവാക്യം പിന്നീട് എഴുതിച്ചേത്തതാണെന്നു പറവാൻ ന്യായമുണ്ടെങ്കിൽ, പ്രഥമരേഖകളിൽനിന്ന് അതു വിട്ടുകളഞ്ഞതാണെന്ന് എന്തുകൊണ്ടു പറഞ്ഞുകൂടാ? ഇന്നുള്ള രേഖകറം എഴുതപ്പെട്ടുന്നതിനുമുമ്പുതന്നെ ത്രിത്വത്തെപ്പററിയുള്ള വിവാദകോലാഹലം ആരംഭിച്ചിരുന്നു. ത്രിത്വവാദികൾ ചില വാക്കുകറം എഴുതിച്ചേത്തു തൻെറ വാദം പ്രബലപ്പെടുത്തുവാൻ പ്രലോഭനമുണ്ടാകാമെങ്കിൽ, ത്രിത്വത്തെ നിഷേധിച്ച 'ഏരിയൻ' മതവിപ്ലവകാരന്മാക്കു തങ്ങളുടെ വാദത്തിനു പ്രതികൂലമായ ചില വാക്കുകറം മൂലഗ്രന്ഥത്തിൽനിന്നു വിട്ടുകളഞ്ഞു കൃതാത്ഥത തേടുവാനും പ്രലോഭനമുണ്ടായിരുന്നുവെന്നു വിചാരിക്കരുതോ? പുതിയ വാക്കുകറം എഴുതിച്ചേത്താൽ ജനങ്ങറം ക്ഷോഭിച്ചുവശമാവും. യാദൃച്ഛികമായോ മനഃപൂവ്വമായോ പഴയ വാക്കുകറം വിട്ടുകളഞ്ഞാൽ, അതു ബഹുജനശ്രദ്ധയ്ക്കു് അത്രതന്നെ വിഷയീഭവിക്കുകയില്ല. അവസാനമായി ഒന്നുകൂടി പറയാം ആദിമകാലത്തു ത്രിത്വത്തെക്കുറിച്ചുള്ള വിശ്വാസമുണ്ടായിരുന്നു

വെന്നുള്ളതിന്ന് അനേകശതാബ്ദങ്ങളായി ക്രൈസ്തവ ലോകത്തിൽ നിലനിന്നുപോരുന്ന പ്രമാണവും ആചാരങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും മത്തായിയുടേയും യോഹന്നാൻേറയും സുവിശേഷങ്ങളിൽ കാണുന്ന ത്രിത്വപരമായ വാക്കുകൾ കൃത്രിമമാണെന്നും ആദിമരേഖകളാകമാനം നോക്കിയാൽ ഈ രണ്ടു സുവിശേഷങ്ങളിൽ മാത്രമേ ത്രിത്വത്തെപ്പററിയുള്ള സൂചന കാണുന്നുള്ളു എന്നും നിങ്ങൾ ഇനിയും ശഠിക്കുന്നപക്ഷം നിങ്ങളുടെ വാദം കേവലം യുക്തിവിരുദ്ധമാണെന്നു പറയാവതല്ല. ആദിമകാലങ്ങളിൽ ത്രിത്വത്തെക്കുറിച്ചുള്ള വിശ്വാസം ഉണ്ടായിരുന്നില്ലെന്നു നിങ്ങൾക്ക് അനുമാനം ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ അങ്ങനെ അനുമാനം ചെയ്യുന്നത് അത്യധികം സാഹസികവും വ്യക്തിപരവുമായ ഒരു പ്രവൃത്തിയായിരിക്കും എന്നേ എനിക്കു പറയുവാനുള്ളു. കൂടുതൽ വിശ്വാസ്യവും സർവ്വാദരണീയവുമായ ഒരു അഭിപ്രായത്തിന്നു വിപരീതമായിരിക്കും നിങ്ങളുടെ അനുമാനം. ദൃഷ്ടാന്തമായി വി. യോഹന്നാൻെറ ലേഖനത്തിൻെറ ആദിമരേഖകളുണ്ടാകുന്നതിനു വളരെ മുമ്പുതന്നെ ത്രിത്വത്തെപ്പററി പ്രസ്താവിക്കുന്ന അതിലെ വാക്കുകളല്ലെങ്കിലും അതിലെ പ്രസിദ്ധ പ്രമാണം ആഫ്റിക്കയിലെ ക്രിസ്ത്യാനികൾക്കു സുപരിചിതമായിരുന്നു. ഇക്കാര്യത്തിൽ വി. സിപ്രിയൻെറ സാക്ഷ്യം അലംഘ്യമാണ്.

അവസാനമായി ഒരു സംഗതികൂടി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഏതെങ്കിലും രേഖയെപ്പററി ക

ത്തോലിക്കാസഭ അനുവർത്തിക്കുന്ന നയം, രേഖയുടെ യാഥാർത്ഥ്യം യഥോചിതം പരിശോധിക്കുകയും സർവ്വവിധരേഖാപരീക്ഷണോപായങ്ങളും അതിൽ പ്രയോഗിക്കുകയും ചെയ്യുവാൻ എല്ലാവക്കും സ്വാതന്ത്ര്യം നൽകയെന്നതാകുന്നു.

ഈ നയത്തിന്റെ പ്രയോഗത്തിനു മേല്പറഞ്ഞ യോഹന്നാന്റെ വാക്യംതന്നെ ശ്രദ്ധേയമായ ഒരു ഉദാഹരണമാണ്. രേഖാപരീക്ഷണത്തിൽ പ്രസ്തുത വാക്യത്തെപ്പററി പല സന്ദേഹങ്ങളും പുറപ്പെട്ടപ്പോൾ കത്തോലിക്കാസഭ അവയെ വിഗണിക്കുകയല്ല ചെയ്തതു്. സഭയുടെ നില നേരേ മറിച്ചായിരുന്നു. പ്രസ്തുത വാക്യത്തിന്റെ അസാധുത്വം പൂർണ്ണമായി വെളിപ്പെടുന്നതുവരെ അതു സ്വീകരിക്കാമെന്നാണു സഭ തീരുമാനിച്ചതു്. ഈ തീരുമാനം യുക്തിയുക്തവുമാണ്. പ്രസ്തുത വാക്യം കൃത്രിമമാണെന്നു തീർത്തുപറയുന്നതു സാഹസമായിരിക്കും. പക്ഷേ അതിനെക്കുറിച്ചുള്ള ഗവേഷണം സഭ നിരോധിക്കുന്നില്ല. അനേകനൂററാണ്ടുകളായി സ്വീകരിക്കപ്പെട്ടിട്ടുള്ള ഈ വാക്യം സാധുവാണെന്ന് ഒരു അഭിപ്രായം സഭയ്ക്കുണ്ടെങ്കിലും, പുതിയ തെളിവുകളൊന്നും സ്വീകരിക്കുകയില്ലെന്ന് ഔദ്യോഗികമായ യാതൊരു പ്രഖ്യാപനവുമില്ല.

രേഖകളുടെ സ്ഥിതി എന്തെങ്കിലുമാകട്ടെ. എന്നാൽ പ്രമാണത്തിന്റെ സാധുതയെപ്പററി യാതൊരു സന്ദേഹവുമില്ല. പ്രമാണത്തെ സ്ഥിരീകരിക്കുന്ന യാതൊരു രേഖയുമില്ലെന്നിരുന്നാലും, കത്തോലിക്കാസഭയുടെ അധികാരം നിങ്ങൾ സമ്മതിക്കുന്നുണ്ടെങ്കിൽ പ്ര

M/239·7
PAU

മാണവും അവശ്യം സമ്മതിച്ചേ കഴിയൂ. കത്തോലിക്കാ സഭയുടെ അധികാരം നിങ്ങൾ സമ്മതിക്കുന്നില്ലെങ്കിൽ, പ്രമാണം നിങ്ങൾ നിഷേധിക്കുകയോ അതിനെപ്പററി നിങ്ങൾക്കു യാതൊരു ഗന്ധവുമില്ലെന്നു പറയുകയോ ചെയ്യാം. എന്നാൽ കത്തോലിക്കാമതവും രേഖകളുടെ ശാസ്ത്രീയപരിശോധനയും തമ്മിൽ സങ്കല്പിക്കപ്പെട്ടിട്ടുള്ള അന്തരം മിഥ്യയാണെന്നു പറയാതെ നിവൃത്തിയില്ല. പ്രകൃതത്തിലാകട്ടെ മററു സംഗതികളിലാകട്ടെ അങ്ങനെയൊരു അന്തരം ഉണ്ടായിട്ടില്ല. 'ശാസ്ത്രീയം' എന്ന പദം തെററായി പ്രയോഗിക്കുന്നതുകൊണ്ടും, വിവേകമുള്ള ഏതൊരുവനും ജീവിതത്തിലേ പ്രധാന സംഗതികളിൽ നിരന്തരം ഉപയോഗിക്കുന്ന ചില തെളിവുകൾ ശാസ്ത്രീയമല്ലെന്ന് അകാരണമായി വിധിക്കുന്നതുകൊണ്ടുമത്രെ പ്രസ്തുതാന്തരം സങ്കല്പിക്കപ്പെട്ടിട്ടുള്ളത്.

### മററു ന്യായങ്ങൾ.

സൂക്ഷ്മനിരൂപണത്തിൽ മിഥ്യയാണെന്നു തെളിഞ്ഞിട്ടുള്ളവയും കുറഞ്ഞപക്ഷം സംശയഗ്രസ്തമാണെന്നോ പൂർണ്ണമായി സമർത്ഥിക്കപ്പെട്ടിട്ടില്ലെന്നോ വിശദമായിട്ടുള്ളവയുമായ ചില പ്രസ്താവങ്ങളും കത്തോലിക്കാ പ്രമാണവും തമ്മിൽ ആരോപിക്കപ്പെടുന്ന കല്പിതവൈരുദ്ധ്യത്തെക്കുറിച്ച് ഇനി പ്രതിപാദിക്കാം.

### മാർപ്പാപ്പായുടെ ഭൌമികാധികാരം.

അതിപ്രധാനവും മാതൃകാപരവുമായ ഒരു സംഗതി ഞാൻ ദൃഷ്ടാന്തമായി എടുത്തുകൊള്ളുന്നു—അതായതു 'കൊൺസ്റ്റാൻടൈൻ ചക്രവത്തിയുടെ ദാന'മെന്നു പറയപ്പെടുന്ന രേഖ.

DVK Library
Bangalore - 29

റോമാനഗരത്തിലും അതിൻെറ അധികാരമണ്ഡലത്തിൽപെട്ട ഇററലിയുടെ ഒരു വിഭാഗത്തിലും റോമാമെത്രാനായ പാപ്പായ്ക്കുണ്ടായിരുന്ന ഭൌമികാധികാരം, സാമ്രാജ്യത്തിൻെറ തലസ്ഥാനം റോമായിൽനിന്നു കൊൺസ്റ്റാൻറിനോപ്പിളിലേയ്ക്കു മാററപ്പെട്ടതിനുശേഷം, ക്രമേണ വദ്ധമാനമായി. ചക്രവത്തിയുടെ അഭാവത്തിൽ പാപ്പാ സാമ്രാജ്യത്തിൻെറ പശ്ചിമഭാഗത്തിൽ ഏററവും വലിയ ഉദ്യോഗസ്ഥനായിത്തീൻ. സാമ്രാജ്യത്തിലേ ഉയൻ ഉദ്യോഗസ്ഥന്മാരിൽ അദ്ദേഹം അദ്വിതീയനായിരുന്നു. അതിനു മുമ്പുതന്നെ ലാററൻ കൊട്ടാരം അദ്ദേഹത്തിനു നൽകപ്പെട്ടു. രാജ്യകാര്യങ്ങളോരോന്നിലും അദ്ദേഹത്തിൻെറ അധികാരം പ്രത്യക്ഷപ്പെട്ടുതുടങ്ങി. എന്നാൽ പ്രതിമാവന്ദനത്തെപ്പററി ചക്രവത്തിയും കത്തോലിക്കാപ്രജകളും തമ്മിൽ കോൺസ്റ്റാൻറിനോപ്പിളിൽവച്ചുണ്ടായ രൂക്ഷമായ അന്തരത്തിനുശേഷം മാത്രമേ പാപ്പാ റോമാനഗരത്തിൻേറയും ചുററിലുമുള്ള പ്രദേശത്തിൻേറയും പൂണ്ണാധികാരിയായി സ്ഥിരീകരിക്കപ്പെട്ടുള്ളു. ചക്രവത്തി പ്രതിമകൾ നശിപ്പിക്കുവാൻ ഒരുങ്ങി. കത്തോലിക്കാപ്രജകൾ ഈ ഉദ്യമം എതിത്തു. ഇക്കാരണത്താൽ പാപ്പാ കോൺസ്റ്റാൻറിനോപ്പിളിൻെറ മേൽക്കോയ്മ നിരാകരിച്ചു. പിൽക്കാലത്തു സാമ്രാജ്യത്തിൻെറ പശ്ചിമാദ്ധത്തിൽ ചക്രവത്തിയായിത്തീന്ന ആളിൻെറ വംശമായ ഫ്റഞ്ചുജനം റോമാനഗരത്തിലും പരിസരങ്ങളിലും പാപ്പായ്ക്കു പൂണ്ണാധികാരം നൽകി.

അനന്തരം ഏകദേശം ഒരു ശതാബ്ദം കഴിഞ്ഞതശേഷം സഭയുടെ ചരിത്രത്തെ പുരസ്കരിച്ചുള്ള രേഖക

ളുടെ ഒരു സംക്ഷേപം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവയിൽ പലതും യഥാൎത്ഥമായിരുന്നു. വേറെ ചിലതു മിക്കവാറും യഥാൎത്ഥമായിരുന്നുവെങ്കിലും, അജ്ഞാനതിമിരത്തിൽ നിമഗ്നമായിരുന്ന ശതാബ്ദങ്ങളിൽ ഉത്ഭവിച്ച പലേ ഐതിഹ്യങ്ങളും അതിനോടു് ഇടകലൎന്നിരുന്നു. രേഖകളിൽ ചിലതു കേവലം വ്യാജനിൎമ്മിതമായിരുന്നു. എന്നിരുന്നാലും ഇയ്യിടെ ഉണ്ടായിട്ടുള്ള ചില ഗവേഷണങ്ങളിൽനിന്നു് ഈ വ്യാജരേഖകൾക്കു വിശ്വാസ്യമായ ഒരു മൂലരേഖയുണ്ടായിരുന്നുവെന്നു വിചാരിക്കുവാൻ ന്യായം കാണുന്നുണ്ടു്.

സത്യവും ഐതിഹ്യവും ഇടകലൎന്നുള്ള ഈ രേഖാസഞ്ചയത്തിൽ 'കോൺസ്റ്റാൻറൈൻ ചക്രവൎത്തിയുടെ ദാനം' എന്നറിയപ്പെടുന്ന രേഖയുമുണ്ടായിരുന്നു. കോൺസ്റ്റാൻറൈൻ ചക്രവൎത്തി അക്കാലത്തെ പാപ്പായായിരുന്ന സിൽവെസ്റ്ററിനു റോമാനഗരത്തിൻെറ ആധിപത്യം പ്രദാനം ചെയ്തുവെന്നുള്ള സംഗതി അതിൽ സുദീൎഘമായി വിവരിക്കപ്പെട്ടിരുന്നു. ഈ രേഖയിൽ പലേ മിഥ്യാകഥനങ്ങളും ഉൾപ്പെട്ടിട്ടുണ്ടായിരുന്നുവെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ സത്യമായ കാൎയ്യങ്ങളും അതിൽ ഉണ്ടായിരുന്നു. ഈ രേഖ ആവിർഭവിച്ചിട്ടു വളരെക്കാലം ചെന്നതിനുശേഷം, പാപ്പായ്ക്കു റോമാനഗരത്തെ ആദ്ധ്യാത്മികമായിട്ടുമാത്രമല്ല രാഷ്ട്രീയമായും ഭരിപ്പാൻ അധികാരമുണ്ടെന്നു തെളിയിക്കുന്നതിന്നായി അതു് ഉപയോഗിക്കപ്പെട്ടു. മദ്ധ്യമശതകങ്ങളിൽ അതു കൂടക്കൂടെ ഉദ്ധരിക്കപ്പെട്ടിരുന്നു. എന്നാൽ മദ്ധ്യമയുഗത്തിൻെറ അവസാനത്തോ

ടേ (പതിനാറാം നൂററാണ്ടിലെ മതപരിവത്തനത്തിന് ഏകദേശം നൂറു കൊല്ലങ്ങൾക്കു മുമ്പ്) സൂക്ഷ്മദൃഷ്ടികളായ പണ്ഡിതന്മാർ പ്രസ്തുത രേഖ പരിശോധിക്കുകയും അതിനെപ്പററി പലേ സംശയങ്ങളും പുറപ്പെടുവിക്കുകയും ചെയ്തു. രേഖ വ്യാജമാണെന്നുള്ളതു മേല്ക്കുമേൽ വിശദമായിത്തീൎന്നു. അതിൻെറ അയാഥാൎത്ഥ്യം വെളിപ്പെട്ടുകഴിഞ്ഞിട്ട് ഏകദേശം ഒരു ശതാബ്ദത്തോളം തീവ്രമായ വാദപ്രതിവാദങ്ങൾ നടന്നു. ഒടുവിൽ രേഖ ത്യാജ്യകോടിയിൽ തള്ളപ്പെട്ടു.

കെട്ടുകഥയും ഐതിഹ്യവും കുറേക്കാലത്തേയ്ക്കു ചരിത്രസംഭവങ്ങളായി വിശ്വസിക്കപ്പെടുകയും സഭയുടെ അധികാരികൾ അതിനെ സ്വീകരിക്കുകയും ഒടുവിൽ ഉപേക്ഷിക്കുകയും ചെയ്തിട്ടുള്ളതിനു നിരവധി ദൃഷ്ടാന്തങ്ങളുള്ളതിൽ ഒന്നു മാത്രമാണ് ഇതു്.

ഇങ്ങനെയുള്ള കെട്ടുകഥകളും ഐതിഹ്യങ്ങളും കത്തോലിക്കാസമുദായത്തിൽ മാത്രമല്ല ഉള്ളതു്. ഏതേതു സമുദായത്തിലും ഏതേതു വിഷയത്തെക്കുറിച്ചും ഇത്തരം മിഥ്യാവൃത്താന്തങ്ങൾ ഉത്ഭവിച്ചിട്ടുണ്ട്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഇംഗ്ലണ്ടുചരിത്രത്തിൽ ഇത്തരം കെട്ടുകഥകൾ അതിസുലഭമാണ്. സ്വാതന്ത്ര്യേച്ഛുക്കളും ജനായത്തഭരണത്തിൽ വിശ്വസിക്കുന്നവരുമായ ആംഗ്ലേയജനങ്ങൾ ദുഷ്ടനായ ജോൺരാജാവിൻെറ പക്കൽനിന്നും 'മാഞ്ഞ കാർട്ടാ' എന്നൊരു ആധാരം ബലാൽക്കാരേണ എഴുതിവാങ്ങിച്ചുവെന്നുള്ള മൂഢജല്പനം ദൃഷ്ടാന്തമായി ഉദ്ധരിക്കാം. അല്ലെങ്കിൽ 1588-ലേ സ്പെയിനിൻെറ ആക്രമണം, സമകാലീന

ന്മാർ പറയുന്നതുപോലെ കൊടുങ്കാററു നിമിത്തമല്ല വിഫലമായതെന്നും, ഡ്റെയിക് എന്ന പേരായ ഒരു വീരൻ ഒരു വമ്പിച്ച നാവികയുദ്ധത്തിൽ ഇംഗ്ലീഷുകപ്പലുകളുടെ നേതൃത്വം വഹിച്ചു ശത്രുക്കളെ തോല്പിക്കുകയാണുണ്ടായതെന്നുമുള്ള കെട്ടുകഥ മറെറാരു ദൃഷ്ടാന്തമായി ഉദ്ധരിക്കാം. ഗലീലിയോ എന്ന ശാസ്ത്രജ്ഞനേയും സൂര്യനു ചുററുമുള്ള ഭൂമിയുടെ ചലനത്തേപ്പററി അദ്ദേഹം പുറപ്പെടുവിച്ച സിദ്ധാന്തത്തേയും പാപ്പാ തന്റെ കപടമായ അപ്രമാദിത്വാവകാശം പ്രയോഗിച്ചു ശപിക്കുകയും യൂറോപ്പിലെ അകത്തോലിക്കാജനതയുടെ ദൃഷ്ടിയിൽ ഇതൊരു മഹാപാതകമായി കാണപ്പെടുകയും ചെയ്തുവെന്നുള്ള കെട്ടുകഥയും ഇവിടെ ഉദ്ധാര്യമാണ്. ഞാനിതെഴുതുന്ന സമയത്തു ലോകമഹായുദ്ധത്തെപ്പററി അനവധി ഐതിഹ്യങ്ങൾ തലപൊക്കിത്തുടങ്ങുന്നുണ്ടു്.

## മിഥ്യാകഥയും ഐതിഹ്യവും.

ഒരു കാലത്തു സമ്മതിക്കപ്പെട്ടിരുന്നതും ഇപ്പോൾ പരിത്യജിക്കപ്പെടുന്നതുമായ കെട്ടുകഥയുടേയും ഐതിഹ്യത്തിന്റേയും നേക്കു കത്തോലിക്കാസഭ അനുവത്തിക്കുന്ന നയം എന്താണെന്ന് അന്വേഷിച്ചാൽ, യുക്തിപൂർവ്വമായ പരീക്ഷണമാണ് എപ്പോഴും സഭയുടെ നയമെന്നു കാണാവുന്നതാണ്. സാമാന്യേന വിശ്വസിക്കപ്പെട്ടിരുന്ന ഒരു ചരിത്രസംഭവം യഥാൎത്ഥമല്ലെന്നുള്ളതിനു പൂർണ്ണമായ തെളിവു പരീക്ഷണത്തിൽനിന്നു ലഭിക്കുന്നപക്ഷം, തെളിവു രേഖപ്പെടുത്തുകയും അസത്യം വിഘാടനം ചെയ്യുകയുമാണു കത്തോലിക്കാസഭ ചെയ്യുന്നതു്.

പഴയ പ്രസ്താവങ്ങളോടു പലരും യാഥാസ്ഥിതികമായ ഒരു പ്രതിപത്തി കാണിക്കുന്നുണ്ടെന്നുള്ളതു ശരി തന്നെ. പൊതുജനാഭിപ്രായത്തിനു വളരെ ശക്തിയുള്ള പുരാതനവും വിപുലവും ജനകീയവുമായ ഒരു സ്ഥാപനത്തിൽ ഇമ്മാതിരി യാഥാസ്ഥിതികത്വം സാധാരണമാണ്. അതു സ്വാഭാവികമാണെന്നുതന്നെയല്ല, ആശാസ്യവുമാണ്. എന്തുകൊണ്ടെന്നാൽ അസാധുവാണെന്നു തെളിഞ്ഞിട്ടുള്ള ഒരു കാര്യം പിന്നെയും മുറുകെപ്പിടിച്ചുകൊണ്ടിരിപ്പാൻ ഈ യാഥാസ്ഥിതികത്വം ജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ടെങ്കിൽ, അവിവേകമായി ആക്രമിക്കപ്പെട്ടിരുന്ന ഒരു തത്വത്തെ പുനഃസ്ഥാപിക്കാനും അതു ജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ട്. എന്നാൽ തെററായ കാര്യങ്ങളെ സംബന്ധിച്ചുള്ള യാഥാസ്ഥിതികത്വം പോലും പ്രമാണത്തിനു ബാധകമായിവരുന്നതല്ല. വാദപ്രതിവാദങ്ങൾ മുറയ്ക്കു നടന്നുകൊണ്ടിരിക്കും. ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ കാര്യം തീരുമാനിക്കപ്പെടുകയും ചെയ്യും. അജ്ഞാനനിബിഡമായ ശതാബ്ദങ്ങളിൽ പോലും ഇങ്ങനെയാണു സംഭവിച്ചുകൊണ്ടിരുന്നത്. വെസലേയിലുള്ള പള്ളിയും വി. മറിയത്തിൻെറ പള്ളിയും തമ്മിൽ സിദ്ധന്മാരുടെ അവശിഷ്ടങ്ങളുടെ വിശ്വാസയോഗ്യതയെപ്പററി ഒരു വിവാദം ഉത്ഭവിക്കുകയും അതിനെക്കുറിച്ച് ഒരു വിധികല്പിക്കേണ്ട ആവശ്യം നേരിടുകയും ചെയ്തതു സുപ്രസിദ്ധമാണല്ലൊ. ഇങ്ങനെയുള്ള വാദപ്രതിവാദങ്ങൾ സഭ നിരോധിക്കുന്നില്ല.

## ഒരു ആധുനികവാദം.

ട്യൂറിൻ നഗരത്തിലെ തിരുവസ്ത്രത്തെപ്പററിയുള്ള വിവാദം ഇന്നും നടന്നുകൊണ്ടിരിക്കുന്നു. ഈ സിദ്ധാവശിഷ്ടം യഥാൎത്ഥമാണെന്നു മൊൺസിഞ്ഞോർ ബാൺസും അതു യഥാൎത്ഥമല്ലെന്നു പ്രസിദ്ധ ജെസ്യൂറവ് പണ്ഡിതനായ ഫാദർ തേഴ്സ്റ്റണും വാദിക്കുന്നു. അപ്രകാരംതന്നെ ലോററേറോവിലെ വിശുദ്ധാലയത്തിൻെറ അവകാശങ്ങളെപ്പററി ഇയ്യിടെ നടന്ന അനുകൂലവും പ്രതികൂലവുമായ വിവാദങ്ങൾ ആൎക്കും വായിച്ചറിയാവുന്നതാണ്. സഭയെക്കുറിച്ചും സഭയ്ക്കുപുറമേയുള്ളതിനെക്കുറിച്ചും ഉള്ള മിക്ക ഐതിഹ്യവിമൎശനങ്ങളും സഭയുടെ ഉള്ളിൽത്തന്നെയാണു നടന്നിട്ടുള്ളതു്, പുറത്തല്ല. (പ്രാചീനമനുഷ്യനെപ്പററിയുള്ള ഗവേഷണത്തിൻെറ പുരോഗാമികൾ കത്തോലിക്കാവൈദികരാണെന്നും ഈ വിഷയത്തിലുള്ള ഏററവും വലിയ പണ്ഡിതന്മാർ ഇന്നും അവർതന്നെയാണെന്നും ഇവിടെ സ്മൎത്തവ്യമത്രെ).

പ്രകൃതത്തിൽ ശ്രദ്ധിക്കേണ്ട മുഖ്യസംഗതി ഇതാണ്:— മേല്പറഞ്ഞ വിവാദങ്ങളുടെ യാഥാൎത്ഥ്യം എന്തെങ്കിലുമാകട്ടെ. ചില പ്രസ്താവങ്ങൾ സത്യമാണെന്നു തെളിയുന്നുണ്ടായിരിക്കാം. (ട്യൂറിനിലെ തിരുവസ്ത്രത്തെപ്പററിയുള്ള പ്രസ്താവം ഇത്തരത്തിലുള്ള ഒന്നാവാൻ വഴിയുണ്ടു്.) ചിലതു് അസത്യമാണെന്നു തെളിഞ്ഞിട്ടുണ്ടായിരിക്കാം. ('കോൺസ്റ്റാൻറൈൻ ചക്രവൎത്തിയുടെ ദാനം' എന്ന രേഖ ഇത്തരത്തിലുള്ള ഒന്നാണ്.) അവയിൽ മൌലികമായ ചില സത്യങ്ങളും അന്തർഭവിച്ചിട്ടുണ്ടു്. (മിക്ക ഐതിഹ്യങ്ങളിലും ലഘുവായ ഒരു സത്യം

ഒളിഞ്ഞുകിടപ്പുണ്ടാവും). പക്ഷേ ഇവയൊന്നും പ്രമാണത്തിനു ബാധകമല്ലെന്നുള്ളതാണു മുഖ്യസംഗതി.

എന്നാൽ വേറെ ചില ചരിത്രപ്രസ്താവങ്ങൾ എത്രതന്നെ അസംഭവ്യമായിത്തോന്നിയാലും, തന്നിമിത്തം കത്തോലിക്കാസഭയ്ക്കു പുറമേയുള്ളവർ അവ ഐതിഹ്യങ്ങളായി ഗണിച്ചാലും, അവ വിശ്വാസസത്യങ്ങളാണ്. കത്തോലിക്കാസഭ പുതിയനിയമഗ്രന്ഥശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള (അതായതു ക്രിസ്തുവിൻെറ ബാല്യത്തെപ്പററിയുള്ള കഥകളും മററും അടങ്ങിയിരിക്കുന്നവയും കത്തോലിക്കാസഭ സ്വീകരിച്ചിട്ടില്ലാത്തവയുമായ രേഖകൾ തള്ളി, ബാക്കിയുള്ള) രേഖകളിൽ അടങ്ങിയിരിക്കുന്ന പരിശുദ്ധമറിയത്തിൻെറ കന്യാത്വം, ക്രിസ്തുവിൻെറ മനുഷ്യാവതാരം, ക്രിസ്തുവിൻെറ അത്ഭുതങ്ങൾ എന്നിവ വിശ്വാസസത്യങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. പക്ഷേ പ്രമാണോപദേഷ്ടാവെന്ന നിലയിൽ കത്തോലിക്കാസഭ ഐതിഹ്യങ്ങളേയും കെട്ടുകഥകളേയുമാണ് ആശ്രയിച്ചിരിക്കുന്നതെന്നോ സഭ അവയെ സ്വീകരിക്കുന്നുണ്ടെന്നോ വിചാരിക്കുന്നതു പരമാബദ്ധമാണ്.

ജനസാമാന്യം സാധാരണ വിശ്വസിച്ചുവരാറുള്ള കെട്ടുകഥകളും ആധ്യാത്മികകാര്യങ്ങളിൽ കത്തോലിക്കാസഭയ്ക്കുള്ള നിശ്ചിതാവകാശങ്ങളും തമ്മിൽ എന്തോ വൈരുദ്ധ്യമുണ്ടെന്നുള്ള ബോധം എങ്ങനെയാണ് ഉത്ഭവിച്ചതെന്നു കത്തോലിക്കർക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്. അപ്രകാരംതന്നെ, ആധുനികലോകത്തിലുള്ള അകത്തോലിക്കരും കത്തോലിക്കാവിദ്വേഷികളും, പരിഷ്കൃതമെന്നു തൽക്കാലം വിചാരിക്കപ്പെടുന്ന സിദ്ധാ

ന്തങ്ങൾ യാതൊരു തെളിവുംകൂടാതെ സ്വീകരിക്കുവാൻ ഇത്രമാത്രം സന്നദ്ധത പ്രദശിപ്പിക്കുന്നതു് എന്തുകൊണ്ടാണെന്നു കത്തോലിക്കർക്കു മനസ്സിലാവുന്നില്ല. ഇങ്ങനെയുള്ള വിഷയങ്ങളിൽ സൂക്ഷ്മവിമശനം അത്യാവശ്യമാണെന്നുതന്നെയല്ല, ദുസ്ത്യജവുമാണെന്നത്രെ കത്തോലിക്കർ വിചാരിക്കുന്നതു്. ഇക്കാലത്തു സത്യമെന്നപേരിൽ പുറപ്പെട്ടിട്ടുള്ള വിവേകശൂന്യമായ പലേ പ്രസ്താവങ്ങളെ സംബന്ധിച്ചും—ദൃഷ്ടാന്തമായി, പ്രകൃതിയുടെ വ്യാവത്തനത്തെപ്പററി പരിണാമവാദികളുടെ മിഥ്യാസങ്കല്പം, മഹായുദ്ധത്തിൻെറ ആരംഭത്തിൽ റഷ്യൻപട്ടാളം ഇംഗ്ലണ്ടിലൂടെ കടന്നുപോയെന്നുള്ള പ്രസ്താവം, മുതലായവയെ സംബന്ധിച്ചു്—മററുള്ളവർ എത്രതന്നെ അവിവേകമായി ചിന്തിച്ചാലും, കത്തോലിക്കരുടെ ചിന്താഗതി എപ്പോഴും സമീചീനമാണെന്നാണു് എൻെറ അനുഭവം.

# VII.

# കത്തോലിക്കാസഭയും വിവിധഭരണയന്ത്രങ്ങളും.

ഇക്കാലത്തുള്ള ശാസ്ത്രീയനിഗമനങ്ങൾക്കു വിപരീതമാണു കത്തോലിക്കാസഭയും അതിൻെറ ഉപദേശവും ആദശവും എന്ന ധാരണ പ്രകൃതിവിജ്ഞാനീയത്തെ സംബന്ധിച്ചാണു് ആധുനികബുദ്ധിയിൽ പ്രഥമതഃകട

ന്നുകൂടിയിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണ് ഈ വിഷയത്തിലുള്ള കല്പിതവൈരുദ്ധ്യങ്ങളെപ്പററി ഞാൻ ആദ്യംതന്നെ പ്രതിപാദിച്ചതു്. ഇക്കഴിഞ്ഞ ആറു ലേഖനങ്ങളിൽ എൻെറ ഉദ്ദേശ്യം, കത്തോലിക്കാമനോഭാവമെന്താണെന്നു കാണിക്കുന്നതുകൂടാതെ, പ്രകൃതിവിജ്ഞാനീയത്തോടും മനുഷ്യരുടെ സ്വഭാവം, ചരിത്രം എന്നിതുകളോടും സഭ അവലംബിക്കുന്ന നയത്തിൽ യാതൊരു യുക്തിഭംഗവുമില്ലെന്നു സമർത്ഥിക്കുകയും ചെയ്യുകയെന്നതായിരുന്നു.

ബുദ്ധിയെ സംബന്ധിക്കുന്ന ഗഹനകാര്യങ്ങളാണ് ഇതിനുപരി ആലോചിക്കുവാനുള്ളതു്. കത്തോലിക്കാസഭയും ഇക്കാലത്തുള്ള സാമാന്യാദർശവും തമ്മിലുള്ള കല്പിതവും വാസ്തവികവുമായ മാത്സര്യങ്ങളായിരിക്കും എൻെറ പ്രതിപാദ്യവിഷയം. സാമാന്യേന കത്തോലിക്കേതരമായ പരിഷ്ക്കാരത്തോടുകൂടിയ രാജ്യങ്ങളിലാണ് ആദർശവൈപരീത്യം അധികവും പ്രത്യക്ഷപ്പെടുന്നതു്.

## ഭരണയന്ത്രങ്ങൾ.

സഭയും ആധുനികലോകാദർശവും തമ്മിൽ സങ്കല്പിക്കപ്പെടുന്ന മാത്സര്യം ഒന്നാമതായി ഭരണയന്ത്രത്തെ സംബന്ധിച്ചുള്ളതാണ്. ഈ മാത്സര്യം അവശ്യം സംഭവിക്കുമെന്ന് അകത്തോലിക്കരായ മിക്കപേരും പറയാതിരിക്കുകയില്ല.

'ജനായത്തഭരണം' എന്ന പേരിൽ ഇക്കാലത്തു് ആരാധിക്കപ്പെടുന്ന ഒരു ഭരണാദർശവും കത്തോലിക്കാസഭയും തമ്മിൽ പൊരുത്തമുണ്ടാകയില്ലെന്ന് ഇയ്യിടെ പലപ്പോഴും കേൾക്കുമാറുണ്ട്. കത്തോലിക്കാസഭ ഏ

കപുരുഷാധിപത്യത്തിനു വിരുദ്ധമാണെന്നുള്ള അപ രാധമാണു പുരാതനകാലത്തു് അതിൻെറമേൽ ചുമ ത്താറുണ്ടായിരുന്നതു്. എന്നാൽ അതൊന്നും ഇപ്പോഠം ആരും സ്മരിക്കുന്നതേയില്ല. ഇന്നുള്ളവരുടെ ശ്രദ്ധ മുഖ്യ മായി ആകഷിക്കുന്നതു കത്തോലിക്കാസഭയും ജനകീ യാദശ്ങ്ങളും തമ്മിലുള്ള സംബന്ധമെന്താണെന്നാകുന്നു.

ആദ്യമായി, നാം പ്രയോഗിക്കുന്ന പദങ്ങഠം നി ൎവ്വചിക്കുകതന്നെ.

മനുഷ്യസമുദായങ്ങളെ ഭരിക്കുവാൻ പ്രധാനമായി മൂന്നു സമ്പ്രദായങ്ങളാണുള്ളതു്. നിയമങ്ങഠം നിൎമ്മി ക്കുകയും നിയമനിൎമ്മാണം നിരോധിക്കുകയും ചെയ്യു വാൻ മൂന്നു തരത്തിലുള്ള ഭരണയന്ത്രങ്ങളുണ്ടു്.

ആദ്യത്തേതിനു് 'ഏകായത്തഭരണം' എന്നു പേർ പറയാം. ഇതിൻെറ അൎത്ഥം അധികാരം മുഴുവനും ഒരാളിൻെറ കൈയിൽ സ്ഥിതിചെയ്യുന്നുവെന്നാണു്. ഏകായത്തഭരണം എന്നു പറയുമ്പോഠം ഈ അധികാ രം പരമ്പരാസിദ്ധമായിരിക്കണമെന്നൎത്ഥമില്ല. ഏകാ യത്തഭരണത്തിൻെറ ഒരു പ്രത്യേകവിഭാഗം മാത്രമാണു തായ്‌വഴിയനുസരിച്ചുള്ള ഭരണം. ഈ അധികാരം ഒ രാഠം തന്നെ ആജീവനാന്തം വഹിക്കണമെന്നുമില്ല. ഓരോരുത്തനും ഏതാനും കൊല്ലങ്ങളിൽമാത്രം, അല്ലെ ങ്കിൽ ഒരു ചുരുങ്ങിയ കാലത്തേയ്ക്കുമാത്രം, അധികാരം വഹിച്ചാലും, ഏകായത്തഭരണം ഏകായത്തഭരണം ത ന്നെയാണു്. ദൃഷ്ടാന്തമായി അമേരിക്കയിലേ സംയു ക്തരാജ്യങ്ങളുടെ അദ്ധ്യക്ഷൻ ഏകായത്തഭരണമാണു വഹിക്കുന്നതെന്നു പറയാം. പക്ഷേ ആ രാജ്യങ്ങളുടെ

ഭരണഘടന ഏകായത്തമാണെന്നു പറയുന്നതു് അസംഗതമായിരിക്കും. കാരണം, അദ്ധ്യക്ഷൻ ആ ഭരണഘടനയിലേ ഒരംഗം മാത്രമാണെന്നതുതന്നെ.

മനുഷ്യരെ ഭരിക്കുവാനുള്ള രണ്ടാമത്തെ സമ്പ്രദായത്തിനു 'ജനായത്തഭരണം' എന്നു പേർ പറയപ്പെട്ടുന്നു. ഭരണത്തെപ്പററിയുള്ള വ്യവസ്ഥാപിതമായ സമ്പ്രദായങ്ങൾ ഉണ്ടാകുന്നതിനുമുമ്പു്, ആദിമവും അപരിഷ്കൃതവുമായ സമുദായങ്ങൾ പ്രായേണ ഈ ഭരണരീതിയാണു് അവലംബിച്ചിട്ടുള്ളതു്. ജനങ്ങളെല്ലാവരും ഒത്തുകൂടി നിയമങ്ങൾ ഉണ്ടാക്കുകയും ഇല്ലാതാക്കുകയും ചെയ്യുങ്കിൽ മാത്രമേ ജനായത്തഭരണം സാൎത്ഥകമാകയുള്ളു. ജനങ്ങളുടെ പ്രതിനിധികളോ അവരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരോ നടത്തുന്ന ഭരണത്തിനു ജനായത്തഭരണം എന്നു പേർ പറഞ്ഞുകൂടാ.

മൂന്നാമത്തെ സമ്പ്രദായത്തെ 'ന്യൂനായത്തഭരണ'മെന്നു നാമകരണം ചെയ്യാം. രാജ്യത്തു് ഒട്ടാകെയുള്ള ജനങ്ങളിൽ താരതമ്യേന ഒരു ന്യൂനഭാഗംമാത്രം അധികാരിയായി വരുമ്പോളാണു ന്യൂനായത്തഭരണം സ്ഥാപിതമാകുന്നതു്. സാധാരണമായി ഈ അധികാരം വഹിക്കുന്ന ന്യൂനപക്ഷം ഒരു പ്രത്യേകവൎഗ്ഗമായിരിക്കും. ഈ വൎഗ്ഗത്തെ ബഹുജനങ്ങൾ പ്രഭുവൎഗ്ഗമെന്നു വിളിച്ചുവരുന്നു. ഇംഗ്ലണ്ടിൽ ഇടക്കാലംവരെ സൎവ്വാധികാരങ്ങളും വഹിച്ചിരുന്നതു് ഉൽകൃഷ്ടകുലജാതരായ വൎഗ്ഗക്കാരായിരുന്നു. നിയമം സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുവാനുള്ള അധികാരം വാസ്തവത്തിൽ അവരാണു വഹിച്ചിരുന്നതു്.

## ഏകഭരണയന്ത്രത്തിൻെറ ആധിപത്യം.

മേല്പറഞ്ഞ ഭരണസമ്പ്രദായങ്ങൾ മൂന്നും അന്യോന്യബന്ധമില്ലാതെ തുലോം വിഭിന്നവും വ്യതിരിക്തവുമായിട്ടല്ല സ്ഥിതിചെയ്യുന്നത്. ഇന്നേവരെയുണ്ടായിട്ടുള്ള മിക്ക ഭരണക്രുടങ്ങളും അവയിൽ രണ്ടിനങ്ങൾ ചേന്നിട്ടുണ്ടായവയാണ്. പലപ്പോഴും ഈ മൂന്ന് ഇനങ്ങളും ഒരേ ഭരണക്രുടത്തിൽ സന്ധിചെയ്തിരുന്നു. എന്നാൽ അവയിൽ ഒരിനം മററുള്ളവയെ അപേക്ഷിച്ചു സവ്വപ്രധാനമായിത്തീരുകയും ഭരണയന്ത്രത്തിന്നാകമാനം സ്വച്ഛായ നൽകയും ചെയ്യുക സാധാരണമായിരുന്നു. ദൃഷ്ടാന്തമായി ഞാൻ മേലുദ്ധരിച്ച ഇംഗ്ലണ്ടിൻെറ ഭരണയന്ത്രത്തിൽ ഉൽകൃഷ്ടവംശജരായ ന്യൂനപക്ഷക്കാരാണ് ഈയിടെവരെ ആധിപത്യം വഹിച്ചിരുന്നത്. ഈയിടെ ഇംഗ്ലണ്ടിൽ മററു രാജ്യങ്ങളെ അപേക്ഷിച്ചു ഗുരുതരമായ വ്യത്യാസമുണ്ടായിട്ടുണ്ടെങ്കിലും, ഭരണയന്ത്രത്തിൻെറ സ്വഭാവത്തിൽ വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല. സ്വിററ്സർലണ്ടിൻെറ ഭരണം ജനായത്തമാണ്. മിക്കകാര്യങ്ങളിലും ജനഹിതം അറിവാനുള്ള ഒരു ഭരണയന്ത്രം അവിടെ സ്ഥാപിതമായിട്ടുണ്ട്. അത്രമാത്രമല്ല, ഈ രാജ്യം ചെറിയ ചെറിയ അംശങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു ഓരോ അംശത്തിലുമുള്ള ജനങ്ങൾക്കു നിയമങ്ങൾ ഉണ്ടാക്കുകയും ഇല്ലാതാക്കുകയും ചെയ്യാൻ പൂണ്ണസ്വാതന്ത്ര്യവുമുണ്ടു്. എന്നാൽ സ്വിററ്സർലണ്ടിൽപോലും ജനങ്ങൾ നേരിട്ടു ഭരിക്കുന്നതിനു പകരം പ്രതിനിധികളെ അയയ്ക്കുകയെന്ന സമ്പ്രദായമാണു സ്വീകരിച്ചിരിക്കുന്നത്. ഈ സമ്പ്രദാ

യം ജനായത്തഭരണത്തിൻെറ സ്വഭാവം വ്യത്യാസപ്പെട്ടുത്താതിരിക്കയില്ല. ഇററലിയിലാകട്ടെ, ഇപ്പോൾ മിക്കവൊറും പരിപൂൎണ്ണമായ ഏകായത്തഭരണമാണു സ്ഥാപിതമായിരിക്കുന്നതു്.

### ജനകീയഭരണാദർശം.

വിപുലങ്ങളായ മനുഷ്യസമുദായങ്ങളെ കേവലം ജനകീയാധികാരക്രമമനുസരിച്ചു ഭരിക്കുവാൻ പ്രയാസമാണെന്നുള്ളതു് അനുഭവസിദ്ധമാണല്ലൊ. ജനങ്ങളെല്ലാവരും ഒത്തൊരുമിച്ചു നിയമങ്ങളുണ്ടാക്കുവാൻ ഒരു ചന്തസ്ഥലത്തു സമ്മേളിക്കുകയെന്നതു് അസാദ്ധ്യമാണു്. ഏതെങ്കിലുമൊരു പ്രമേയം അവരുടെ മുമ്പിൽ സമൎപ്പിച്ചാൽ, അതു 'വേണം', അല്ലെങ്കിൽ 'വേണ്ടാ' എന്നു പറയുവാൻ 'ജനാപേക്ഷണം' (റെഫറണ്ടം) എന്നൊരു ഉപായം ഇപ്പോൾ ഉണ്ടെങ്കിലും, നിയമങ്ങൾ നേരിട്ടു രൂപവൽക്കരിക്കുവാൻ അവൎക്കു സാധിക്കുകയില്ല. എന്നാൽ രാജ്യം എത്രതന്നെ വിസ്തീൎണ്ണമായിരുന്നാലും അതിൻെറ ഭരണത്തിൽ ജനകീയാദൎശം മുന്നിട്ടുനില്ക്കാമെന്നുള്ള പരമാൎത്ഥം നമുക്കേവൎക്കുമറിയാം. വിസ്തൃതരാജ്യങ്ങളിൽപ്പോലും, ജനങ്ങളുടെ അഭിപ്രായമറിയുന്നതിനും പൊതുക്കാൎയ്യങ്ങളിൽ തങ്ങളുടെ ആശയങ്ങൾ പ്രകടിപ്പിക്കുവാൻ അവസരം നൽകുന്നതിനും പൎയ്യാപ്തമായ ഒരു ഭരണയന്ത്രം പ്രായോഗികമായവിധത്തിൽ രൂപവൽകരിക്കാവുന്നതാണെന്നു തന്നെയല്ല, രൂപവൽകൃതമായിട്ടുമുണ്ടു്.

പഴയ രാജ്യങ്ങളിലും പുതുതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള രാജ്യങ്ങളിലും നിവസിക്കുന്ന യൂറോപ്യൻ

വംശജന്മാർ ഇപ്പോഠം അവലംബിച്ചിട്ടുള്ളതു ജനായത്തഭരണാദൎശമാകുന്നു. ഈ ആദൎശവും കത്തോലിക്കാമനോഭാവവും തമ്മിൽ വല്ല അന്തരമുണ്ടോ എന്നാണു നമുക്കിവിടെ പൎയ്യാലോചിക്കേണ്ടതു്.

ഇങ്ങനെയൊരു അന്തരം ഉണ്ടോ ഇല്ലയോ എന്നു നിൎണ്ണയിക്കുവാൻ, ആദ്യംതന്നെ ഭരണകൂടത്തിൻെറ നേൎക്കു കത്തോലിക്കാസഭയ്ക്കുള്ള മനോഭാവം (അതായതു കത്തോലിക്കരുടെ ഭരണസിദ്ധാന്തം) എന്താണെന്നും, അതീതകാലങ്ങളിലും ആധുനികലോകത്തിലും പ്രസ്തുത സിദ്ധാന്തം പ്രയോഗത്തിൽ എങ്ങനെ വൎത്തിക്കുന്നുവെന്നും നാം മനസ്സിലാക്കണം.

### കത്തോലിക്ക സിദ്ധാന്തങ്ങൾ.

കത്തോലിക്കരുടെ ഭരണസിദ്ധാന്തത്തിൽ താഴെ പറയുന്ന പ്രമാണങ്ങഠം അടങ്ങിയിരിക്കുന്നു:—

(1) അധികാരവും ക്രമീകരണവും രാഷ്ട്രത്തിന്നു് അത്യാവശ്യവും മനുഷ്യസ്വഭാവത്തിന്നു് അനുരൂപവുമാണു്. എന്തുകൊണ്ടെന്നാൽ മനുഷ്യസ്വഭാവം സമുദായജീവിതത്തിന്നനുഗുണമായ വിധത്തിലാണു രൂപവൽകൃതമായിരിക്കുന്നതു്. തന്നിമിത്തം നിയമങ്ങഠം അവശ്യം അനുസരിക്കപ്പെടണം. അരാജകം (അക്രമം) ധൎമ്മദൃഷ്ട്യാ അസാധുവാണു്.

(2) എല്ലാ അധികാരവും ദൈവത്തിൽനിന്നാണുത്ഭവിക്കുന്നതു്. ദൈവം ഏതെങ്കിലുമൊരു പ്രത്യേക മാനുഷികസ്ഥാപനത്തിന് അധികാരം പ്രദാനം ചെയ്യുന്നുവെന്നല്ല ഇതിൻെറ അൎത്ഥം. മാനുഷികാധികാരത്തിൻെറ ധാൎമ്മികമായ നിദാനം പ്രപഞ്ചത്തെ

ഭരിക്കുന്ന ഈശ്വരശാസനത്തിൽ അന്തർഭവിച്ചിരിക്കുന്നുവെന്നേ അർത്ഥമുള്ളൂ. "ഞാൻ എന്തിനാണു നിയമം അനുസരിക്കുന്നതു്?" എന്ന ചോദ്യത്തിനു കത്തോലിക്കരുടെ സമാധാനം ഇതാണു്:— "എന്നെ ദൈവം ഒരു രാഷ്ട്രീയജീവിയായിട്ടാണു സൃഷ്ടിച്ചതു്. അന്യമനുഷ്യരോടു സഹവസിക്കുകയെന്നതു് എനിക്കു നൈസർഗ്ഗികമാണു്. എന്നാൽ മനുഷ്യസമുദായത്തിൽ ക്രമവും ഉത്തമജീവിതവും നിലനില്ക്കണമെങ്കിൽ, നിയമങ്ങൾ ഉണ്ടാക്കുവാൻ ഒരു അധികാരിയുണ്ടായിരിക്കണം. നിയമങ്ങൾ അനുസരിക്കുകയെന്നതു് എൻെറ ധർമ്മമാണു്. മററു ധർമ്മങ്ങളെന്നപോലെ ഇതും ഈശ്വരാസ്തിക്യത്തിൽ നിന്നാണു് ഉൽഭൂതമാകുന്നതു്. ദൈവമില്ലെങ്കിൽ 'ധർമ്മം' എന്ന പദം കേവലം നിരർത്ഥകമായിരിക്കും."

ഇവയാണു സഭയുടെ മുഖ്യനിർദ്ദേശങ്ങൾ. എന്നാൽ ഇവ കൂടാതെ മദ്ധ്യമയുഗത്തിലെ കത്തോലിക്കാ ദാർശനികന്മാരും പതിനാറാം നൂററാണ്ടിൻെറ അവസാനത്തിലും പതിനേഴാം നൂററാണ്ടിൻെറ ആരംഭത്തിലും ജീവിച്ചിരുന്ന സുവാരസ്സ് മുതലായ ജെസ്വിററ് ചിന്തകന്മാരും വേറൊരു സിദ്ധാന്തംകൂടി പുറപ്പെടുവിച്ചിട്ടുണ്ടു്. ഒരു സമുദായത്തിലെ പരമാധികാരത്തിൻെറ മാനുഷികനിദാനം ആ സമുദായം തന്നെയാണെന്നത്രെ പ്രസ്തുത സിദ്ധാന്തം. എന്നാൽ കത്തോലിക്കാ ചിന്തകന്മാരിൽ പ്രമുഖന്മാരായ ഈ മഹാന്മാർ പ്രഖ്യാപനം ചെയ്തിട്ടുള്ള പ്രസ്തുത തത്വം ഒരു കത്തോലിക്കാ പ്രമാണമാണെന്നു പറഞ്ഞുകൂടാ. അതൊരു വിശ്വാസസത്യമല്ല. അതു സ്വീകരിക്കുകയോ നിരസിക്കുകയോ ചെ

ണ്ടാൻ മനുഷ്യനു പൂൎണ്ണസ്വാതന്ത്ര്യമുണ്ട്. കത്തോലിക്ക രുടെ മുഖ്യ ദാൎശിനികന്മാർ സമുദായത്തിലാണു പരമാധികാരം ആരോപിച്ചിരിക്കുന്നതെന്നറിയുന്നതു രസാവഹമാണെങ്കിലും, പ്രസ്തുത സിദ്ധാന്തം ഒരു വിശ്വാസപ്രമാണമല്ല.

കത്തോലിക്കരുടെ രാഷ്ട്രീയാദൎശം ഇപ്രകാരമായിരിക്കെ, കത്തോലിക്കാസഭയും ഏതെങ്കിലുമൊരു ഭരണയന്ത്രവും തമ്മിൽ താത്വികമായ യാതൊരു വൈരുദ്ധ്യവും ഉണ്ടാകാൻ സംഗതിയില്ലെന്നു പ്രത്യക്ഷമാണല്ലൊ. എന്നാൽ അനുഭവത്തിൽ എങ്ങനെയാണു? മേല്പറഞ്ഞ മൂന്നു ഭരണയന്ത്രങ്ങളിലൊന്നിനോടോ അവയുടെ മിശ്രരൂപത്തോടോ കത്തോലിക്കാസഭ പ്രയോഗപഥത്തിൽ യോജിക്കാതെ വരുന്നതു നാം കാണുന്നുണ്ടോ? ഈ ചോദ്യത്തിനു മറുപടി പറവാൻ നമുക്കു രണ്ടു ഉപായങ്ങളുണ്ട്. ഇന്നത്തെ ലോകഗതി പരിശോധിക്കുകയാണു ഒന്നാമത്തേതു്. രണ്ടാമത്തെ ഉപായം ചരിത്രപഠനമാണു്.

(1) ആധുനികലോകത്തിൽ കത്തോലിക്കാസഭ സോത്സാഹം പ്രവൎത്തിക്കുന്നതും ആ സഭയുടെ അംഗങ്ങൾ എല്ലാത്തരത്തിലുമുള്ള ഭരണസമ്പ്രദായങ്ങളിൻ കീഴ് പൌരന്മാരായി ജീവിക്കുന്നതും നാം കാണുന്നുണ്ട്.

ആധുനികദൃഷ്ടാന്തങ്ങൾ മാനദണ്ഡമായി സ്വീകരിക്കുന്നപക്ഷം, പ്രഭുവംശ്യരുടെ ഭരണത്തോടാണു സഭയ്ക്കു് അധികം വിപ്രതിപത്തിയുള്ളതെന്നു തോന്നും. എന്തുകൊണ്ടെന്നാൽ ഇടക്കാലത്തു യൂറോപ്പിൽ പ്രഭുഭരണം നടപ്പിലിരുന്നതു് ഇംഗ്ലണ്ടിൽമാത്രമാണു്; അവി

ടെയാണുതാനും കത്തോലിക്കരുടെ സംഖ്യ ഏററവും കുറവായിരുന്നതു്. പ്രോട്ടസ്റ്റണ്ടുമതവിപ്ലവം പൂൎണ്ണമായി നിൎവ്വഹിക്കപ്പെട്ടതിനുശേഷം മാത്രമേ ഇംഗ്ലണ്ടിൽ പ്രഭുഭരണം ഉത്ഭവിച്ചിട്ടുള്ളു. എന്നിരുന്നാലും, ഈയൊരു ദൃഷ്ടാന്തംമാത്രം ആസ്പദമാക്കി അനുമാനം ചെയ്യുന്നതു സാഹസമായിരിക്കും. പ്രഭുക്കൾ ഭരിക്കുന്ന രാജ്യങ്ങൾ അപൂൎവ്വമാണു്. അത്രമാത്രമല്ല, വെനീസിൽ പ്രഭുഭരണവും കത്തോലിക്കാമതവും ഒപ്പം പരിലസിച്ചിരുന്നുവെന്നുള്ളതിനു ചരിത്രസാക്ഷ്യമുണ്ടു്.

ബാക്കിയുള്ള രണ്ടു ഭരണസമ്പ്രദായങ്ങളിലാകട്ടെ, കത്തോലിക്കാസഭ രണ്ടുതരത്തിലുള്ള ഭരണയന്ത്രത്തിൻകീഴും ഒന്നുപോലെ അഭിവൃദ്ധമായിരിക്കുന്നുവെന്നു നമുക്കു കാണാവുന്നതാണു്. ജനകീയഭരണാദൎശങ്ങൾ വേരൂന്നിയിട്ടുള്ള അയർലാണ്ടിലും ഏകായത്തഭരണം സുസ്ഥാപിതമായിട്ടുള്ള ഇററലിയിലും സഭ ഒന്നുപോലെ സ്ഥിരപ്രതിഷ്ഠിതമായിരിക്കുന്നു.

### ചാരിത്രികാനുമാനം.

(2) പൂൎവ്വചരിത്രം പരിശോധിക്കുകയാണെങ്കിൽ, ഈ അനുമാനം അപ്രതിഹതമാണെന്നു കാണാം. സഭയുടെ രണ്ടായിരം കൊല്ലത്തെ ചരിത്രത്തിൽ അതു് എല്ലാവിധത്തിലുള്ള രാഷ്ട്രീയാന്തരീക്ഷങ്ങളിലും നിൎബ്ബാധം ജീവിക്കുന്നതായി നാം കാണുന്നു. ആൽപ്സ് പൎവ്വതത്തിൻേറയും പിറിനീസ് പൎവ്വതത്തിൻേറയും ഉപത്യകകളിൽ സ്ഥാപിതമായിരുന്ന ചെറിയ ചെറിയ രാഷ്ട്രങ്ങളിലും, റോമൻ ചക്രവൎത്തിമാരുടേയും ആദിമ ഫ്റഞ്ചു് രാജാക്കന്മാരുടേയും ഏകച്ഛത്രാധിപത്യത്തിൻ

കീഴിലും, മദ്ധ്യമയുഗത്തിലെ നഗരരാഷ്ട്രങ്ങളിൽ സ്ഥാപിതമായിരുന്ന ന്യൂനായത്തഭരണത്തിനും പ്രഭുഭരണത്തിനും കീഴിലും സഭ അവികലമായി വത്തിച്ചിരുന്നു. ഒരു ഭരണയന്ത്രം ഏകായത്തമോ ന്യൂനായത്തമോ ജനായത്തമോ ആയതുകൊണ്ട് അത് അധാമ്മികമാണെന്നു സഭ സാധികാരം പ്രഖ്യാപനം ചെയ്തതായി ഒരു കാലത്തും ഒരു ദേശത്തും കാണുകയില്ല.

നാം ചരിത്രത്തിൽ പലപ്പോഴും കാണുന്നതു സഭയും ഭരണയന്ത്രവും തമ്മിലുള്ള മാത്സര്യമല്ല, പ്രത്യുത, സഭയും രാഷ്ട്രവും തമ്മിലുള്ള മാത്സര്യമാകുന്നു. ഈ മാത്സര്യങ്ങൾ രണ്ടും രണ്ടാണ്. ഇവ തമ്മിൽ കൂട്ടിക്കലത്തുന്നതു ഗർഹ്യമായ മൂഢബുദ്ധിത്വമായിരിക്കും.

സഭയുടെ അധികാരികൾ രാഷ്ട്രത്തോടു മല്ലിടുവാൻ സംഗതിയാവുന്നതു മൂന്നു വിധത്തിലാണ്:—

(1) മെത്രാന്മാർ മുതലായ സഭാധികാരികളുടെ അഭ്യുദയേച്ഛകൊണ്ടോ അവിവേകംകൊണ്ടോ ദ്രവ്യാശകൊണ്ടോ മറെറന്തെങ്കിലും കാരണത്താലോ തങ്ങൾക്കു ന്യായമായ യാതൊരു അർഹതയുമില്ലാത്ത വല്ല ഭൌമികകാര്യത്തിലും തലയിട്ട് അവകാശവാദം ചെയ്തതു നിമിത്തം സഭയും രാഷ്ട്രവും തമ്മിൽ വടംപിടിത്തം ഉണ്ടായിട്ടുണ്ട്. ദൃഷ്ടാന്തമായി, പാപ്പായ്ക്കു വിപരീതമായി കൌൺസിലിനെ അനുകൂലിച്ചു, 'യോൺ ഓഫ് ആർക്ക്' എന്ന തരുണിയെ ചുടലയിൽ കയററിയ സഭാധികാരനിഷേധകരായ വൈദികന്മാർ ഫ്റാൻസിലെ ചാൾസ് രാജാവിൻെറ ന്യായമായ അധികാരത്തോട് എതിൎക്കുകയാണു ചെയ്തത്. ചാൾസ്‌രാജാവു പൂൎവ്വ

ഗാമിയുടെ യഥാൎത്ഥപുത്രനല്ലെന്നും പരസ്ത്രീയിൽ ജനിച്ചവനാണെന്നുമുള്ള ദുഷ്പ്രവാദത്തെ ആധാരമാക്കി, ഈ വൈദികർ തങ്ങളുടെ ന്യായമായ ഭരണാധികാരിയെ തിരസ്കരിക്കുകയും ന്യായരഹിതമായ മറെറാരു ഭരണാധികാരിയുടെ ഭാഗത്തു ചേൎന്നുനില്ക്കുകയും ചെയ്തു.

(2) സഭയും രാഷ്ട്രവും തമ്മിൽ സംഗരമുണ്ടാവാനുള്ള മറെറാരു കാരണം മെത്രാന്മാർ മുതലായ സഭാധികാരികൾ തങ്ങൾക്കു ന്യായമായ അവകാശമുള്ള ഒരു ഭൌമികവസ്തു ആവശ്യപ്പെടുകയും, രാഷ്ട്രം ഈ അവകാശത്തെ വകവച്ചു കൊടുക്കാതിരിക്കുകയും ചെയ്തുവെന്നതാണ്. മെത്രാൻെറ ഭരണമണ്ഡലത്തിലുള്ള ന്യായമായ ആദായങ്ങൾ നോർമൻ രാജാക്കന്മാർ തട്ടിയെടുക്കുവാൻ ശ്രമിച്ചതുനിമിത്തം അവരും കത്തോലിക്കാസഭയും തമ്മിൽ മാത്സൎയ്യമുണ്ടായതു് ഇതിനു ദൃഷ്ടാന്തമാണ്.

(3) സഭാരാഷ്ട്രങ്ങൾക്കു തമ്മിലുള്ള ഇടച്ചിലുടെ മുഖ്യഹേതു, സഭ സ്വരക്ഷയ്ക്കും മനുഷ്യരുടെ മോക്ഷപ്രാപ്തിക്കും അത്യാവശ്യമെന്നു കരുതുന്ന ചില സംഗതികളെ രാഷ്ട്രം നിഷേധിക്കുന്നുവെന്നുള്ളതാണ്. ഒരു ദൃഷ്ടാന്തമെടുക്കാം. കത്തോലിക്കാ ബാലികാബാലന്മാരുടെ വിദ്യാഭ്യാസത്തിൽ മതത്തിനു പ്രഥമസ്ഥാനം നൽകണമെന്നു സഭ എപ്പോഴും ശഠിച്ചിട്ടുണ്ടെന്നു തന്നെയല്ല, എന്നും ശഠിക്കുകയും ചെയ്യും. കത്തോലിക്കാ ബാലികാബാലന്മാൎക്കു വേദോപദേശം നൽകുവാൻ സാധിക്കാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായത്തെ രാഷ്ട്രം നടപ്പിൽ വരുത്തുകയും അതിപ്രധാനമായ ഈ ഇളംവയ

സ്സിൽ അവരുടെ സ്വഭാവരൂപവൽക്കരണം മുഴുവനും ഭരമേല്പകയും ചെയ്താൽ, സഭ രാഷ്ട്രത്തിൻെറ ഈ അവകാശത്തെ എതിൎക്കുകയും അതിനോടു യഥാശക്തി മല്ലിടുകയും ചെയ്യാതിരിക്കുകയില്ല.

### അഭിമുഖസമരം.

ഇതാണു മാത്സര്യത്തിനുള്ള ഒരു പ്രധാനഹേതു. മററു കാൎയ്യങ്ങളിലെന്നപോലെ ഇതിലും ചില ഏററക്കുറവുകൾ ഉണ്ട്. ഒരു കുട്ടി ആഴ്ച്ചയിൽ ഒരു മണിക്കൂർവീതം സംഗീതം പഠിക്കുന്നുണ്ടെങ്കിൽ അതോടുകൂടി വേദോപദേശവും നൽകണമെന്നു സഭാധികാരികൾ ശഠിച്ചാൽ അതു് അസംബന്ധമായിരിക്കും. നേരേമറിച്ചു, ഒരു കുട്ടിയെ ശൈശവംമുതൽ വിദ്യ അഭ്യസിപ്പിക്കുകയും രാഷ്ട്രീയാധികാരത്തിൻകീഴിലുള്ള ഒരു പാഠശാലയിൽ പകൽ മുഴുവനും കഴിച്ചുകൂട്ടുവാൻ നിയമാനുസാരം നിർബ്ബന്ധിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രം ആ കുട്ടിയുടെ മനസ്സ് ആകമാനം രൂപവൽക്കരിക്കുകയും അങ്ങനെയുള്ള ഒരു സ്കൂളിൽ പ്രചുരമായ ആദൎശങ്ങൾ അവൻെറ മനസ്സിൽ കുത്തിച്ചെലുത്തുകയും ചെയ്യുന്നില്ലെന്നു പറഞ്ഞാൽ, അതു് ഒരു ഭീമാസംബന്ധമായിരിക്കും. ഇങ്ങനെയുള്ള ഒരു പാഠശാലയിലേ ആദൎശങ്ങൾക്കു തീൎച്ചയായും കുട്ടിയുടെ ബുദ്ധി വിധേയമാകാതിരിക്കുകയില്ല. അങ്ങനെ വരാനേ നിവൃത്തിയുള്ളൂ. രാഷ്ട്രത്തിൻെറ സാമാന്യസ്വഭാവം മോർമൺ മതത്തോടോ മുഹമ്മദീയ മതത്തോടോ പ്രോട്ടസ്റ്റണ്ടു് സഭയോടോ ഗ്രീക്കു് സഭയോടോ ആണു് അനുയോജിച്ചിരിക്കുന്നതെങ്കിൽ, ആ രാഷ്ട്രത്തിൻെറ കീഴിൽ നടത്തപ്പെടുന്ന സ്കൂളുകളുടെ

സാമാന്യസ്വഭാവത്തിലും, മോർമൺ മതത്തിൻേറയോ മുഹമ്മദീയമതത്തിൻേറയോ പ്രോട്ടസ്റ്റണ്ട് സഭയുടേയോ ഗ്രീക്ക്സഭയുടേയോ ആദർശങ്ങൾ പ്രതിഫലിക്കാതിരിക്കുകയില്ല. ഭരണയന്ത്രം എത്രതന്നെ നിഷ്പക്ഷമോ നിർഗ്ഗുണമോ ആയിരുന്നാലും, ഇങ്ങനെ സംഭവിച്ചേ കഴിയൂ. തൻെറ കുട്ടിയെ ഭിന്നമതാന്തരീക്ഷം വ്യാപിച്ചിരിക്കുന്ന ഒരു പാഠശാലയിൽ പറഞ്ഞയയ്ക്കുവാൻ ഒരു കത്തോലിക്കാപിതാവിനെ രാഷ്ട്രം നിർബ്ബന്ധിക്കുന്നപക്ഷം, സഭ ഈ രാഷ്ട്രനയത്തെ എപ്പോഴും എതിക്കുന്നു; എന്നും എതിർക്കുകയും ചെയ്യും.

പൌരജീവിതാദർശത്തിൽനിന്നു ഭിന്നമായ ചില ആധ്യാത്മികോദ്ദേശ്യങ്ങൾ സഭയ്ക്കുള്ളതുകൊണ്ടു സഭയും പൌരാധികാരവും തമ്മിൽ മാത്സര്യമുണ്ടാകാമെന്നും ഇപ്പോഴും ഉണ്ടാകുന്നുണ്ടെന്നുമുള്ളതിന് അനേകം ദൃഷ്ടാന്തങ്ങളിൽ ഒന്നുമാത്രമാണു മേലുദ്ധരിച്ചത്. ദുർഭഗയായ എലിസബെത്തുരാജ്ഞിയുടെ നാമമാത്രഭരണകാലത്തു 'സെസിൽ' എന്ന കുടുംബത്തിലെ പിതാവും പുത്രനും ഇംഗ്ലണ്ട് ഭരിക്കുകയും, കുഞ്ചാന ചൊല്ലുന്നതു രാജദ്രോഹമാക്കുമാറുള്ള നിയമങ്ങൾ നിർമ്മിക്കുകയും ചെയ്തപ്പോൾ, രാഷ്ട്രത്തിൻെറ പ്രാതിനിധ്യം വഹിച്ചിരുന്ന സെസിൽകുടുംബക്കാരും കത്തോലിക്കാസഭയും തമ്മിൽ മാത്സര്യമുണ്ടാകാതെ നിവൃത്തിയില്ലെന്നുവന്നു.

### സ്വഭാവം അപ്രകൃതം.

ഏതാദൃശസമരങ്ങളിൽ നിങ്ങളുടെ അനുകമ്പ ഏതു ഭാഗത്തെങ്കിലുമാകട്ടെ — ഒന്നുകിൽ കത്തോലിക്കാസഭയ്ക്കു മതപരമായി പൂർണ്ണസ്വാതന്ത്ര്യം വേണമെന്നുള്ള അ

ഭിപ്രായമായിരിക്കും നിങ്ങൾക്കുള്ളത്; അല്ലെങ്കിൽ കത്തോലിക്കാപ്രവർത്തനത്തിനു വിഘാതകരങ്ങളായ നിയമങ്ങളുണ്ടാക്കുവാൻ രാഷ്ട്രത്തിന് അവകാശമുണ്ടെന്നായിരിക്കും നിങ്ങളുടെ അഭിപ്രായം—എന്നാൽ ഭരണയന്ത്രത്തിന്റെ സ്വഭാവം ആശ്രയിച്ചല്ല ഈ വക സമരങ്ങളുണ്ടാകുന്നതെന്നാണ് ഇവിടെ സിദ്ധാന്തിക്കുന്നത്. വിശുദ്ധ കുർബ്ബാനയെ നിരോധിക്കുന്നത് ഒരു ഭൂരിപക്ഷാഭിപ്രായമോ ഒരു സ്വേച്ഛാപ്രഭുവോ ഒരു രാജാവോ അല്ലെങ്കിൽ എലിസബെത്തുരാജ്ഞിയുടെ കാലത്തു സെസിൽകുടുംബക്കാർ നേതൃത്വം വഹിച്ച സംഘത്തെപ്പോലെയുള്ള ഒരു ബലവത്തായ ന്യൂനപക്ഷമോ, ആരെങ്കിലുമാകട്ടെ—വിവാദവിഷയം അഭേദമായിത്തന്നെയിരിക്കുന്നു. കത്തോലിക്കാസഭ എതിർക്കുന്നതു ജനകീയഭരണത്തേയോ പ്രഭുഭരണത്തേയോ ഏകായത്തഭരണത്തേയോ അല്ല. ഒരു രാഷ്ട്രത്തിലേ ഭരണസമ്പ്രദായം എന്തുതന്നെയായിരുന്നാലും, സഭയും രാഷ്ട്രവും തമ്മിലാണു സമരം ഉത്ഭവിക്കുന്നത്, സഭയും ഭരണയന്ത്രവും തമ്മിലല്ല. എന്നാലും ഒരു കാര്യം പ്രത്യേകം ശ്രദ്ധാർഹമാണ്. പ്രഭുഭരണത്തേയും ഏകായത്തഭരണത്തേയും അപേക്ഷിച്ചു ജനായത്തഭരണത്തിലാണ് ഈ സമരം കുറഞ്ഞുകുറഞ്ഞുകാണുന്നത്. ഇതു് ഒരു ചരിത്രവസ്തുതയാണ്. എന്നാൽ ഇതിന്റെ കാരണം സഭയും ജനായത്തഭരണവും തമ്മിലുള്ള നൈസർഗ്ഗികമായ പൊരുത്തമാകണമെന്നില്ല. മററു ഭരണസമ്പ്രദായങ്ങളെക്കാൾ ജനായത്തഭരണം രാഷ്ട്രീയരംഗത്തിൽ പരാഭിപ്രായസഹിഷ്ണുവായതുകൊണ്ടും പ്രേരണയ്ക്കു്

അതിൽ കൂടുതൽ സൌകര്യമുള്ളതുകൊണ്ടും ആയിരിക്കാം സമരം കുറഞ്ഞുവശാവുന്നതു്.

വാസ്തവം ഇപ്രകാരമിരിക്കെ, കത്തോലിക്കാസഭ ഏതെങ്കിലുമൊരു ഭരണയന്ത്രത്തോട് (വിശിഷ്യ, ജനായത്തഭരണത്തോട്) വിരുദ്ധമാണെന്നുള്ള ധാരണ എന്തുകൊണ്ടാണു് ഉളവായതു്? എനിക്കു രണ്ടുമൂന്നു കാരണങ്ങൾ തോന്നുന്നുണ്ടു്. സഭയുടെ ആഭ്യന്തരമായ ഭരണഘടനയായിരിക്കാം ഒരു കാരണം. പ്രാചീന ഫ്റഞ്ചു് രാജവംശം, ഒടുവിലത്തെ സ്പാനിഷ് രാജവംശം മുതലായ ജനകീയാദർശവിരുദ്ധമായ സ്ഥാപനങ്ങളും കത്തോലിക്കാസഭയും തമ്മിൽ ഒരു ആഭ്യന്തരബന്ധമുണ്ടെന്നു ചിത്രങ്ങളിലും നാടകങ്ങളിലും പുസ്തകങ്ങളിലും പ്രദർശിപ്പിക്കപ്പെട്ടുന്നതായിരിക്കാം മറെറാരു കാരണം. ആധുനികവിദ്യാഭ്യാസത്തിൽ ചരിത്രപഠനത്തിലുള്ള വിസ്മയാവഹമായ അലസതയായിരിക്കാം മൂന്നാമത്തെ കാരണം. ഈ മൂന്നു കാരണങ്ങളിൽവച്ചു് ആദ്യത്തേതിനാണു പ്രാധാന്യമെന്നുപറയാം.

അമ്മേരിക്കയിലേ സംയുക്തരാജ്യങ്ങളിലും യൂറോപ്പിൽ പലേടങ്ങളിലുമുള്ള മിക്ക പ്രോട്ടസ്റ്റണ്ടു് സഭകളുടേയും ഭരണക്രമത്തിൽ ബഹുജനങ്ങളാണല്ലൊ അധികാരത്തിൻെറ നിദാനം. ഈ ഭരണക്രമത്തോടു പരിചയപ്പെട്ടിട്ടുള്ള ആളുകൾ കത്തോലിക്കാസഭയുടെ ഭരണഘടന പരിശോധിക്കുമ്പോൾ, അതിലുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു ബഹുജനങ്ങളല്ല, പ്രത്യുത, മേലുദ്യോഗസ്ഥന്മാരാണെന്നു കാണുന്നു. രാഷ്ട്രീയരംഗത്തിലും ഇതുപോലെയുള്ള ഒരു ഭരണരീതിയാണു കത്തോലി

ക്കർ ഇഷ്ടപ്പെടുന്നതെന്ന് അവർ സാമ്യാപേക്ഷയാ അനുമാനം ചെയ്യുന്നു. ഈ സാമ്യാനുമാനം കേൾക്കുമ്പോൾ കത്തോലിക്കർക്ക് അത്ഭുതമാണ് ഉളവാകുന്നത്. അങ്ങനെയൊരു നിഗമനം അവരുടെ മനസ്സിനെ തീണ്ടുകപോലും ഉണ്ടായിട്ടില്ല.

ഉദ്ദേശ്യത്തിലും അന്തസ്സാരത്തിലും കത്തോലിക്കാസഭ രാഷ്ട്രത്തിൽനിന്നു വിഭിന്നമാണെന്നുള്ള കത്തോലിക്കാപ്രമാണം നിമിത്തമാണു സഭയുടെ ഭരണരീതി ഇപ്രകാരമിരിക്കുന്നത്. കത്തോലിക്കാസഭയ്ക്കു ദൈവത്തിൽനിന്ന് ഒരു ആവിഷ്കരണമുണ്ടായിട്ടുണ്ടെന്നും, സഭയുടെ ആദിമോദ്യോഗസ്ഥന്മാരായ പ്രേഷിതവര്യന്മാർക്കാണ് (അപ്പോസ്തോലന്മാർക്കാണ്) ഈ ആവിഷ്കരണം ആദ്യം നൽകപ്പെട്ടതെന്നും, ഈ പ്രേഷിതസംഘം വൈദികാദ്ധ്യക്ഷമണ്ഡലം വഴിയായി നിലനിർത്തിക്കൊണ്ടുപോരുന്നതിനുള്ള അധികാരവും അവർക്കുണ്ടായിരുന്നെന്നും കത്തോലിക്കർ വിശ്വസിക്കുന്നു. വിശ്വാസസത്യങ്ങൾ നിർവ്വചിക്കുകയും പ്രഖ്യാപനം ചെയ്യുകയും ചെയ്യേണ്ടതു സഭയിലെ ഈ ഉദ്യോഗസ്ഥന്മാരാണ്. ഈ വിശ്വാസസത്യങ്ങൾ മനുഷ്യരുടെ അഭിപ്രായഗതിക്കോ വാദപ്രതിവാദങ്ങൾക്കോ ഭേദഗതികൾക്കോ വിധേയമല്ല. മറ്റേതെങ്കിലും സത്യം പോലെ തന്നെ ഇവയും ഒന്നുകിൽ സ്വീകരിക്കുകയോ അല്ലെങ്കിൽ തള്ളിക്കളയുകയോ ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള ഒരു സ്ഥാപനം, മനുഷ്യസമുദായങ്ങളെ ഭരിക്കുവാനുള്ള സമ്പ്രദായങ്ങളിൽനിന്ന് അനേകശതം യോജന വിദൂരമാണ്. ഗണിതശാസ്ത്രത്തിലെ തത്വങ്ങൾ ഒരാൾ മഹാന്മാരായ

ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തോടുള്ള ആദരം കൊണ്ടുമാത്രം വിശ്വസിക്കുന്നു. ആ തത്വങ്ങളുടെ തെളിവു മനസ്സിലാക്കുവാനുള്ള ശേമുഷി ആയാൾക്കില്ല. അങ്ങനെ വിശ്വസിക്കുന്ന ഒരാളുടെ മനസ്ഥിതി ദാസ്യമാണെങ്കിൽ, കത്തോലിക്കാസഭയുടെ അധികാരം സമ്മതിക്കുന്നവരുടെ മനസ്ഥിതിയും ദാസ്യമാണെന്നു പറയാം.

കത്തോലിക്കാസഭയും വിവിധഭരണാദൎശങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നുള്ള ധാരണ അബദ്ധമാണെങ്കിലും, അതു് എങ്ങനെയാണു് ഉത്ഭവിച്ചതെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. മേൽവിവരിച്ച സംഗതികളാണു് അതിന്റെ കാരണങ്ങളെന്നു ഞാൻ വിചാരിക്കുന്നു.

# VIII.

## കത്തോലിക്കാസഭയും വിരുദ്ധദൎശനങ്ങളും.

സഭയ്ക്കു് ഏതെങ്കിലും ഒരു ഭരണയന്ത്രത്തോടു് (വിശേഷിച്ചും ജനകീയഭരണാദൎശത്തോടു്) വൈരുദ്ധ്യമില്ലെന്നു സമ്മതിച്ചുകഴിഞ്ഞാൽ, പിന്നെപ്പുറപ്പെടുന്ന ചോദ്യം, കത്തോലിക്കാസഭയും സാമാന്യസമുദായവും തമ്മിൽ ഒരു മാത്സൎയ്യമുണ്ടാകാൻ പാടില്ലേ, എന്നാണു്.

കത്തോലിക്കാമനസ്ഥിതിയും ആധുനികലോകത്തിൽ സാമാന്യേന കാണപ്പെടുന്ന മറെറാരു സാമുദായികമനസ്ഥിതിയും തമ്മിൽ അന്തരമുണ്ടാകാൻ സംഗതിയില്ലയോ? ഇങ്ങനെയുള്ള അന്തരങ്ങൾ ചിലപ്പോൾ ബഹി:സ്ഫുരിക്കുന്നതു നാം കാണുന്നില്ലേ? ഈ ചോദ്യങ്ങൾക്കുള്ള മറുപടി 'ഉവ്വ്' എന്നാണ്. കത്തോലിക്കരുടെ സാമുദായികമായ ആദശ്വും മനസ്ഥിതിയും അദ്യതനലോകത്തിലുള്ള മറെറാരു സാമുദായികാദശത്തോടു പോരാടുന്നുണ്ട്. സവ്വപ്രധാനമായ ഈ വാദവിഷയത്തെപ്പററി പ്രതിപാദിക്കുകയെന്നതാണ് ഈ ലേഖനത്തിൻേറയും അനന്തരലേഖനങ്ങളുടേയും ഉദ്ദേശ്യം.

എന്നാൽ സംഭാവ്യവും ചിലപ്പോൾ സംഭൂതവുമായ ഈ മാത്സര്യം അയുക്തിയിൽനിന്നല്ല പുറപ്പെടുന്നതെന്ന് ആദ്യംതന്നെ നാം വിശദമായി ഗ്രഹിക്കണം.

### രണ്ടു മനസ്ഥിതികൾ.

ഏതേതു സമുദായത്തിലും കത്തോലിക്കത്വവും അകത്തോലിക്കത്വവും തമ്മിലുള്ള സംഘഷണം ആധുനികവിജ്ഞാനാഭിവൃദ്ധിയിൽ കണ്ടെത്തിയിട്ടുള്ള സത്യങ്ങളും അവയോടു വൈമുഖ്യം പ്രദശിപ്പിക്കുന്ന അന്ധമായ യാഥാസ്ഥിതികത്വവും തമ്മിലുള്ള സംഘഷണമല്ല. രണ്ടു മനസ്ഥിതികൾക്കു തമ്മിലുള്ള ഇടച്ചിലാണ് അതു്. അവയിൽ ഏതെങ്കിലുമൊന്നു നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. എന്നാൽ അകത്തോലിക്കമോ കത്തോലിക്കാവിദ്വേഷപരമോ ആയ മനസ്ഥിതിക്കാണ് ഇന്നത്തെ വിജ്ഞാനസമ്പത്തു പിൻബലമായിട്ടുള്ളതെന്നു പറവാൻ ന്യായമില്ല.

ഇക്കാലത്തു് അകത്തോലിക്കരും കത്തോലിക്കാവിദ്വേഷികളും പരക്കെ സ്വീകരിച്ചുപോരുന്ന സമുദായാദൎശങ്ങ‍ൾ ശാസ്ത്രീയാഭിവൃദ്ധിയോടു സമകാലീനങ്ങളാണെങ്കിലും, അതിന്റെ ഫലങ്ങളാണെന്നു പറഞ്ഞുകൂടാ. കത്തോലിക്കാമനസ്ഥിതിയും ശാസ്ത്രാഭിവൃദ്ധിയോടു് അത്രതന്നെയോ, അവയേക്കാ‍ൾ കൂടുതലായോ, അനുയോജിച്ചിരിക്കുന്നു.

അല്ല. വിശ്വാസത്തോടു പോരാടുന്നതു് ഒരു ശാസ്ത്രീയമനസ്ഥിതിയല്ല, പ്രത്യുത, ശാസ്ത്രത്തെ തെററിദ്ധരിക്കുകയും ദുഷ്പ്രയോഗിക്കുകയും ചെയ്തതുനിമിത്തം ഉണ്ടായിട്ടുള്ള യുക്തിവിഹീനങ്ങളായ ചില ചിന്താവികൃതികളാണു്.

ഇത്രയും മുഖവുരയായി പറഞ്ഞുകൊണ്ടു്, പ്രസ്തുത മാത്സര്യം എങ്ങനെ ഉത്ഭവിക്കുന്നുവെന്നും അതിന്റെ ഫലങ്ങ‍ൾ എന്തെല്ലാമാണെന്നും നമുക്കു പരിശോധിക്കാം.

## ഒരു ദാൎശനികഫലം.

ഏതു സാമുദായികബോധവും—സമുദായത്തെ സമീക്ഷിക്കുകയും അതു് എപ്രകാരമായിരിക്കണമെന്നു നിൎണ്ണയിക്കുകയും ചെയ്യുന്ന ഏതു മനസ്ഥിതിയും—ഒരു ദൎശനത്തിന്റെ (തത്വവിജ്ഞാനീയത്തിന്റെ) ഫലമാണു്. ദൎശനം എന്നു പറയുമ്പോ‍ൾ ഹെഗലിന്റേയോ ബെൎഗ്ഗ്സണിന്റേയോ പോലെയുള്ള വിജ്ഞാനാഭാസപരമായ ഒരു ചിന്താക്രമമല്ല ഞാൻ ഉദ്ദേശിക്കുന്നതു്. പ്രപഞ്ചത്തെ ആകെമാനം വീക്ഷിക്കുന്ന ഒരു ചിന്താഗതിയാണു് എന്റെ വിവക്ഷ.

രണ്ടുപേരിൽ, ഒരാൾ തനിക്കു മനസ്സ്വാതന്ത്ര്യമി ല്ലെന്നും താൻ പ്രവൎത്തിക്കുന്നതുപോലെയല്ലാതെ മററു വിധത്തിൽ പ്രവൎത്തിക്കുവാൻ തനിക്കു നിൎവ്വാഹമില്ലെ ന്നും വിചാരിക്കുന്നു. മററെയാളാകട്ടെ, തനിക്കു മന സ്സ്വാതന്ത്ര്യമുണ്ടെന്നും തൻെറ പ്രവൃത്തികൾക്കു താൻ തന്നെ ഉത്തരവാദിയാണെന്നും വിചാരിക്കുന്നു. ഇവർ രണ്ടുപേരും ചുററിലുമുള്ള ലോകത്തെ വീക്ഷിക്കുന്നതു രണ്ടു ഭിന്നരീതികളിലാണ്. ഇങ്ങനെ രണ്ടുപേരല്ല, രണ്ടു സമുദായങ്ങൾ ഉണ്ടെന്നിരിക്കട്ടെ; ആ സമുദായ ങ്ങളുടെ സ്വഭാവം ഭിന്നമായിരിക്കും. അവ തമ്മിൽ കൂട്ടിമുട്ടുകയാണെങ്കിൽ മാത്സൎയ്യമുളവാകും. നിയമം, ശി ക്ഷാക്രമം, നീതി എന്നിവയെപ്പററിയുള്ള ആശയങ്ങൾ വ്യത്യസ്തമായിരിക്കും.

എല്ലാ സമുദായാന്തരങ്ങളിലും അന്തൎലീനമായി ക്കിടക്കുന്നതു് ഇത്തരം ദൎശനവൈജാത്യങ്ങളാണ്. അ ന്തൎലീനമായ ദൎശനം സ്പഷ്ടമായി പ്രകാശിപ്പിക്കപ്പെട്ടു ന്നില്ലെന്നുവരാം. ആ ദൎശനം സ്വീകരിക്കുന്ന മിക്കപേ രും അതിനെപ്പററി ആത്മബോധത്തോടേ ചിന്തിക്കു ന്നില്ലെന്നും വരാം. എന്നാലും അവരുടെ പ്രവൃത്തികളി ലെല്ലാം അതു് അന്തൎഹിതമായിരിക്കും. അവർ സ്വ തസ്സിദ്ധമായിക്കരുതുന്ന സംഗതികൾ ഏതൊക്കെയാ ണെന്നു ദൎശനമാണു നിൎണ്ണയിക്കുന്നതു്. അവർ സ്വതസ്സി ദ്ധമായിക്കരുതുന്ന സംഗതികൾ ആരെങ്കിലും നിഷേധി ക്കുന്നപക്ഷം, ദൎശനം അവരെ അക്ഷമരാക്കിച്ചെയ്യുന്നു.

കത്തോലിക്കാസഭയ്ക്കു പുറമെ ഇന്നു രണ്ടു വിസ് തൃതമായ ചിന്താസരണികൾ ഉണ്ടു്. അവ ഗാഢബന്ധ

ക്കളാണ്. അവയുടെ സംയോഗത്തിൽ കത്തോലിക്ക വിദ്വേഷമായ ഒരു മനസ്ഥിതി ഉളവാകുന്നു.

സർവ്വത്ര പരസ്പരസംപൃക്തങ്ങളായിരിക്കുന്ന ഈ ചിന്താസരണികൾ സംയോജിക്കുമ്പോൾ, കത്തോലിക്കസഭയെപ്പററി അവജ്ഞ തോന്നുന്നതും കത്തോലിക്കസഭയെ സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്തതുമായ ഒരു മനോഭാവം രൂപവൽകൃതമാവുന്നു. ഇങ്ങനെ നമ്മുടെ ചുററിലുമുള്ള ലോകത്തിൽ സന്ധിചെയ്യുന്ന ഈ ചിന്താസരണികൾ രണ്ടും വ്യത്യസ്തമായ രണ്ടു ആദ്ധ്യാത്മികമൂലങ്ങളിൽനിന്നാണു പുറപ്പെടുന്നതെങ്കിലും, അവയോരോന്നിൻേറയും അടിസ്ഥാനം ആധുനികശാസ്ത്രാഭിവൃദ്ധിയുടെ ദുഷ്പ്രയോഗവും ശാസ്ത്രനിർദ്ദേശങ്ങളെക്കുറിച്ചുള്ള തെററിദ്ധാരണയുമാണ്.

ഒന്നാമത്തെ ചിന്താസരണി ആധുനികശാസ്ത്രത്തേക്കാളും പ്രാചീനമാണ്. പക്ഷേ ആധുനികശാസ്ത്രം അതിനെ സ്ഥിരീകരിക്കുന്നുവെന്നു ജനങ്ങൾ തെററിദ്ധരിക്കുന്നു. ഈ ചിന്താസരണി മറെറാന്നുമല്ല. എല്ലാ സംഭവങ്ങളും ചില കാരണങ്ങളുടെ അവശ്യവും അവ്യാഹതവുമായ ഫലങ്ങളാണെന്നു കരുതുന്ന ഒരു മനസ്ഥിതിയാണ് അത്. ഇങ്ങനെ കരുതുന്നവരുടെ ദൃഷ്ടിയിൽ സർവ്വവും പ്രാന്നിയതമായി (മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതായി) കാണപ്പെടുന്നു. ഒരാൾ തനിക്കു യഥേഷ്ടം എന്തെങ്കിലും പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നും ലോകത്തെ വ്യത്യാസപ്പെടുത്തുവാൻ തനിക്കു കഴിയുമെന്നും കരുതുന്നുവെങ്കിൽ, അതൊരു വ്യാമോഹമാണ്. പ്രപഞ്ചത്തിൽ ഒന്നുകൊണ്ടുകൂടി ഒരു ചിത്തമേയുള്ളൂ. ഇതിന്റെ

പ്രകൃതിനിയമമെന്നോ ഈശ്വരബുദ്ധിയുടെ നിയമനമെന്നോ എന്തുതന്നെ വിളിച്ചാലുംകൊള്ളാം—ചിത്തം ഒന്നേയുള്ളു. വാസ്തവം ഇങ്ങനെയിരിക്കെ, സ്വപ്രയത്നത്താൽ ആത്മനിർവൃതി നേടാമെന്നു കരുതി നാം ചെയ്യുന്ന ശ്രമങ്ങളെല്ലാം വ്യത്ഥമാണ്. വ്യക്തികളുടെ സുഖവും ദുഃഖവും അവഗണിച്ചുകൊണ്ടു പ്രപഞ്ചം അതിൻെറ പാട്ടിൽ ചരിക്കുന്നു. തന്മൂലം ധനം മുതലായ തൽക്കാലസുഖോപകരണങ്ങൾ സമ്പാദിക്കുവാൻ ശ്രമിക്കുകയാണു നമുക്കു നല്ലതു്. തിന്മയോടു നമുക്കു ധാൎമ്മികദ്വേഷം തോന്നരുതു്. സമുദായത്തിൽ വല്ല ദോഷവുമുണ്ടെങ്കിൽ, അതു പരിഹരിക്കുവാനുള്ള ഉപായം, വ്യക്തികളിൽ ഉത്തരവാദിത്വബോധം ഉളവാക്കുകയല്ല, പ്രത്യുത, അവരുടെ സമ്മതത്തോടുകൂടിയോ കൂടാതെയോ അവരെ ചികിത്സിക്കുകയാകുന്നു. ഇതാണ് ഒന്നാമത്തെ ചിന്താസരണി.

രണ്ടാമത്തെ ആശയം ഒന്നാമത്തേതിനോടു സംഘടിതമായിരിക്കുന്നു. അതിപ്രകാരമാണ്:— "പരീക്ഷണസിദ്ധമായ സംഗതികളൊഴികെ മററുള്ളവയെല്ലാം അജ്ഞേയമാണ്. തന്മൂലം ആദ്ധ്യാത്മികമണ്ഡലത്തെപ്പററിയുള്ള എല്ലാപ്രമാണങ്ങളും, മതാത്മകമായ എല്ലാതത്വങ്ങളും, ഈ തത്വങ്ങൾ സ്വീകരിക്കുന്നതുകൊണ്ടുള്ള ഫലങ്ങളും നിരത്ഥകമാണ്. ഈദൃശങ്ങളായ പ്രസ്താവങ്ങളെല്ലാം വ്യക്തികളുടെ ഊഹാപോഹങ്ങൾ മാത്രമാണ്. അവയ്ക്കു യാതൊരു വിലയുമില്ല."

**ശാസ്ത്രത്തിൻെറ പരിധി.**

ആധുനികലോകത്തിൽ ഇത്രമാത്രം പ്രാബല്യമുള്ള ഈ ചിന്താസരണികൾ ശാസ്ത്രാഭിവൃദ്ധിയോടു് എങ്ങനെ

യാണ് ഇടപെട്ടുനില്ക്കുന്നതു് ? ആധുനികശാസ്ത്രത്തെ ക്കുറിച്ചുള്ള തെററിദ്ധാരണ അവയിൽ എങ്ങനെയാണു പ്രത്യക്ഷപ്പെടുന്നതു് ?

പ്രസ്തുത ചിന്താസരണികളും ആധുനികശാസ്ത്ര വും തമ്മിലുള്ള ബന്ധം ഇതാണ്:— നിരന്തരപരീ ക്ഷണങ്ങളാൽ നിർണ്ണേയവും സ്വയമേവ ഭൂതാത്മകവും തുടരെ ആവിർഭവിക്കുന്നവയുമായ പ്രകൃതിതത്വങ്ങളെ പ്പററിയുള്ള വിജ്ഞാനസമൂഹമാണല്ലൊ ആധുനികശാ സ്ത്രം. ഒരു ജ്യോതിശ്ശാസ്ത്രജ്ഞനു തൻെറ ദൂരദർശിനി ഉപയോഗിച്ച്, സൂക്ഷ്മദർശിനികൊണ്ടുമാത്രം ഗ്രഹിക്കാവു ന്ന സംഗതികൾ കാണ്മാൻ സാധിക്കാത്തതുപോലെ യോ, അല്ലെങ്കിൽ ഛായയുടെ സ്വാദു നോക്കുന്ന ആൾക്കു തൻെറ തൊഴിലിൻെറ തന്ത്രങ്ങൾ പ്രയോഗിച്ചു ശില്പ വിദ്യയെപ്പററി യാതൊന്നും ഗ്രഹിക്കുവാൻ സാധിക്കാ ത്തതുപോലെയോ, ഒരു ശാസ്ത്രത്തിന്, അന്വേഷ്യതപരീ ക്ഷണങ്ങൾക്കു വിധേയമല്ലാത്ത സംഗതികളെപ്പററി യാ തൊരു നിശ്ചയവുമുണ്ടാകാൻ നിവൃത്തിയില്ല. സ്വപ രിധിക്കു പുറത്തുള്ള കാര്യങ്ങൾ പ്രതിപാദിക്കുവാൻ ശാസ്ത്രത്തിന് അവകാശമില്ല. ഗുണങ്ങളെ അടിസ്ഥാ നമാക്കി നാം നിർണ്ണയിക്കുന്ന സംഗതികൾ, അളവു കോൽ പ്രയോഗിച്ചു നിർണ്ണയിക്കുന്ന സംഗതികളിൽനി ന്നു വ്യത്യസ്തമാണ്. ഈ നിർണ്ണയനങ്ങൾതന്നെ രണ്ടു തരത്തിലാണ്.

സത്യാന്വേഷണത്തിൽ ഏതെങ്കിലുമൊരു സമ്പ്ര ദായം ഏകാഗ്രമായി പിന്തുടരുന്നതുകൊണ്ടു നമുക്കു ചി ലപ്പോൾ ഒരു അപകടം പിണയാറുണ്ട്. ഇതുകൂടാ

തെ വേറേ ചില സമ്പ്രദായങ്ങളുമുണ്ടെന്നുള്ള സംഗതി നാം വിസ്മരിക്കുകയോ കാലാന്തരത്തിൽ നിഷേധിക്കുകയോ ചെയ്യും. നാം പരിശീലിച്ച സമ്പ്രദായം അതിനു ചേരാത്തതായ മററു രംഗങ്ങളിലും നാം പ്രയോഗിക്കും.

## ശാസ്ത്രീയരീതി.

ശാസ്ത്രീയസമ്പ്രദായവും ഇങ്ങനെതന്നെയാണു പ്രയോഗിക്കപ്പെടുന്നത്. ഈ സമ്പ്രദായത്തിൻെറ വിസ്മയാവഹങ്ങളായ ഫലങ്ങൾ നിമിത്തം അതിന് അസാമാന്യമായ പ്രശസ്തി കൈവന്നിട്ടുണ്ട്. എന്നാൽ അതിൻെറ പ്രശസ്തിയിൽ മതിമയങ്ങി നാം അതിനെ സർവ്വസാമാന്യമാക്കുകയും അതു് ഒരു രംഗത്തിൽ മാത്രമേ പ്രയോക്തവ്യമാകയുള്ളൂ എന്ന സംഗതി വിസ്മരിക്കുകയും ചെയ്യുമ്പോൾ, നാം അബദ്ധക്കുണ്ടിൽ ചാടുന്നു.

മനഃസ്വാതന്ത്ര്യത്തിനും ധാർമ്മികമായ ഉത്തരവാദിത്വത്തിനും ഇടമില്ലാത്ത സർവ്വസാധാരണവും അഭേദ്യവുമായ ഒരു കാര്യകാരണനിയതി ശാസ്ത്രസിദ്ധമാണെന്നു ജനങ്ങൾ വിചാരിക്കുന്നതു്, പ്രകൃതിവിജ്ഞാനീയത്തിൽ ഇങ്ങനെയുള്ള കാര്യകാരണവ്യവസ്ഥ ഉള്ളതുകൊണ്ടാകുന്നു. പ്രകൃതിവിജ്ഞാനീയത്തിൽ ഈ വ്യവസ്ഥ കൂടിയേ കഴിയൂ. എന്തുകൊണ്ടെന്നാൽ, എത്ര പ്രാവശ്യമെങ്കിലും ആവർത്തനം ചെയ്യാവുന്ന സംഗതികളെയാണു ശാസ്ത്രീയസമ്പ്രദായം വിഷയീകരിക്കുന്നതു്. പരീക്ഷണങ്ങളുടെ ഫലം എപ്പോഴും ഒന്നുതന്നെയാണെങ്കിൽ മാത്രമേ സാമാന്യമായ ഒരു ശാസ്ത്രീയനിഗമനം സാധുവായിത്തീരുകയുള്ളൂ. പക്ഷേ, സൌന്ദര്യം, ഹാസ്യം, പവിത്രത, സുഖം, ദുഃഖം മുതലായ വിഷയ

ങ്ങളെ അധികരിച്ചു ഒരു ശാസ്ത്രീയനിവ്വചനംചെയ്യാൻ സാധിക്കയില്ല. അവയുടെ സ്വഭാവത്തിലും തോതിലു മുള്ള അനന്തമായ ദുർഘടങ്ങൾ ശാസ്ത്രസീമയിൽ ഉൾ പ്പെടുന്നില്ല. അവ വേറൊരു മണ്ഡലത്തിലാണു സ്ഥിതി ചെയ്യുന്നതു്.

രസതന്ത്രത്തെപ്പററി നമുക്കു് ഒരു ശാസ്ത്രീയക്രമം രൂപവൽകരിക്കാം. എന്നാൽ ഒരു മണ്ഡലത്തിനുമാ ത്രം യോജിക്കുന്ന സമ്പ്രദായങ്ങൾ മററൊന്നിൽ പ്രയോ ഗിക്കുന്നപക്ഷം, നാം ശോചനീയമായ പ്രമാദത്തില കപ്പെടും. "ഇന്നയിന്ന രസതന്ത്രപ്രയോഗങ്ങൾ എ പ്പോഴും ഇന്നയിന്ന ഫലങ്ങൾ പുറപ്പെടുവിക്കുന്നതുകൊ ണ്ടു്, ഇന്നയിന്ന സാഹചര്യങ്ങളുടെ സംയോഗത്തിൽ ഹാസ്യം ഉളവാകും" എന്നുള്ള പ്രസ്താവം ശുദ്ധമേ അ സംബന്ധമാണു്. പ്രാചീനകാലത്തിലേ മന്ത്രവാദികൾ പറഞ്ഞിട്ടുള്ളതിനേക്കാൾ ഒട്ടും മെച്ചം അതിനില്ല. ഭൌതികകാര്യകാരണങ്ങളാൽ നിബദ്ധമായ പ്രകൃതി യിൽ പുരുഷപരമായ പ്രവത്തനങ്ങൾ ആരോപിക്കു ന്നതാണല്ലോ മന്ത്രവാദം. കോപം, സ്നേഹം മുതലായ വികാരങ്ങൾ മനുഷ്യരിൽ എങ്ങനെയാണു പ്രവത്തിക്കു ന്നതെന്നു മന്ത്രവാദി അറിഞ്ഞിരുന്നു. ഈ ജ്ഞാനത്തെ അതിനവകാശമില്ലാത്ത ഒരു മണ്ഡലത്തിൽ വ്യാപി പ്പിക്കുകയാണു മന്ത്രവാദി ചെയ്തതു്. വെള്ളപ്പൊക്കം, ഭൂകമ്പം മുതലായവയുടെ നിദാനം പുരുഷപരമായ വികാരമാണെന്നു് ആയാൾ വ്യാമോഹിച്ചു.

### പ്രമാദഹേതു.

ആധുനികർ ചെയ്യുന്നതും ഇതുപോലെതന്നെ അ യുക്തികമാണു്. അവരുടെ പ്രയോഗം നേരേമറിച്ചാ

ണെന്നുമാത്രം. ക്ലിപ്തമായ അളവും നിരന്തരമായ ആവ
ത്തനവും, അവയ്ക്കു യാതൊരു സ്ഥാനവുമില്ലാത്ത കാൎയ്യ
ങ്ങളിൽപോലും അവർ ബുദ്ധിശൂന്യമായി പ്രയോഗി
ക്കുന്നു.

ഭൌതികപരീക്ഷണങ്ങളോടുള്ള അതിപരിചയം നിമിത്തം സത്യഗ്രഹണത്തിനു വേറേ ചില മാൎഗ്ഗങ്ങളുമുണ്ടെന്നുള്ള സംഗതി അവർ വിസ്മരിക്കുന്നു. അതുകൊണ്ടാണ്, അളവുകോലും പരീക്ഷണസാമഗ്രികളും പ്രയോഗിച്ചല്ലാതെ നമുക്കു യാതൊന്നും കണ്ടുപിടിക്കുവാൻ സാധിക്കുകയില്ലെന്നും, ദൈവശാസ്ത്രവും അദ്ധ്യാത്മകാൎയ്യങ്ങളെപ്പററിയുള്ള പ്രമാണങ്ങളും യഥാൎത്ഥമല്ലെന്നും, ധൎമ്മസംഹിത സുസ്ഥിരമല്ലെന്നും വിശ്വാസശാസനങ്ങൾ പരിനിഷ്ഠിതമല്ലെന്നും ഉള്ള ബോധം ഉളവായിരിക്കുന്നതു്.

ആധുനികമായ ഈ ചിന്താഗതികൾ രണ്ടും സമ്മേളിച്ചു പരസ്പരം സഹായിക്കുന്നതിൻെറ ഫലമായി ഉത്ഭവിച്ചിട്ടുള്ള ആശയസമൂഹത്തോടു കത്തോലിക്കസഭ അവശ്യം പോരാടേണ്ടതായിട്ടുണ്ടു്. ഇപ്പോഴത്തെ സാമുദായികപരീക്ഷണങ്ങൾക്കും നൂതനാദൎശങ്ങൾക്കും സുസ്ഥിരമായ നിദാനമായി വൎത്തിക്കുന്നതു ശാസ്ത്രമാണെന്നും, ധാൎമ്മികനിബന്ധനകൾ പരിത്യാജ്യങ്ങളാണെന്നും ഇക്കാലത്തു് അനേകലക്ഷംപേർ വ്യാമോഹിക്കുന്നു. അതുകൊണ്ടാണ് ഈ സാമുദായികപരീക്ഷണങ്ങളും ആദൎശങ്ങളും കത്തോലിക്കസഭയോടു വിരുദ്ധമായി നിൽക്കുന്നതു്. അതുകൊണ്ടുതന്നെയാണു സഭയുടെ സാന്നിദ്ധ്യത്തിൽ അവ അസ്വസ്ഥമായിച്ചമയുന്നതു്. ക

ത്തോലിക്കസഭയ്ക്കും ആധുനികസമുദായത്തിന്റെ ശാസ്ത്രീയനിദാനത്തിനും തമ്മിൽ ഒഴിച്ചുകൂടാത്ത മാത്സര്യമുണ്ടെന്നു ജനങ്ങൾ പറയുന്നതിന്റെ താൽപര്യം ഇതാണ്.

അവർ 'ആധുനികം' എന്ന പദം പ്രയോഗിക്കുന്നതുതന്നെ അബദ്ധമാണ്. കത്തോലിക്കസഭയ്ക്ക് അവർക്കുള്ളിടത്തോളംതന്നെ ആധുനികത്വമുണ്ട്; അവരുടെ മിഥ്യാസിദ്ധാന്തങ്ങൾക്കു കുറഞ്ഞപക്ഷം കത്തോലിക്കസഭയോളംതന്നെ പഴക്കവുമുണ്ട്. കാര്യകാരണങ്ങളുടെ അഭേദ്യമായ പുനരാവർത്തനത്തെ ആസ്പദമാക്കുന്ന പ്രാന്നിയതിവാദവും ദേവന്മാരെപ്പറ്റി നമുക്കു യതൊന്നും അറിവാൻ പാടില്ലെന്നുള്ള അജ്ഞേയത്വവാദവും മൂവ്വായിരം കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന സംസ്കൃതമായ കാവ്യമതത്തിൽ ഇന്നത്തേപ്പോലെതന്നെ വേരൂന്നിയിരുന്നു. അന്നുണ്ടായിരുന്ന സിദ്ധാന്തവും ഇന്നത്തേതും തമ്മിൽ ഒരു വ്യത്യാസമേയുള്ളൂ. സങ്കുചിതവും അബദ്ധവുമായ ഈ ആശയങ്ങൾ മുറുകെപ്പിടിക്കുന്ന അഭ്യുതന്മാർ, ശാസ്ത്രീയസമ്പ്രദായം എന്നൊരു അപ്രമാദമായരീതി—അപ്രമാദംമാത്രമല്ല, സർവ്വസാമാന്യവും, അതായത് എല്ലാ വിഷയങ്ങളേയും സംബന്ധിക്കുന്നതും, ആയ രീതി—തങ്ങൾക്കു് അനുകൂലമാണെന്നു വൃഥാ ധരിച്ചിട്ടുണ്ടെന്നു മാത്രമാണു വ്യത്യാസം.

### രണ്ടു് ആധുനികലോകങ്ങൾ.

അററ്ലാൻറിക് സമുദ്രത്തിന്റെ ഇരുപാർശ്വങ്ങളിലും നിവസിക്കുന്ന യൂറോപ്യൻ ജനതയുടെ പരിഷ്കാരത്തിൽ രണ്ടു മണ്ഡലങ്ങളുണ്ടെന്നു ചുരുക്കിപ്പറ

യാം. ഒരു ഭാഗത്തു് ആധുനികവും സജീവവും യുക്തി യുക്തവുമായ കത്തോലിക്കബുദ്ധി ഗവേഷണത്തിൽ ഉൽസുകവും വാദപ്രതിവാദങ്ങൾക്കു സദാ സന്നദ്ധവും മററു ജനങ്ങളെപ്പോലെതന്നെ പുതിയ കണ്ടുപിടിത്ത ങ്ങളിൽ ശ്രദ്ധാലുവുമായി സ്ഥിതിചെയ്യുന്നു. എന്നാൽ ഭൌതികപരീക്ഷണത്തിന് ഉപരിഷ്ഠായ സംഗതികളിൽ സത്യം ഗ്രഹിക്കുവാൻ സാധിക്കുമെന്നു, വിശ്വാസം ഉ ത്തമമാൎഗ്ഗദൎശിയാണെന്നും, ഒരു ധൎമ്മസംഹിത ഉൽകൃ ഷ്ടമാണെന്നും, അതിൻെറ നിഷേധം തിന്മയാണെന്നും, കത്തോലിക്കൎക്കു ബോദ്ധ്യമായിട്ടുണ്ടു്. ഈ മനോഭാവ ത്തിനെതിരായി, വിശ്വാസത്തേയും തൽഫലങ്ങളേയും നിഷേധിക്കുകയും യാതൊരു ധാൎമ്മികനിബന്ധനയും ആദരിക്കാതിരിക്കുകയും അങ്ങനെയൊരു നിബന്ധന സൃഷ്ടിക്കുന്നതുതന്നെ മൌഢ്യമാണെന്നു കരുതുകയും ഭൌതികമായ വിഷയങ്ങളിൽമാത്രം താല്പൎയ്യം പ്രദൎശി പ്പിക്കുകയും, ഇന്ദ്രിയദ്വാരാ കൃടക്രുടെ നേരിട്ടു ഗ്രഹിക്കാ വുന്നവയും ക്ലിപ്തമായി ദണ്ഡമാനം ചെയ്യാവുന്നവയുമാ യ സംഗതികളൊഴികെ മററു യാതൊന്നും യഥാൎത്ഥമ ല്ലെന്നു ശഠിക്കുകയും ചെയ്യുന്ന ഒരു മനോഭാവം മറുപുറ ത്തു സ്ഥിതിചെയ്യുന്നു.

ഒടുവിൽ പറഞ്ഞ ആധുനികമനസ്ഥിതി—പ്രപ ഞ്ചത്തെ വീക്ഷിക്കുന്നതിൽ കത്തോലിക്കസഭയോടു ഭി ന്നവും (ഭിന്നത പലപ്പോഴും വിദ്വേഷമായിപ്പരിണമി ക്കുന്നതുകൊണ്ടു്) വിദ്വേഷപരവുമായ ഈ മനസ്ഥിതി —എല്ലാ ദൎശനങ്ങളേപ്പോലെ തന്നെ, സ്ഥാപനങ്ങ ളിലും പ്രസ്ഥാനങ്ങളിലും അതിൻെറ ഫലം അവശ്യം

കാണിക്കാതിരിക്കയില്ല. ഏതു ദർശനവും വെറും സിദ്ധാന്തമെന്ന നിലവിട്ട പ്രയോഗത്തിലേയ്ക്കു കടക്കും. അകത്തോലിക്കമായ അഥവാ കത്തോലിക്കവിദ്വേഷപരമായ ഇക്കാലത്തെ ദർശനത്തിൻെറ പ്രായോഗികഫലം, പ്രസ്തുത ദർശനം സ്വീകരിക്കപ്പെട്ടിട്ടുള്ള രാജ്യങ്ങളിലൊക്കെ വ്യാപിച്ചിട്ടുണ്ടു്. എത്രതന്നെ അസ്പഷ്ടവും അസംബന്ധവുമായിട്ടാണ് ഈ ദർശനം സ്വീകരിക്കപ്പെട്ടിരിക്കുന്നതെങ്കിലും, അതിൻെറ ഫലം പ്രയോഗത്തിൽ ദൃഷ്ടവ്യമാകാതിരിക്കുകയില്ല.

യുക്തിയാണു് അടിസ്ഥാനമെന്നഭിമാനിക്കുന്ന ഈ അബദ്ധദർശനത്തിൽനിന്നു നിയമങ്ങളിലും സ്ഥാപനങ്ങളിലും പ്രധാനമായി മൂന്നുവിധത്തിലുള്ള ഫലങ്ങൾ ഉളവായിട്ടുള്ളതായും, അവ പരസ്പരാപേക്ഷയാ വർത്തിക്കുന്നതായും കാണാം. പ്രസ്തുതഫലങ്ങൾ താഴെ ചേർക്കുന്നു:—

1) എല്ലാ രാഷ്ട്രീയപ്രവർത്തനങ്ങളുടേയും മുഖ്യോദ്ദേശ്യം മനുഷ്യൻെറ ശാരീരികമായ നന്മയും ഭൌമികസുഖവുമാണെന്നും, നിയമങ്ങളുടെ ലക്ഷ്യം ഇതായിരിക്കണമെന്നും, നിബന്ധനകളും കല്പനകളും പുറപ്പെടുകയോ പുറപ്പെടാതിരിക്കുകയോ ചെയ്യുന്നതിൻെറ മാനദണ്ഡം ഇതുതന്നെയായിരിക്കണമെന്നുമുള്ള ആശയമാണു് ഒന്നാമത്തെ ഫലം.

2) എല്ലാ രാഷ്ട്രീയവ്യാപാരങ്ങളുടേയും മുഖ്യോദ്ദേശ്യം സമുദായത്തിൻെറ പൊതുവായ നന്മയാണെന്നും സമുദായത്തിൻെറ നന്മയ്ക്കായി വ്യക്തികളെ ബലികഴിക്കേണ്ടതാണെന്നും, കുടുംബം മുതലായ ഘടഘടന

കഠം ജനസാമാന്യത്തിൻെറ മേന്മയ്ക്കായി ആഹുതി ചെയ്യാമെന്നും, നിയമങ്ങളിലും ആചാരങ്ങളിലും എന്തെല്ലാമാണ് ഉൾപ്പെടുത്തേണ്ടതെന്നോ ഉൾപ്പെടുത്താതിരിക്കേണ്ടതെന്നോ നിർണ്ണയിക്കുന്നതിൻെറ മാനദണ്ഡം സമുദായത്തിൻെറ ഭൌമികസുഖമാണെന്നുമുള്ള ആശയമാണു രണ്ടാമത്തെ ഫലം.

3) രണ്ടാമത്തെ ഫലത്തിൽനിന്നു വേറൊന്നു കൂടി ഉത്ഭവിക്കുന്നുണ്ട്. രാഷ്ട്രമായിരിക്കണം നമ്മുടെ ആരാധനയുടെ ഏകവിഷയമെന്നും സ്വരാജ്യസ്നേഹമാണു നമ്മുടെ പ്രഥമധർമ്മമെന്നും മനുഷ്യവികാരങ്ങളിൽവച്ച് ഏററവും ഉൽകൃഷ്ടവും പാവനതമവുമായതു ദേശപ്രതിപത്തിയാണെന്നും മറെറല്ലാ വികാരങ്ങളും അതിനു വിധേയമായിരിക്കണമെന്നുമുള്ള തത്വമാണു മൂന്നാമത്തേത്. ചുരുക്കിപ്പറഞ്ഞാൽ, ഇതിനെ 'രാഷ്ട്രാരാധനമതം' എന്നു വിളിക്കാം.

ഈ മൂന്ന് ആശയങ്ങളും ഇക്കാലത്തു സാമാന്യേന സ്വീകരിക്കപ്പെടുന്നുണ്ട്. (1) ശാരീരികവും ഭൌതികവുമായ നന്മയാണു രാഷ്ട്രീയവ്യാപാരങ്ങളുടെ മാനദണ്ഡമെന്നും, (2) വ്യക്തിയും കുടുംബവും സമുദായത്തിനുവേണ്ടിയാണു ജീവിക്കുന്നതെന്നും, (3) രാഷ്ട്രമാണു നമ്മുടെ പരമാരാധനത്തിനു വിഷയീഭവിക്കേണ്ടതെന്നും സ്വരാജ്യത്തോടുള്ള സ്നേഹവും അതിൻെറ അഭിവൃദ്ധിക്കായുള്ള ഔൽസുക്യവും മറെറല്ലാ മനോവ്യാപാരങ്ങളേക്കാഠം ശ്രേഷ്ഠമാണെന്നും ഉള്ള ആശയങ്ങഠം, ഞാൻ മുമ്പു പറഞ്ഞതുപോലെ, പരസ്പരാപേക്ഷയാ വർത്തിക്കുന്നു. ഇവയെല്ലാം ഒന്നുതന്നെയല്ലെങ്കിലും ഇവ

യ്ക്കുതമ്മിൽ വലിയ പൊരുത്തമുണ്ട്. ഇവയുടെ സംയോഗത്തിലാണ്, കത്തോലിക്കസഭയെ ശത്രുവായി ഗണിക്കുകയും സഭ അവശ്യം പോരാടുകയും കത്തോലിക്കപ്രമാണത്തിന വിപരീതമായ നിയമങ്ങളും ആചാരങ്ങളും സൃഷ്ടിക്കുവാൻ സാകല്യേന ഒരുമ്പെടുകയും ചെയ്യുന്ന രാഷ്ട്രീയാന്തരീക്ഷം ഉളവാകുന്നത്.

ഈ ആശയങ്ങളോരോന്നിനെക്കുറിച്ചും പ്രതിപാദിക്കുകയും ഞാൻ മുമ്പു പറഞ്ഞ ഫലങ്ങൾ അവ പുറപ്പെടുവിച്ചത് എങ്ങനെയാണെന്നും എവിടെയാണെന്നും ദൃഷ്ടാന്തമുഖേന വിശദീകരിക്കുകയും ചെയ്യാനാണ് ഇനിയത്തെ ലേഖനങ്ങളിൽ ഞാൻ ഉദ്ദേശിക്കുന്നത്. എന്നാൽ കത്തോലിക്കരുടെ സമുദായാദർശമോ മററുള്ളവരുടെ സമുദായാദർശമോ ഏതാണ് അധികം യുക്തിപൂർവ്വകവും മനുഷ്യസ്വഭാവത്തിനനുരൂപവുമെന്നു നിർണ്ണയിക്കുവാൻ ഞാൻ വായനക്കാരോട് ആവശ്യപ്പെടുകയും ചെയ്യും. ഞാൻ ഇവിടെ എഴുതിയിട്ടുള്ള സംഗതികളുടെയൊക്കെ ഉദ്ദേശ്യം അതുമാത്രമാണ്. ഈ ഗുരുതരമായ ചോദ്യത്തിന് ഒരു സമാധാനമാണ് ആധുനികലോകത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളത്.

# IX.

## സഭയുടെ മാത്സൎയ്യം എവിടെയാണ്?

കത്തോലിക്കസഭ കത്തോലിക്കേതരമായ ഒരു സമുദായത്തിൻെറ മദ്ധ്യത്തിൽ ജീവിക്കുമ്പോൾ ചില കാൎയ്യങ്ങളിൽ അവയ്ക്കു തമ്മിൽ സംഗരമുണ്ടാകാറുണ്ട്. തന്നിമിത്തം അകത്തോലിക്കമെന്നുതന്നെയല്ല പലപ്പോഴും കത്തോലിക്കവിദ്വേഷകവുമായ ആധുനികരാഷ്ട്രത്തോടു സഭയ്ക്കുള്ള മാത്സൎയ്യം ഒഴിച്ചുകൂടാത്തതാകുന്നു. മാത്സൎയ്യവിഷയമാണു നമുക്ക് ഇനി പരിശോധിക്കേണ്ടത്.

ഈ പോരാട്ടത്തെപ്പററി പ്രതിപാദിക്കുമ്പോൾ പോരാട്ടമുണ്ടോ ഇല്ലയോ എന്നല്ല ഇവിടെ പൎയ്യാലോചിക്കുന്നതെന്ന് ഓൎക്കണം. പോരാട്ടം ഉണ്ടെന്നു നാം സമ്മതിക്കുന്നു. കത്തോലിക്കമതത്തിനും ഇന്നത്തെ പ്രകൃതിവിജ്ഞാനീയത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സത്യങ്ങൾക്കും തമ്മിലുള്ള മാത്സൎയ്യം വെറും കല്പിതമാണെന്നും വാസ്തവത്തിൽ അങ്ങനെയൊരു മാത്സൎയ്യമില്ലെന്നും സമൎത്ഥിക്കുകയാണല്ലൊ നാം മുമ്പു ചെയ്തതു്. എന്നാൽ ഇവിടെ അങ്ങനെയല്ല, മാത്സൎയ്യമുണ്ടെന്നുതന്നെയാണു നാം സിദ്ധാന്തിക്കുന്നതു്. ഇവിടെ നമുക്കു പരിശോധിക്കുവാനുള്ളതു്, കത്തോലിക്കരുടെ സിദ്ധാന്തം യുക്തിയുക്തമാണോ അല്ലയോ എന്നാണ്. രണ്ടു മനസ്ഥിതികൾ പരസ്പരം വിരുദ്ധമായി വൎത്തിക്കുന്നതു നാം കാണുന്നു. അതിനെപ്പററി നമുക്കു രണ്ടു ചോദ്യങ്ങൾ ചെയ്യാനുണ്ട്:— (1) കത്തോലിക്കമനസ്ഥിതി, നമുക്ക് അധി

കം പരിചിതമായ മറെറാന്നിനു വിപരീതമാണെങ്കിലും, അക്കാരണത്താൽ അതിൻെറ യുക്തിയുക്തതയ്ക്കു വല്ല പോരായ്മയുമുണ്ടോ? (2) ഭിന്നമായ ഈ രണ്ടു മനസ്ഥിതികളിൽ ഏതാണ് അധികം യുക്ത്യനുരൂപം?

**സമരമൂലം.**

കത്തോലിക്കസഭ ചുററിലുമുള്ള സമുദായത്തോടു മത്സരിക്കുവാനുള്ള കാരണം ഇതാണ്:— മനുഷ്യൻെറ പ്രഥമോദ്ദേശ്യം ഭൗമികമായ സുഖമാണെന്നു സമുദായം ശഠിക്കുന്നു. അത്രമാത്രമല്ല, കുടുംബത്തിൻേറയും വ്യക്തിയുടേയും നന്മയേക്കാൾ സമുദായത്തിൻെറ ഭൗമികസുഖമാണു പ്രധാനതരമെന്നും സമുദായം ശഠിക്കുന്നു. ഈ സിദ്ധാന്തങ്ങളോടു സഭയ്ക്കു മല്ലിടാതെ ഗത്യന്തരമില്ല.

പലപ്പോഴും (വിശേഷിച്ചും ഇക്കാലത്തു്) ഈ സിദ്ധാന്തങ്ങൾ രണ്ടും കൈകോർത്തുപിടിച്ചു കാണപ്പെടുന്നു. മാനുഷികനിയമങ്ങളുടെ മുഖ്യോദ്ദേശ്യം അഥവാ ഏകോദ്ദേശ്യം ഭൗമികസുഖമാണെന്നു വിചാരിക്കുന്നവർ തന്നെയാണു കുടുംബത്തിൻേറയും വ്യക്തിയുടേയും നന്മ സമുദായത്തിൻെറ സുസ്ഥിതിക്കു വിധേയമായിരിക്കണമെന്നും വിചാരിക്കുന്നതു്. എന്നാൽ ഈ സിദ്ധാന്തങ്ങൾ രണ്ടും ഇക്കാലത്തു് ഒന്നിച്ചാണു വർത്തിക്കുന്നതെങ്കിലും അവ ഭിന്നഭിന്നങ്ങളാണ്. അതുകൊണ്ടു് അവയെ വെവ്വേറെ പരിശോധിക്കണം.

സമുദായത്തിൻേറയും തന്നിയമങ്ങളുടേയും ഉദ്ദേശ്യം ഭൗമികസുഖമാണെന്നുള്ള സിദ്ധാന്തം ആദ്യംതന്നെ പര്യാലോചിക്കാം.

ഇങ്ങനെ സിദ്ധാന്തിക്കുന്ന ഒരാൾ ഈ ജീവിതത്തിനപ്പുറം പാരത്രികമായ ഒരു പരമസുഖം പ്രാപ്യമാണെന്നുള്ള സാംഗതി നിശ്ശേഷം നിഷേധിച്ചുകൊള്ളണമെന്നില്ല. രാജ്യനിയമങ്ങൾ എങ്ങനെയാണ് ഈ പാരത്രികാനന്ദത്തെ ബാധിക്കുന്നതെന്ന് ആയാൾക്ക മനസ്സിലാവുന്നില്ലെന്നേയുള്ളൂ. രാജ്യനിയമങ്ങൾ ഐഹികജീവിതത്തിനുമാത്രമേ ബാധകമാകയുള്ളുവെന്നും പാരത്രികാനന്ദത്തെപ്പററി ചില ഊഹങ്ങളല്ലാതെ ക്ലിപ്തമായ ജ്ഞാനം ആക്കുമില്ലെന്നുമത്രേ ആയാൾ കരുതുന്നതു്. പാരത്രികജീവിതം എന്നൊന്നില്ലെന്നു തീച്ചപ്പെടുത്തുകയും തന്മൂലം മനുഷ്യൻെറ ഏകോദ്ദേശ്യം ഭൌമികസുഖമാണെന്നു കരുതുകയും ചെയ്യുന്നവർ ഇക്കാലത്തുപോലും അധികമുണ്ടെന്നു പറഞ്ഞുകൂടാ. എന്നാൽ പാരത്രികജീവിതത്തെപ്പററി സംശയഗ്രസ്തരായവർ കുറച്ചൊന്നുമല്ല. ഭവിഷ്യജ്ജീവിതത്തെപ്പററിയുള്ള നമ്മുടെ ജ്ഞാനം ലഘുമാത്രമായതുകൊണ്ടു് അതു വിഗണിക്കാവുന്നതാണെന്നു വിചാരിക്കുന്നവരാണു വളരെയധികംപേരും. ആധുനികപരിഷ്കാരത്തിൻെറ സീമയിൽപ്പെട്ട മിക്ക മഹാരാജ്യങ്ങളിലും ഇങ്ങനെ വിചാരിക്കുന്ന അസംഖ്യം പേരുള്ളതുകൊണ്ടു്, ആ രാജ്യങ്ങൾ അവരുടെ ആശയങ്ങളിൽ നിമഗ്നമായിക്കിടക്കുകയാണു ചെയ്യുന്നതു്.

കത്തോലിക്കസഭയാകട്ടെ, മരണാനന്തരം ഒരു നിത്യജീവിതം ഉണ്ടെന്നുള്ളതു് എത്രയും വാസ്തവികമാണെന്നു പ്രഖ്യാപനംചെയ്യുന്നു. മാത്രമല്ല, ഈ നിത്യജീവിതത്തിൽ ഒന്നുകിൽ ഏതു ഭൌമികസുഖത്തേയും അധഃകരിക്കുന്ന പരമാനന്ദമോ അല്ലെങ്കിൽ അനന്തമായ

നൈരാശ്യമോ ആയിരിക്കും മനുഷ്യന്റെ അനുഭവം എ ന്നും കത്തോലിക്കസഭ പ്രഖ്യാപനംചെയ്യുന്നു.

ഗൌരവാവഹങ്ങളായ ഈ ഭവിഷ്യൽഫലങ്ങളിൽ ഏതാണു നമുക്കു കൈവരുന്നതെന്നുള്ളതു ക്ഷണികമാ യ ഈ മർത്ത്യജീവിതത്തിലുള്ള നമ്മുടെ പ്രവൃത്തിയെ ആ ശ്രയിച്ചിരിക്കുമെന്നും സഭ ഉപദേശിക്കുന്നു.

തന്നിമിത്തം ഈ നശ്വരജീവിതത്തിലൂടെയുള്ള പ്രയാണം, ഈ ജീവിതത്തിനപ്പുറത്തു സ്ഥിതിചെയ്യുന്ന തും, ഇതു കഴിഞ്ഞിട്ടു സംഭവിക്കുന്നതുമായ മനുഷ്യന്റെ പരമമായ പ്രാപ്യസ്ഥാനത്തിനു വിധേയമാണെന്നത്രെ കത്തോലിക്കസഭ വിചാരിക്കുന്നതു്. തീവണ്ടിയിൽക്ക യറി കൃത്യസമയത്തു ഉദ്ദിഷ്ടദിക്കിലെത്തിയാൽ ഒരു വ ലിയതുക സമ്പാദ്യമുണ്ടാകുമെങ്കിൽ, വണ്ടിതെററിയാലും വേണ്ടതില്ല, ഒരു പാത്രം കാപ്പികൂടി കുടിച്ചിട്ടു പോകാ മെന്നു് ആരെങ്കിലും കരുതുമോ ? അപ്രകാരംതന്നെ, ഭൌമികസുഖത്തിനുവേണ്ടി നിത്യജീവിതം ബലികഴിക്കു വാൻ കത്തോലിക്കസിദ്ധാന്തം അനുവദിക്കുന്നില്ല.

## കത്തോലിക്കമനോഭാവം.

ഈ സിദ്ധാന്തം യുക്തിസിദ്ധമായ ഒരു പ്രമേയം മാത്രമല്ല. കത്തോലിക്കരുടെ ജീവിതത്തോടും ആശയ ഗതിയോടും ഇതു ഗാഢഗാഢം സുസംഘടിതമായിരിക്കു കയും ചെയ്യുന്നു. കത്തോലിക്കേതരമോ കത്തോലിക്ക വിദ്വേഷകമോ ആയ ഒരു രാഷ്ട്രത്തിന്റെ മദ്ധ്യേ നിവ സിക്കുന്ന കത്തോലിക്കർ, ഇദൃശമായ മൂല്യസംഗതിക ളിൽ, ചുററിലുമുള്ള പൌരസഞ്ചയത്തോടു യോജിക്കാ തെവരും. തിന്നിമിത്തം അവർ തമ്മിൽ മാത്സര്യമുള്ള

വാകാതെ നിവൃത്തിയില്ല. ഒരുക്കൂട്ടം പൌരന്മാരുടെ ദൃഷ്ടിയിൽ ആരോഗ്യം, വദ്ധമാനമായ ഭൌമികസമ്പത്തു്, അനുരൂപമായ മൈത്രിയിലുള്ള മനസ്സന്തുഷ്ടി എന്നീ നന്മകളാണു പ്രഥമഗണനീയം. ഇവ സമ്പാദിക്കുവാൻ ശ്രമിക്കാത്തവർ വിഡ്ഢികളാണു്. ഇവ സമ്പാദിക്കുവാൻ ഉതകുന്നവിധത്തിലായിരിക്കണം നിയമങ്ങൾ രൂപവൽക്കരിക്കേണ്ടതു്. ഇവയുടെ സമ്പാദനത്തിനു വിഘ്നങ്ങളായി നിൽക്കുന്ന ആചാരങ്ങളും നിയമങ്ങളും ഉന്മൂലനം ചെയ്യണം. എന്നാൽ കത്തോലിക്കരുടെ ദൃഷ്ടിയിലാകട്ടെ, ഈ നന്മകളെല്ലാം നന്മകളാണെങ്കിലും, ഇവയല്ല മുഖ്യമായ നന്മകൾ. മുഖ്യമായ നന്മയ്ക്കു് ഇവ നിമിത്തം ഹാനി വരുമെന്നുണ്ടെങ്കിൽ ഇവയെല്ലാം നിസ്സംശയം ബലികഴിക്കേണ്ടതാണു്.

അത്രമാത്രമല്ല. അകത്തോലിക്കർ ദുരിതങ്ങളും മററു ഭൌമികകഷ്ടതകളും കേവലം തിന്മയായി ഗണിക്കുന്നു. അവയ്ക്കു് അനുകൂലമായി, അവക്കു് ഒരുവാക്കുപോലും പറവാനില്ല. (ഈ വിഷയത്തിലാണു കത്തോലിക്ക മനഃസ്ഥിതിയും അകത്തോലിക്ക മനഃസ്ഥിതിയും തമ്മിലുള്ള അന്തരം പ്രയോഗപഥത്തിൽ മുഖ്യമായി പ്രത്യക്ഷപ്പെടുന്നതു്.) കത്തോലിക്കരാകട്ടെ, ഈ ദുരിതങ്ങളും ഭൌമികാരിഷ്ടതകളും മർത്ത്യജീവിതത്തിൻെറ അവശ്യാനുബന്ധങ്ങളായിട്ടുമാത്രമല്ല, ആശാസ്യാനുബന്ധങ്ങളായും പരിഗണിക്കുന്നു. അവ തിന്മകൾതന്നെ; സംശയമില്ല. പക്ഷേ നന്മയെ ഉൽപാദിപ്പിക്കാവുന്ന തിന്മകളാണു് അവ. അവയെ ഒരു 'കുരിശാ'യിട്ടാണു കത്തോലിക്കർ എണ്ണുന്നതു്. അവ സഹിക്കുന്നതു സ്വഭാവത്തെ

ദൃഢതരമാക്കുന്നതിനും കർത്തവ്യം അനുഷ്ഠിക്കുന്നതിനും മാത്രമായിട്ടല്ല. ഈ സഹനം ഒരു ദിവ്യമാതൃകയുടെ അനുകരണവുമാണെന്നുള്ളതാണു മുഖ്യവിശേഷം. നാം ആരാധിക്കുന്ന ദൈവത്തിൻെറ സ്മരണയ്ക്കായുള്ള ഒരു ബലിയാണ് അത്. നമ്മുടെ പാപങ്ങൾ നിമിത്തം നാം ദുരിതത്തിന് അർഹരായിട്ടുണ്ടെന്നും ഈ ദുരിതം ഭവിഷ്യജ്ജീവിതത്തിൽ അനുഭവിക്കുന്നതിനേക്കാൾ ഇവിടെവച്ചുതന്നെ അനുഭവിക്കുന്നതാണു സ്വീകാര്യമെന്നുമുള്ള ഒരു സമ്മതമാണ് അത്. ഈ മനോഭാവത്തോടെ നാം സഹിക്കുന്ന ദുരിതം നിത്യസ്വർഗ്ഗത്തിൽ അമേയാനന്ദത്തിനു ഹേതുവായിത്തീരുമെന്നുള്ള ഒരു ദൃഢവിശ്വാസവുമാണ് അത്. കത്തോലിക്കസിദ്ധാന്തത്തിൽ ഇവയെല്ലാം അടങ്ങിയിരിക്കുന്നു.

## വിവാഹതത്വം.

കത്തോലിക്കസിദ്ധാന്തം പ്രയോഗത്തിൽ എങ്ങനെയാണു വർത്തിക്കുന്നതെന്നു മനസ്സിലാക്കുവാൻ നമുക്ക് ഒരു ദൃഷ്ടാന്തം പരിശോധിക്കാം. വിവാഹനിയമങ്ങൾ തന്നെ ദൃഷ്ടാന്തമായി എടുക്കുക.

ഭൌമികസുഖമാണ് എല്ലാ നിയമങ്ങളുടേയും പരമോദ്ദേശ്യമെന്നു നാം കരുതുന്നുവെങ്കിൽ, ചില സന്ദർഭങ്ങളിൽ വിവാഹമോചനം അനുവദിക്കുന്നതു് ആശാസ്യമായിരിക്കും. എന്തുകൊണ്ടെന്നാൽ (ഇരുകക്ഷികളും പലപ്പോഴും എന്നല്ല മിക്കപ്പോഴും നിരപരാധികളാണെങ്കിലും) അനുരൂപമല്ലാത്ത ദാമ്പത്യം ഒരു നരകമാണ്. വിവാഹമോചനം ദുഷ്പ്രയോഗിക്കാതിരിപ്പാൻ വേണ്ട നിബന്ധനകളെല്ലാം നാം ഏർപ്പെടുത്താതിരിക്കുകയില്ല.

വിവാഹബന്ധം വളരെ ശിഥിലമായിത്തീൎന്നാൽ പൂൎവ്വാധികം ദുരിതമുളവാകുമെന്നുള്ളതു പ്രത്യക്ഷമാണല്ലൊ. എന്നിരുന്നാലും, ചില ദാമ്പത്യജീവിതാനുഭവങ്ങൾ അതിദാരുണമാണു്. ഈ ജീവിതംകൊണ്ടു സൎവ്വവും അവസാനിക്കുമെങ്കിൽ, പ്രസ്തുത ദുരിതത്തിനു് ഒരു പരിഹാരമുണ്ടാക്കാതിരിക്കുന്നതു പരമമൌഢ്യമായിരിക്കും. ദൃഷ്ടാന്തമായി ദമ്പതിമാരിൽ ഒരാൾ ക്രമേണ ഭ്രാന്തനായിത്തീരുന്നുവെന്നും ഭ്രാന്തു മുഴുവനാകാൻ അനേകം കൊല്ലങ്ങൾ വേണ്ടിവരുന്നുവെന്നും ഭ്രാന്തു മൂൎച്ഛിക്കുന്തോറും ആയാളുടെ സ്വഭാവം ഉപൎയ്യുപരി പരുഷവും ഈൎഷ്യാകുലവുമായിത്തീരുന്നുവെന്നും വിചാരിക്കുക. അങ്ങനെയുള്ള ഒരാളോടുകൂടി ജീവിക്കുന്നതു് ഒരു ഭയങ്കരദുരിതമാണെന്നു പ്രത്യക്ഷമാണല്ലൊ. അല്ലെങ്കിൽ, ഇരുകക്ഷികളിലൊരാളുടെ വ്യഭിചാരം നിമിത്തം, വഞ്ചിതനായ മറേറക്കക്ഷിക്കു ദുസ്സഹമായ അവമാനവും കൊലപാതകത്തിനു പ്രേരിപ്പിക്കുന്ന കോപവുമുണ്ടാകുന്നുവെങ്കിൽ, അവരുടെ അനന്തരസഹവാസം തീൎച്ചയായും ഒരു തിന്മയാണു്. എന്തുകൊണ്ടെന്നാൽ എല്ലാദുരിതവും തിന്മയാണു്. ഇതു് ആരും വിസമ്മതിക്കുന്നില്ല. പക്ഷേ അതിനേക്കാൾ വലിയ മറെറാരു തിന്മ ഭയന്നു് ഇതു് അനുഭവിക്കുകയാണോ വേണ്ടതു് ?

ഒരു കത്തോലിക്കൻ വിവാഹത്തെ ഒരു ദിവ്യകൎമ്മമായി ഗണിക്കുന്നു. വിവാഹബന്ധം യഥാൎത്ഥമായി നിൎവ്വഹിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ദമ്പതിമാരിലൊരാളുടെ മരണത്തോടുകൂടിമാത്രമേ അതു വിച്ഛിന്നമാകയുള്ളൂ. വിവാഹം യഥാൎത്ഥമല്ലെന്നു വേണമെങ്കിൽ തെളിയിച്ചുകൊ

ളളക. എന്നാൽ അതു യഥാൎത്ഥമാണെന്നു നിങ്ങൾ സമ്മതിക്കുന്നുവെങ്കിൽ, രാഷ്ട്രത്തിനാകട്ടെ സഭയ്ക്കാകട്ടെ അതു ഭേദിക്കുവാൻ സാധിക്കയില്ല.

ക്രൈസ്തവവിവാഹത്തെപ്പററി സഭ ഇപ്രകാരം പ്രസ്താവിക്കുന്നതു്, അതു് ഒരു കൃദാശയാണെന്നു ഗണിക്കുന്നതുകൊണ്ടുമാത്രമല്ല, മനുഷ്യസ്വഭാവത്തിനു് അതു് അനുഗുണമാണെന്നു കരുതുകയും ചെയ്യുന്നതുകൊണ്ടാണു്. വിവാഹബന്ധം ചഞ്ചലമാണെന്നുവന്നാൽ, മനുഷ്യൻെറ മാഹാത്മ്യത്തിനും ദൈവത്തോടുള്ള അവൻെറ ബന്ധത്തിനും അതു പോരായ്മയാണെന്നു സഭ വിചാരിക്കുന്നു. ക്രൈസ്തവവിവാഹം, പരസ്ത്രീഗമനം എന്നീ പരസ്പരനിഷേധകങ്ങളായ രണ്ടു സംഗതികൾ സംയോജിപ്പിക്കുവാനുള്ള ശ്രമമാണു വിവാഹമോചനം എന്ന ഏൎപ്പാടെന്നു സഭ കരുതുന്നു.

എന്നാൽ ഇക്കാലത്തുള്ള ഒരു അകത്തോലിക്കൻെറ മനഃസ്ഥിതി തീൎച്ചയായും മേല്പറഞ്ഞതിനു നേരെ വിപരീതമായിരിക്കണം. ആയാളുടെ അഭിപ്രായഗതി ഇങ്ങനെയാണു്:— വിവാഹം എന്ന ഏൎപ്പാടു സമുദായത്തിൻെറ സുസ്ഥിതിക്കു് അത്യാവശ്യമാണെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ഈ ഏൎപ്പാടു നിലനിൽത്തേണ്ടതുമാണു്. പക്ഷേ വിവാഹബന്ധത്തിൽ ഏൎപ്പെട്ടുന്നവരുടെ ഭൗമികസുഖം നഷ്ടമായിപ്പോകുന്ന പല സന്ദൎഭങ്ങളുമുണ്ടു്. അങ്ങനെയുള്ള ഘട്ടങ്ങളിൽ വിവാഹമോചനമെന്നൊരു ഏൎപ്പാടുകൊണ്ടു പരിഹാരമുണ്ടാവും. ദുരിതമയമായ ഒരു ദാമ്പത്യബന്ധം ഭേദിക്കുന്നതുകൊണ്ടുള്ള ഭൗമികദോഷം, അതിനുമുമ്പുണ്ടായിരുന്ന കഷ്ടത

യും മനോവേദനയുമപേക്ഷിച്ച നിസ്സാരമാണ്. തന്മൂലം വിവാഹമോചനത്തിനുള്ള സൌകൎയ്യങ്ങൾ നിയമാനുസാരം നടപ്പിൽ വരുത്തുന്നതു് അത്യാവശ്യവും ബുദ്ധിപൂൎവ്വകവുമാണ്.

കത്തോലിക്കരുടേയും അകത്തോലിക്കരുടേയും സമുദായാദൎശങ്ങൾക്കു തമ്മിൽ അവശ്യവും സൎവ്വസാമാന്യവുമായി ഉണ്ടാകാറുള്ള മാത്സൎയ്യത്തിന്റെ ഒരു കാരണമാണു മേലുദ്ധരിച്ചതു്. ഈ മാത്സൎയ്യം പലപല കാൎയ്യങ്ങളിലും പ്രത്യക്ഷപ്പെടുന്നതായി നമുക്കു് അനുഭവപ്പെടുന്നുണ്ടു്. രാഷ്ട്രം വിവാഹമെന്നു വിചാരിക്കുന്ന ബന്ധത്തെ സഭ വിവാഹമായിക്കരുതുന്നില്ല. സഭയ്ക്കു് അതിന്റെ ജീവിതാദൎശത്തിനനുരൂപമായ രഷ്ട്രീയനിയമങ്ങൾ ഉണ്ടാക്കുവാൻ സാധിക്കയില്ലെങ്കിലും, അതിന്റെ ജീവിതാദൎശത്തിനനുരൂപമായ സമുദായഫലങ്ങൾ പുറപ്പെടുവിക്കുവാൻ അതിനു സാധിക്കും. ദൃഷ്ടാന്തമായി, പരവിവാഹമുക്തയായ ഒരു സ്ത്രീയെ ഒരു കത്തോലിക്കൻ രാഷ്ട്രീയനിയമമനുസരിച്ചു പുനർവിവാഹം ചെയ്യുന്ന പക്ഷം, രാഷ്ട്രം ആയാളുടെ ഭാൎയ്യയായി ഗണിക്കുന്ന സ്ത്രീയെ ഉപേക്ഷിക്കുവാൻ സഭയ്ക്കു് ആയാളെ പ്രേരിപ്പിക്കാവുന്നതാണ്. ഇങ്ങനെയുള്ള സമുദായഫലങ്ങൾ, സഭയുടെ ചുററിലുമുള്ള അകത്തോലിക്കലോകത്തിന്റെ സമുദായാദൎശങ്ങൾക്കു വിരുദ്ധമാണല്ലൊ.

## സന്താനനിരോധനം.

മറെറാരു ദൃഷ്ടാന്തം എടുക്കുക. ആരോഗ്യവിഷയത്തിൽ ഇന്നയിന്ന പരിശീലനം ഭൌമികസുഖത്തിനു പൎയ്യാപ്തമാണെന്നു രാഷ്ട്രം വിചാരിക്കുന്നുണ്ടാവും. പ

ക്ഷേ സഭയുടെ ദൃഷ്ടിയിൽ അതു പാപിഷ്ഠവും തന്നിമി ത്തം നിത്യാനന്ദത്തിനു വിഘാതകരവുമായിരിക്കും. സ ന്താനനിരോധനം തന്നെ ഉദാഹരണമായിക്കരുതുക. രാ ഷ്ട്രം ഈ സമ്പ്രദായത്തിൽ ആദ്യം നിഷ്പക്ഷഭാവം അ വലംബിക്കുന്നു. പിന്നീട് അതു സോത്സാഹം പ്രചരി പ്പിച്ചെന്നുംവരാം. സന്താനനിരോധനത്തിന്റെ പ്രചാ രം തടയുവാൻ രാഷ്ട്രം ഒന്നും ചെയ്യുന്നില്ല. അനന്ത രം അതിന്റെ പ്രചാരത്തിനായി രാഷ്ട്രംതന്നെ നേ രിട്ടു പണം ചെലവഴിക്കുകയും ഒരു ക്ലിപ്തസംഖ്യയ്ക്കുള്ളിൽ സന്താനോൽപാദനം നിയന്ത്രിക്കുകയും ചെയ്യുവെന്നു വ ന്നേയ്ക്കും. ഇക്കാര്യത്തിലും, കത്തോലിക്കസഭയും ബാഹ്യ ലോകവും തമ്മിൽ അന്തരം ഉണ്ടാകാതെ നിവൃത്തി യില്ല.

വേറൊരു ദൃഷ്ടാന്തംകൂടി പരിശോധിക്കാം. ഏതെ ങ്കിലുമൊരു പരിശീലനം ഹാനികരമാണെന്ന്—എന്നു വച്ചാൽ ആ പരിശീലനത്തിനു വിധേയരായവരുടെ ഭൗമികമായ ഭൂരിസുഖത്തിന് അതു പ്രതിബന്ധമാണെ ന്ന്—രാഷ്ട്രം വിചാരിക്കുന്നുണ്ടാവും. പക്ഷേ ആ പ രിശീലനം പാപമല്ല; അതായതു നിത്യാനന്ദത്തെ ദൃ ഷ്പ്രാപമാക്കുന്നവയെന്നു സഭ കരുതുന്ന സംഗതിക ളിൽ ഒന്നല്ല അതു്. രാഷ്ട്രം ഈ പരിശീലനത്തിനു വിഘ്നങ്ങൾ സൃഷ്ടിക്കുകയോ അതു നിശ്ശേഷം നിരോധിക്കു കയോ ചെയ്യുന്നു. ഇങ്ങനെയുള്ള ഘട്ടത്തിൽ മാത്സര്യമു ണ്ടാകുമോ ?

കാര്യത്തിന്റെ ഗൌരവം ആശ്രയിച്ചിരിക്കും ഈ ചോദ്യത്തിന്റെ മറുപടി. ഒരു മഹാനഗരത്തിന്റെ

ഉപയോഗത്തിനുള്ള ജലസഞ്ചയം മലീമസമാക്കരുതെ ന്നു പൌരന്മാരെ ശാസിക്കുവാനും, ശാസന ധിക്കരിക്കു ന്നവരെ ശിക്ഷിക്കുവാനും രാഷ്ട്രത്തിനു പൂൎണ്ണാധികാരമു ണ്ടെന്നു സ്പഷ്ടമാണല്ലൊ. എന്നാൽ താടിയും മീശയും ആരോഗ്യത്തിനു ഹാനികരമാണെന്നും അവ കൂടാതിരിക്കു ന്നതാണു മനുഷ്യൎക്കു കാലാന്തരത്തിൽ സുഖപ്രദമായി ത്തീരുകയെന്നും ഒരു രാഷ്ട്രത്തിന്റെ തലയിൽ കടന്നു കൂടുകയും, വൃത്തിയായി മുഖക്ഷൌരം ചെയ്യാത്തവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്നപക്ഷം, രാഷ്ട്രം തീൎച്ചയായും അതിന്റെ അധികാരം ദുഷ്പ്രയോഗിക്കു കയാണു ചെയ്യുന്നതു്. ഈ രണ്ടു ദൃഷ്ടാന്തങ്ങൾക്കുംമദ്ധ്യേ, സിഗററു് മുതൽ അസംസ്കൃതമദ്യങ്ങൾവരെയുള്ള സം ഗതികളിൽ സംശയാസ്പദമായ അനവധിനിരോധനങ്ങൾ ഉണ്ടാകാം.

## സഭയും സ്വാതന്ത്ര്യവും.

അവയോടുള്ള മാത്സൎയ്യം കാൎയ്യത്തിന്റെ ഗൌരവ മനുസരിച്ചാണിരിക്കുന്നതെങ്കിലും, സഭ എപ്പോഴും നി രോധനത്തേക്കാൾ വ്യക്തിസ്വാതന്ത്ര്യത്തെയാണു് അ നുകൂലിക്കുന്നതെന്നു നാം ധരിക്കേണ്ടതാകുന്നു. മനസ്സ്വാ തന്ത്ര്യം എന്ന പ്രമാണം കത്തോലിക്കദൎശനത്തിന്റെ കാതലായതുകൊണ്ടും മനസ്സ്വാതന്ത്ര്യമില്ലെങ്കിൽ മനുഷ്യ ന്റെ മാഹാത്മ്യം അസ്തപ്രായമാകുമെന്നതുകൊണ്ടുമാ ണു സഭ എപ്പോഴും വ്യക്തികളുടെ സ്വാതന്ത്ര്യത്തെ അ നുകൂലിക്കുന്നതു്.

വാസ്തവികവും സംഭാവ്യവുമായ ഈ മാത്സൎയ്യവിഷ യങ്ങളിൽ ഇന്നത്തെ ശാസ്ത്രീയസമ്പ്രദായങ്ങളെല്ലാം

അകത്തോലിക്കപക്ഷത്തിന് അനുകൂലമാണെന്നു ചിലർ ഭ്രമിക്കുന്നു. തന്നിമിത്തം ഏതെങ്കിലുമൊരു രാഷ്ട്രീയ നിബന്ധന കത്തോലിക്കർ എതിർക്കുന്നപക്ഷം, ഇതു ശാസ്ത്രസിദ്ധമായ സത്യങ്ങളോടുള്ള ഒരു എതിർപ്പാണെന്നും അവർ കരുതുന്നു.

അതു് അങ്ങനെയൊന്നുമല്ല. പ്രകൃതിവിജ്ഞാനത്തിൻെറ ഇന്നത്തെ പ്രചാരത്തോടുള്ള ഒരു എതിർപ്പല്ല അതു്. പ്രകൃതിവിജ്ഞാനം ഒരു പ്രത്യേകവിധത്തിൽ പ്രയോഗിക്കുന്നതു് ആശാസ്യമാണോ എന്നുള്ള ഒരു പ്രശ്നമാണു് അതു്.

സന്താനനിരോധനത്തെക്കുറിച്ചു് ആധുനികശാസ്ത്രത്തിനു നമ്മുടെ പൂർവ്വന്മാരേക്കാളധികം പ്രതിപാദിക്കുവാൻ സാധിക്കും. സന്താനനിരോധനം പണ്ടത്തേക്കാൾ സുകരമാക്കുകയും അതിൻെറ ദുർഫലടങ്ങൾ നിവാരണം ചെയ്യുകയും ചെയ്യാനുള്ള ഉപായങ്ങൾ ആധുധികശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ടു്. ദുഃഖപര്യവസായികളായ വിവാഹങ്ങളുടെ സംഖ്യയെക്കുറിച്ചുള്ള കണക്കുകൾ ശേഖരിക്കുവാൻ ആധുനികശാസ്ത്രത്തിനു സാധിക്കും. കുറഞ്ഞപക്ഷം ഇങ്ങനെയുള്ള വിവാഹങ്ങളുടെ ഫലങ്ങളായ ആത്മഹത്യ, കൊലപാതകം, ദാമ്പത്യവിസർജ്ജനം മുതലായവയെപ്പററിയുള്ള കണക്കുകൾ ഇന്നു സുലഭമാണു്. നമ്മുടെ പൂർവ്വന്മാർക്കു് ഇത്തരം പട്ടികകൾ തയാറാക്കുവാനുള്ള സാമഗ്രികൾ ഉണ്ടായിരുന്നില്ല. താടിവളർത്തൽ, പുകവലി മുതലായ പരിശീലനങ്ങളെപ്പററി പല സംഗതികളും ആധുനികശാസ്ത്രം ഗ്രഹിച്ചുവച്ചിട്ടുണ്ടു്. ഈ സംഗതികൾ അണിനിരത്തി പ്രസ്തുത പരിശീലനങ്ങൾ

ഉന്മൂലനം ചെയ്യേണ്ടതാണെന്ന വക്കാലത്തു പറവാൻ അതിന്ന സാധിക്കും. കത്തോലിക്കസഭ അവിച്ഛേദ്യമായ വിവാഹത്തെ പരിരക്ഷിക്കുകയോ, സന്താനനിരോധന ത്തെ എതിക്കുകയോ, പാപഹേതുകങ്ങളല്ലാത്ത കാൎയ്യ ങ്ങളിലെല്ലാം വ്യക്തിസ്വാതന്ത്ര്യം വേണമെന്ന പറയുക യോ ചെയ്യുമ്പോൾ, ആധുനികവിജ്ഞാനത്തെ എതിക്കു കയല്ല സഭ ചെയ്യുന്നതു്. നമ്മുടെ ജ്ഞാനം എങ്ങനെ യാണ വിനിയോഗിക്കേണ്ടതെന്ന സഭ അനുശാസിക്കു ന്നുവെന്നേയുള്ളു.

ഇന്നത്തെ രസതന്ത്രശാസ്ത്രം ഒരു പുതിയ വിഷം കണ്ടെത്തിയാലും നമ്മുടെ മാതാപിതാക്കന്മാരെ തഞ്ച ത്തിൽ വിഷം കൊടുത്തു കൊല്ലുന്നതു പാപമാണെന്ന സഭ പറയും. ആ വിഷം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെന്നോ അതിന്ന് ഇന്നയിന്ന ഫലങ്ങളുണ്ടെന്നോ അല്ല സഭ നി ഷേധിക്കുന്നതു്. മനുഷ്യജീവാപായം വരുത്തുവാൻ അ തു് ഉപയോഗിക്കരുതെന്നുമാത്രമാണ സഭയുടെ ശാ സനം.

### ജ്ഞാനം V അജ്ഞാനം.

ഈ വാദത്തിൽ ആദ്യന്തം, ഒരു ഭാഗത്തു ജ്ഞാന വും മറുഭാഗത്തു് അജ്ഞാനവും (അഥവാ ജ്ഞാനത്തോടു ള്ള വൈമുഖ്യവും) ആണ് അണിനിരന്ന നല്ക്കുന്നതെന്ന വിചാരിക്കുന്നതു് അബദ്ധമാണ്. ഒരു കൂട്ടർ ആധുനിക ജ്ഞാനാഭിവൃദ്ധിയെ അനുകൂലിക്കുകയും മറേറ കൂട്ടർ പു രാതനമായ അജ്ഞാനത്തിൽ മക്കടമുഷ്ടിപിടിക്കുകയും ചെയ്യുന്നുവെന്നല്ല നാം ധരിക്കേണ്ടതു്. ആധുനികമായ രണ്ടു വസ്തുക്കൾ തമ്മിലുള്ള ഒരു വൈജാത്യമാണ് അതു്.

ഒരു ഭാഗത്തു്, ഈ 1931-ാം വഷത്തിൽ ലീപ്പ്സിഗ് സവ്വകലാശാല, ബ്രിട്ടീഷ് ഭരണയന്ത്രം, അമ്മേരിക്കയുടെ നാവികബലം മുതലായവയേപ്പോലെതന്നെ സജീവവും ആധുനികവുമായ കത്തോലിക്കസഭ സ്ഥിതിചെയ്യുന്നു. മറുഭാഗത്തു്, വിശ്വാസത്തിലും ധമ്മബോധത്തിലും ആധുനികമായ കത്തോലിക്കസഭയിൽനിന്നു വ്യത്യസ്തമായി വത്തിക്കുകയും അതിനോടു പോരാടുകയും ചെയ്യുന്ന ഒരു ആശയസമൂഹം സ്ഥിതിചെയ്യുന്നു. കത്തോലിക്കസഭ ആധുനികമാണെന്നു പറയുമ്പോഠം, അതു ഇന്നലെ ജനിച്ചതാണെന്നോ, ലോകപരിചയവും സംസ്കാരവും ഇല്ലാത്തതുനിമിത്തം എല്ലാവിധത്തിലുമുള്ള യുവചാപല്യങ്ങഠക്കും വശംഗതമാണെന്നോ അല്ല അത്ഥമാക്കേണ്ടതു്. ഇന്നു ഭൂമുഖത്തുള്ള ഏതു സ്ഥാപനത്തേപ്പോലെതന്നെ സഭയും സജീവമാണെന്നു മാത്രമാണു് 'ആധുനികം' എന്നതിൻെറ വിവക്ഷ.

നമുക്കു് ഇവിടെ തീരുമാനിക്കേണ്ടതു കത്തോലിക്കസഭയുടെ ആദശം യുക്ത്യനുരൂപമാണോ അല്ലയോ എന്നാണു്. മനുഷ്യൻ മരണത്തെ അതിജീവിക്കുമെന്നും, ഏതാനും കൊല്ലത്തേയ്ക്കുള്ള ഈ ലോകയാത്രയേക്കാഠം തുലോം പ്രധാനതരമാണു് അവൻെറ നിത്യജീവിതം എന്നും കരുതുന്ന മനഃസ്ഥിതി നേരേമറിച്ചുള്ള മനഃസ്ഥിതിയേക്കാഠം യുക്തിരഹിതമായി നിങ്ങഠക്കു തോന്നുന്നുണ്ടോ ? നമ്മുടെ ആഭ്യന്തരവും ബാഹ്യവുമായ അനുഭവവും, ലോകചരിത്രവും പ്രയോഗിച്ചു് ഈ ചോദ്യത്തിനു് ഒരു സമാധാനം നൽകാവുന്നതാണു്.

## ചരിത്രസാക്ഷ്യം.

കത്തോലിക്കദൎശനത്തിൽ ജീവിതം എപ്പോഴും ക്ലേശഭൂയിഷ്ഠമാണു്. അതു് അങ്ങനെതന്നെയാണെന്നു സമ്മതിച്ചേ കഴിയൂ. ജീവിതക്ലേശങ്ങൾ വിപാടനംചെയ്യാനുള്ള ഒരു മനഃസ്ഥിതി കത്തോലിക്കരിൽ കാണപ്പെടുന്നില്ല. ഇക്കാൎയ്യത്തിൽ ചരിത്രം സഭയ്ക്കു് അനുകൂലമാണു്. ഭൌമികസുഖത്തെ പരമലക്ഷ്യമാക്കിയാൽ, നമുക്കുള്ള ലഘുമാത്രമായ ഭൌമികസുഖംപോലും നഷ്ടമായിത്തീരുന്നതാണെന്നു ചരിത്രം സാക്ഷ്യംവഹിക്കുന്നു. കത്തോലിക്കേതരമായ മനഃസ്ഥിതിയുടെ വിശേഷം ഇതാണു്:— താൽക്കാലികമായ ഒരു ആവശ്യത്തിനു് അതു പരിഹാരമുണ്ടാക്കുന്നു. ഒരു പ്രലോഭനത്തിനു് അതു വശംഗതമാവുന്നു. ഈ പ്രലോഭനം ചിലപ്പോൾ ശക്തിയുക്തമാണു്; മററു ചിലപ്പോൾ അത്രതന്നെ ബലവത്തരമല്ല. മിക്കപ്പോഴും അതു നിഷ്പ്രയാസം ജയിക്കാവുന്ന ഒന്നാണു്. ഇങ്ങനെയുള്ള ഒരു പ്രലോഭനത്തിനാണു് അകത്തോലിക്കമനഃസ്ഥിതി വിധേയമാവുന്നതു്.

ഇവയിൽ ഏതു മനഃസ്ഥിതിയാണു കൂടുതൽ വിശാലവും നിത്യതയ്ക്കും പ്രപഞ്ചസ്വഭാവത്തിനും അധികം അനുരൂപവുമായി കാണപ്പെടുന്നതു്?

# X.

## സഭ മത്സരിച്ചുകൊണ്ടേയിരിക്കണം.

സമുദായത്തിൻെറ നന്മയെ കുടുംബത്തിൻെറ നന്മയേക്കാളുമെന്നല്ല, വ്യക്തിയുടെ നന്മയേക്കാളും മേലായി ഗണിക്കുന്ന സമുദായവും കത്തോലിക്കസമുദായവും തമ്മിൽ അവശ്യം ഉത്ഭവിക്കുന്ന സമരത്തെപ്പററിയാണ് ഇനി നമുക്കു പ്രതിപാദിക്കേണ്ടതു്.

സമുദായത്തിൻെറ ശ്രേഷ്ഠതയെപ്പററിയുള്ള ഈ സിദ്ധാന്തം ഇയ്യിടെ ഉത്ഭവിച്ചതാണെന്ന് ആധുനികർ വിശ്വസിക്കുന്നു. എന്നാൽ വാസ്തവത്തിൽ, അദ്യതനമായ മറേറതു കുസിദ്ധാന്തത്തേപ്പോലെതന്നെ ഇതും കുന്നുകളോളം പഴകിയതാണ്. അകത്തോലിക്കമായ ഒരു രാഷ്ട്രത്തിൻെറ വിശേഷലക്ഷണം ഈ സിദ്ധാന്തത്തിന് അതിൽ ലഭിച്ചിരിക്കുന്ന പ്രാബല്യമാകുന്നു. ഭാഗ്യവശാൽ, ജനസാമാന്യത്തിൻെറ മനസ്സിൽ അതു് ഇനിയും കടന്നുകൂടിയിട്ടില്ല. പക്ഷേ ആധുനിക ഭരണയന്ത്രത്തിൻെറ മിക്കഭാഗവും കരസ്ഥമാക്കിയിട്ടുള്ള ആളുകളിൽ അതു ദൃഢമായി വേരൂന്നിയിട്ടുണ്ടു്. പ്രബലവും വർദ്ധമാനവുമായ മൂലധനാവകാശങ്ങളോടുകൂടിയ ഇന്നത്തെ അധികാരധുരന്ധരന്മാരും, ആധുനികകലാലയങ്ങളിൽ എഴുതുകയും ചിന്തിക്കുകയും ചെയ്വാൻ അഭ്യസിച്ചിട്ടുള്ളവരും, കുബേരഭരിതങ്ങളായ ഇന്നത്തെ രാജ്യങ്ങളിൽ ധനസമൃദ്ധികൊണ്ടും പരിഷ്കൃതവാസനകൾകൊണ്ടും അതിമാത്രം പ്രാബല്യം നേടിയിട്ടുള്ളവരുംആയ ആളുകളു

ടെ ഇടയിലാണ പ്രസ്തുതസിദ്ധാന്തം രൂഢമൂലമായിട്ടു ള്ളതു്.

## ഉഭയാസ്പദമായനില.

ഈ വിഷയത്തിൽ കത്തോലിക്കരുടെ മനോഭാവത്തിനു രണ്ടു വശങ്ങളുണ്ടു്:— (1) പരമമായ കാൎയ്യങ്ങൾ സംബന്ധിച്ചിടത്തോളം, വ്യക്തിക്കാണ സൎവ്വപ്രാധാന്യം. വ്യക്തിയുടെ ആത്മാവാണ നശിക്കുകയോ മുക്തി പ്രാപിക്കുകയോ ചെയ്യുന്നതു്; വ്യക്തിയാണ സന്തുഷ്ടനോ സന്തപ്തനോ ആകുന്നതു്; വ്യക്തിയുടെ മാഹാത്മ്യമാണു് ആദരിക്കപ്പെട്ടുകയോ അവഗണിക്കപ്പെട്ടുകയോ ചെയ്യുന്നതു്. (2) സമുദായഘടനയെ സംബന്ധിച്ചിടത്തോളം കുടുംബമാണ പ്രധാനഘടകം. കുടുംബം രാഷ്ട്രത്തേക്കാൾ പ്രമുഖമാണു്.

ഇരുകക്ഷികളുടേയും മനഃസ്ഥിതി ഇപ്രകാരമിരിക്കെ, അവയ്ക്കുതമ്മിൽ സിദ്ധാന്തപഥത്തിലും പ്രയോഗപഥത്തിലും വൈരുദ്ധ്യമുണ്ടാകാതിരിക്കുകയില്ലെന്നു വിശദമാണല്ലൊ.

ഈദൃശവാദങ്ങളിൽ നാം ആദ്യമായി ശ്രദ്ധിക്കേണ്ടതു്, പ്രത്യക്ഷതത്വങ്ങളെ ആസ്പദമാക്കിയുള്ള അബദ്ധാനുമാനങ്ങളിൽ അകപ്പെടാതിരിക്കുകയെന്നതാകുന്നു. പ്രകൃതത്തിലുള്ള പ്രത്യക്ഷതത്വങ്ങൾ ഏതെങ്കിലുംഭാഗത്തു് ഉത്തമമാൎഗ്ഗദൎശികളായി സ്വീകരിക്കപ്പെട്ടുന്നപക്ഷം, വൈരുദ്ധ്യം ഉണ്ടാകയില്ലെന്നു മാത്രമല്ല, വിവാദത്തിനാകട്ടെ വ്യാവൎത്തനത്തിനാകട്ടെ ആവശ്യമുണ്ടാകയുമില്ല. സമുദായത്തിൻെറ നന്മ കുടുംബത്തിൻേറയും വ്യക്തിയുടേയും നന്മയെ സംബന്ധിക്കുന്നുവെന്നതു് ഒരു പ്രത്യക്ഷ

തത്വമാണ്. ചില അപൂർവ്വസന്ദർഭങ്ങളിൽ—അതായതു വിദേശീയാക്രമണം, പകരുന്ന വ്യാധി മുതലായ ആപത്തുകളിൽ—സമുദായത്തിൻെറ ശക്തി പെട്ടെന്നു വർദ്ധിപ്പിക്കുന്നതു് അത്യാവശ്യമാണെന്നും അങ്ങനെ ചെയ്യില്ലെങ്കിൽ വ്യക്തിയും കുടുംബവും നാമാവശേഷമാകുമെന്നും പ്രത്യക്ഷമാണ്. സാമാനങ്ങളുടേയും ആളുകളുടേയും ആശയങ്ങളുടേയും ഗതാഗതമാൎഗ്ഗങ്ങൾ സുകരവും ക്ഷിപ്രസാദ്ധ്യവുമായിത്തീരുന്നതോടെ സാമ്പത്തികകാൎയ്യങ്ങളിലുള്ള സാമുദായികമണ്ഡലം, പുരാതനവും അപരിഷ്കൃതവുമായ കാലങ്ങളെ അപേക്ഷിച്ചു്, വിപുലമായിത്തീൎന്നിട്ടുണ്ടെന്നുള്ളതും പ്രത്യക്ഷമാണ്. പക്ഷേ വിവാദവിഷയത്തിലേ പ്രധാനചോദ്യം പഴയപടിതന്നെ ഇരിക്കുന്നു:— സമുദായമോ, കുടുംബമോ, ഏതാണു പാവനതമം; ഏതിനാണു മററതു വിധേയമായിരിക്കേണ്ടതു്? അനശ്വരമായ ആത്മാവോടുകൂടിയതും ഈശ്വരസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതുമായ വ്യക്തിയോ, അല്ലെങ്കിൽ സമുദായമോ, ഏതാണ് ഉൽകൃഷ്ടതമം?

ഈ രണ്ടു പ്രശ്നങ്ങൾ പരീക്ഷിക്കുന്നതിനു ഞാൻ രണ്ടു ദൃഷ്ടാന്തങ്ങളെടുക്കാം:— (1) വിദ്യാഭ്യാസനിയമങ്ങൾ കുടുംബത്തെ എങ്ങനെ ബാധിക്കുന്നുവെന്നു്; (2) അയോഗ്യരുടെ സന്താനോൽപ്പാദനശക്തി നശിപ്പിക്കുന്നതു വ്യക്തിയെ എങ്ങനെ ബാധിക്കുമെന്നു്.

അകത്തോലിക്കമോ കത്തോലിക്കവിദ്വേഷകമോ ആയ ഒരു ആധുനികരാഷ്ട്രത്തിൻെറ വിദ്യാഭ്യാസനിയമങ്ങൾ കുടുംബത്തെ ക്രമേണ സമുദായത്തിനു വിധേയമാക്കുവാനാണു ശ്രമിക്കുന്നതു്. നമ്മുടെ ജീവിതത്തെ ഗാ

ഢമായി സ്പർശിക്കുന്ന ചില ലക്ഷണങ്ങൾ ഈ നിയമങ്ങളിൽ ഇയ്യിടെ കടന്നുകൂടിയിട്ടുണ്ട്. ഒരു ലക്ഷണം ഐകരൂപ്യമാകുന്നു. കുട്ടിയുടെ ജനനത്തിനും വളച്ച്യൂക്കും ഉത്തരവാദികളായ മാതാപിതാക്കന്മാൎക്ക്, കുട്ടിയെ എന്താണു പഠിപ്പിക്കേണ്ടതെന്നു തിരഞ്ഞെടുക്കുവാനുള്ള അവകാശം നൽകപ്പെടുന്നില്ല. പഠിപ്പിക്കേണ്ട വിഷയങ്ങളും രീതിയും നിശ്ചയിക്കുന്നതു വേറെ ചിലരാണ്. വിദ്യാഭ്യാസവകുപ്പിലേ ഉദ്യോഗസ്ഥന്മാരും ഏതാനും രാജ്യതന്ത്രജ്ഞന്മാരും കൂടിയാണു വിദ്യാഭ്യാസം നിയന്ത്രിക്കുന്നതു്.

എഴുതുകയും വായിക്കുകയും ചില്ലറക്കണക്കുകൾ ചെയ്യുകയും ചെയ്യാനുള്ള സാമൎത്ഥ്യം മൌലികമായ ധാൎമ്മികനിയമങ്ങളേയും ദൈവശാസ്ത്രതത്വങ്ങളേയുംകുറിച്ചുള്ള ജ്ഞാനത്തേക്കാൾ പ്രധാനതരമായി ഗണിക്കപ്പെടുന്നു. നമുക്കേവൎക്കും ഒരു മാതൃകാപാഠമായിട്ടുള്ളതും നമ്മുടെ രാഷ്ട്രീയചിന്തയെ ബലവത്തായി നയിക്കുന്നതുമായ ചരിത്രം ഒരു രാഷ്ട്രത്തിൻെറ ആദൎശമനുസരിച്ചാണു ബാല്യത്തിൽ പഠിപ്പിക്കപ്പെടുന്നതു്. ഈ സാമുദായികാദ്ധ്യാപനത്തിന് ഇംഗ്ലണ്ടു ശ്രദ്ധേയമായ ഒരു ദൃഷ്ടാന്തമാണ്. ഇംഗ്ലണ്ടിലേ രാഷ്ട്രോപാദിഷ്ടമായ ചരിത്രം 'വിഗ്ഗ്' എന്ന കക്ഷിയുടേയും പ്രോട്ടസ്റ്റൻറ് മതത്തിൻേറയും ആശയങ്ങളാൽ സങ്കലിതമായിരിക്കുന്നു. ഇങ്ങനെയുള്ള ഒരു ചരിത്രത്തെ ആസ്പദമാക്കിയാണു പരീക്ഷകളെല്ലാം നടത്തപ്പെടുന്നതു്. രാഷ്ട്രീയവിദ്യാഭ്യാസം പ്രബലമായിത്തീരുന്നതോടെ ഉദ്യോഗലാഭത്തിനു പരീക്ഷാവിജയം മേല്ക്കുമേൽ അത്യാവശ്യമായിത്തീരുന്നതുകൊ

ണ്ട്, മേല്പറഞ്ഞതരത്തിലുള്ള ചരിത്രം എല്ലാ വിദ്യാൎത്ഥികളും സാമാന്യേന സ്വീകരിക്കുന്നുണ്ടെന്നു മാത്രമല്ല, അഭ്യുദയകാംക്ഷിയായ ഒരു വിദ്യാൎത്ഥിക്ക് അതു സ്വീകരിക്കാതെ നിൎവ്വാഹവുമില്ല.

കുടുംബത്തെ അധഃകരിക്കുമാറു സമുദായത്തിനു നൽകപ്പെട്ടിട്ടുള്ള പ്രാധാന്യം വിദ്യാഭ്യാസത്തിൽ മുഖ്യമായി വെളിപ്പെടുന്നതു ഞാൻ മുമ്പൊരിക്കൽ സൂചിപ്പിച്ചതുപോലെ, മതവിഷയം സംബന്ധിച്ചാണ്.

രാഷ്ട്രീയമായ ഒരു വിദ്യാഭ്യാസരീതിയിൽ ഒരു ന്യൂനപക്ഷത്തിൻെറ മതം വെറും ഒരു 'തൊങ്ങലാ'ണെന്നു വിചാരിക്കുവാൻ വഴിയുണ്ട്. അതു് അപ്രധാനവും ആകസ്മികവുമായ ഒന്നായി ഗണിക്കപ്പെടുന്നു. അതിനെ രാഷ്ട്രം നിരോധിക്കുന്നില്ലെങ്കിലും, സാമുദായികമായ വിദ്യാഭ്യാസയന്ത്രത്തിന് അതു് ഒരു പ്രതിബന്ധമായിത്തീരാതിരിപ്പാൻ രാഷ്ട്രം നിഷ്കൎഷിക്കുന്നുണ്ട്.

### തെററിദ്ധാരണ.

ന്യൂനപക്ഷത്തിൻെറ മതത്തെ ഇപ്രകാരം അവഗണിക്കുന്നതു് ഒരു അബദ്ധാശയത്തെ ആത്മബോധത്തോടുകൂടിയല്ലെങ്കിലും പ്രയോഗിക്കുന്നതുകൊണ്ടാകുന്നു. ഭൂരിപക്ഷത്തിൻെറ മതമാണു രാഷ്ട്രത്തിൻെറ സാമാന്യമതമെന്നും ന്യൂനസമുദായങ്ങളുടെ വ്യത്യസ്തമതങ്ങൾ ഒരു അനുബന്ധംമാത്രമാണെന്നും ബഹുജനങ്ങൾ ആത്മാൎത്ഥമായി ധരിച്ചുവശായിരിക്കുന്നു.

ഇങ്ങനെ ധരിച്ചിട്ടുള്ളവർ തങ്ങളുടെ ധാരണയെന്താണെന്നു നിൎവ്വചിച്ചിട്ടുണ്ടാകയില്ല. അതിനെപ്പററി ക്ലിപ്തമായ ഒരു വിവരണം ആദ്യമായി കേൾക്കുമ്പോൾ

അവർ അത്ഭുതപ്പെട്ടേയ്ക്കാം. പക്ഷേ ഞാൻ സൂചിപ്പിച്ച തരത്തിലാണ് അവരുടെ ധാരണയെന്നതിനു സംശയമില്ല. ധമ്മസംഹിതയിലും ലോകമൎയ്യാദയിലും ചരിത്രവിമൎശനത്തിലും സാമാന്യേന സ്വീകരിക്കപ്പെടുന്ന സത്യങ്ങളാണു രാഷ്ട്രം പഠിപ്പിക്കുന്നതെന്നാഭിമാനിക്കുന്നു. പക്ഷേ 'സാമാന്യേന സ്വീകരിക്കപ്പെടുന്നു' എന്നു പറയുന്ന ഈ സത്യങ്ങൾ, വാസ്തവത്തിൽ, സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങൾ ആദരിച്ചുപോരുന്ന കല്പിതസത്യങ്ങൾ മാത്രമാണ്. സാമുദായികപ്രവൎത്തനത്തിൻെറ വിപുലമായ ഘടനയിൽപെട്ടു നട്ടംതിരിയുന്ന ഗണനീയങ്ങളായ പല ന്യൂനസമുദായങ്ങൾക്കും പ്രസ്തുതസത്യങ്ങൾ ജുഗുപ്സാവഹമായിത്തോന്നാം. മിക്കവാറും അവ പലേതോതുകളിൽ അങ്ങനെതന്നെയാണു കണ്ടുവരുന്നതു്.

സമുദായശക്തി ഇങ്ങനെ ഒരു വിശേഷതരത്തിൽ പ്രകാശിപ്പിക്കപ്പെടുമ്പോൾ, കത്തോലിക്കരുടെ മനോഭാവം എന്തായിരിക്കും ? തീൎച്ചയായും വൈരുദ്ധ്യമായിരിക്കും. വിദ്യാഭ്യാസത്തിൽ കത്തോലിക്കരുടെ ആദൎശത്തിനും രാഷ്ട്രത്തിൻെറ ആദൎശത്തിനും തമ്മിലുള്ള വൈജാത്യം നിമിത്തം, ഒരു ദുർഘടമുണ്ടാകാതെ തരമില്ല. പാശ്ചാത്യരധിവസിക്കുന്ന ഏതു രാജ്യത്തിലും ഈ ദുർഘടം പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഇതിനു മൂന്നുവിധത്തിലുള്ള നിവൃത്തിമാൎഗ്ഗങ്ങൾ ഉണ്ടാകാം. മൂന്നേമൂന്നുവിധംമാത്രം.

ഒന്നാമത്തെ നിവൃത്തിമാൎഗ്ഗം ഇന്നുള്ള മിക്കപേൎക്കും സങ്കല്പിക്കുവാൻപോലും വയ്യാ. പക്ഷേ അനേകം ശതാബ്ദങ്ങളിൽ അതു സ്തുത്യർഹമാംവണ്ണം നിലനിന്നിരുന്നു. യൂറോപ്പിലെ പ്രാചീനസംസ്കാരത്തിൻെറ അഭിമാനഹേ

ത്തുക്കളായ മാനസികവൈജാത്യങ്ങളും വിവാദോത്സാഹവും ചിന്താവിശാരദത്വവും ഉണ്ടായതു് ഈ സമ്പ്രദായം നിമിത്തമാണു്. ഇതിനെ 'സ്വേച്ഛാക്രമം' എന്നു വിളിക്കാം. ഈ ക്രമമനുസരിച്ചു്, മാതാപിതാക്കന്മാരാണു തങ്ങളുടെ കുട്ടികളെ പറഞ്ഞയയ്ക്കേണ്ട പാഠശാല ഏതാണെന്നു തിരഞ്ഞെടുത്തതു്. (ധനികന്മാൎക്കു് ഇന്നും അങ്ങനെ ചെയ്യാൻകഴിയും.) ഒരു പ്രത്യേകരീതിയിലുള്ള വിദ്യാഭ്യാസം വേണമെന്നുള്ളവൎക്കു് അതു ലഭിച്ചിരുന്നു. മറെറാരുരീതിയിലുള്ള വിദ്യാഭ്യാസമാണു വേണ്ടതെങ്കിൽ അതും ലഭ്യമായിരുന്നു. അജ്ഞാനത്തിൽ സ്ഥിതിചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നവർ അജ്ഞരായിത്തന്നെയിരുന്നു. ഏതുതരത്തിലുള്ള വിജ്ഞാനവും ദ്രവ്യത്താൽ പോഷിപ്പിക്കപ്പെട്ടിരുന്നു. വിജ്ഞാനസോപാനത്തിലേയ്ക്കു് ആൎക്കും പ്രവേശമുണ്ടായിരുന്നു. എന്നാൽ നിൎബന്ധപൂൎവ്വം ആരേയും വിദ്യ അഭ്യസിപ്പിച്ചതുമില്ല.

## രണ്ടു നിവൃത്തിമാൎഗ്ഗങ്ങൾ.

മറേറ രണ്ടു നിവൃത്തിമാൎഗ്ഗങ്ങളും സാമുദായികമായ നിൎബ്ബന്ധവ്യവസ്ഥയിലാണു് ഉൾപ്പെടുന്നതു്. പക്ഷേ അവയ്ക്കു തമ്മിൽ ഒരു വ്യത്യാസമുണ്ടു്. ഒന്നു സമുദായാധികാരത്തിനു പ്രാഥമ്യം നൽകുകയും, മറേറതു കുടുംബത്തിൻെറ അവകാശങ്ങൾ പരിഗണിക്കുകയും ചെയ്യുന്നു.

ഒന്നാമത്തേതു കുടുംബത്തെ അമൎത്തി, പരിപൂൎണ്ണമായ ഐകരൂപ്യം വരുത്തി, ഉദ്ദേശ്യം സാധിക്കുന്നു. പണ്ടത്തെ രാഷ്ട്രമതങ്ങളിൽ ആരാധനൈകരൂപ്യം നിൎബ്ബന്ധപൂൎവ്വകമാക്കിയതുപോലെയാണു വിദ്യാഭ്യാസത്തിലും ഐകരൂപ്യം സാധിക്കുന്നതു്. മാതാപിതാക്ക

ന്മാരുടെ അവകാശം വിഗണിച്ചുകൊണ്ടാണു ദുർഘട ത്തിൽനിന്നു മോചനം തേടുന്നത്. കുട്ടി ചില കാര്യങ്ങൾ ഒരു പ്രത്യേകക്രമമനുസരിച്ചു മനസ്സിലാക്കണമെന്നു കുടുംബം ആഗ്രഹിക്കുന്നു. രാഷ്ട്രമാകട്ടെ ഈ ആഗ്രഹം തൃണവൽഗണിച്ചു സ്വന്തം പാഠക്രമങ്ങളും സ്വന്തം ദർശനവും കുട്ടിയുടെ മനസ്സിൽ ചെലുത്തുകയും മററുള്ളതെല്ലാം തള്ളിക്കളയുകയും ചെയ്യുന്നു.

ഇനിയത്തെ നിവൃത്തിമാർഗ്ഗം, ഭിന്നരീതികളിലുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുകയെന്നതാകുന്നു. അവയിൽ ചിലത്, എന്നല്ല മിക്കവയും, രാഷ്ട്രത്തിന്റെ ദർശനത്തിനും ചാരിത്രികബോധത്തിനും അനുരൂപമായിരിക്കും. മററുള്ളവ ന്യൂനപക്ഷത്തിലുള്ള കുടുംബങ്ങളുടെ അഭിലാഷമനുസരിച്ചിരിക്കും. പോളണ്ടിലേ വിദ്യാഭ്യാസരീതി ഇതിന് ഒരു ദൃഷ്ടാന്തമാണ്. അവിടെ അനേകം ജനങ്ങളുൾപ്പെടുന്ന ന്യൂനകക്ഷികളായ യഹൂദന്മാർക്കു സ്വകീയമായ ഒരു വിദ്യാഭ്യാസസമ്പ്രദായമുണ്ട്.

ഒടുവിൽപറഞ്ഞ നിവൃത്തിമാർഗ്ഗം സ്ഥാപിക്കുവാൻ പല ആധുനികരാഷ്ട്രങ്ങളും ശ്രമിച്ചിട്ടുണ്ടെങ്കിലും, ഈ ശ്രമം വളരെ അപൂർണ്ണമായും 'മനസ്സില്ലാമനസ്സോടെ' യുമാണു നടന്നുപോരുന്നത്. പൂർണ്ണമായ ഐകരൂപ്യം വരുത്തുന്നതിനും ന്യൂനകക്ഷികളുടെ വിശേഷപാഠശാലകൾ ഉന്മൂലനം ചെയ്യുന്നതിനുമുള്ള താൽപര്യം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതായികാണാം. ഈ താൽപര്യം ഇംഗ്ലണ്ടിൽ വിശദമായിക്കഴിഞ്ഞിട്ടുണ്ട്.

ഈ സാമുദായികാദർശം നിലനിൽക്കുന്നകാലത്തോളം, കത്തോലിക്കസഭ പാഠശാലകളുടെ വൈജാത്യത്തേയും

അവ യഥേഷ്ടം തിരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാക്കുള്ള അവകാശത്തേയും അനുകൂലിക്കയും സാമാന്യമായ ഐകരൂപ്യം വ്യവസ്ഥാപിക്കുവാനുള്ള ശ്രമത്തെ എതിൎക്കുകയും ചെയ്യും.

ഇനി നമുക്കു മനുഷ്യൻെറ പ്രഭാവത്തേക്കുറിച്ചും, അയോഗ്യരുടെ സന്താനോല്പാദനശക്തി നശിപ്പിക്കുകയെന്ന (ആധുനികകാലവിശേഷങ്ങളിൽ ഒന്നായി ഗണിക്കപ്പെടാവുന്ന) നയത്തെക്കുറിച്ചും പ്രതിപാദിക്കാം. പ്രസ്തുതനയത്തിൽ, ഇതേവരെ പ്രവൃത്തിയേക്കാളധികം പ്രസംഗമാണു നടപ്പിലുള്ളതു്. എന്നിരുന്നാലും സ്വിററ്സർലണ്ടിലേ 'വോഡ്' എന്ന വിഭാഗം ഉൾപ്പെടെ ചില പ്രദേശങ്ങളിൽ ഇതു നിയമാനുസാരം നടപ്പിൽ വന്നിട്ടുണ്ടെന്നു തോന്നുന്നു.

ഈ വിഷയത്തിൽ, പുരാതനവും സുസ്ഥിരവുമായ കത്തോലിക്കാദൎശങ്ങളും നൂതനവും (കത്തോലിക്കരുടെ ദൃഷ്ടിയിൽ) ബീഭത്സവുമായ രാഷ്ട്രാവകാശവും തമ്മിൽ ഉജ്ജ്വലമായ സമരമുണ്ടെന്നുതന്നെയല്ല, അതു് അവശ്യം തുടൎന്നുകൊണ്ടിരിക്കുകയും ചെയ്യും.

രാഷ്ട്രത്തിലേ ന്യൂനവ്യക്തികളുടെ നന്മയേക്കാൾ സമുദായത്തിൻെറ നന്മയ്ക്കാണു പ്രാധാന്യമെന്നു സമ്മതിക്കുന്നപക്ഷം, അയോഗ്യരുടെ സന്താനോൽപാദനം തടയുന്നതു സൎവ്വഥാ സാധുവായിരിക്കും. ആരാണ് അയോഗ്യനെന്നു നിൎണ്ണയിക്കുവാനുള്ള അധികാരം സമുദായത്തിനുണ്ടെങ്കിൽ, അവൻ അയോഗ്യരായ മററു പൌരന്മാരെ സൃഷ്ടിച്ചു സമുദായത്തെ ദുഷിപ്പിക്കുമെന്നുള്ള വാദം സമ്മതിച്ചേ കഴിയൂ. എന്നാൽ മനുഷ്യപ്രഭാവം

എന്നാ മറെറാരു നന്മ ബലികഴിച്ചിട്ടാണു സമുദായത്തിൻെറ നന്മ സാധിക്കുന്നതു്. ഏതു നന്മയ്ക്കാണു് അധികം ശ്രേഷ്ഠത ?

അയോഗ്യർ ആരാണെന്നു നിർണ്ണയിക്കുന്നതിൽ രാഷ്ട്രത്തിനു പ്രമാദം പററുകയില്ലെന്നും, ധനികരായ അയോഗ്യരും മററുള്ളവരോടൊപ്പം സാമാന്യ നിയമത്തിനു വിധേയരാകുമെന്നും അയോഗ്യരുള്ളതുകൊണ്ടു സമുദായത്തിൻെറ സുസ്ഥിതിക്കു ഭംഗം സംഭവിക്കുമെന്നും, ഈ അപകടത്തെ ദൂരീകരിക്കുകയോ അമർത്തുകയോ ചെയ്വാൻ പ്രകൃതിശക്തികൾക്കു സാദ്ധ്യമല്ലെന്നും പറയുന്നതു് അബദ്ധമാണെന്നു നമുക്കേവർക്കുമറിയാം. അതു് അബദ്ധമല്ലെന്നിരുന്നാൽതന്നെ, ഈ വിഷയത്തിലുള്ള നന്മതിന്മകളുടെ തോതു് എന്താണു് ? മനുഷ്യപ്രഭാവത്തേയും പരോക്ഷജീവിതത്തിലുള്ള ആശാസ്യഗോപനങ്ങളേയും നികൃഷ്ടതരന്മാരായ മനുഷ്യർപോലും ഇയ്യിടെ വരെ സർവ്വത്ര അനുവാദ്യമായിരുന്ന അവകാശങ്ങളേയും സംരക്ഷിക്കുന്നതുകൊണ്ടോ, അല്ലെങ്കിൽ അവയെല്ലാം ബലികഴിക്കുന്നതുകൊണ്ടോ, ഏതുകൊണ്ടാണു നമുക്കു് അധികം നന്മ കൈവരിക?

മേല്പറഞ്ഞ സംഗതികൾ ബലികഴിക്കുവാൻ പാടില്ലെന്നാണു കത്തോലിക്കാദർശം നിർവ്വിശങ്കമായും പ്രായോഗികമായും നിർദ്ദേശിക്കുന്നതു്. അതുതന്നെയല്ല, അവയെ ബലികഴിക്കുന്ന ഒരു രാഷ്ട്രം സ്വധർമ്മബോധത്തോടു് ഒരു വലിയ ദ്രോഹമാണു ചെയ്യുന്നതെന്നും ഈ സ്വയംകൃതാനർത്ഥംമൂലം രാഷ്ട്രീയജീവിതമാസകലം പങ്കിലമായിത്തീരുമെന്നും സഭ സമർത്ഥിക്കുകയുംചെയ്യുന്നു.

ഈ നൂതനപ്രസ്ഥാനം രാജ്യനിയമത്തിൽ ചേക്കപ്പെട്ടുകഴിഞ്ഞാൽ രാഷ്ട്രവും സഭയും തമ്മിൽ മാത്സര്യമുണ്ടായേ മതിയാവൂ.

## ഏതാണു യുക്ത്യനുസാരം?

ഞാൻ ഇവിടെ രണ്ടു സാക്രുതമായ ദൃഷ്ടാന്തങ്ങൾ മാത്രമാണ് എടുത്തിട്ടുള്ളത്. രണ്ടാമത്തെ ദൃഷ്ടാന്തത്തിൻെറ പ്രവൃത്തിരംഗം ഇനിയും പരിമിതമായിരിയ്ക്കുന്നതേയുള്ളു. എന്നിരുന്നാലും, അവയിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങൾ മനുഷ്യജീവിതത്തിൽ ആസകലം വ്യാപിച്ചിരിക്കുന്നു. അവ സ്വഭാവത്തെ നിയന്ത്രിക്കുന്നു. അവ സമുദായത്തിന് ഒരു പ്രത്യേകച്ഛായ നൽകുന്നു. ഭിന്നരാഷ്ട്രങ്ങളുടേയും ആധുനികസംസ്കാരത്തിൻേറയും ഭാവി അവയെ ആശ്രയിച്ചാണിരിക്കുന്നത്. മററു സംഗതികളിലെന്നപോലെ ഇവിടേയും ഒരു ചോദ്യം നമ്മെ അഭിമുഖീകരിക്കുന്നു. അതിനു മറുപടി പറയേണ്ട ചുമതല നമുക്കുണ്ട്: "രണ്ടു മനോഭാവങ്ങൾ പരസ്പരവൈരുദ്ധ്യത്തോടെ ഭിന്നിച്ചു നിൽക്കുന്നു. അവയിൽ ഏതാണ് അധികം യുക്ത്യനുരൂപമായിട്ടുള്ളത്?"

'യുക്ത്യനുരൂപം' എന്നു പ്രയോഗിക്കുന്നതിൻെറ താൽപര്യം ഇതാണ്: "ഏതാണു മനുഷ്യസ്വഭാവത്തിന് അധികം അനുരൂപമായത്? ഏതാണു നമുക്കു കൂടുതൽ യോജിക്കുന്നത്? ഏതിലാണു നമ്മുടെ മനസ്സാക്ഷി ശാന്തിയടയുന്നത്? സാമാന്യബുദ്ധിയും വിവേകവാനും അനാതുരനുമായ ഒരാൾ പ്രായേണ സ്വീകരിക്കുന്നത് ഏതാണ്?

പ്രസ്തുതമാത്സര്യം ആദ്ധ്യം കത്തോലിക്കർക്കും അ കത്തോലിക്കർക്കും തമ്മിലുള്ള ഒരു മാത്സര്യമായിട്ടല്ല കാണപ്പെട്ടുന്നതു്. എന്നാലും അവയ്ക്കു തമ്മിലുള്ള ഇടച്ച് പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇരുകക്ഷികൾക്കു തമ്മിലുള്ള ഇടച്ച് വദ്ധിക്കുമ്പോൾ, ഒരു കക്ഷി കത്തോലിക്കമതത്തിൻെറ സാമാന്യസ്വഭാവവും മറേറക്കക്ഷി കത്തോലിക്കമതത്തിനു വിരുദ്ധമായ സാമാന്യസ്വഭാവവും അവലംബിക്കാതെ തരമില്ല.

രണ്ടാമത്തെ മനോഭാവം അവലംബിച്ചു സമുദായഭാവുകത്തിൻെറ പരമപ്രാമുഖ്യത്തിൽ വിശ്വസിക്കുന്നവർ തങ്ങളുടെ വിശ്വാസം പ്രഖ്യാപനം ചെയ്യുകയും കത്തോലിക്കാദശ്വും അതിൻെറ ബന്ധുക്കളും പുറപ്പെട്ടുവിക്കുന്നതും അവശ്യം പുറപ്പെട്ടുവിക്കേണ്ടതുമായ എതിർവാദങ്ങൾ അവഗണിച്ചു സ്വപക്ഷം സമത്ഥിക്കുകയും ചെയ്യട്ടെ. പക്ഷേ യുക്തിയും ശാസ്ത്രവും അവരുടെ ഭാഗത്താണെന്നു പറയാതിരുന്നാൽ മതി.

അയോഗ്യരെ സംബന്ധിച്ചും മററുമുള്ള ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ ഇരുകക്ഷികളും സമ്മതിക്കുന്നുണ്ടു്. എന്നാൽ വാദമുഖം ധാമ്മികമായ ക്രമത്തേയും പ്രാമാണ്യത്തേയും സംബന്ധിക്കുന്ന ഒന്നാണു്. രണ്ടു തിന്മകളിൽവച്ചു് ഏതൊന്നിനെയാണു് അപാകരിക്കേണ്ടതെന്നത്രേ വിവാദവിഷയം.

ഈ വിഷയത്തിലും രണ്ടുമനോഭാവങ്ങൾ അഥവാ രണ്ടുലോകങ്ങൾ പരസ്പരം എതിത്തുനിൽക്കുന്നു. യുക്തിയും അയുക്തിയും തമ്മിലോ, ജ്ഞാനവും അജ്ഞാനവും തമ്മിലോ ഉള്ള ഒരു മാത്സര്യമല്ല അതു്;

പ്രത്യുത, രണ്ടു ദശ്നങ്ങാംക്കു തമ്മിലുള്ള വിപ്രകഷമാകുന്നു. ഈ രണ്ടു ദശ്നങ്ങളിൽ ഒന്നു നമുക്കു തിരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. ഓരോരുത്തനും അവനവന്റെ സമുദായത്തിൽ അവയിലൊന്നു സ്വീകരിക്കണം. ക്രൈസ്തവലോകം എന്നു വിളിക്കപ്പെട്ടിരുന്ന രാജ്യങ്ങളിലെ സംസ്കാരം മുഴുവനും ഈ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതു്.

# XI.

## സഭയും ദേശീയബോധവും.

അർവ്വാചീനലോകത്തിൽ കത്തോലിക്കമതവും അ കത്തോലിക്കാശയങ്ങളും തമ്മിൽ പോരാട്ടമുണ്ടാകുന്നതിന് അത്യന്തം ഗൌരവാവഹമായ മറെറാരു കാരണംകൂടി അവസാനമായി എടുത്തുകാണിക്കാം. ഈ സമരഹേതു ദേശപ്രതിപത്തിയല്ലാതെ മറെറാന്നുമല്ല. ഒരു ദേശത്തെ തദ്ദേശീയരെല്ലാം മുഖ്യാരാധനവിഷയമാക്കുന്നുവെന്നതാണ സമരഹേതുവിൻെറ നിർവ്വചനം. ദേശപ്രതിപത്തി ഈ നിലയിലെത്തുകയോ ഇതിനപ്പുറം കടക്കുകയോ ചെയ്താൽ ഇങ്ങനെയുള്ള ഒരു ആദർശവും കത്തോലിക്കസഭയും തമ്മിൽ മാത്സര്യമുളവാകും. ഏതാദൃശങ്ങളായ മററുവിഷയങ്ങളെന്നപോലെ ഇതും സൂക്ഷ്മവിശകലനം ചെയ്താൽ, യുക്തിയും അയുക്തിയും തമ്മിലുള്ള ഒരു വൈരുദ്ധ്യമല്ല ഇവിടെയുള്ളതെന്നു കാണാം. രണ്ടു ആദർശങ്ങൾ തമ്മിലാണു നാം ഇവിടെ വ്യാവർത്തനം ചെയ്യേണ്ടതു്. അവയോരോന്നും യുക്തികൊണ്ടു പിന്താങ്ങാം. അവ തമ്മിൽ വിവേചിച്ച് ഏതെങ്കിലുമൊന്നു തിരഞ്ഞെടുക്കേണ്ട ഭാരം നമുക്കുണ്ടു്.

നമ്മുടെ പൌരത്വത്തിനു നിദാനമായ രാജ്യത്തോടുള്ള സ്നേഹമെന്നാണു 'ദേശപ്രതിപത്തി'യുടെ വിവക്ഷയെങ്കിൽ, മാത്സര്യത്തിനോ വിവാദത്തിനോ അവകാശമേ ഇല്ല. അങ്ങനെയുള്ള സ്നേഹം മനുഷ്യസാധാരണമാണെന്ന് എപ്പോഴും വിചാരിക്കപ്പെട്ടുപോ

രുന്നുണ്ട്. അതു നൈസൎഗ്ഗികമാണ്. അതു പരിശീലിക്കുന്നതു് ഒരു ധൎമ്മവുമത്രെ. എല്ലാ രാഷ്ട്രങ്ങളും അതു പ്രോത്സാഹിപ്പിക്കുന്നുണ്ട്; പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. അതു ക്ഷയിച്ചാൽ സാമുദായം മുഴുവനും അതോടെ ക്ഷയിച്ചുപോകും; നിയമങ്ങളുടെ അധികാരവും സമാധാനപരിപാലനവും വിദേശീയാക്രമണം തടുക്കുവാനുള്ള ശക്തിയും മന്ദീഭവിക്കും.

വിവാദലോകത്തിലെ മററു സംഗതികളിലെന്നപോലെതന്നെ ഇതിലും പദങ്ങളുടെ ദുഷ്പ്രയോഗത്താലാണു ദുർഘടമധികവും ഉളവാകുന്നതു്. ഒരു ചീത്ത സംഗതി സാധൂകരിപ്പാൻ അതിൻെറ നാമത്തിൽതന്നെ അറിയപ്പെട്ടുന്ന ഒരു നല്ല സംഗതി ഉദ്ധരിക്കപ്പെട്ടുന്നു. ദേശപ്രതിപത്തി അഥവാ സ്വരാജ്യസ്നേഹം എന്ന പദംകൊണ്ടു മനുഷ്യരുടെ ഏററം ഉത്കൃഷ്ടവും ഉത്തമവുമായ ഒരു വികാരത്തേയും തദാനുപാതികമായ അവശ്യധൎമ്മങ്ങളേയും വിവക്ഷിക്കാവുന്നതാണ്.

എന്നാൽ ഞാൻ ഇവിടെ പ്രസ്തുത പദം പ്രയോഗിക്കുന്നതു് ഏതു് അൎത്ഥത്തിലാണെന്നു നിൎവ്വചിച്ചിട്ടുണ്ടല്ലൊ. ഇയ്യിടെയുണ്ടായിട്ടുള്ള ദേശീയത്വത്തിൻെറ ആധിക്യമാണു ഞാൻ വിവക്ഷിക്കുന്നതു്. രാഷ്ട്രത്തെ സൎവ്വപ്രധാനമായ ആരാധനവിഷയമാക്കുകയെന്നതാണ് അതിൻെറ ലക്ഷണം. മതസത്യങ്ങളുടെ സേവനത്തിലാണു പ്രയോഗിക്കപ്പെട്ടുന്നതെങ്കിൽ തിന്മയായി എണ്ണപ്പെട്ടുന്ന അനവധി കാൎയ്യങ്ങൾ ദേശസേവനത്തിൽ സ്വീകൎത്തവ്യമായി വിചാരിക്കപ്പെട്ടുന്നു. ദൃഷ്ടാന്തമായി, കൊട്ടക്കണക്കിനു നുണ പറയുന്നതു രാജ്യ

ത്തിൻെറ ശ്രേയസ്സിന് അത്യാവശ്യമാണെന്നു കരുതപ്പെടുന്നു.

### അമിതമായ ദേശപ്രതിപത്തി.

ദേശപ്രതിപത്തി ഇയ്യിടെ കേവലം ഭൌമികമായ വസ്തുക്കളോടുള്ള പ്രതിപത്തിയുടെ പരിധികൾ ഉല്ലംഘിച്ച്, ദിവ്യമായ വസ്തുക്കളുടെ സ്ഥാനം കവൎന്നിട്ടുണ്ടെന്നുള്ളതു് എല്ലാവരും അറിഞ്ഞിരിക്കേണ്ട ഒരു സംഗതിയാണ്. പക്ഷേ നിൎഭാഗ്യവശാൽ, നാം ശ്വസിക്കുന്ന വായുവിൽപോലും ലയിച്ചിരിക്കുന്നവയും നമ്മുടെ ജീവകാലത്തിൻെറ ഏററം ശ്രദ്ധേയമായ ലക്ഷണമായി ഗണിക്കപ്പെടാവുന്നവയുമായ കാൎയ്യങ്ങൾ നാം ആലോചനകൂടാതെ സ്വീകരിക്കുന്നതു നിമിത്തം അവയുടെ താൽപൎയ്യം നാം ഗ്രഹിക്കുന്നില്ല. ഇതു് എത്ര വാസ്തവമാണെന്നു ചരിത്രം നോക്കിയാലറിയാം. പതിനാറാം നൂററാണ്ടിൽ ജനങ്ങൾ രാജാക്കന്മാരുടെ നേൎക്ക പ്രദൎശിപ്പിച്ച ദാസ്യമനോഭാവം നമ്മെ അത്ഭുതപരതന്ത്രരാക്കുന്നു. ഒരു സമുദായത്തിൻെറ മതം മുഴുവനും ഒരു സ്വേച്ഛാപ്രഭുവിൻെറ തന്നിഷ്ടമനുസരിച്ച മാററുവാൻ സാധിച്ചതു് എങ്ങനെയാണെന്നു നമുക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്നാൽ അന്നുണ്ടായിരുന്നവൎക്ക് അതു സ്വാഭാവജമായിരുന്നു. രാജാരാധനം സ്വതസ്സിദ്ധമായി അവർ ഗണിച്ചിരുന്നു. അക്കാലം കഴിഞ്ഞതിനുശേഷമേ അതിൻെറ ബീഭത്സത ജനങ്ങൾ മനസ്സിലാക്കിയുള്ളൂ. ദേശപ്രതിപത്തിയുടെ ഗതിയും ഇപ്രകാരംതന്നെ ആയിരിക്കുമെന്നു് ഊഹിക്കാം.

ക്രൈസ്തവലോകം അനേകം അംശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നതും ഇവയോരോന്നും സ്വോദ്ദേശ്യലാഭത്തിനായി ക്രൈസ്തവലോകത്തേയോ അതിൻെറ അംശങ്ങളേയോ സംഹരിക്കുവാൻ സന്നദ്ധമായി നിൽക്കുന്നതും, നമുക്ക് ഇന്നു നൃപാരാധനം എത്രമാത്രം അവിശ്വാസ്യമായിത്തോന്നുന്നുവോ, അത്രമാത്രം അവിശ്വാസ്യമായി അധികം തലമുറകൾ കഴിയുന്നതിനുമുമ്പു തോന്നാതിരിക്കയില്ല. മനുഷ്യവർഗ്ഗം ഇങ്ങനെ വ്യത്യസ്തരാഷ്ട്രങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നുവെന്നും ഒരു ക്രൈസ്തവരാജ്യത്തിനു മറെറാന്നിലെ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും വിമാനത്തിൽനിന്നു ബോംബെറിഞ്ഞു കൊല്ലാമെന്നും, രാഷ്ട്രം എന്ന ഈ നൂതനദേവൻെറ സേവനത്തിൽ നിരായുധരായ ജനങ്ങളെ വിഷബാഷ്പം പ്രയോഗിച്ചു നശിപ്പിക്കാമെന്നുമുള്ള ആധുനികാശയം ഭാവിയിലെ ചരിത്രകാരനു ഗ്രഹിക്കുവാൻ പ്രയാസമായിരിക്കും.

ഏതായാലും ഇപ്പോൾ അങ്ങനെയൊരു ആശയം പ്രചുരമാണെന്നുള്ളതിനു സന്ദേഹമില്ല. കത്തോലിക്കമതം ഈ ആശയത്തോടു പൊരുതുന്നത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും, കത്തോലിക്കൻെറ ഈ വിഷയത്തിലുള്ള മനോഭാവം യുക്തിസിദ്ധമാണോ അല്ലയോ എന്നുമത്രെ നമുക്കിവിടെ പരിശോധിക്കേണ്ടത്.

കത്തോലിക്കസഭ വിശ്വവ്യാപകമായ ഒരു സ്ഥാപനമാകുന്നു. സഭാംഗങ്ങളുടെ രാജ്യത്തിലുള്ള ഭരണാവകാശങ്ങൾ എന്തുതന്നെയായിരുന്നാലും, വിശ്വാസപ

രമായും ധമ്മപരമായുമുള്ള നിർദ്ദേശങ്ങഠം നൽകുവാൻ സഭ അവകാശപ്പെടുന്നു.

## പാപോച്ചാരണവേദിയുടെ ഗോപ്യത.

ഒരു ദൃഷ്ടാന്തമെടുക്കാം. പാപോച്ചാരണവേദിയിലെ രഹസ്യങ്ങഠം ഒരു വൈദികനു പുറത്തുപറയുവാൻ പാടില്ലെന്നു സഭ അനുശാസിക്കുന്നു. ആ വൈദികൻെറ രാജ്യം ഒരുപക്ഷേ മററൊരു രാജ്യവുമായി യുദ്ധത്തിൽ ഏപ്പെട്ടിരിക്കുന്നുവെന്നും, സ്വരാജ്യത്തിൻെറ ആപന്മുക്തിക്കു പാപോച്ചാരണവേദിയിലെ രഹസ്യം വെളിപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്നും വരാം. എന്നാലും ആ വൈദികൻ 'കുമ്പസാര'രഹസ്യം വെളിപ്പെടുത്തുന്നതിനേക്കാഠം സ്വരാജ്യനാശമാണു സ്വീകരിക്കേണ്ടതെന്നു സഭ നിർദ്ദേശിക്കുന്നു.

ഇങ്ങനെയൊരു ഘട്ടം സാമാന്യേന സംഭവിക്കുകയില്ലായിരിക്കാം. ഏറക്കുറെ അസംഭാവ്യമായ ഈ ദൃഷ്ടാന്തം ഞാൻ എടുത്തതു രാഷ്ട്രത്തിന് ഇന്നുള്ള ശക്തി എത്ര ഭീമമാണെന്നു കാണിപ്പാനാകുന്നു. ഏതാണ്ട് ഇരുന്നൂറു കൊല്ലങ്ങഠംക്കു മുമ്പു വിവാദമമ്മം എല്ലാവക്കും സുഗ്രഹമാകുമായിരുന്നു. കത്തോലിക്കേതരന്മാർ ഇങ്ങനെ പറയുമായിരുന്നു: "കത്തോലിക്കസഭയുടെ സ്വഭാവം എങ്ങനെയാണെന്നും മതാത്മകമായ കാര്യങ്ങളിൽ അതു പരമാധികാരം അവകാശപ്പെടുന്നുവെന്നും തന്നിമിത്തം രാഷ്ട്രത്തിൻെറ അപരിമിതമായ അധികാരത്തെ അതു നിഷേധിക്കുന്നുവെന്നും ഞങ്ങഠംക്കറിയാം. രാഷ്ട്രം ആവശ്യപ്പെടുന്ന അനുസരണത്തോടൊപ്പം കത്തോലിക്കസഭയും ജനങ്ങളിൽനി

ന്ന് അനുസരണം ആവശ്യപ്പെടുന്നുണ്ടെന്നും ഈ ഉഭയാനുസരണം രാഷ്ട്രത്തെ ദുർബ്ബലപ്പെടുത്തുന്നുവെന്നും ഞങ്ങൾക്കറിയാം. അതുകൊണ്ടാണു കത്തോലിക്കമതത്തെ ഞങ്ങളുടെയിടയിൽനിന്ന് ഉച്ചാടനം ചെയ്വാൻ ഞങ്ങൾ ശ്രമിക്കുന്നത്."

പതിനാറാംനൂററാണ്ടിലെ മതവിപ്ലവത്തിനുശേഷം അനേകം തലമുറകളായി ഇംഗ്ലീഷ് ഗവൎമ്മെണ്ടുകളുടേയും ഡച്ച് ഗവൎമ്മെണ്ടുകളുടേയും മററ് അകത്തോലിക്കഗവൎമ്മെണ്ടുകളുടേയും മനോഭാവം ഇങ്ങനെയായിരുന്നു. ഇന്നാകട്ടെ, ഞാൻ മേൽവിവരിച്ചതരത്തിലുള്ള ദേശീയബോധത്തിൻെറ—രാഷ്ട്രാരാധനത്തെ ഇന്നുള്ള യഥാൎത്ഥവും സജീവവുമായ ഏകമതമാക്കിത്തീക്കുന്ന സമ്പ്രദായത്തിൻെറ—പ്രാബല്യംനിമിത്തം ഏതാദൃശമായ ഒരു രാഷ്ട്രത്തിനും രാഷ്ട്രാതീതവും വിശ്വവ്യാപകവുമായ ഒരു മതത്തിനുംതമ്മിൽ വൈരുദ്ധ്യമുണ്ടാകാമെന്നുള്ള സംഗതി ജനങ്ങൾക്കു വിസ്മയാവഹമായിത്തോന്നുന്നു.

## പ്രകൃതസിദ്ധാന്തം.

രാഷ്ട്രാതീതമായ ഒരു മതത്തിൻെറ അവകാശം നിഷേധിക്കുന്നതും രാഷ്ട്രത്തിനു മാത്രമാണു മുഖ്യാരാധനം അവകാശപ്പെട്ടിരിക്കുന്നതെന്നു വിചാരിക്കുന്നതും സാധുവാണോ എന്നും, അല്ലെങ്കിൽ കത്തോലിക്കസഭയുടെ നിലയാണോ കൂടുതൽ യുക്ത്യനുരൂപമായിട്ടുള്ളതെന്നും, അഥവാ ഇവയിൽവച്ച് ഏതാണു കൂടുതൽ യുക്തിപൂൎവ്വകമായിട്ടുള്ളതെന്നും നമുക്കു പരിശോധിക്കാം.

ദേശപ്രതിപത്തിയെ സിദ്ധാന്തപരമായി ഇങ്ങനെ സമത്ഥിക്കാവുന്നതാണ്:—

"എൻെറ സ്വദേശമായ രാഷ്ട്രം മനുഷ്യവൎഗ്ഗത്തിൻെറ പരമമായ സുസ്ഥിതിക്ക് അത്യാവശ്യമാണ്. എൻെറ രാഷ്ട്രത്തിനു നേരിടുന്ന ദൌർബ്ബല്യം മനുഷ്യകുലത്തിനാസകലം ദോഷപ്രദമായിരിക്കും. അത്രമാത്രമല്ല, എനിക്കു സ്വരാജ്യത്തോടുള്ള സ്നേഹത്തിൻെറ ആധിക്യം നിമിത്തം, മററുകാൎയ്യങ്ങളെല്ലാം താരതമ്യേന വിഗണ്യമായിത്തോന്നുകയും ചെയ്യുന്നു. അദൃശ്യവും എൻെറ ഇന്ദ്രിയങ്ങൾക്ക് അഗോചരവുമായ കാൎയ്യങ്ങളെപ്പററിയുള്ള വിശ്വാസപരവും ധൎമ്മപരവുമായ സിദ്ധാന്തങ്ങൾ എനിക്കു സുജ്ഞേയമല്ല. എന്നാൽ ഞാൻ എൻെറ രാജ്യത്തെ സ്നേഹിക്കുന്നതിനെപ്പററി എനിക്കു നല്ല ഉറപ്പുണ്ട്. തന്മൂലം വിശ്വാസപരവും ധാൎമ്മികവുമായ ഒരു സാമാന്യമതത്തെ ആസ്പദമാക്കിയുള്ള ന്യായങ്ങൾ സ്വവൎഗ്ഗത്തോടുള്ള എൻെറ സ്നേഹാതിശയത്തെ ശിഥിലീകരിക്കുന്നതല്ല."

ലോകത്തിൻെറ ഭാവി സ്വരാജ്യത്തിൻെറ ഭാവിയെ ആശ്രയിച്ചാണിരിക്കുന്നതെന്നും വിശ്വാസത്തിലും ധൎമ്മത്തിലും സൎവ്വമനുഷ്യൎക്കും അവശ്യം അംഗീകാൎയ്യമായ ഒരു സാമാന്യമതം ഉണ്ടാകാൻ പാടില്ലെന്നും ഒരാൾ സിദ്ധാന്തിക്കുകയും മറെറല്ലാ വസ്തുക്കളേക്കാൾ സ്വരാജ്യത്തെ സ്നേഹിക്കുന്നുവെന്നു ശഠിക്കുകയും ചെയ്താൽ ആയാളോടു യാതൊരു മറുപടിയും പറയുവാനില്ല. ദേശീയബോധത്തിൻെറ സ്വഭാവം ഇങ്ങനെയാണ്. അതിൻെറ ന്യായങ്ങൾക്കെതിരായി, അവയെ പാടെ നിഷേ

ധിക്കുകയല്ലാതെ ഗത്യന്തരമില്ല. ദേശീയവാദികളുടെ സിദ്ധാന്തമോ അല്ലെങ്കിൽ അതിൻെറ നിഷേധമോ, ഏതാണു കൂടുതൽ യുക്ത്യനുസാരമായിട്ടുള്ളതു് എന്നുമാത്രമേ ഇവിടെ നിർണ്ണയിക്കേണ്ടതായിട്ടുള്ളു.

അഭൌതികമായ കാര്യ്യങ്ങളിലുള്ള—അതായതു വിശ്വാസപരവും ധർമ്മപരവുമായ കാര്യ്യങ്ങളിലുള്ള—സത്യങ്ങളെപ്പററി നമുക്കു നിശ്ചിതജ്ഞാനം ഉണ്ടാകാവുന്നതാണെന്നു കത്തോലിക്കമതം പ്രസ്താവിക്കുന്നു. ഈ പ്രസ്താവം സാധുവാണെങ്കിൽ പ്രസ്തുത സത്യങ്ങൾ സർവ്വസാമാന്യമായിരിക്കണം. വിശ്വാസപരവും ധാർമ്മികവുമായ കാര്യ്യങ്ങളിൽ എല്ലാ മനുഷ്യരേയും ഈശ്വരാധികാരത്തിൻകീഴിൽ അടക്കിക്കൊള്ളുന്ന ഒരു ശക്തിയാകുന്നു കത്തോലിക്കാദർശം. മതത്തിൻേറയും രാഷ്ട്രത്തിൻേറയും മണ്ഡലങ്ങൾ, അഥവാ ഭൌമികവും ആദ്ധ്യാത്മികവുമായ മണ്ഡലങ്ങൾ, പരസ്പരം സംഘടിതങ്ങളാണെങ്കിലും അവ ഭിന്നങ്ങളാണെന്നു കത്തോലിക്കമതം സിദ്ധാന്തിക്കുന്നുണ്ടു്. ഈ മണ്ഡലങ്ങൾക്കു തമ്മിൽ അപൂർവ്വമായിട്ടേ മാത്സര്യ്യമുണ്ടാകാറുള്ളു. എന്നും ശരിയായി പദങ്ങൾ നിർവ്വചിക്കാത്തതുകൊണ്ടോ ഏതെങ്കിലുമൊരു കക്ഷി അതിനർഹതയില്ലാത്ത അവകാശങ്ങൾ പുറപ്പെടുവിക്കുന്നതുകൊണ്ടോ ആണു മാത്സര്യ്യമുളവാകുന്നതെന്നും കത്തോലിക്കർക്കറിയാം. എന്നാൽ മനുഷ്യനിർമ്മിതമായ ഏതു നിയമത്തേക്കാളും പ്രാചീനമായതും ഏതു രാഷ്ട്രീയഘടനയേക്കാളും പുരാതനമായതും അവയേയെല്ലാം അതിജീവിക്കുന്നതുമായ ഒരു ദൈവികനിയമവും ഒരു ദൈവികലക്ഷണവും

ഉണ്ടെന്നുള്ള കാൎയ്യത്തിൽ കത്തോലിക്കൎക്ക് സംശയലേശമില്ല.

ഈ രണ്ടു മനോഭാവങ്ങളിൽവച്ച് ഏതിനാണു സിദ്ധാന്തപരമായി അധികം യുക്തിയുക്തതയുള്ളതു്?

സുജ്ഞേയമായ ഒരു ദൈവികനിയമമില്ലെങ്കിൽ ഒരു പ്രവൃത്തി ശരിയോ തെറ്റോ എന്നു നിങ്ങൾ യുക്തിപൂൎവ്വം വിധിക്കുന്നതെങ്ങനെ? നിങ്ങളുടെ വിധി ഹൃദയവികാരത്താൽ പ്രചോദിതമായിരിക്കാം. “എനിക്കു യുക്തി പ്രയോഗിക്കേണ്ട ആവശ്യമില്ല; എന്റെ സ്നേഹം അത്രയ്ക്കു വലുതാണ്” എന്നു നിങ്ങൾക്കു പറയാം. എന്നാൽ അന്യൻ യുക്തി പ്രയോഗിക്കുന്നതു് അയുക്തികമാണെന്നു നിങ്ങൾക്ക് അക്കാരണത്താൽ പറയാവുന്നതല്ല. ആലോചനകൂടാതുള്ള അന്ധവിശ്വാസം ആയാൾ പ്രദൎശിപ്പിക്കുന്നില്ല. ദേശീയവാദിയാണ് അപ്രകാരം ചെയ്യുന്നതു്. ഒന്നാമൻ തന്റെ നില സൂക്ഷ്മമായി വിമൎശിച്ചു വിവാദം ചെയ്യുന്നതിൽ അശേഷം മടി കാണിക്കുന്നില്ല. ദേശീയവാദിയാണു വിവാദം ഭയപ്പെടുന്നതു്.

ഇരുകക്ഷികളുടേയും സിദ്ധാന്തം ഇപ്രകാരമിരിക്കെ, അനുഭവത്തിലും മേല്പറഞ്ഞവിധത്തിലാണ് അവരുടെ മനോഭാവം എന്നു കാണാം.

## പ്രയോഗപദ്ധതി.

ദേശീയത്വം പ്രവൃത്തിപഥത്തിൽ എങ്ങനെയാണു വെളിപ്പെട്ടിട്ടുള്ളതെന്നും, ദൈവത്തിന്റെ സ്ഥാനത്തു രാഷ്ട്രത്തെ പ്രതിഷ്ഠിക്കുന്നതുകൊണ്ടുള്ള പ്രത്യക്ഷഫലങ്ങൾ ആധുനികലോകത്തിലും ചരിത്രത്തിലുമുള്ള

സംഭവങ്ങളിൽ എങ്ങനെയാണ് അനുഭവപ്പെടുന്നതെന്നും നമുക്കു പരിശോധിക്കാം.

വികൃതമായ ഒരു ദേശീയത്വത്തിന് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിന് അനവധി ദൃഷ്ടാന്തങ്ങൾ ഈ തലമുറയിൽ നമ്മുടെ കണ്ണുകൊണ്ടുതന്നെ നാം കണ്ടിട്ടുണ്ട്. ഏററം അസംഭാവ്യമായ കെട്ടുകഥകളെ ഈ ദേശീയത്വം കണ്ണടച്ചു വിശ്വസിക്കുന്നതു നാം കാണുന്നുണ്ട്. അമിതമായ ദേശീയബോധം നിമിത്തം ദാരുണമായ ഒരു മഹായുദ്ധം സംഭവിച്ചതും യുദ്ധം കുറേക്കൂടി നീണ്ടുനിന്നിരുന്നുവെങ്കിൽ ആധുനികപരിഷ്കാരവും (ദേശീയവാദി മിഥ്യാഭിമാനം അടയുന്ന രാഷ്ട്രം ഉൾപ്പെടെയുള്ള) സർവ്വരാജ്യങ്ങളും നാമാവശേഷമായിത്തീരുമായിരുന്നതും നമുക്കറിയാം. ദേശീയത്വത്തിനു നിശ്ചിതപരിധികൾ കല്പിക്കുകയും അതിൻെറ സ്ഥാനം നിർണ്ണയിക്കുകയും അതിൻെറ പരമാവകാശങ്ങൾ നിയന്ത്രിക്കുകയും ചെയ്യാനാണ് ഇന്നത്തെ ശ്രമം. മഹായുദ്ധത്തിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള പാഠം ഇതാണ്. ദേശീയത്വത്തിൽ ഒരു പരിമിതിയും വിവേകവും താമസിയാതെ പുനഃസ്ഥാപിതമായില്ലെങ്കിൽ നമ്മളെല്ലാവരും നാശഗർത്തത്തിൽ നിപതിക്കും.

ചരിത്രത്തിൽനിന്നും ഈ പാഠംതന്നെയാണു ലബ്ധമാകുന്നതു്. കുറേക്കാലങ്ങൾക്കുമുമ്പ് ഇത്തരത്തിലുള്ള ദേശീയത്വം ഉണ്ടായിരുന്നില്ല. ഇതു് ഇയ്യിടെയുണ്ടായ ഒരു വികൃതസത്വമാണ്. ഭിന്നാങ്ങളായ പ്രദേശങ്ങളുടെ അവകാശങ്ങളേക്കാൾ ഉന്നതമായ ഒരു സാമാന്യസംസ്കാരാദർശത്തിൻെറ തണലിലാണു പാശ്ചാ

ത്വപരിഷ്കാരം ആവിർഭവിച്ചത്. ക്രൈസ്തവലോക ത്തിലാസകലം പൊതുവായ ചില ആശയങ്ങൾ പട ൪ന്നുപിടിച്ചിരുന്നു. ഈദൃശാശയങ്ങളാണു പാശ്ചാത്യ ജനതയെ രൂപവൽക്കരിച്ചത്. പ്രാദേശികസ്നേഹം ഈ സാമാന്യസംസ്കാരത്തേക്കാൾ ഉൽകൃഷ്ടമായി ഗ ണിക്കപ്പെട്ടിരുന്നില്ല. എന്നാൽ ക്രൈസ്തവലോകത്തി ലെ ഭിന്നവ്യക്തികൾ പരമാധികാരം കൈക്കലാക്കിയ തോടേ പാശ്ചാത്യലോകത്തിന്റെ ആപദ്ദശ ആരം ഭിച്ചു. ഇന്നു കാണുന്ന ക്രമാതീതവും വിരൂപവുമായ ദേശീയത്വം എന്നും നിലനില്ക്കുമെന്നു കരുതുവാൻ യാ തൊരു ന്യായവും കാണുന്നില്ല. ഇത്ര പെട്ടെന്ന് ആ വിർഭവിക്കുകയും ഇത്രമാത്രം വിവേകശൂന്യമായി പ്ര യോഗിക്കപ്പെടുകയും അന്യരെക്കുറിച്ചുള്ള അജ്ഞതയി ലും തജ്ജന്യമായ അഹങ്കാരത്തിലും അടിയുറച്ചിരിക്കു കയും ചെയ്യുന്ന വസ്തുക്കൾ ചിരഞ്ജീവികളല്ല.

### മൂലധനശക്തി: സ്ഥിതിസമത്വം.

ഞാൻ ഇതു് എഴുതുന്ന സമയത്തു്, വിപുലവും ദോ ഷഭൂയിഷ്ഠവുമായ രണ്ടു പ്രസ്ഥാനങ്ങൾ ദൃശ്യപ്രായമാ യിട്ടുണ്ട്. മതം എപ്രകാരം രാഷ്ട്രത്തെ അതിശയി ക്കുന്നുവോ, അപ്രകാരംതന്നെ അവയും രാഷ്ട്രാതീതമാ ണ്: മതത്തിന്റെ ഫലം ഗുണഭൂയിഷ്ഠവും അവയുടെ ഫലം ദോഷഭൂയിഷ്ഠവുമാണെന്നു മാത്രമേ വ്യത്യാസമു ള്ളു. അവയിലൊന്നു ലോകത്തെ ഭരിക്കുന്നുവെന്നഭിമാ നിക്കുന്ന സാർവ്വത്രികമായ മൂലധനശക്തിയാണ്. മറ്റി തന്മാരുടെ പ്രതിക്ഷേപമായ സ്ഥിതിസമത്വപ്രസ്ഥാന മാണു രണ്ടാമത്തേതു്. അനതിദൂരമായ ഭാവിയിൽ

ദേശീയരാഗങ്ങൾ ക്ഷയോന്മുഖമാകുന്നതോടെ, ഇപ്പോൾ ത്തന്നെ പ്രവത്തമാനമായിത്തുടങ്ങിയിരിക്കുന്ന പ്രസ്തുതശക്തികൾ മനുഷ്യവഗ്ഗത്തെ ഒന്നാകെ ഉടച്ചുവാക്കുകയില്ലെന്ന് ആരു കണ്ടു? രാഷ്ട്രാതീതമായ ഈ വിനാശകശക്തികൾക്കെതിരായി രക്ഷാകരമായ മറെറാരു രാഷ്ട്രാതീതശക്തിയല്ലാതെ പിന്നെയെന്താണൊരു പരിഹാരമാഗ്ഗം?

യുക്തിയുടെ സമ്മൎദ്ദം അങ്ങനെയിരിക്കട്ടെ—സാമാന്യാനുഭവം മാത്രം ആധാരമാക്കി നിങ്ങൾ സഭയും ദേശീയതചവും തമ്മിൽ വിവേചിക്കുന്നപക്ഷം, ഏതു ഭാഗത്താണു നിങ്ങൾ ചേരുകയെന്നുള്ളതിനു യാതൊരു സംശയവുമില്ല.

# XII.

## ഉപസംഹാരം.

ഈ ലേഖനങ്ങളിൽ അടങ്ങിയിരിക്കുന്ന വാദമുഖങ്ങളുടെ ഫലങ്ങൾ ഇനി നമുക്കു സംക്ഷേപിക്കുവാൻ സാധിക്കും.

ആരംഭത്തിൽ നമ്മെ അഭിമുഖീകരിച്ച പ്രശ്നം ഇതായിരുന്നു:— "ഒരു കത്തോലിക്കൻെറ നില ആധുനികലോകത്തിനു യോജിച്ചതാണോ?"

ഈ പ്രശ്നങ്ങൾ പലവിധത്തിൽ പുറപ്പെട്ടവിക്കാം. കത്തോലിക്കസഭയും അതിൻെറ പ്രമാണങ്ങളും ധർമ്മോപദേശങ്ങളും സാമാന്യമനോഭാവവും, സഭയ്ക്കെതിരായിഇക്കാലത്തു പുറപ്പെട്ടിട്ടുള്ള പരിനിഷ്ഠിതതത്വങ്ങളെ എതിക്കുവാൻ ശക്തമാകുമോ? ചരിത്രത്തിലും പ്രാചീനരേഖകളിലും ഭൂഗർഭശാസ്ത്രത്തിലും മനുഷ്യശരീരത്തിൻെറ സ്വഭാവത്തിലും മനുഷ്യൻെറ വിചാരകർമ്മങ്ങൾക്കും ഭൌതികമായ കാരണങ്ങൾക്കും തമ്മിലുള്ള സാമ്യത്തിലും ഇക്കാലത്തുണ്ടായിട്ടുള്ള പുതിയ കണ്ടുപിടിത്തങ്ങളെ ഒരു കത്തോലിക്കൻ എങ്ങനെയാണ് അഭിമുഖീകരിക്കുക? നൂതനലോകത്തിലെ യാഥാർത്ഥ്യങ്ങളോടു പരാങ്മുഖത്വം പ്രദർശിപ്പിക്കുവാൻ അവൻ നിർബ്ബന്ധനാകുന്നില്ലയോ? (അങ്ങനെയെങ്കിൽ അവൻെറ കാര്യം അവതാളത്തിലാണ്.) അല്ലെങ്കിൽ ഈ നൂതനതത്വങ്ങൾ സമ്മതിക്കുന്നുവെന്നു നടിക്കുന്നുണ്ടെങ്കിലും അവയെ അന്തരാത്മനാ അവൻ നിഷേധിക്കുന്നില്ലയോ? അഥവാ, നേരേമറിച്ചു കത്തോലിക്കപ്രമാണത്തിൽ വിശ്വാസം നടിക്കുന്നുണ്ടെങ്കിലും പ്രസ്തുതവിശ്വാസം ആധുനികശാസ്ത്രസിദ്ധമായ തത്വങ്ങൾക്കു വിരുദ്ധമാണെന്ന് അവൻ ഹൃദയപൂർവ്വം സമ്മതിക്കുന്നില്ലയോ?

ചുരുക്കിപ്പറഞ്ഞാൽ, കത്തോലിക്കമതവും വിജ്ഞാനാഭിവൃദ്ധിയെ അടിസ്ഥാനപ്പെടുത്തിയുള്ള ആധുനികജീവിതവും പരസ്പരാനുരൂപമല്ലാതെ വർത്തിക്കുകയും തന്മൂലം ഒരു കത്തോലിക്കന് ഇദാനീന്തനലോകത്തോടു പൊരുത്തമുണ്ടാകാൻ നിർവ്വാഹമില്ലാതിരിക്കുകയും അല്ലയോ ചെയ്യുന്നതു്?

## രണ്ടു പ്രമേയങ്ങൾ.

ഇന്നത്തെ വിവാദത്തിന്ന നിദാനമായിട്ടുള്ള ഈ പ്രശ്നങ്ങൾ വ്യത്യസ്തങ്ങളായ രണ്ടു പ്രമേയങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നു നാം കണ്ടുകഴിഞ്ഞു. ഏവയെന്നാൽ:—

(1) പ്രകൃതിവിജ്ഞാനീയത്തിലും ചരിത്രശാസ്ത്രത്തിലും സുസ്ഥാപിതമായിട്ടുള്ള സത്യങ്ങൾ കത്തോലിക്കസഭ നിഷേധിക്കുന്നുണ്ടോ, എന്ന്;

(2) ശാസ്ത്രീയരീതിയാൽ സാധിഷ്ടങ്ങളായ സത്യങ്ങളിൽ അടിയുറച്ചിരിക്കുന്ന അദ്യതനസമുദായത്തോടു കത്തോലിക്കസഭ വൈപരീത്യം പ്രദർശിപ്പിക്കുന്നുണ്ടോ, എന്ന്.

ഈ പ്രമേയങ്ങൾ നാം വെവ്വേറെയാണു പരിശോധിച്ചത്. ഒന്നാമത്തെ പ്രമേയത്തിൽ അന്തർഹിതമായിരിക്കുന്ന പ്രസ്താവം അടിസ്ഥാനരഹിതമാണെന്നു നാം കണ്ടുവല്ലോ. അതു വെറുമൊരു സ്ഖ്യാലിത്യമാണ്. കത്തോലിക്കസഭയെക്കുറിച്ചുള്ള അജ്ഞതയിൽനിന്നാണ് അതു പുറപ്പെടുന്നത്. കത്തോലിക്കദർശനം പ്രകൃതിവിജ്ഞാനീയത്തെ നിരോധിക്കുന്നുവെന്നോ അതിനോടു വൈപരീത്യം പ്രദർശിപ്പിക്കുന്നുവെന്നോ അതിനെ പ്രതിഷേധിക്കുന്നുവെന്നോ അവഗണിക്കുന്നുവെന്നോ പറയുന്നതു ശുദ്ധമേ അസംബന്ധമാണ്. വിവാദസംഗതിയെപ്പററി തരിമ്പും ജ്ഞാനമില്ലാത്ത ഒരുവനുമാത്രമേ ഇങ്ങനെയൊരു അഭിപ്രായം ഉണ്ടാകയുള്ളു. ഒരു ആയുഷ്ക്കാലത്തിനുമുമ്പ്, പ്രബലനായ ഒരു രാജാവാണ് ഇംഗ്ലണ്ടുരാജ്യം ഭരിക്കുന്നതെന്നു സങ്കല്പിക്കുകയും ഈ

ഏകാധിപത്യവും രാഷ്ട്രീയസ്വാതന്ത്ര്യവും തമ്മിൽ ആന്തരപ്യമുണ്ടാകുന്നതെങ്ങനെ എന്ന് അത്ഭുതപ്പെടുകയും ചെയ്ത ഒരു ജനകീയഭരണവാദി ഇപ്രകാരം അത്ഭുതപ്പെട്ടത്, സംഗതികളുടെ യാഥാത്ഥ്യം ഗ്രഹിക്കാത്തതുകൊണ്ടായിരുന്നു. അപ്രകാരംതന്നെ, അമേരിക്കയുടെ ഭരണഘടനാവിശേഷം ഹേതുവായി അതിന് അന്യദേശത്തുള്ള ഒരു മഹായുദ്ധത്തിൽ ഏപ്പെടുവാൻ സൌകയ്യമില്ലെന്നും തന്മൂലം ഇയ്യിടെയുണ്ടായ മഹായുദ്ധത്തിൽ അമേരിക്ക പ്രവേശിക്കയില്ലെന്നും സങ്കല്പിക്കുകയും അമേരിക്ക യുദ്ധത്തിൽ പ്രവേശിച്ചപ്പോൾ അത്ഭുതപരതന്ത്രരാകയുംചെയ്ത അനേകം ആളുകൾ യൂറോപ്പിലുണ്ടായിരുന്നു. ഒരു തെററിദ്ധാരണനിമിത്തമാണ് അവർ ഇങ്ങനെ അത്ഭുതപരവശരായത്. വാസ്തവഗതികളെപ്പററി അവക്ക് യാതൊരു ജ്ഞാനവും ഉണ്ടായിരുന്നില്ല.

കത്തോലിക്കസഭയും ശാസ്ത്രീയരീതിയും തമ്മിൽ വൈരുദ്ധ്യം സങ്കല്പിക്കപ്പെട്ടിരിക്കുന്നതും ഇപ്രകാരംതന്നെയാണ്. ശാസ്ത്രീയഗവേഷണവും തൽഫലമായി മതചരിത്രം മുതലായ ചരിത്രങ്ങളിലും പ്രകൃതിവിജ്ഞാനീയത്തിലുമുണ്ടായിട്ടുള്ള നൂതനതത്വങ്ങളും സഭയ്ക്കു പ്രതികൂലമാണെന്നു ജനങ്ങൾ അന്ധാളിക്കുന്നു. എന്നാൽ വാസ്തവത്തിൽ അവയ്ക്കു തമ്മിൽ വൈരുദ്ധ്യമാകട്ടെ പ്രതിബന്ധമാകട്ടെ ഇല്ല. പ്രകൃതിവിജ്ഞാനീയത്തിലുള്ള പരീക്ഷണം, കത്തോലിക്കരുടെ അതിപ്രധാനവും പ്രമുഖ്യവുമായ സ്ഥാപനങ്ങളുടേയും ഇതരസ്ഥാപനങ്ങളുടേയും ചരിത്രത്തെക്കുറിച്ചുള്ള പയ്യന്വേഷണം, പുതിയനിയമത്തിൻേറയും ആദിമസഭയുടേയും രേഖകൾ മുതലായ

ചരിത്രസാക്ഷ്യങ്ങളുടെ യാഥാർത്ഥ്യത്തെക്കുറിച്ചും അവയുടെ കർതൃത്വത്തിൻെറ കാലത്തെക്കുറിച്ചും അവയുടെ വിശ്വാസ്യതയെക്കുറിച്ചുമുള്ള സംശോധനം—എന്നിങ്ങനെയുള്ള ഗവേഷണപദ്ധതികളിലെല്ലാം, വൈദികരും അവൈദികരുമുൾപ്പെടെ അനേകം കത്തോലിക്കർ അപ്രതിഹതമായും ഉത്സാഹപൂർവ്വകമായും പങ്കെടുത്തിട്ടുണ്ട്. മാനവശാസ്ത്രത്തിൽ പേരെടുത്തിട്ടുള്ളവരുടെ കൂട്ടത്തിൽ ചില വൈദികർ ഒന്നാംകിടയിലാണു നിൽക്കുന്നതു്. രേഖാവിമർശനത്തിലുള്ള ഉത്തമവും അധുനാതനവുമായ പല കൃതികളും കത്തോലിക്കരുടേതാണു്.

### ജ്ഞാനവും അജ്ഞാനവും.

ഈവക വിഷയങ്ങളെപ്പററി ഇക്കാലത്തു നടക്കുന്ന വിവാദങ്ങളിൽ കത്തോലിക്കൻ എതിരാളിയുടെ നില ശരിയാംവണ്ണം മനസ്സിലാക്കുന്നതായും എന്നാൽ എതിരാളി കത്തോലിക്കൻെറ നിലയെപ്പററി വിസ്മയാവഹമായ അജ്ഞത്വം പ്രകടിപ്പിക്കുന്നതായും നാം കൂടക്കൂടെ കാണുന്നുണ്ടു്. ഡോം ബട്ട്ളറിനെപ്പോലെയോ പരേതനായ മോൺസിഞ്ഞോർ ബാററിഫോളിനെപ്പോലെയോ ഉള്ള ഒരു മഹാപണ്ഡിതൻ ഹാർനാക്ക് പ്രഭൃതികളുടെ കൃതികൾ പൂർണ്ണമായും സോത്സാഹമായും വായിച്ചിട്ടുണ്ടായിരിക്കുമെന്നതിനെപ്പററി നമുക്കു സംശയിക്കുവാൻപോലും സാധിക്കുമോ ? എന്നാൽ ഹാർനാക്കിൻെറ കൃതികൾ വായിച്ചിട്ടുള്ള അകത്തോലിക്കരിൽ, ആദിമരേഖകളെക്കുറിച്ചു കത്തോലിക്കമനീഷികൾ രചിച്ചിട്ടുള്ള കൃതികൾ വായിച്ചിട്ടുള്ളവർ എത്രപേരുണ്ടാകും ? മനുഷ്യാധഃപതനത്തെക്കുറിച്ചുള്ള പ്രമാണത്തിൽ പൂർണ്ണമായി

വിശ്വസിക്കുകയും അതിനെപ്പററി ലവലേശം സംശയമില്ലാതിരിക്കുകയും ചെയ്യുന്ന കത്തോലിക്കരായ പുരാവൃത്താന്വേഷകന്മാർ ആദിമമനുഷ്യനെക്കുറിച്ചുള്ള തെളിവുകൾ ശേഖരിച്ചു താരതമ്യം ചെയ്യുന്നതും ഈ ശാസ്ത്രവിഭാഗത്തിൽ അത്യുൽകൃഷ്ടമായ സ്ഥാനം കൈക്കലാക്കുന്നതും നോക്കുക. നേരേമറിച്ച്, ആദിമമനുഷ്യനെക്കുറിച്ചുള്ള തെളിവുകൾ ഉദ്ധരിച്ചു മനുഷ്യാധഃപതനവിഷയകമായ പ്രമാണത്തെ അധിക്ഷേപിക്കുന്ന അകത്തോലിക്കരിൽ ആ പ്രമാണത്തെപ്പററി സൂക്ഷ്മജ്ഞാനമുള്ളവർ എത്രപേരുണ്ട് ?

കത്തോലിക്കസഭയും ആധുനികശാസ്ത്രവും തമ്മിലുള്ള ഈ മായികയുദ്ധത്തിൽ നമ്മുടെ എതിരാളികളുടെ പ്രഹരമെല്ലാം വായുവിലാണു പതിക്കുന്നത്. നമുക്കാകട്ടെ, യുദ്ധംചെയ്യേണ്ട ആവശ്യംതന്നെയില്ല. കത്തോലിക്കരുടെ പ്രമാണവും ആശയവും എന്താണെന്ന് ഇന്നത്തെ അകത്തോലിക്കരെ മനസ്സിലാക്കിക്കഴിഞ്ഞാൽ അവരുടെ തെററിദ്ധാരണയ്ക്കു പരിഹാരമുണ്ടാകും. കത്തോലിക്കപ്രമാണമെന്താണെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞാൽ കത്തോലിക്കശാസ്ത്രജ്ഞന്മാർക്ക് അകത്തോലിക്കശാസ്ത്രജ്ഞന്മാരോടൊപ്പം പാണ്ഡിത്യമുണ്ടെന്നുതന്നെയല്ല, ശാസ്ത്രീയസാക്ഷ്യങ്ങൾ മഥനംചെയ്തു നിഷ്പക്ഷമായ ഒരു വിധികല്പിക്കുന്നതിൽ അവർക്ക് അകത്തോലിക്കശാസ്ത്രജ്ഞന്മാരേക്കാളധികം പാടവവും ഉണ്ടെന്നുള്ള വിസ്മയാവഹമായ സംഗതിയുടെ രഹസ്യം അവർ മനസ്സിലാക്കാതിരിക്കുകയില്ല.

കത്തോലിക്കസഭയും ഇന്നത്തെ വിജ്ഞാനഫലങ്ങളും തമ്മിലുള്ള കല്പിതമാത്സര്യത്തെപ്പററി ഇത്രമാത്രമേ പറയേണ്ടതുള്ളൂ.

നമ്മുടെ രണ്ടാമത്തെ അന്വേഷണവിഷയം മേല്പറഞ്ഞതിൽനിന്നു വ്യത്യസ്തമാണ്. ഞാൻ മുമ്പുപറഞ്ഞതുപോലെ, ഇതും ആദ്യത്തേതും തമ്മിൽ പലരും പടലപിണക്കുന്നുണ്ടെങ്കിലും, രണ്ടാമത്തേതു വാസ്തവത്തിൽ കേവലം ഭിന്നമാണ്.

"അർവ്വാചീനബുദ്ധി."

അതു് ഇങ്ങിനെ സംക്ഷേപിക്കാം:— ആധുനികശാസ്ത്രത്തിൽനിന്ന് ഉൽപ്പന്നമായതും അതിനെ അടിസ്ഥാനപ്പെടുത്തുന്നതുമായ 'അർവ്വാചീനബുദ്ധി' എന്നൊരു ചിന്താവിശേഷം ഇയ്യിടെ കണ്ടുതുടങ്ങിയിട്ടുണ്ടു്. രാജ്യതന്ത്രം, ധർമ്മം, സമുദായജീവിതം മുതലായ കാര്യങ്ങളിൽ നൂതനമായി ആവിർഭവിച്ചിട്ടുള്ള ഒരു ചിന്താവിശേഷമാണ് അതു്. ഇതിനും കത്തോലിക്കസഭയ്ക്കും തമ്മിലുള്ള അന്തരമാണു വിവാദവിഷയം.

പ്രസ്തുതവിഷയം സശ്രദ്ധം പരിശോധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ വെറും അജ്ഞതയിൽനിന്നും ഉത്ഭവിച്ച ഒരു സ്ഖാലിത്യത്തിൻെറ ഫലമല്ല അതു്. സത്യവും അസത്യവും അതിൽ ഇടകലൎന്നു കിടക്കുന്നു. കത്തോലിക്കരായ നമുക്കു് അതിലുള്ള സത്യവും അസത്യവും തമ്മിൽ വിവേചിക്കുവാൻ നിഷ്പ്രയാസം സാധിക്കും. മററുള്ളവൎക്കു് ഇപ്രകാരം വിവേചിക്കുവാൻ സാധിക്കാത്തതു കണ്ടു നാം കുറഞ്ഞൊന്നു് ആശ്ചര്യപ്പെടുന്നു.

കത്തോലിക്കസഭയും അതിൻെറ അംഗങ്ങളും മനോഭാവവും പ്രമാണങ്ങളും ഐതിഹ്യങ്ങളും സാമുദായികഫലങ്ങളും അവകാശങ്ങളും അനുശാസനങ്ങളും 'അർവ്വാചീനബുദ്ധി' എന്നു തെററായി വിളിക്കപ്പെടുന്ന ഇന്നത്തെ ഒരു ചിന്താവിശേഷത്തോടു വിരുദ്ധമാണെന്നുള്ളതു വാസ്തവമാണ്. അത് എത്രയും അഗാധവും ദുസ്തൃജവുമായ ഒരു പരമാൎത്ഥമത്രെ. ഈ വൈരുദ്ധ്യം വാസ്തവികമായതുകൊണ്ടുതന്നെയാണ്, കത്തോലിക്കസഭയ്ക്കും അദ്യതനശാസ്ത്രതത്വങ്ങൾക്കും തമ്മിൽ യഥാൎത്ഥത്തിൽ ഇല്ലാത്ത ഒരു മാത്സൎയ്യം ആരോപിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ മാത്സൎയ്യം ഉണ്ടെന്നുള്ളതു യഥാൎത്ഥമാണെങ്കിലും, ആധുനികശാസ്ത്രത്തോടാണു മാത്സൎയ്യമുള്ളതെന്നു പറയുന്നതു് അസംഗതമാണ്. 'അർവ്വാചീനബുദ്ധി' എന്നു വിളിക്കപ്പെടുന്ന വിചാരവിശേഷത്തോടു സഭയ്ക്കു വൈരുദ്ധ്യം ഉണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ മനുഷ്യൻ, പ്രപഞ്ചം, സമുദായം മുതലായവയെക്കുറിച്ച് 'അർവ്വാചീനബുദ്ധി' ജല്പിക്കുന്ന പ്രമേയങ്ങളെ ഇയ്യിടെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ശാസ്ത്രീയതത്വങ്ങൾ പ്രബലപ്പെടുത്തുകയാകട്ടെ പിന്താങ്ങുകയാകട്ടെ ചെയ്യുന്നില്ല. ശാസ്ത്രീയതത്വത്തിൽ ആരോപിക്കപ്പെടുന്നതും അതിനെ സ്വേച്ഛാനുസാരം വിനിയോഗിക്കുവാൻ ശ്രമിക്കുന്നതുമായ ഒരു വ്യാജദൎശനമാണ് 'അർവ്വാചീനബുദ്ധി'യുടെ അടിസ്ഥാനം.

സത്യവും അസത്യവും തമ്മിലുള്ള ഈ വിവേചനം അതിപ്രധാനമാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ സൎവ്വപ്രവൃത്തിരംഗങ്ങളിലും അതു വ്യാപിച്ചുകി

ടക്കുന്നു. ഭരണയന്ത്രങ്ങളുടെ ഘടന, നിയമങ്ങളുടെ പരമമായ ആദർശം, അറവയ്ക്കാസ്പദമായ ധർമ്മസംഹിത, വിവാഹം, കുടുംബം, രാഷ്ട്രീയാധികാരം, വസ്തുവിന്റെ ഉടമസ്ഥത, വിദ്യാഭ്യാസം മുതലായവയെക്കുറിച്ചുള്ള വിവാദങ്ങളിൽ ഈ വിവേചനം അന്തർല്ലീനമായിക്കിടക്കുന്നു.

സഭ ഇന്ന് എതിർക്കുന്ന ഈ ചിന്താവിശേഷത്തെ 'അർവ്വാചീനം' എന്നു വിളിക്കുവാനുള്ള കാരണംതന്നെ വേണ്ടുവോളം വിശദമായിട്ടില്ല. 'ഇക്കാലത്തിന്റെ ഒരു വിശേഷലക്ഷണം' എന്ന അർത്ഥത്തിൽ അതു സഭയേക്കാൾ അർവ്വാചീനമല്ല. അതു് അർവ്വാചീനലോകത്തോട് അഭിന്നമായി ബന്ധിക്കപ്പെട്ടുകിടക്കുന്ന ഒരു വിചാരവിശേഷമല്ല. ക്രിസ്തുമതത്തോടുള്ള ഒരു പ്രത്യേകവൈരുദ്ധ്യം മാത്രമാണു് അതു്. രസതന്ത്രത്തിലും ജീവിശാസ്ത്രത്തിലും ഭൂഗർഭശാസ്ത്രത്തിലും ചരിത്രത്തിലും ഉണ്ടായിട്ടുള്ള നൂതനവിജ്ഞാനത്തിൽനിന്നല്ല അതു് ഉത്ഭവിച്ചിട്ടുള്ളതു്. ജീവിതത്തോടുള്ള ഒരു പ്രത്യേകമനോഭാവം മാത്രമാണു് അതു്. പിന്നീടാണു് അതിനെ പ്രബലപ്പെടുത്തുവാൻ ശാസ്ത്രതത്വങ്ങൾ ഉദ്ധരിക്കപ്പെടുന്നതു്.

ഈ മനോഭാവത്തിന്റെ മുഖ്യദൃഷ്ടാന്തങ്ങൾ നാം പരിശോധിച്ചുകഴിഞ്ഞു. ഭൌമികസുഖത്തെ മനുഷ്യന്റെ പരമോദ്ദേശ്യമായി കല്പിക്കുന്ന സമ്പ്രദായം നാം കണ്ടുവല്ലോ. എന്നാൽ അതിനെപ്പററി ശാസ്ത്രത്തിനു യാതൊന്നും പറവാൻ ഉണ്ടാകയില്ല. രാഷ്ട്രത്തിന്റെ അധികാരം ഉത്ഭവത്തിങ്കൽ കേവലം മാനുഷികമാണെന്നുള്ള സിദ്ധാന്തവും നാം പര്യാലോചിച്ചു. എന്നാൽ ഇതിനെപ്പററി ശാസ്ത്രം മൌനം അവലംബിക്കുന്നതേയു

ള്ളൂ. അതിന്ന് അനുകൂലമായോ പ്രതികൂലമായോ ശാസ്ത്രത്തിനു യാതൊന്നും പറവാനില്ല. കുടുംബത്തെ സമുദായത്തിനു കീഴ്പെടുത്തുകയെന്ന ആദൎശവും നാം പരിശോധിച്ചുകഴിഞ്ഞു. പക്ഷേ ഇതിനെക്കുറിച്ചും ശാസ്ത്രീയഗവേഷണത്തിനാകട്ടെ ശരാശരിക്കണക്കുകൾക്കാകട്ടെ മറേറതെങ്കിലും നൂതനസിദ്ധാന്തത്തിനാകട്ടെ എന്തെങ്കിലും പറവാൻ അവകാശമില്ല. രസതന്ത്രസിദ്ധമായ ഒരു വസ്തു മനുഷ്യനു ജീവാപായം വരുത്തത്തക്കവിധത്തിൽ ഉപയോഗിക്കുന്നതു ധാൎമ്മികമാണോ അല്ലയോ എന്നു വിധിക്കുന്നതു രസതന്ത്രശാസ്ത്രമാണോ ?

## രണ്ടു മനോഭാവങ്ങൾ.

രണ്ടു ജഗൽപ്രചുരമായ മനോഭാവങ്ങൾക്കു തമ്മിൽ, അതായതു കത്തോലിക്കപരവും കത്തോലിക്കവിദ്വേഷപരവുമായ രണ്ടു മനോഭാവങ്ങൾക്കു തമ്മിൽ, ആണു സംഗരം ഉത്ഭവിച്ചിരിക്കുന്നതു്. അവയിൽ ഏതാണു സ്വീകാൎയ്യം എന്നു നിൎണ്ണയിക്കുവാൻ, ഇന്ദ്രിയഗോചരമായ പ്രപഞ്ചത്തിലുള്ള ശാസ്ത്രീയവസ്തുതകളെ മാനദണ്ഡമാക്കുന്നതുകൊണ്ടു ഫലമില്ല. പ്രപഞ്ചസ്വഭാവത്തെക്കുറിച്ചുള്ള നമ്മുടെ സാമാന്യബോധമാണു് ഇവിടെ മാനദണ്ഡമായിരിക്കേണ്ടതു്.

ഞാൻ ഇവിടെ ഉപസംഹരിക്കുന്ന വാദത്തിൽ ആദ്യന്തം അന്തർഭവിച്ചിരിക്കുന്നതും മറെറാന്നല്ല. നാമോരോരുത്തരും വ്യക്തിപരമായും സമുദായം ഒന്നാകേയും കത്തോലിക്കാദൎശവും അകത്തോലിക്കാദൎശവും തമ്മിൽ വിവേചിച്ച് ഏതെങ്കിലുമൊന്നു സ്വീകരിക്കും. നാം അന്തരാത്മനാ സത്യമായിക്കരുതുകയും നന്മയുടേയും

തിന്മയുടേയും ഉച്ചനീചത്വങ്ങൾ നിർണ്ണയിക്കുന്നതിനു് മാനദണ്ഡമായി ഉപയോഗിക്കുകയും ചെയ്യുന്ന ആദർശങ്ങളും; ഫലങ്ങളെ ആസ്പദമാക്കിയുള്ള അനുമാനങ്ങളുമാണു നമ്മുടെ മനസ്സിനെ നയിക്കുക—"അവയുടെ ഫലങ്ങളിൽനിന്നു നിങ്ങൾ അവയെ മനസ്സിലാക്കും."

ഏതന്മൂലം ഭൌമികസുഖത്തെ മാനദണ്ഡമാക്കുന്നവരുടെ ആദർശം, ഭൂമിയിൽ യാതൊരു സുഖവും നമ്മെ സംതൃപ്തരാക്കുകയില്ലെന്നും യഥാർത്ഥമായ ആനന്ദം നിത്യവും അമേയവുമായ ഒരു പാരത്രികജീവിതത്തിൽ മാത്രമേ ഉള്ളൂ എന്നും വിശ്വസിക്കുന്നവരുടെ ആദർശത്തോട വിപരീതമായിരിക്കും.

മനുഷ്യൻെറ അനശ്വരത്വത്തെപ്പററിയുള്ള വിശ്വാസം ഒരു വ്യാമോഹമാണെന്നു കരുതുന്നവരും, മനുഷ്യൻെറ ഓരോ ഉൽപ്രേക്ഷയിലും മനുഷ്യസ്വഭാവത്തിൻെറ മർമ്മത്തിലും അമരത്വം ദർശിക്കുന്നവരും തമ്മിൽ ഒരുനാളും പൊരുത്തമുണ്ടാകയില്ല. ഒരു പ്രത്യേകമായ ഈശ്വരാവിഷ്കരണം ഉണ്ടായിട്ടുണ്ടെന്നും ആദ്ധ്യാത്മികകാര്യങ്ങളുടെ യാഥാർത്ഥ്യം നമുക്കു ഗ്രഹിക്കാമെന്നും നിഷേധിക്കുന്നവരുടെ ആദർശം, ഒരു പ്രത്യേകസ്ഥാപനവും അതിൻെറ അധികാരവും ദിവ്യമാണെന്നും അതിൻെറ വിശ്വാസപ്രമാണം സത്യമാണെന്നും വിശ്വസിക്കുന്നവരുടെ ആദർശത്തോട വിരുദ്ധമായിരിപ്പാനേ വഴിയുള്ളൂ. എന്നാൽ ഇവിടെ കാണുന്ന വൈപരീത്യം രണ്ടു നിശ്ചിതദർശനങ്ങൾക്കു തമ്മിലുള്ളതാണു്; പ്രാചീനവും അഭിനവവുമായ വിജ്ഞാനസരണികൾക്കു തമ്മിലുള്ളതല്ല.

## മനഃപ്രതിപത്തി.

അളവുകോൽ പ്രയോഗിക്കുന്നതുകൊണ്ടോ ശാസ്ത്രീയപരീക്ഷണങ്ങൾ നടത്തുന്നതുകൊണ്ടോ ഇരുകക്ഷിക്കും എതിരാളിയെ പരാജയപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ഗണിതശാസ്ത്രത്തിലെ അനുമാനരീതി പിന്തുടരുന്നതുകൊണ്ടോ ഭൌതികമായ കാര്യകാരണബന്ധത്തിൻെറ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കുന്നതുകൊണ്ടോ എതിരാളിയുടെ ദർശനം സാധുവല്ലെന്നു വരുന്നതല്ല. ഇങ്ങനെയുള്ള അനുമാനംകൊണ്ടും പരീക്ഷണംകൊണ്ടും സമർത്ഥിക്കാവുന്ന സത്യങ്ങൾക്കു തമ്മിലുള്ള ഒരു മാത്സര്യമല്ല അതു്. അതു രണ്ടു മനഃപ്രതിപത്തികൾക്കു തമ്മിലുള്ള പോരാട്ടമാകുന്നു.

ഈ പോരാട്ടം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. 1900 കൊല്ലങ്ങളോളമായി അതു ഭിന്നരൂപങ്ങളിൽ തുടൻകൊണ്ടിരുന്നിട്ടുണ്ടു്. പരമാധികാരം അവകാശപ്പെടുന്ന ഒരു രാഷ്ട്രവും സാർവ്വത്രികമായ ഒരു മതവും തമ്മിലുള്ള അന്തരം; ദുരിതങ്ങൾ സസന്തോഷം സ്വീകരിക്കുന്നതും താൽക്കാലികസുഖഭോഗങ്ങളിൽ ഭ്രമിക്കുന്നതും തമ്മിലുള്ള അന്തരം; സമുദായഘടനയോ നീതിയോ ഏതാണു് ഒന്നാമതായി പാലിക്കപ്പെടേണ്ടതെന്നുള്ളതിനെക്കുറിച്ചുള്ള വിവാദം;—ഇവയെല്ലാം ആയുധപാണികളായി അന്യോന്യം എതിരിട്ടുനിൽക്കുന്ന രണ്ടു മഹാശക്തികൾക്കു തമ്മിലുള്ള മാത്സര്യത്തിൻെറ പ്രകാരാന്തരങ്ങളാകുന്നു. റോമൻ ചക്രവർത്തിമാരുടെ കാലത്തു് ഉണ്ടായിരുന്നതും മദ്ധ്യമശതാബ്ദങ്ങളിൽ സഭാധികാരികളും രാജാക്കന്മാരും തമ്മിലുണ്ടായിരുന്നതുമായ പോരാട്ടത്തിനു്

ഇന്നാത്തേതിൽനിന്നു സാരതരമായ യാതൊരു വ്യത്യാസവുമില്ല.

സ്നേഹവും വിദ്വേഷവും ഉളവാക്കുന്ന എന്തോ ഒന്നു സഭയിലുണ്ട്. മനുഷ്യരുടെ അനുഭവസീമയിൽപ്പെട്ട യാതൊരു സ്ഥാപനവും ഇത്രമാത്രം രാഗദ്വേഷങ്ങൾ ഉളവാക്കിയിട്ടില്ല. ചിലൎക്കു സഭയോട് അപരിമിതമായ പ്രതിപത്തി തോന്നുന്നു. വേറെ ചിലൎക്കാകട്ടെ, മറെറല്ലാവിദ്വേഷങ്ങളേയും അധഃകരിക്കുമാറുള്ള ഒരു വിദ്വേഷമാണു സഭയോടു തോന്നുന്നത്.

കത്തോലിക്കവിശ്വാസത്തിൽ ജീവിക്കുന്ന നമുക്കു ദൃശ്യലോകത്തെക്കുറിച്ചും അദൃശ്യലോകത്തെക്കുറിച്ചും സമഞ്ജസമായ ജ്ഞാനമുണ്ട്. ഈ ജ്ഞാനം എത്രയും സുസ്ഥിരവും അചഞ്ചലവും പരസ്പരാനുരൂപവുമാകുന്നു. തന്നിമിത്തം നമ്മുടെ ചിരന്തനമായ ശക്തിയെക്കുറിച്ചു നമുക്കു യാതൊരു സംശയവുമില്ല.

നാം പ്രപഞ്ചത്തിന്റെ ഉൗടെടുത്തിട്ടുള്ളതുകൊണ്ടുവ നമ്മുടെ അവകാശങ്ങൾക്കെതിരായി ശക്തിമത്തായ വിപ്രകൎഷം ഉണ്ടാകുന്നതു സാധാരണമാണ്. നമ്മുടെ ശക്തി എത്ര അധികമുണ്ടോ അത്ര അധികമായിരിക്കും ഈ വിപ്രകൎഷം. എന്നാൽ നാമാകട്ടെ, മഹനീയമായ ആ മുഖം ദൎശിച്ചിരിക്കുന്നു; അധികാരദ്ധ്വനിയിലുള്ള ആ സ്വരം ശ്രവിച്ചിരിക്കുന്നു; തന്നിമിത്തം യഥാൎത്ഥവും അഭംഗുരവുമായ ശക്തി നമ്മുടെ ഭാഗത്താണ്.

ACHARYA PALACKAL JEEVASS KENDRAM LIBRARY

സമാപ്തം.

ഇരുപതാംനൂററാണ്ടിലോ

# കത്തോലിക്കാമതം?

---

"Can an Intelligent Man be an honestly Convinced Catholic in the Twentieth Century" എന്ന ലേഖനപരമ്പരയുടെ തർജ്ജമ.

മൂലഗ്രന്ഥകാരൻ: ജഗൽപ്രസിദ്ധസാഹിത്യകാരനായ ഹില്ലയർ ബെല്ലോക്ക്.

പാരിഭാഷികൻ: നോവൽസാഹിത്യം, ഖണ്ഡകഥാപ്രസ്ഥാനം മുതലായ വിമർശകഗ്രന്ഥങ്ങളുടെ കർത്താവായ മി. എം. പി. പോൾ എം. എ.

അവതാരികാകാരൻ: പ്രസിദ്ധ പണ്ഡിതനും സാഹിത്യകാരനുമായ ഡോക്ടർ പി. ജെ. തോമ്മസ് എം. എ., ബി. ലിററ്. അവർകൾ.

വില 8 അണ മാത്രം

ആവശ്യക്കാർ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക:

മാനേജർ,
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം.

Indic Digital Archive Foundation
gpura.org